വാല്യം 63

കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം




# കട്ടപ്പന ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# വികസന റിപ്പോർട്ട്



"ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിൽ കുടികൊള്ളുന്നു."

മഹാത്മാഗാന്ധി.

## ഒൻപതാം പദ്ധതി നമ്മുടെ പദ്ധതി

# വികസന റിപ്പോർട്ട് -96

## കട്ടപ്പന ഗ്രാമപഞ്ചായത്ത്

## എഡിറ്റോറിയൽ ബോർഡ്.

1. ജോണി ചീരാകുന്നേൽ
2. പ്രൊഫ. കെ. ബേബിരാജ്
3. ജി. ഗോപിനാഥൻ നായർ
4. എം. സി. ബോബൻ
5. ജോയി പൊരുന്നോലിൽ
6. ആനിയമ്മ ജോസഫ്
7. ആഗ്നസ് ജോസ്
8. കെ.കെ. ശേഖരൻ
9. എൻ. എ. തോമസ്

## വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

ചെയർമാൻ : ശ്രീ. ജോണി ചീരാംകുന്നേൽ

കൺവീനർ : പ്രൊഫ. കെ. ബേബിരാജ്.

അംഗങ്ങൾ :
1. എൻ. എ. തോമസ്
2. കെ .എം. ഉലഹന്നൻ
3. എം. സി. ബോബൻ
4. എം. സി. ചാണ്ടി
5. ആനിയമ്മ ജോസഫ്
6. ബിജിമോൾ പി. ജെ
7. സന്തോഷ് പുത്തൻകാലായിൽ
8. തോമസ് വെമ്പേനി
9. കെ. കെ. ശേഖരൻ
10. സി. കെ. ശശി
11. വൃന്ദാവനം സുബ്രമണ്യം
12. ബെന്നി കെ. ജെ
13. ജോബി സ്റ്റീഫൻ കാട്ടൂർ
14. ബാബു സെബാസ്റ്റ്യൻ തുണ്ടത്തിലേട്ട്
15. ജോർജ്ജ് കയ്യാനി

Designed at Shinewell DTP & Jins DTP Kattappana


KATTAPPANA GRAMA PANCHAYAT
N
S
KAMAKSHY PANCHAYAT
IDUKKI
ERATTAYAR PANCHAYAT
ERATTAYAR
PAMPADAMPARA PANCHAYAT
NEDUMKANDAM
KANCHIVAR PANCHAYAT
VII
VAZHAVARA
VIII
VELLAYAMKUDY
IX
NATHUKALLU
X
KALLUKUNNU
XI
KOCHUTHOVALA
V
VALIYAKANDAM
VI
VALIYAKANDAM
XII
PULIYANMALA
PULIYANMALA
PANCHAYAT OFFICE
BUS STAND
POLICE STATION
I
KATTAPPANA
XIII
PARAKKADAVU
KUTTIKANAM
II
KUNTHALAMPARA
III
KADAMAKUZHY
IV
VALLAKKADAVU
VANDAN MEDE PANCHAYAT
MALI
MALI
Ward Boundary
Main Road
Road
River

# പഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ



**പി.സി. മാത്യു** പ്രസിഡന്റ്



ഉഷാ കുട്ടപ്പൻ



**പാപ്പപൂമറ്റം**
വൈസ് പ്രസിഡന്റ്



**മത്തായി മാത്യു**
സെക്രട്ടറി



**ജി. ഗോപിനാഥൻനായർ**
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



**ആഗ്നസ് ജോസ്**



**ഒ.കെ. മത്തായി**



**ജോണി ചീരാംകുന്നേൽ**



**ക്ലാരമ്മ തോമസ്**



**കെ.കെ. സുശീലൻ**



**മേരിക്കുട്ടി ജോസഫ്**



**ജോയി തോമസ് പൊരുന്നോലിൽ**



**എത്സമ്മ ഫ്രാൻസീസ്**



**വി.കെ. സോമൻ**

# ഉള്ളടക്കം


- 1. കട്ടപ്പന ഗ്രാമ പഞ്ചായത്ത്-പൊതുവിവരണം.
- 2. ആമുഖം
- 3. സാമൂഹിക സാംസ്കാരിക ചരിത്രം
- 4. ഭൂപ്രകൃതിയും വിഭവങ്ങളും.
- 5. വിവിധ മേഖലകൾ
  - 5.1- കൃഷിയും ജലസേചനവും
  - 5.2- മൃഗസംരക്ഷണം- മത്സ്യബന്ധനം
  - **5.3 - വ്യവസായം**
  - 5.4- ഗതാഗതം, ഊർജ്ജം
  - 5.5- പൊതുജനാരോഗ്യം, കുടിവെള്ളം
  - 5.6-വിദ്യാഭ്യാസം
  - 5.7- പാർപ്പിടം, സാമൂഹ്യക്ഷേമം
  - 5.8- വനിതാക്ഷേമം
  - 5.9- സഹകരണം
  - 5.10- പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം.
  - 5.11- വിഭവസമാഹരണം.
  - 5.12- സംസ്കാരം
- 6. ഉപസംഹാരം.

# 1. പഞ്ചായത്ത് പൊതു വിവരണം.

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : കട്ടപ്പന ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : കട്ടപ്പന |
| ബ്ലോക്ക് പഞ്ചായത്ത് | : കട്ടപ്പന |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : കട്ടപ്പന, വെള്ളയാംകുടി |
| താലൂക്ക് | : ഉടുമ്പൻചോല |
| അസംബ്ലി മണ്ഡലം | : ഇടുക്കി |
| റവന്യൂ ജില്ല | : ഇടുക്കി |
| വിസ്തീർണ്ണം | : 52.77 ച:കി.മീ. |

## അതിരുകൾ :

| | |
|---|---|
| വടക്ക് | : ഇരട്ടയാർ പഞ്ചായത്ത്, പാമ്പാടുംപാറ പഞ്ചായത്തുകൾ |
| കിഴക്ക് | : വണ്ടന്മേട്, പാമ്പാടുംപാറ പഞ്ചായത്തുകൾ |
| തെക്ക് | : വണ്ടന്മേട് പഞ്ചായത്ത് |
| പടിഞ്ഞാറ് | : കാഞ്ചിയാർ പഞ്ചായത്ത്. |
| ജനസംഖ്യ | : 34,214 (1990ലെ സെൻസസ് അനുസരിച്ച്) |
| പുരുഷന്മാർ | : 17438 |
| സ്ത്രീകൾ | : 16,766 ( " ) |
| ജനസാന്ദ്രത | : 590 |
| വാർഡുകൾ | : 13 |

| | |
|---|---|
| പ്രസിഡണ്ടിന്റെ പേര് | : പി. സി. മാത്യു, പൂത്തേട്ട്. |
| വൈസ് പ്രസിഡണ്ടിന്റെ പേര് | : പാപ്പ പൂമറ്റം. |
| സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർമാൻ | : ജി. ഗോപിനാഥൻ നായർ. |

## ഭരണ സമിതി അംഗങ്ങൾ:

1. ശ്രീമതി. ആഗ്നസ് ജോസ്.
2. ശ്രീ. ഒ. കെ. മത്തായി.
3. ശ്രീ. ജോണി ചീരാംകുന്നേൽ
4. ശ്രീമതി. ക്ലാരമ്മ തോമസ്.
5. ശ്രീ. കെ. സുശീലൻ.
6. ശ്രീമതി. മേരിക്കുട്ടി ജോസഫ്
7. ശ്രീ. ജോയി പൊരുന്നോലിൽ.
8. ശ്രീമതി. എത്സമ്മ ഫ്രാൻസീസ്.
9. ശ്രീ. വി. കെ. സോമൻ.
10. കുമാരി. ഉഷാ കുട്ടപ്പൻ.

# മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



വി.ടി. സെബാസ്റ്റ്യൻ



K.J. മാത്യു
കുളക്കാട്ടുവയലിൽ



തോമസ് ജോസഫ്
Ex. M.L.A.



V.K. സോമൻ
മുൻ. പ്രസിഡന്റ്

# ൨. ആമുഖം

"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു" എന്നുദ്ഘോഷിച്ച രാഷ്ട്രപിതാവിന്റെ മോഹന സ്വപ്നമായിരുന്നു 'ഗ്രാമ സ്വരാജ്'. കാലങ്ങൾ കഴിഞ്ഞപ്പോൾ 'പഞ്ചായത്തിരാജ്' എന്ന ഓമനപ്പേരിൽ സാക്ഷാത്കരിക്കപ്പെട്ടതിന്റെ ആഹ്ലാദത്തോടെയും ആവേശത്തോടെയുമാണ് 1995 സെപ്തംബർ നാലാം തീയതിയിലെ തെരഞ്ഞെടുപ്പിലൂടെ കട്ടപ്പന ഗ്രാമ പഞ്ചായത്തിന്റെ പുതിയ ഭരണ സമിതി നിലവിൽ വന്നത്. ഔദ്യോഗികമായ സാങ്കേതികത്വങ്ങളുടെ ഊരാക്കുടുക്കുകളിൽപ്പെട്ടുഴറാതെ, മേൽത്തട്ടിൽ നിന്നൂർന്നു വരുന്ന സാമ്പത്തിക ദാക്ഷിണ്യത്തെ മാത്രം കാത്തിരിക്കാതെ, ജനങ്ങൾക്കു വേണ്ടി ജനങ്ങൾ ഭരിക്കുന്ന ജനങ്ങളുടെ സർക്കാർ എന്ന ജനാധിപത്യ സ്വപ്നത്തെ സാധിതമാക്കാമെന്ന ഉദ്ദേശ്യത്തോടെയാണ് ജനകീയാസൂത്രണ പരിപാടിക്ക് രൂപം നൽകിയിട്ടുള്ളത്.

ഒൻപതാം പദ്ധതി; ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചുകൊണ്ട്, ഒരു ഗ്രാമത്തിലെ ജനങ്ങളുടെ ആവശ്യങ്ങളറിഞ്ഞ്, തീരുമാനമെടുക്കാനും നടപ്പിലാക്കുവാനും അതേ ജനങ്ങളുടെ പങ്കാളിത്തവും പ്രാതിനിധ്യവും ഉറപ്പു വരുത്തുന്ന പ്രായോഗിക പദ്ധതിയാണിത്.

ഈ പദ്ധതിയുടെ ആശയം നൂതനമല്ലെങ്കിലും നടപ്പിലാക്കുന്നതിനു കാലങ്ങൾ വേണ്ടി വന്നു. ഇന്ത്യൻ ഭരണ ഘടനയുടെ 73, 74 ഭേദഗതികൾ പ്രകാരം അധികാരം ജനങ്ങൾക്ക് ലഭ്യമാകുമ്പോൾ സംസ്ഥാനവും ഗ്രമപഞ്ചായത്തുകളും നിലവിലനുഭവിച്ചു കൊണ്ടിരിക്കുന്ന വികസന പ്രതിസന്ധികൾക്ക് ഒരളവു വരെയെങ്കിലും പരിഹാരം കാണാൻ കഴിയും. അധികാരം മാത്രമല്ല; പദ്ധതി വിഹിതത്തിന്റെ 40 ശതമാനത്തോളം സമ്പത്തും ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറുമെന്നതിനാൽ ഗ്രാമത്തലെ ജനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്നാണ് പ്രതീക്ഷ. ജനങ്ങളുടെ പരിപൂർണ്ണമായ പങ്കാളിത്തത്തോടെ, പ്രാദേശികമായ സവിശേഷതകൾ അടിസ്ഥാനപ്പെടുത്തി, ജനകീയ സംഭാവനകളായ കായികശേഷി, ബൗദ്ധികശേഷി, ധനം തുടങ്ങിയ വിഭവങ്ങളും ഭൂ-ജല വിഭവങ്ങളും സമാഹരിച്ച് വികസന പ്രവർത്തനങ്ങൾ പ്രായോഗികമാക്കുന്നു. ജാതിമത വർണ്ണ സംസ്കാര ഭേദങ്ങൾക്കതീതമായി- അതിർവരമ്പുകളില്ലാതെ- ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും തുല്യ ജനപങ്കാളിത്തം ഉറപ്പു വരുത്താൻ ഈ പദ്ധതിക്കു കഴിയും. അതുകൊണ്ടുതന്നെ ഇടനിലക്കാരായ ചൂഷകരെ ഒഴിവാക്കുന്നതിനും പദ്ധതി വിഹിതങ്ങളുടെ ശോഷണം തടയുന്നതിനും സാധിക്കുമെന്നത് നിസ്തർക്കമാണ്. ഉൽപാദന-വ്യാവസായിക- സാംസ്കാരിക രംഗങ്ങളിൽ അഭൂതപൂർവ്വമായ മുന്നേറ്റംതന്നെയുണ്ടാകുമെന്നതിനാൽ ഗ്രാമങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഒരു പുത്തൻ തൊഴിൽ - സാമ്പത്തിക - രാഷ്ട്രീയ സംസ്കാരം രൂപപ്പെടുത്തുന്നതിനും സാധിക്കും. ജില്ലയിൽ അനുദ്രുതം വികസിച്ചു വരുന്ന പഞ്ചായത്തുകളുടെ മുൻപന്തിയിലാണു കട്ടപ്പനയെങ്കിലും, ഒട്ടേറെ വികസന രംഗങ്ങളിൽ പിന്നോക്കാവസ്ഥയിൽത്തന്നെയാണെന്നത് വിസ്മരിക്കാവുന്നല്ല. മേൽ സൂചിപ്പിച്ച പദ്ധതി വിഹിതത്തിനു പുറമേ സംസ്ഥാന സർക്കാരിന്റെ 60 ശതമാനത്തിലുൾപ്പെട്ട പദ്ധതികൾ, കേന്ദ്രസർക്കാരിൽ നിന്നുള്ള വിഹിതം, ബാഹ്യ വികസന ഏജൻസികളിൽ നിന്നും സന്നദ്ധ സംഘങ്ങൾ വഴി ലഭിക്കുന്ന തുകകൾ, നികുതി വരുമാനമെന്നിവയെല്ലാം ഒത്തുകൂടുകയും ജനപങ്കാളിത്തം ഫലപ്രദമാവുകയും ചെയ്യുമ്പോൾ, നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, മുൻഗണനാക്രമമനുസരിച്ച് ജനഹിതം നിറവേറ്റുന്നതിനും അഴിമതി ഒരളവുവരെഅകറ്റി നിറുത്തുന്നതിനും കഴിയും.

കട്ടപ്പന ഗ്രാമപഞ്ചായത്തിൽ ഈ നൂതന വികസന സംസ്കാരത്തിന്റെ നൂലിഴകൾ പാകിത്തുടങ്ങിയ 1996 സെപ്തംബർ 5-ാം തീയതി മുതൽ അർപ്പണ ബോധത്തോടെയും ആത്മാർത്ഥതയോടെയും പ്രവർത്തിക്കുന്ന നിസ്വാർത്ഥരായ സന്നദ്ധ സമൂഹംതന്നെയുണ്ട്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഗ്രാമസഭകൾ വിളിച്ചു കൂട്ടി ജനങ്ങളിൽ വികസനത്തിന പങ്കാളിത്തത്തിന്റെ ദൗത്യമെത്തിക്കുകയും ഗ്രാമീണ ജനങ്ങളുടെ ആശാഭിലാഷങ്ങൾ ഗ്രഹിക്കുകയും ചെയ്തുകഴിഞ്ഞു. ജനങ്ങൽ കാട്ടിത്തന്ന സാദ്ധ്യതകളും അവരുടെ നിർദ്ദേശങ്ങളും ഉറപ്പുകളും അടിസ്ഥാനമാക്കി ഒരു വികസനരേഖ തയ്യാറാക്കി, ഈ പഞ്ചായത്തിലെ ജനങ്ങൾക്കുമുമ്പിൽ അവതരിപ്പിക്കുകയാണ്. ഗ്രാമസഭകളിൽ പൊന്തിവന്ന യാതൊരഭിപ്രായങ്ങൾക്കും ചോർച്ച സംഭവിച്ചിട്ടില്ല. പ്രത്യേക പരിഗണനകളോ അവഗണനകളോ കൂടാതെ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലേയും ജനങ്ങളുടെ വികാരങ്ങളെ പ്രതിഫലിപ്പിക്കുന്ന വികസനരേഖയാണിത്. ഈ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന തരത്തിലുള്ള വിഷയങ്ങളിലൂന്നി നിന്നുകൊണ്ട്, ആവശ്യങ്ങളും സാധ്യതകളും പരിഹാര നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചാണീ രേഖ തയ്യാറാക്കിയിട്ടുള്ളത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടം പൂർത്തീകരിക്കപ്പെടുമ്പോൾ, നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ ആകെത്തുകയായി, അടുത്ത പഞ്ചവത്സര പദ്ധതിയിൽ ഈ ഗ്രാമ പഞ്ചായത്തിൽ നടത്തേണ്ടുന്ന വികസന പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനുള്ള ആധാര രേഖയായി ഈ വികസന രേഖയെ കാണേണ്ടതാണ്.

അധികാരം ജനങ്ങളിൽ തന്നെ എന്നുറപ്പു വരുത്തുന്നതിന് എല്ലാ വിഭാഗത്തിലും പെട്ട ജനങ്ങളുടെ സജീവമായ പരിഗണനയ്ക്കും വിശകലനത്തിനും, കൂടുതൽ നിർദ്ദേശങ്ങൾക്കും വേണ്ടി ഈ വികസന രേഖ സമർപ്പിക്കുന്നു. ഭൂതകാലങ്ങളിലെ അലസതകളുടേയും അശ്രദ്ധകളുടേയും നിരുത്തരവാദിത്വങ്ങളുടേയും കട്ടിയുള്ള പുതപ്പു വലിച്ചെറിഞ്ഞ, വർത്തമാന കാലത്തിന്റെ ആവശ്യങ്ങളുൾക്കൊണ്ടു കൊണ്ടും കാലഘട്ടത്തിന്റെ വെല്ലുവിളികളെ ചങ്കൂറ്റത്തോടെ ഏറ്റെടുത്തുകൊണ്ടും ഒരു നവ്യ ഭാവി കരുപ്പിടിപ്പിക്കുന്നതിനു വേണ്ടിയുള്ള ജനകീയ മുന്നേറ്റം നമ്മുടെ പഞ്ചായത്തിൽ സൃഷ്ടിച്ചുകൊണ്ട്, രാഷ്ട്രപിതാവായ മഹാത്മജിയുടെ സ്വപ്നം ചരിത്ര യാഥാർത്ഥ്യമാക്കി മാറ്റാനുള്ള ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട്, ഒരു പുത്തൻ വികസന സംസ്കാരത്തിന്റെ പടവുകൾ ഓരോന്നോരോന്നായി നമ്മുക്ക് ഒന്നിച്ചു ചവുട്ടിക്കയറാമെന്നുള്ള ദൃഢനിശ്ചയത്തോടെ ഈ പ്രസ്ഥാനത്തെ കൈനീട്ടി സ്വീകരിക്കാം.



ജോസഫ് ചാണ്ടി
(മറ്റപ്പള്ളി പേരപ്പൻ)

# 3. സാമൂഹിക സാംസ്കാരിക ചരിത്രം

**1949**-ൽ രണ്ടാം ലോകമഹായുദ്ധത്തെ ത്തുടർന്നുള്ള ഭക്ഷ്യക്ഷാമകാലങ്ങളിൽ ഭക്ഷ്യക്ഷാമ നിവാരണത്തിനായി സർക്കാർ ആവിഷ്ക്കരിച്ച ഗ്രോമോർ ഫുഡ് പദ്ധതി പ്രകാരം ഒരു കുടുംബ ത്തിന് അഞ്ച് ഏക്കർ ഭൂമി വീതം കാർഷികാവ ശ്യത്തിനനുവദിച്ചു കൊടുക്കുന്ന സംവിധാനമുണ്ടാ യി. കട്ടപ്പനയുടെ ചരിത്രം അവിടെ ആരംഭിക്കു ന്നു. അന്ന് ശ്രീ.ടി.കെ. നാരായണപിള്ള തിരുവി താംകൂർ പ്രധാനമന്ത്രിയും ശ്രീ.എൻ.എസ്സ്. കൃഷ്ണ പിള്ള ദേവികുളം കമ്മീഷണറുമായിരുന്നു. പീരു മേട്, ദേവികുളം താലൂക്കുകളിലുൾപ്പെട്ടിരുന്ന പ്രദേ ശമാണ് കട്ടപ്പന.

ഗിരിവർഗ്ഗക്കാരായ മന്നാൻ, ഊരാളി സമു ദായത്തിൽപെട്ടവരുടെ അധിവാസകേന്ദ്രമായിരുന്നു ഈ പ്രദേശത്തിന്റെ പേര് കട്ടപ്പനയെന്നു കുടി യേറ്റ കർഷകൻ ഗ്രഹിക്കുന്നതും അവരിൽ നിന്നാ ണ്. സ്വന്തമായി ഭരണസംവിധാനവും ആചാരാ നുഷ്ഠാനകർമ്മങ്ങളും അനുവർത്തിച്ചുപോന്ന ഈ ആദിവാസി സമൂഹത്തിന് കുടിയേറ്റം ഒരു പ്രശ്ന മാവുകയും കുടിയേറ്റ കർഷകരുടെ ജീവിതരീതി കളുമായി പൊരുത്തപ്പെടാനാവാത്ത സാഹചര്യം ഉണ്ടാവുകയും ചെയ്തിരുന്നു. ക്രമേണ അവർ കുടിയേറ്റക്കാരെ അംഗീകരിക്കുകയും ആധിപത്യം അനുസ്സരിക്കുകയും ചെയ്യേണ്ടിവന്നതിലൂടെ അ വരുടെ തനിമനഷ്ടപ്പെടുകമാത്രമല്ല, സ്വയം നിഷ്ക്കാസിതരാവുകയും ചെയ്തു തുടങ്ങി. കട്ട പ്പനയുടെ പേരിന്റെ സാംഗത്യം ഇന്നും അജ്ഞാ തമാണ്.

1951 - ലാണ് വ്യാപകമായ കുടിയേറ്റം നട ക്കുന്നത്. അന്ന് അനുവദിച്ചുകിട്ടിയ ഭൂമി (ലാൻഡ് അലോട്ട് മെന്റ്) യ്ക്കിടയിലുള്ള തരിശുഭൂമി കയ്യേ റികൃഷി ചെയ്യുന്നതിനായി കൂടുതൽ കർഷകരെ ത്തി. അക്കാലങ്ങളിലെ സാമൂഹിക ജീവിതം തിക ച്ചും ആകർഷണീയവും അംഗീകരണീയവുമായി രുന്നു. സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും എത്തിയ വിവിധ ജാതിമതവർഗ്ഗത്തിൽപ്പെ ട്ടവർ ഏകമനസ്സോടെ ജീവിതം നയിച്ചിരുന്ന ആ കാലഘട്ടം ഓർമ്മകളിലെ, സുഗന്ധമായി ഭവിക്കു ന്നു. ദുസ്സഹമായ കാലാവസ്ഥ, അപരിഹാര്യമായി നിലനിന്ന രോഗങ്ങൾ മുഖ്യമായും മലമ്പനി സാഹ ചര്യങ്ങളുടെ പ്രാതികൂല്യത തുടങ്ങി കുടിയേറ്റ കർഷകനു നേരെയുണ്ടായിരുന്നതു വലിയ വലിയ പ്രശ്നങ്ങളായിരുന്നു. കാട്ടാനയോടും കാട്ടുപോ ത്തിനോടും മലമ്പാമ്പുകളോടുമൊക്കെ മല്ലടിച്ച് ജീവിതം കരുപിടിപ്പിക്കാനുള്ള വ്യഗ്രതയോടെ കാർഷികവൃത്തി നടത്തിവന്ന അന്നത്തെ കർഷന്റെ ജീവിതത്വര അവർണ്ണനീയമാണ്. പര സ്പര സഹകരണത്തോടെ ഒരു വീട്ടിലുണ്ടും ഉറ ങ്ങിയും അവർ മണ്ണിനോടു സാഹചര്യങ്ങളോടും പോരാടി. ആധുനികതയുടെ ക്രമാത്മകമായ പരി വേഷമില്ലാതെ സ്വജീവിതം കരുപിടിപ്പിക്കാനുള്ള ശ്രമത്തിൽ പാരമ്പര്യ വിലങ്ങുകൾ അവർക്കു പ്രശ്നമായിരുന്നില്ല. വിഭിന്നസാഹചര്യത്തിലും സംസ്കാരത്തിലും ജീവിച്ചുപോന്നവർ ഒന്നായി, ഒറ്റ ക്കെട്ടായി. ഐക്യമത്യം മഹാബലമെന്നവർ കണ്ടു. മതസൗഹാർദ്ദത്തിന്റെ മറക്കാനാവാത്ത മാതൃക കളായി. കാട്ടാനകളുടേയും മറ്റു കാട്ടു മൃഗങ്ങളു ടേയും ശല്യത്തിൽ നിന്നും രക്ഷനേടുന്നതിനായി ഏറുമാടങ്ങളിലാണധികം പേരും വസിച്ചിരുന്നത്. ഇല്ലിക്കാനം, മരക്കാനം, ഈറ്റക്കാനം, പുല്ലുമേടു കൾ ഇവ വെട്ടിത്തെളിച്ച് നെല്ലും കപ്പയും കൃഷി ചെയ്തു. കൂലിപ്പണികളെ അപേക്ഷിച്ച് മാറ്റാർപ്പ ത്തികളായിരുന്നു അന്നു നിലവിലിരുന്നത്. രാത്രി കാലങ്ങളിൽ, കാട്ടാനകളെ അകറ്റി നിർത്തുന്നതി നായി വിപുലമായി അഗ്നികൂട്ടി. അതിനുചുറ്റും കാവലിരുന്നു നേരം വെളുപ്പിച്ചിരുന്നു അവർ.

കാർഷികോല്പന്നങ്ങളുടെ വർദ്ധനവോടു കൂടി ഭക്ഷ്യവസ്തുക്കളുടെ വില ഗണ്യമായികുറ ഞ്ഞു. അദ്ധ്വാനിക്കുന്നവന്റെ വിയർപ്പുമുത്തുകൾ വീണ് ഹർഷപുളകിതയായ വനഭൂമി പൊന്നുവി ളയിച്ചപ്പോൾ കർഷകന്റെ സ്വപ്നം പൂത്തുലയു കയായിരുന്നു. അനന്തര തലമുറയ്ക്കായുള്ള ഇത്ത രത്തിലുള്ള പാതയൊരുക്കാൻ കട്ടപ്പനയുടെ സാമൂഹ്യ സാംസ്കാരിക ജീവിതത്തിനു വിത്തു പാകി. എന്നാൽ പ്രകൃതിയുടെ വെല്ലുവിളികളെ നേരിടാൻ കുടിയേറ്റകർഷകന്റെ ഉരുക്കുപേശി കൾക്കും കഴിഞ്ഞില്ല. മാരകമായ രോഗങ്ങളും കാല വർഷക്കെടുതികളും കാട്ടുമൃഗങ്ങളുടെ ശല്യവും ഒക്കെക്കൂടി ധാരാളം ജീവനെടുത്തു. ഏറ്റവും അടു ത്തുള്ള ആരോഗ്യകേന്ദ്രം ഉപ്പുതറയിലുള്ള സർക്കാർ ആശുപത്രിയായിരുന്നു. ഏറ്റവും അടുത്ത പോലീസ്സ്റ്റേഷൻ പീരുമേട്ടിലും. ഏലപ്പാറവരെ ബസ്സിലും, കരിന്തിരിവരെ ജീപ്പിലും പിന്നീടുള്ള ദൂരം കാട്ടുപാതകളിലൂടെ കാൽനടയായും സഞ്ച രിച്ചാണു കർഷകർ കട്ടപ്പനയിലെത്തിയിരുന്നത് എന്നോർക്കുമ്പോൾ ഈ പ്രദേശത്തിന്റെ വിക

സനം എത്രമാത്രമായിരുന്നുവെന്നത് അനുക്തസിദ്ധമാണ്.

1957 ജൂൺ മാസത്തിലെ സർക്കാർ പത്രക്കുറുപ്പുപ്രകാരം കുടിയിറക്കുഭീഷണിയും അതോടൊപ്പം രോഗം, ദാരിദ്ര്യം, പ്രതികൂലകാലാവസ്ഥ തുടങ്ങിയവയും നിമിത്തം വളരെ പേർ ഭൂമി ഉപേക്ഷിച്ച് ജന്മനാട്ടിലേയ്ക്ക് തിരികെ പോവുകയുണ്ടായി. എന്നാൽ ജീവൻ തൃണവൽഗണിച്ച തങ്ങളുടെ ഉദ്ദേശത്തിൽ ഉറച്ചു നിന്ന കർഷകർ ഏലം, കാപ്പി, കുരുമുളക് തുടങ്ങിയ നാണ്യവിളകൾ കൃഷി ചെയ്തുതുടങ്ങി.

1957 - ൽ സർക്കാർ പ്രഖ്യാപിച്ചതുപോലെ, വലിയ കുന്നും, ബള്ളയാംകുടി ഭാഗങ്ങളിലായി 369 കൃഷിക്കാരെ കുടിയിറക്കുകയുണ്ടായി. ഈ കൃഷിക്കാർ അന്നത്തെ ജില്ലാ ആസ്ഥാനമായ കോട്ടയത്ത് നടത്തിയ സമരത്തിന്റെ ഫലമായി കോട്ടയം ജില്ലാ ജഡ്ജി ഒ. ചന്തുമേനോനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും അദ്ദേഹത്തിന്റെ റിപ്പോർട്ടുപ്രകാരം കേവലം 59 കൃഷിക്കാരനുമാത്രം പുനരധിവസിപ്പിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിലാണ് വിമുക്തഭടന്മാരുടെ ഒരു വലിയ സംഘം രംഗത്ത് പ്രത്യക്ഷപ്പെടുകയും വെള്ളയാംകുടി, ഉപ്പുകണ്ടം, നത്തുകല്ല് ഭാഗങ്ങളിൽ റോന്തുചുറ്റുകയും ഇത് പുതിയ കർഷകരെ ഇങ്ങോട്ട് ആകർഷിക്കുവാൻ പര്യാപ്തമാവുകയും ചെയ്തു.

## പഞ്ചായത്ത് രൂപീകരണം.

1953 - ൽ തിരുകൊച്ചിയിൽ പഞ്ചായത്ത് ഭരണം നിലവിൽ വന്നു. ഉപ്പുതറ, ഉടുംമ്പൻചോല, വണ്ടന്മേട് പഞ്ചായത്തുകളിലും അയ്യപ്പൻകോവിൽ വണ്ടന്മേട്, കൽക്കൂന്തൽ വില്ലേജുകളിലുമായി കിടന്നിരുന്ന കട്ടപ്പന കേന്ദ്രമായി ഒരു പഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചത് 1960-ൽ ആണ്. ഇതേ സമയം ഉപ്പുതറ വിഭജിച്ച് അയ്യപപൻകോവിലും വണ്ടന്മേട് വിഭജിച്ച് പാമ്പാടുംപാറയും പഞ്ചായത്തുകളായി രൂപം കൊണ്ടു. അന്നത്തെ ഇൻഡ്യൻ നാഷണൽ കോൺഗ്രസിൽ മണ്ഡലം കമ്മിറ്റി സർക്കാരിൽ ചെലുത്തിയ നിരന്തര സമ്മർദ്ദത്തിന്റെയും അക്കാലത്തെ റവന്യൂ, ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീ. പി.റ്റി. ചാക്കോയുടെ ആത്മാർത്ഥതയുടേയും ഫലമായി അന്നത്തെ പഞ്ചായത്ത് വകുപ്പുമന്ത്രി ശ്രീ. പി.പി. ഉമ്മർകോയ 18.12.1962-ലെ 191/61/DD ഉത്തരവിൻ പ്രകാരം കട്ടപ്പന പഞ്ചായത്ത് രൂപീകരിക്കുന്നതിന് അനുമതിനല്കി. കട്ടപ്പന, കുന്തളംപാറ, വള്ളക്കടവ്, വലിയകണ്ടം, വെള്ളയാംകുടി, കാമാക്ഷി, ഇരട്ടയാർ, പളിയമ്പാല എന്നീ എട്ടു വാർഡുകളാണ് രൂപീകരിച്ചത്. 1963-ൽ നടന്ന ഈ പഞ്ചായത്തിലെ പ്രഥമ തെരഞ്ഞെടുപ്പിന്റെ ഫലമായി ശ്രീ. വി.റ്റി. സെബാസ്റ്റ്യൻ നേതൃത്വത്തിൽ 1964 ജനുവരി ഒന്നിന് ആദ്യപഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. സർവ്വശ്രീ. ഉലഹന്നാൻ മത്തായി, ലൂക്കോസ് മണിയങ്ങാടൻ, എ.സി. ജോസ് ആറ്റുപുറം, മത്തായി ചാക്കോ കുറകുന്നേൽ, ഏബ്രഹാം ആലയ്ക്കാപറമ്പിൽ, ജോസഫ് കാവിൽപുരയിടം, ജോസഫ് വർക്കി കലയത്തിനാൽ എന്നിവരായിരുന്നു അംഗങ്ങൾ. ഈ ഭരണസമിതി 16 വർഷം നീണ്ടുനിൽക്കുകയും 1.7.1971-ൽ ഇരട്ടയാർ പഞ്ചായത്ത് രൂപീകരിച്ചതോടെ പഞ്ചായത്തിന്റെ പരിധിയിൽ വ്യത്യാസം വരുകയും ഉണ്ടായി. തുടർന്ന് 1979 ൽ ശ്രീ. കെ. ജെ. മാത്യു പ്രസിഡന്റായ ശ്രീ.പി.കെ. കുട്ടപ്പൻ വൈസ് പ്രസിഡന്റായും ശ്രീ ആൻഡ്രൂസ് കുര്യൻ ചേന്നാട്ടുമറ്റം ശ്രീ. കൊല്ലക്കാട് മാധവൻ, ശ്രീ.ഇ.എം. ആഗസ്തി, ശ്രീ. ജോസപ് കാവുങ്കൽ, ശ്രീമതി, പി.ജെ. ഏലിയാമ്മ, ശ്രീ. തോമസ് മാത്യു മൂഴിയാങ്കൽ, ശ്രീ. കുര്യാച്ചൻ പടവിൽ, ശ്രീ.കെ. കുമാരൻ കോട്ടുതറയിൽ, ശ്രീ.വി.കെ. നാരായണൻ വാകവയലിൽ എന്നിവർ അംഗങ്ങളായും പുതിയ ഭരണസമിതി അധികാരത്തിൽ വന്നു. 1984-ൽ കാലാവധി പൂർത്തിയാക്കിയ മറക്ക് ഭരണസമിതി പിരിച്ചുവിടുകയും 1987 വരെ സ്പെഷ്യൽ ആഫീസറന്മാരുടെ നേതൃത്വത്തിൽ ഭരണം നടത്തുകയും ചെയ്തു. 19-ൽ തന്നെ നടന്നതെരഞ്ഞെടുപ്പിൽ ശ്രീ. തോമസ് ജോസഫും Ex. MLA. പ്രസിഡന്റായും ശ്രീ. ഒ.കെ. മത്തായി വൈ. പ്രസിഡന്റായും ശ്രീമതി ജയമ്മ ചാക്കോ, ശ്രീ. ജോയി ബറ്റിക്കുഴി, ശ്രീ. സി.കെ. ജേക്കബ്ബ്, ശ്രീ. പി.കെ. കുട്ടപ്പൻ, ശ്രീ. ജോർജ് വർഗീസ് കുട്ടമ്പേരൂർ, ശ്രീ. തോമസ് മാത്യു, മൂഴിയാങ്കൽ, ശ്രീ. ജോണി പൂമറ്റം, ശ്രീമതി. തങ്കമ്മ മാത്യു, ശ്രീ.കെ.പി. മാധവൻ, ശ്രീ.റ്റി.ആർ. ശശിധരൻ എന്നിവർ അംഗങ്ങളായുള്ള ഭരണസമിതി നിലവിൽ വന്നു. ഏഴുവർഷം ഈ ഭരണസമിതി ഭരണം തുടർന്നു. ഇതിനിടെ 11-ാം വാർഡ് (കല്ലുകുന്ന്) മെമ്പർ ശ്രീ.കെ.പി. മാധവൻ (കെ.പി.) അകാലചരമം പ്രാപിക്കുകയും 8-ാം വാർഡുമെമ്പർ ശ്രീ. ജോണി പൂമറ്റം വ്യക്തിപരമായ കാരണങ്ങളാൽ രാജിവയ്ക്കുകയും ചെയ്തു.

1995 സെപ്റ്റംബറിൽ 13 വാർഡുകൾ നിലവിൽ വരുകയും നിലവിലുള്ള ഭരണസമിതിയെ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഭരണസമിതിയംഗങ്ങളും അവർ പ്രതിനിധീകരിക്കുന്ന വാർഡുകളും.

വാർഡ് - 1 (കട്ടപ്പന ടൗൺ)
- ശ്രീ. പാപ്പപൂമറ്റം.

വാർഡ് - 2 (കുന്തളംപാറ)
- ശ്രീമതി. ആഗ്നസ് ജോസ്

വാർഡ് - 2 (കടമാക്കുഴി)
- ശ്രീ. ഒ.കെ. മത്തായി

വാർഡ് - 4 (വള്ളക്കടവ്)
- ശ്രീ.ജി. ഗോപിനാഥൻ നായർ

വാർഡ് - 5 (വലിയകണ്ടം)
- ശ്രീ. ജോണി ചീരാംകുന്നേൽ

വാർഡ് - 6 (കോളേജ് വാർഡ്)
- ശ്രീമതി. ക്ലാരമ്മ തോമസ്

വാർഡ് - 7 ( വാഴവര)
- ശ്രീ. കെ.കെ. സുശീലൻ

വാർഡ് - 8 (വെള്ളയാംകുടി)
- ശ്രീമതി. മേരിക്കുട്ടി ജോസഫ്

വാർഡ് - 9 (നത്തുകല്ല്)
- ശ്രീ. ജോയി തോമസ് പൊരുന്നോലിൽ

വാർഡ് - 10 (കല്ലുകുന്ന്)
- ശ്രീമതി. എത്സമ്മ ഫ്രാൻസിസ്

വാർഡ് - 11 (കൊച്ചുതോവാളി)
- ശ്രീ. പി.സി. മാത്യു

വാർഡ് - 12 (പുതിയൻമല)
- ശ്രീ. വി.കെ. സോമൻ

വാർഡ് - 13 (പാറക്കടവ്)
- കുമാരി, ഉഷാകുട്ടപ്പൻ.

പുതിയ വാർഡു വിഭജനം വന്നപ്പോൾ രണ്ട്, ആറ്, എട്ട്, പത്ത്, പതിമൂന്ന് വാർഡുകൾ വനിതകൾക്കായി സംവരണം ചെയ്യപ്പെടുകയും 5 - ാം വാർഡിനുപകരം 7 - ാം വാർഡ് പട്ടികജാതിസംവരണവാർഡാകുകയും ചെയ്തു. 1995 ഒക്ടോബർ 2-ാം തീയതി ശ്രീ. വി.കെ. സോമൻ പ്രസിഡന്റായും ശ്രീ. പാപ്പ പൂമറ്റം വൈസ് പ്രസിഡന്റായുമുള്ള ഭരണസമിതി അധികാരമേറ്റു. പഞ്ചായത്തീരാജ് നിയമപ്രകാരം പുതുതായി രൂപം കൊണ്ട സ്റ്റാഡിംഗ് കമ്മറ്റിയുടെ ചെയർമാനായി ശ്രീ. പി.സി. മാത്യുവും തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ ഈ ഭരണസമിതി അധികകാലം തുടർന്നില്ല. 1996 മെയ് 19-ന് ശ്രീ.വി.കെ. സോമൻ പ്രസിഡന്റുപദം രാജി വയ്ക്കുകയും സ്റ്റാൻഡിംഗ് കമ്മറ്റി അദ്ധ്യക്ഷനായിരുന്ന ശ്രീ. പി.സി. മാത്യു 1996 ജൂൺ മാസം 20-ാം തീയതി പുതിയ പ്രസിഡന്റായും ശ്രീ. ജി. ഗോപിനാഥൻനായർ സ്റ്റാൻഡിംഗ് കമ്മറ്റിയദ്ധ്യക്ഷനുമായുള്ള ഭരണസമിതി നിലവിൽ വരുകയും ചെയ്തു.

## ഗതാഗതം

ആദ്യകാലങ്ങളിൽ ഏലപ്പാറവരെ മാത്രമായിരുന്നു ബസ്സ്സർവ്വീസ് ഉണ്ടായിരുന്നത് എന്നു സൂചിപ്പിച്ചല്ലോ. 1950 കളുടെ അവസാനത്തോടെ അയ്യപ്പൻകോവിൽ വരെ ബസ്സുകളും മറ്റു വാഹനങ്ങളും എത്തിയിരുന്നു. കട്ടപ്പനയുടെ വികസന ചരിത്രത്തിലെ രാജപാതയായ അയ്യപ്പൻകോവിൽ കട്ടപ്പന റോഡ് 1960-ൽ മെറ്റൽ ചെയ്യുകയും വാഹനങ്ങളുടെ പ്രവാഹം കട്ടപ്പനയിലേക്കുണ്ടാവുകയും ചെയ്തു. 1963-ൽ ബസ്സ് സർവ്വീസ് ആരംഭിച്ചു. ഇത് കട്ടപ്പനയെ ജില്ലാ ആസ്ഥാനമായ കോട്ടയവുമായി ബന്ധിപ്പിക്കുന്നതിനും ധാരാളം ജനങ്ങളെ കട്ടപ്പനയിലേക്കാകർഷിക്കുന്നതിനും കാരണണായി. കാർഷിക - വാണിജ്യ - വിദ്യാഭ്യാസ - സാമ്പത്തിക രംഗങ്ങളിൽ അപ്രതീക്ഷിതമായ ഉണർവ്വാണ് ഇതുമൂലം ഉണ്ടായത്. ഈ പട്ടണത്തിന്റെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ചതും വളരെ പ്രസിദ്ധമായ ടൂറിസ്റ്റു കേന്ദ്രമായ തേക്കടിയിലേക്കും വാണിജ്യവയവസായ കേന്ദ്രമായ തൊടുപുഴയിലേക്കുമൊക്കെ ബന്ധപ്പെടുന്നതിനുള്ള തൊടുപുഴ പുളിയൻമല റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 1966-ൽ ആരംഭിച്ച് 1967-ൽ പൂർത്തിയായി. ഇതോടെ കട്ടപ്പനയുടെ വളർച്ച അതി ദ്രുതമാവുകയും ജില്ലയിലെ വികസ്വരനഗരങ്ങളുടെ മുൻപന്തിയിലെത്തുകയും ചെയ്തു. 1972-ൽ ഇടുക്കി ജില്ല രൂപം കൊണ്ടപ്പോൾ ജില്ലാ ആസ്ഥാനവുമായി അടുത്തു സ്ഥിതി ചെയ്യുന്ന പട്ടണമെന്ന നിലയ്ക്ക് കട്ടപ്പനയ്ക്ക് അർഹിക്കുന്ന അംഗീകാരവും ജനശ്രദ്ധയും ലഭിച്ചു. വിവിധ സാമ്പത്തികമേഖലകളുമായി ബന്ധപ്പെടുന്നതിനും വാണിജ്യ വ്യാപാരരംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്തുന്നതിനും കഴിഞ്ഞു. ജില്ലയിലെ എല്ലാ പ്രധാന പട്ടണങ്ങളിലേക്കും പ്രദേശങ്ങളിലേക്കും എത്തിച്ചേർക്കുന്നതിനു പര്യാപ്തമായ റോഡുകളും മറ്റും തുറക്കപ്പെടുകയും വികസനത്തിന്റെ കേന്ദ്രമായി കട്ടപന രൂപപ്പെടുകയും ചെയ്തു. പഞ്ചായത്തിനുള്ളിലും ഇന്ന് മതിയായ യാത്രാസൗകര്യങ്ങളുണ്ട്. ഒരുപക്ഷെ, കേരള സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചരക്കുകയറ്റു

വാഹനങ്ങളും ടാക്സി വാഹനങ്ങളുമുള്ള പട്ടണങ്ങളിലൊന്നു കട്ടപ്പനയാണെന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. അത്ര കണ്ട് ഇവിടെ ഗതാഗതമേഖല വളർച്ച പ്രാപിച്ചു കഴിഞ്ഞു. ഒരുപക്ഷേ, കട്ടപ്പനയ്ക്കൊരു ചരിത്രം ആരംഭിക്കുന്നതിനുമുമ്പേ പ്രസിദ്ധങ്ങളായിരുന്ന പല കേന്ദ്രങ്ങളും ഇന്ന് ഓർമ്മകളിൽ മാത്രം അവശേഷിക്കുകയോ പ്രതാഹം അസ്തമിക്കുകയോ ചെയ്തിരിക്കുന്ന അവസരത്തിൽ അനുനിമിഷം വികസിച്ചുകൊണ്ടിരിക്കുന്ന ഈ കൊച്ചുപട്ടണത്തിന്റെ വളർച്ച അസൂയാവഹം തന്നെ എന്നത് അഭിമാനകരമാണ്. ഇരുനൂറിലേറെ ബസ്സുകൾ ഇന്നു കട്ടപ്പനയിലെത്തി വിവിധ സ്ഥലങ്ങളിലേക്കു സർവ്വീസ് നടത്തുന്നുണ്ട്. കേരളത്തിലെ ഏറ്റവും നല്ല ബസ്സ്റ്റാൻഡുകളിലൊന്നാണ് കട്ടപ്പനയിലേത്. 50 സെന്റു വിസ്തീർണ്ണത്തിൽ കോൺക്രീറ്റുചെയ്തിട്ടുള്ള ഈ ബസ്സ്റ്റാന്റും കട്ടപ്പനയുടെ വളർച്ചയ്ക്കനുസരിച്ച് ഇപ്പോൾ അപര്യാപ്തമാണ്. ടൗണിലെ റോഡുകൾക്കു വീതി വർദ്ധിപ്പിച്ചും വൺവേ സിസ്റ്റം വർദ്ധിപ്പിച്ചും ഗതാഗതതിരക്കുകൾ നിയന്ത്രിക്കേണ്ടിയിരിക്കുന്നു. 500 - ലേറെ ടാക്സി ജീപ്പകളും കാറുകളും കട്ടപ്പനയിലുണ്ട്. ഏകദേശം 500. ാളം ഓട്ടോറിക്ഷകളും 200 ലേറെ ലോറികളും കട്ടപ്പന പട്ടണത്തിൽ സ്ഥിരമായി സർവ്വീസ് നടത്തുന്നുണ്ട്.

**പട്ടയം**

കുടിയേറ്റകാലത്ത് 'ഗ്രോമോർ ഫുഡ്' പദ്ധതിപ്രകാരം ഒരു കുടുംബത്തിന് 5 ഏക്കർ എന്ന കണക്കിൽ പതിച്ചുകൊടുത്ത കുറേ ഭൂമിക്കല്ലാതെകട്ടപ്പനയിലുള്ള കൃഷിക്കാരുടെ അധികം ഭൂമിയും പട്ടയം ലഭിച്ചിരുന്നില്ല. 1967-ൽ നെടുംകണ്ടത്തു വച്ചു നടത്തപ്പെട്ട പട്ടയദാന ചടങ്ങിൽ വച്ച് കുറേ പേർക്കു പട്ടയം ലഭ്യമായി. 1968-ൽ അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന യശ: ശരീരനായ ശ്രീ. കെ.ടി. ജേക്കബ്ബിന്റെ ശ്രദ്ധ ഈ രംഗത്തുണ്ടാവുകയും വ്യാപകമായ തോതിൽ പട്ടയവിതരണം നടത്തുകയും ചെയ്തു. കട്ടപ്പനയിലെ സെന്റ് ജോസഫ് മിഷ്യൻ ആശുപത്രി, കട്ടപ്പന പബ്ലിക് ലൈബ്രറി തുടങ്ങിയ സ്ഥാപനങ്ങൾക്കും വളരെ കർഷകർക്കും അന്നു പട്ടയം ലഭിച്ചു. പക്ഷേ, അതും പൂർണ്ണണായിരുന്നില്ല. കുടിയേറ്റകാലം മുതൽ ഇപ്പോഴും തുടർന്നുവരുകയാണ് പട്ടയത്തിനു വേണ്ടിയുള്ള ജനകീയ സമരങ്ങൾ. കാലാകാലങ്ങളിൽ വന്ന ജനപ്രതിനിധികളുടേയും വിവിധ രാഷ്ട്രീയ കക്ഷികളുടേയും നിരന്തരമായ നിവേദനങ്ങളുടെയും മറ്റും ഫലമായി പട്ടയം ലഭിച്ചിട്ടുണ്ട്. പഞ്ചായത്തുപരിധിയിലുള്ള 6148 ഹെക്ടർ 23 ആർ 43 സ്ക്വയർ ഭൂമിയിൽ 3520 ഹെക്ടർ 500-ും 240 സ്ക്വയർ ഭൂമിക്കുമാത്രമാണ് ഇപ്പോൾ പട്ടയമുള്ളത്. ആദിവാസി ഉടമസ്ഥതയിലുള്ള ഭൂമി, വനഭൂമി, കുത്തകപ്പാട്ട വ്യവസ്ഥയിലുള്ള ഏലത്തോട്ടം തുടങ്ങി വിവിധ പ്രതിബന്ധങ്ങളാണ് പട്ടയലഭ്യതയ്ക്കുള്ളതെന്നാണ് അധികൃത ഭാഷ്യം. ഇനിയും പട്ടയം ലഭ്യമായില്ലെങ്കിൽ സാമ്പത്തികമേഖല തളരുമെന്ന ഭീഷണി കണ്ടില്ലെന്നു നടിക്കാവുന്നതല്ല. പട്ടണത്തിന്റെ ഹൃദയഭാഗത്തുപോലും പട്ടയമോ കൈവശാവകാശ രേഖപോലുമോ ഇല്ലാത്ത ഭൂമി ഇപ്പോഴുണ്ട്.

**വിദ്യാഭ്യാസം**

ജീവിതോപാധിതേടി വിവിധ പ്രദേശങ്ങളിൽ നിന്നും കുടിയേറിയ കുടിയേറ്റകർഷകന് വിദ്യാഭ്യാസം വളരെ അകലെയായിരുന്നു. തങ്ങളുടെ അനന്തരതലമുറയുടെ ഭാവി കരുപിടിപ്പിക്കാനുള്ള യജ്ഞത്തിൽ വിദ്യാഭ്യാസം അവശ്യഘടകമാണെന്നറിഞ്ഞ കർഷകർ അതിനുവേണ്ടി ശ്രമിച്ചു തുടങ്ങിയത് 1950 കളുടെ മധ്യത്തോടെയാണ്. അക്കാലത്ത് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിപ്പള്ളിക്കൂടങ്ങൾ രൂപം കൊണ്ടു. 1956 - ൽ തോണിത്തടി വാസു എന്ന മഹാശയാൻ പ്രസിഡന്റായി അമ്പലക്കവലയിൽ ഒരു സ്കൂൾ പ്രവർത്തനമാരംഭിച്ചത് ഈ മേഖലയിലെ തുടക്കമാണ്. മാസങ്ങൾക്കുശേഷം കട്ടപ്പന സെന്റ് ജോർജ്ജ് പള്ളിയുടെ മേൽനോട്ടത്തിലാരംഭിച്ച സ്കൂളിലേയ്ക്ക് ഇതു ലയിപ്പിച്ചു. ശ്രീ. എ.സി. തോമസ് സാറായിരുന്നു അന്ന് സെന്റ്. ജോർജ്ജ് സ്കൂൾ നടത്തിപ്പോന്നത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്ന കുടിപ്പള്ളിക്കൂടങ്ങളിൽ നിന്നും കുട്ടികളെ ഈ സ്കൂളിൽ കൊണ്ടുവന്നു പരീക്ഷ എഴുതിച്ചിരുന്നു. 1957-ൽ ഈ സ്കൂളിന് അംഗീകാരം നേടി അങ്ങനെ സെന്റ് ജോ2ജ്ജ് എൽ.പി.സ്കൂളായി. 1958-ൽ കട്ടപ്പനയിൽ ആദ്യത്തെ സർക്കാർ സ്കൂൾ സ്ഥാപിതമായി. ആദിവാസി മേഖലയിലുള്ള ഇളം തലമുറയുടെ ഉന്നതിലാക്കാക്കി ട്രൈബൽ സ്കൂളായിട്ടാണ് അനുവദിച്ചത്. ഇപ്പോൾ പഞ്ചായത്തിലാകെ 5 എൽ.പി. സ്കൂളുകൾ, 5 യു.പി. സ്കൂളുകൾ 3 ഹൈസ്കൂളുകൾ എന്നിവ അംഗീകൃതമായിട്ടുണ്ട്. പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ കട്ടപ്പന സെന്റ്

ജോർജ്ജാണെന്നു സൂചിപ്പിച്ചല്ലോ. യു.പി., എച്ച്.എസ്സ്. വിഭാഗങ്ങളും ആദ്യം ആരംഭിക്കുന്നത് ഇവിടെത്തന്നെ. 1960-ൽ യു.പി.യും 1963-ൽ ഹെസ്കൂളും തുടങ്ങിയ ഏകസർക്കാർ സ്കൂളായ ഗവ. ട്രൈബൽ സ്കൂൾ 1981 ലാണ് ഹൈസ്കൂളായി ഉയർത്തപ്പെട്ടത്. ഇവയ്ക്കു പുറമേ ഓസാനം ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ (1976) ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം എൽ.പി. സ്കൂൾ (BSE) എന്നീ അണെയ്ഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗത്തെ ഏക അവലംബം കട്ടപ്പന ഗവൺമെന്റ് കോളേജാണ്. 1971-ൽ നരിയമ്പാറയിൽ ദേവസ്വം ബോർഡ് നടത്തിവന്ന കോളേജ് അസൗകര്യങ്ങൾ നിമിത്തം വമ്പിച്ച ജനകീയ പ്രക്ഷോഭത്തിന്റെ പേരിൽ അംഗീകാരം പിൻവലിക്കപ്പെടുകയും 26-7-1977-ൽ കട്ടപ്പന ഗവ. കോളേജ് എന്ന സ്ഥാപനം സർക്കാർ ഉടമയിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അപര്യാപ്തതകളുടെ പട്ടിക മാത്രമാണ് നിറത്താനുള്ളതെങ്കിലും മൂന്നു ബിരുദ കോഴ്സുകളും രണ്ടു പ്രീഡിഗ്രി കോഴ്സുകളും ഇവിടെ ഉണ്ട്.

സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഹൈറേഞ്ചിലെ തന്നെ ഏക അവലംബമാണ് കട്ടപ്പന ഗവൺമെന്റ് ഐ.ടി.ഐ. ഏതാണ്ട് ആറോളം ട്രേഡുകൾ ഇവിയെടുണ്ട്. സംസ്ഥാനത്തു ഏറ്റവും സൗകര്യമുള്ള ഐ.ടി.ഐ. കളിലൊന്നാണിത്. സാങ്കേതികവിദ്യാഭ്യാസരംഗത്ത് മറ്റു മൂന്നു സ്വകാര്യസ്ഥാപനങ്ങളും പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്നു. 1949-ലാരംഭിച്ച ടെക്നിക്കോ എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വികാസ് എഞ്ചിനിയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, സോഫ്ട്ടെക് എന്നിവയാണവ.

വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന സമാന്തരസ്ഥാപനങ്ങളും ധാരാളമുണ്ട്. സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പഞ്ചായത്തിൽ തുടക്കംകുറിച്ചത് യശ: ശരീരനായ ശ്രീ. പി.ടി. തോമസ് സാറിന്റെ ബോസ് അക്കാദമി 1970-ൽ പ്രവർത്തനം ആരംഭിച്ചതോടെയാണ്. ഇപ്പോൾ ബിരുദാനന്തര ബിരുദകോഴ്സുകൾവരെയുള്ള സ്ഥാപനങ്ങൾസഹകരണമേഖലയിലും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇനിയും വിദ്യാഭ്യാസ മേഖല വളർച്ചയുടെ പടവുകൾ താണ്ടി എന്നു പറഞ്ഞുകൂടാ. ശാസ്ത്രസാങ്കേതിക പഠനവിഷയങ്ങളുടെ അഭാവം നിമിത്തം കർഷകന്റെ മക്കൾക്ക് അകലങ്ങളിൽ ആശ്രയം തേടേണ്ടി വരുന്നു എന്നതിനാൽ പലരും ഇടയ്ക്കുവച്ചു പഠിപ്പു നിർത്തുന്ന ശോച്യാവസ്ഥ നിലവിലുണ്ട്. ഒരു കാർഷികകോളേജ്, ട്രെയിനിംഗ് കോളേജ്, ഡയറി സയൻസ് കോളേജ്, എൻജിനീയറിംഗ് കോളേജ് എന്നിവകൾക്കും പോളിടെക്നിക്, ഫൈനാർട്ട്സ് കോളേജ് എന്നിവകൾക്കും പഞ്ചായത്തിൽ സാധ്യതകളുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റൊരു പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനമാണ് കട്ടപ്പന സെന്റ് ജോൺസ് മിഷ്യൻ ആശുപത്രിയുടെ ഉടമയിലുള്ള നഴ്സിംഗ് സ്കൂൾ ജനറൽ നഴ്സിംഗിൽ ക്ലാസ്സുകളുള്ള ഇവിടെ ബി.എസ്സ്.സി. നഴ്സിംഗ് ആരംഭിക്കാൻ പദ്ധതിയുണ്ട്. വളക്കടവു കേന്ദ്രമാക്കി മന്ദബുദ്ധികളായ കുട്ടികൾക്കുവേണ്ടി കർമ്മലീത്താ മഠത്തിന്റെ നേതൃത്വത്തിൽ 'സ്നേഹസദൻ' എന്ന ഒരു സ്ഥാപനവും വെള്ളയാംകുടി കേന്ദ്രമാക്കി ഇതേ തരത്തിൽ 'അസ്സീസ്സി സ്പെഷ്യൽ സ്കൂൾ' എന്ന സ്ഥാപനവും സ്തുത്യർഹമായി പ്രവർത്തിച്ചുവരുന്നു. പ്രീ - പ്രൈമറി രംഗത്ത് 37 അങ്കണവാടികളും സർക്കാർ ഉടമയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

**സംസ്കാരം**

മണ്ണിൽ പൊന്നു വിളയിക്കാൻ മോഹിച്ചു വന്ന കുടിയേറ്റകർഷകരുടെ മനസ്സ് നിറഞ്ഞപ്പോൾ കലാപ്രവർത്തനങ്ങൾക്കു പ്രസക്തിയേറി വന്നു. ഇടുക്കിയുടെ മലമടുക്കുകളിൽ കലയുടെ ശബ്ദം പ്രതിധ്വനിച്ചു. സംഗീതം, നാടകം, കഥാപ്രസംഗം, നൃത്തം, തുടങ്ങിയവയും ഓട്ടൻതുള്ളൽ, വില്പാട്ട്, ചെണ്ടമേളം, കാവടിയാട്ടം, കടുവാകളി തുടങ്ങിയ നാടൻ കലകളും പ്രചരിപ്പിക്കപ്പെട്ടു. നല്ല നല്ല കലാകാരന്മാർ കുടിയേറ്റ സംഘത്തിലുണ്ടായിരുന്നുവെന്നത് സ്മർത്തവ്യമാണ്. ഈ രംഗത്തെ പ്രതിഭകളിൽ സർവ്വശ്രീ: ജെ.സി. പെരുമന, അതിരമ്പുഴ അപ്പച്ചൻ, കെ.പി. മാധവൻ, വി.കെ. നാണു, എസ്സ്. വിളക്കുന്നൻ, തോമസ് രാജൻ, ജോസഫ് കുമ്പുക്കൽ, കണിയാമറ്റം പാപ്പയാശാൻ, സി.എം. കരുണാകരൻ, വി.ടി. സെബാസ്റ്റ്യൻ തുടങ്ങിയവരുടെ സേവനം പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. അക്കാലങ്ങളിൽ മിക്ക പ്രദേശങ്ങളിലും നാടകസംഘങ്ങളും ഗാനമേള ഗ്രൂപ്പുകളും പ്രവർത്തിച്ചിരുന്നു. ഇതിനും പുറമേ കെ.പി.എ.സി., കാളിദാസകലാകേന്ദ്രം ചങ്ങനാശ്ശേരി ഗീഥാ, കലാനിലയം, കായംകുളം പീപ്പിൾസ് തീയറ്റേഴ്സ് തുടങ്ങി അന്നു കേരളത്തിൽ നിലനിന്നിരുന്ന മിക്ക പ്രൊഫഷണൽ നാടകവേദികളുടേയും പരിപാടി

കൾ ഇവിടെ അവതരിപ്പിക്കപ്പെട്ടിരുന്നു. മുഖ്യമായും പള്ളിപ്പെരുന്നാളുകൾ, ക്ഷേത്രോത്സവങ്ങൾ എന്നിവയോടനുബന്ധിച്ചാണീ പരിപാടികൾ അരങ്ങേറിയിരുന്നത്.

ആദ്യകാലങ്ങളിൽ തികച്ചും അന്യമായിരുന്നു, സാംസ്കാരികരംഗം. കുടിയേറ്റ കർഷകന്റെ മുഖ്യ ശ്രദ്ധ കൃഷിയും മണ്ണു സമ്പാദിക്കലിലുമായിരുന്നുവെന്നതു കൊണ്ടുതന്നെ ഈ രംഗം ശുഷ്ക്കമായിരുന്നു. കുടിയേറ്റമേഖലയിലെ എല്ലാ കുഴപ്പങ്ങളും ഉണ്ടായിരുന്നുതാനും. കാട്ടുമൃഗങ്ങളോടും കാലാവസ്ഥയോടും മല്ലടിച്ചു മരവിച്ച മനസ്സുകൾക്ക് ഒരിറ്റു സാംസ്കാരിക വെളിച്ചം പകരാനുള്ള ഉപാധികളും വിരളമായിരുന്നു. എന്നാൽ കലാ രാഷ്ട്രീയ രംഗങ്ങളുടെ ഉണർവ്വും മതസ്ഥാപനങ്ങളുടെ പെരുപ്പവും ജനരംഗത്തു വഴികാട്ടികളായി. രാഷ്ട്രീയ കക്ഷികളുടെ (മുഖ്യമായും, ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി, മലനാട് കർഷകയൂണിയൻ എന്നിവ കാര്യാലയങ്ങൾ സാംസ്കാരികോത്ഥാനത്തിനുള്ള കളരികളായി. കലാസാംസ്കാരികരംഗത്തെ ആദ്യ ചുവടുവയ്പായി 1957-ൽ കട്ടപ്പന ജനതാപബ്ലിക് ലൈബ്രറിയും 1961-ൽ നിർമ്മലായൂത്ത് ക്ലബ്ബും സ്ഥാപിതമായി. തുടർന്ന് 1962-ൽ കൊച്ചുതോവാള ബ്രദേഴ്സ് പബ്ലിക് ലൈബ്രറിയും 1965-ൽത്തുകല്ലു കൈരളി പബ്ലിക് ലൈബ്രറി, ആർട്സ് & സ്പോർട്സ് ക്ലബ്ബും സ്ഥാപിതമായി. ഇപ്പോൾ പഞ്ചായത്തിലാകെ 12 ഓളം ലൈബ്രറികളും ആർട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്ബുകളും പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ നിന്നും ഏഴു ലൈബ്രറികൾക്ക്, വെട്ടിക്കുഴ കവലയിലുള്ള പഞ്ചായത്തു സാംസ്കാരിക നിലയം ഉൾപ്പെടെ, ടെലിവിഷൻ നൽകിയിട്ടുണ്ട്.

കട്ടപ്പനയുടെ സാംസ്കാരികവളർച്ചയ്ക്ക് നിസ്തുലമായ സംഭാവന നൽകി വരുന്ന സ്ഥാപനമാണ് ദർശനാഫിലിംസൊസൈറ്റി. 1980-ൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനത്തിന് 1988-ൽ കേരളത്തിലെ ഏറ്റം മികച്ച ഫിലിംസൊസൈറ്റിക്കും 1989- 90 വർഷങ്ങളിൽ ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ഗ്രാമീണഫിലിം സൊസൈറ്റിക്കുമുള്ള അവാർഡുകൾ ലഭിച്ചു. തുടർച്ചയായി സംസ്ഥാന ദേശീയ അന്തർദ്ദേശീയ അംഗീകാരങ്ങൾ നേടിയ ചലച്ചിത്രങ്ങൾ പ്രദർശിപ്പിച്ചു വന്നിരുന്ന ദർശന കുറേവർഷങ്ങളായി നാടകം, നൃത്തസന്ധ്യ, സംഗീതസദസ്സ്, പ്രഗത്ഭരുടെ പ്രഭാഷണങ്ങൾ എന്നിവയിലും ശ്രദ്ധിക്കുന്നുണ്ട്. ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ്, ഓഫ് ഇൻഡ്യ, നാഷണൽ ഫിലിം ആർക്കൈവ് ഓഫ് ഇന്ത്യ, കേരള സംഗീതനാടക അക്കാദമി എന്നിവകളിൽ ദർശന അംഗമാണ്. ഇതോടൊപ്പം സാംസ്കാരികാഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുന്ന അന്തർദ്ദേശീയ സംഘടനകളായ ലയൺസ് ക്ലബ്ബ്, ജേസീസ്, വൈ.എം.സി.എ. തുടങ്ങിയവയും കട്ടപ്പനയിലുണ്ട്. ഇവയുടെ സേവനം ഈ രംഗത്ത് പ്രത്യേകം പ്രസ്താവ്യമാണ്. കേരളവ്യാപാരി വ്യവസായി ഏകോപനസമിതിയുടെ യൂണിറ്റായ കട്ടപ്പന മർച്ചന്റ്സ് അസ്സോസിയേഷന്റെ സേവനവും സാംസ്കാരികരംഗത്ത് സ്തുത്യർഹമാണ്. മഹിളാസമാജങ്ങളുടെ സേവനങ്ങളും പ്രത്യേകം എടുത്തുപറയേണ്ടതായുണ്ട്. പഞ്ചായത്തിലെ ആദ്യത്തെ രജിസ്റ്റേർഡ് മഹിളാസമാജമായ നത്തുകല്ല് ഹൈറേഞ്ച് ലേഡീസ് ക്ലബ്ബുകളുൾപ്പെടെ 35 ഓളം സമാജങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവയോടനുബന്ധിച്ച് നഴ്സറി സ്കൂളുകളും (ബാലവാടികൾ), അങ്കണവാടികളും പ്രവർത്തിക്കുന്നു.

മൂന്നു സിനിമാ പ്രദർശനശാലകളാണ് കട്ടപ്പനയിൽ പ്രവർത്തിക്കുന്നത്. 1964-ൽ സ്ഥാപിതമായ കട്ടപ്പന സന്തോഷ് ടാക്കീസ് 1972-ൽ ന്യൂ തീയേറ്റർ എന്ന പേരിലാരംഭിച്ച് 1975-ൽ പേര് മാറ്റപ്പെട്ട സംഗീത, 1980-ൽ ആരംഭിച്ച 'സാഗര' എന്നിവയാണവ. നിസ്തുലനാടകവേദി എന്ന പേരിൽ ഒരു അമേചർ നാടകസംഘവും പ്രവർത്തിച്ചുവരുന്നു.

വാർത്താവിനിമയരംഗത്ത് ഏറെ പിന്നോക്കം നിന്നിരുന്ന കട്ടപ്പന ഇന്ന് സംസ്ഥാനത്തെ മറ്റേതു പട്ടണത്തോടും കിടപിടിക്കാവുന്ന സാഹചര്യത്തിലെത്തിയിട്ടുണ്ട്. കുടിയേറ്റകാലങ്ങളിൽ തപാൽ സൗകര്യങ്ങൾ പോലുമില്ലാതെ, ജില്ലാ ആസ്ഥാനത്തും സ്വന്തം നാടുകളിലും എന്തെങ്കിലും ഒരു വാർത്തയറിയിക്കാൻ ദിവസങ്ങൾ വേണ്ടി വന്നിരുന്നു. ലോകവാർത്തകളറിയുന്നതിനുള്ള സാഹചര്യവും കുറവായിരുന്നു. അറുപതുകളുടെ ആരംഭത്തിൽ റേഡിയോ, വർത്തമാനപത്രങ്ങൾ എന്നിവയുടെ ഉപയോഗം വ്യാപകമായി തുടങ്ങി. ഇന്ന് പഞ്ചായത്തിന്റെ ഏതു വാർഡിലും അത്യാധുനിക കേബിൾ സൗകര്യങ്ങളോടുകൂടിയ ടി.വി., എല്ലാതരം വർത്തമാനപത്രങ്ങൾ, ടെലിഫോൺ, ഫാക്സ് സൗകര്യങ്ങൾ നിലവിലുണ്ട്. മലയാളമനോരമ, ദീപിക, മാതൃഭൂമി, മംഗളം, വീക്ഷണം, ദേശാഭിമാനി, കേരളകൗമദി, മാധ്യമം, ജന്മഭൂമി എന്നീ പത്രങ്ങൾക്ക് സബ് ഓഫീസുകളും ഹിൽദേശ് എന്ന

പേരിൽ കട്ടപ്പനയിൽ 1972-ലാരംഭിച്ച പ്രസിദ്ധീകരണത്തിന് ബ്യൂറോ ഓഫീസും കട്ടപ്പനയിലുണ്ട്. ടെലിഫോൺ ബൂത്തുകളുടെ ഒരു സഞ്ചയം തന്നെ പട്ടണത്തിനുള്ളിലുണ്ട്. കൂടാതെ ഫാക്സ് സൗകര്യങ്ങളും. തപാലാഫീസുകളുടെ കാര്യത്തിലും കട്ടപ്പന പര്യാപ്തത നേടിയിട്ടുണ്ട്. ടൗണിൽത്തന്നെ ഹെഡ്പോസ്റ്റോഫീസ്, സബ് പോസ്റ്റോഫീസ് എന്നിവകളും കടമാക്കുഴി, നരിയമ്പാറ, തൊഴരയാർ, വെള്ളയാംകുടി, വാവേര കൊച്ചുതോവാള, പുളയൻമല എന്നിവിടങ്ങളിൽ ബ്രാഞ്ച് പോസ്റ്റോഫീസുകളും പ്രവർത്തിക്കുന്നു.

## സർക്കാർ കാര്യാലയങ്ങൾ

കട്ടപ്പനയുടെ ചരിത്രം ആരംഭിക്കുമ്പോൾ, സർക്കാർ സ്ഥാപനങ്ങളോ കാര്യാലയങ്ങളോ ഉണ്ടായിരുന്നില്ല. 1959-ൽ കട്ടപ്പനയിലാരംഭിച്ച സർക്കാർ ആയൂർവ്വേദ ഡിസ്പെൻസറിയാണ് ആദ്യത്തെ സർക്കാർ സ്ഥാപനം. 1963-ൽ താലൂക്ക് വെൽഫെയർ ഇൻസ്പെക്ടർ ആഫീസ് (ഇന്നത്തെ പട്ടികജാതി വികസന ഓഫീസ്) സ്ഥാപിതമായതു മുതൽ 1996-ൽ ടെലികോം സബ്ഡിവിഷണൽ ആഫീസ് സ്ഥാപിക്കുന്നതുവരെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളിലായി ഏകദേശം 50 ഓളം കാര്യാലയങ്ങൾ പ്രവർത്തിക്കുന്നു. ജില്ലാ എംപ്ലോയ്മെന്റ് ആഫീസ്, ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ആപീസ്, ആദായനികുതി വില്പനനികുതി ഡപ്യൂട്ടികമ്മീഷണർ ഓഫീസ്, ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം, ജില്ലാ ഡ്രഗ്സ് കൺട്രോളർ ആഫീസ് തുടങ്ങിയവ കട്ടപ്പനയിൽ പ്രവർത്തിക്കുന്നു. കൂടാതെ മുൻസിഫ് മജിസ്ട്രേറ്റ് കോടതി, സബ്കോടതി എന്നിവയും കട്ടപ്പനയിലുണ്ട്. കുടിയേറ്റ കാലങ്ങളിൽ ഏറ്റവും അടുത്ത പോലീസ്സ്റ്റേഷൻ പീരുമേട്ടിലായിരുന്നെങ്കിൽ ഇന്ന് ഡപ്യൂട്ടി പോലീസ് സൂപ്രണ്ടാഫീസ്, പോലീസ് സർക്കിൾ ആഫീസ്, പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവ കട്ടപ്പനയിൽ പ്രവർത്തിച്ചുവരുന്നു.

## ആരോഗ്യം

കുടിയേറ്റഹാളുകളിൽ ഏറെ അപര്യാപ്തത അനുഭവിച്ചിരുന്നത് ആരോഗ്യ കേന്ദ്രങ്ങളുടെ കാര്യത്തിലായിരുന്നു. 1959-ൽ കട്ടപ്പനയിൽ ഒരു സർക്കാർ ആയൂർവ്വേദ ഡിസ്പെൻസറി പ്രവർത്തനമാരംഭിച്ചുവെങ്കിലും ഇല്ലായ്മകളുടെ കേന്ദ്രമായിരുന്നു അത്. ഏറ്റവും അടുത്ത ആരോഗ്യകേന്ദ്രം ഉപ്പുതറയിലുള്ള സർക്കാർ ആശുപത്രിയായിരുന്നു. യാത്രാസൗകര്യമില്ലാതിരുന്ന അക്കാലഘട്ടത്തിൽ രോഗികളേയും അപകടമത്തിൽപ്പെട്ടവരേയും കസേരകളിലും കട്ടിലുകളിലും കിടത്തി ചുമന്നുകൊണ്ടാണാശുപത്രിയിലെത്തിച്ചിരുന്നത്. ചികിത്സാസൗകര്യങ്ങളുടെ അഭാവം അനേകരുടെ ജീവനഹരിക്കുകയുണ്ടായി. ഈ അവസ്ഥയ്ക്കു പരിഹാരമായാണ് അന്നത്തെ എം.എൽ.എ. ശ്രീ.കെ.ടി. ജേക്കബ്ബിന്റെ ശ്രമഫലമായി 20 ഏക്കറിൽ ഒഴുകയിൽ കെട്ടിടത്തിൽ ഒരു സർക്കാർ ഡിസ്പെൻസറി പ്രവർത്തനമാരംഭിച്ചത്. അന്നത്തെ ആരോഗ്യമന്ത്രി ശ്രീ. ബി.വെല്ലിംഗ്ടൺ ആശുപത്രി ഉദ്ഘാടനം ചെയ്തു. 1978-ൽ ഡോ. സിൽവാനോസിന്റെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തത്തോടെ പുതിയ ആശുപത്രിക്കെട്ടിടം നിർമ്മിച്ചു പ്രവർത്തനമാരംഭിച്ചു. 1987-ൽ ഇന്നത്തെ നിലയിലുള്ള ആശുപത്രിക്കെട്ടിടം നിർമ്മിച്ച അന്നത്തെ ആരോഗ്യമന്ത്രി. ശ്രീ. എ.സി. ഷണ്മുഖദാസ് ഉദ്ഘാടനം ചെയ്തു. 16 കിടക്കകളോടുകൂടിയ പ്രാഥമികാരോഗ്യകേന്ദ്രമായി ഉയർത്തപ്പെടുകയും ചെയ്തു. 1968-ൽ തന്നെ ജർമ്മൻ മിഷനറിമാരുടെ ഉടമസ്ഥതയിൽ കട്ടപ്പനയിൽ സെന്റ് ജോൺസ് മിഷൻ ആശുപത്രിസ്ഥാപിക്കപ്പെട്ടു. ഏറ്റവും അത്യാധുനിക ചികിത്സാസൗകര്യങ്ങൾ ഇന്നും ലഭിക്കുന്ന ജില്ലയിലെ ഒരേയൊരു ചികിത്സാകേന്ദ്രമായി ഇതുയർന്നിരിക്കുന്നു. ഈ സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഒരു നഴ്സിംഗ് സ്കൂളും കേരളത്തിലെ തന്നെ ഏറ്റവും മികച്ച അഗതിമന്ദിരമായ 'പ്രതീക്ഷാഭവൻ' പ്രവർത്തിക്കുന്നു. ഇതു കൂടാതെ സർക്കാർ ഉടമയിൽ ഒരു ഹോമിയോ ഡിസ്പെൻസറി വെള്ളയാംകുടിയിൽ പ്രവർത്തിക്കുന്നു. ആദ്യമാരംഭിച്ച ആയൂർവ്വേദ ആശുപത്രിയ്ക്കു വേണ്ടി സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിലും ഇനിയും കെട്ടിയം പണിയോ മറ്റു സൗകര്യങ്ങൾക്കുള്ള സംരംഭമോ ആരംഭിച്ചിട്ടില്ല. ഇവ കൂടാതെ ഏകദേശം പത്തോളം സ്വകാര്യ ചികിത്സാകേന്ദ്രങ്ങളും പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്നു.

## വൈദ്യുതി

കട്ടപ്പനയുടെ വികസനത്തിന് ഏറ്റവും ഉപകരിച്ച ഘടകമാണ് വൈദ്യുതമേഖല. 1964-ൽ 99.963 സെന്റു സ്ഥലം വനം വകുപ്പിൽ നിന്നും അനുവദിച്ചുകിട്ടുകയുണ്ടായി. പീരുമേട് സെക്ഷന്റെ അധീനതയിലായിരുന്ന കട്ടപ്പനയിലേക്ക് 1970-ൽ പോത്തുപാറയിൽ നിന്നും 11 കെ.വി. ലൈൻ നിർമ്മാണം ആരംഭിച്ച് 71-ൽ പൂർത്തിയാക്കി

4.12.1971-ൽ ആദ്യ കണക്ഷൻ കട്ടപ്പനയിൽ നൽകി. 1972 ജൂണിൽ കട്ടപ്പനയിൽ ഇലക്ട്രിക്കൽ സെക്ഷൻ ആരംഭിച്ചു. 1976-ൽ ആർ.ഇ.സി.സി. സബ് ഡിവിഷനായും 1984-ൽ മേജർ സെക്ഷനായും ഉയർത്തപ്പെട്ടു. ഇന്ന് വൈദ്യുതി എത്താത്ത മേഖലകൾ വളരെ പരിമിതമായി മാത്രമേ പഞ്ചായത്തിലുള്ളു.

### ധനകാര്യസ്ഥാപനങ്ങൾ

കട്ടപ്പനയുടെ വികസനത്തിൽ അതിനിർണ്ണായകമായ പങ്കുവഹിച്ചിട്ടുള്ളത് ഇവിടെ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളാണ്. 1955-ൽ വിവിധോദ്ദേശസഹകരണസംഘമായി രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ച് 1964-ൽ കട്ടപ്പന സർവ്വീസ് സഹകരണബാങ്കായിത്തീർന്ന സ്ഥാപനമാണം ഈ രംഗത്തെ ആദ്യ ചുവടുവയ്പ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ജില്ലയിലെ ലീഡ് ബാങ്കായ യൂണിയൻ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, കേരളാ ഫിനാൻഷ്യൽ എന്റർപ്രൈസ്സസ്, കേരളാ ഫിനാർഷ്യൽ കോർപ്പറേഷൻ തുടങ്ങി 15 ഓളം ധനകാര്യസ്ഥാപനങ്ങൾ ഇന്നു കട്ടപ്പനയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം ഇന്നാട്ടിലെ കർഷകനു നൽകുന്ന സേവനങ്ങൾ നിസ്തുലമാണ്.

### കട്ടപ്പന - അന്നും ഇന്നും

കട്ടപ്പനയുടെ ആരംഭം മുതൽ നാളിതുവരെയുള്ള വികസനചരിത്രം സൂചിപ്പിച്ചുകഴിഞ്ഞു. എന്നാൽ ഈ പ്രദേശത്തിന്റെ വളർച്ചയ്ക്കു കാരണഭൂതരായ പ്രാതസ്മരണീയരായ കുറെ അഭിവന്ദ്യരെ സ്മരിക്കാതെ ഈ ചരിത്രം പൂർണ്ണമാകുന്നതല്ല. 1991-ലെ സെൻസസ് പ്രകാരം ഇവിടുത്തെ ജനസംഖ്യ 34214 ആണെങ്കിലും ഇപ്പോൾ ഏതാണ്ട് 40,000 കഴിഞ്ഞിട്ടുണ്ടെന്നതു വ്യക്തമാണ്. ഹൈറേഞ്ചിന്റെ റാണിയായി ഈ പഞ്ചായത്തിനെ ഇന്നത്തെ നിലയിലേക്കുയർത്തിയതിന് പിന്നിൽ ഒട്ടേറെ നിസ്വാർത്ഥമതികളുടേയും അഭ്യുദയകാംക്ഷികളുടേയും ത്യാഗത്തിന്റെ കഥകളുണ്ട്. ഇല്ലായ്മകളുടെ വിടുവിലേക്കു പിറന്നുവീണ കട്ടപ്പന പഞ്ചായത്തിന് ഒരാസ്ഥാനം നിർമ്മിക്കുവാനുള്ള സ്ഥലം നൽകിയ അഭിവന്ദ്യ ശ്രീ. മറ്റപ്പള്ളി ചാണ്ടി ജോസഫ് (മറ്റപ്പള്ളി പേരപ്പൻ) നിത്യ സ്മരണീയനാണ്. പഞ്ചായത്ത് ആസ്ഥാനം മാത്രമല്ല, ഈ പട്ടണത്തിലെ മിക്കവാറും സ്ഥലങ്ങളും അദ്ദേഹം സൗജന്യമായി നൽകിയതാണ്. ആ സ്മരണയ്ക്കുമുമ്പിൽ അഞ്ജലീബദ്ധരായി നിന്നുകൊണ്ടുമാത്രമേ കട്ടപ്പനയുടെ ചരിത്രത്തിലേക്ക് നോക്കാൻ കഴിയുകയുള്ളൂ.

ഈ പട്ടണത്തിന് ഒരു മുഖഛായ നൽകുന്നതിൽ ദത്തശ്രദ്ധരായിരുന്നവരിൽ പ്രമുഖരാണ്, കട്ടപ്പന സെന്റ ജോർജ്ജ് പള്ളിവികാരിയായിരുന്ന റവ. ഫാ. അലക്സാണ്ടർ വയലുങ്കൽ, ശ്രീ.പി.ജി. രാമൻനായർ (കോൺഗ്രസ്സ് പിള്ള) ശ്രീ. വാസു തോണിത്തടി, ശ്രീ. വി.ടി. സെബാസ്റ്റ്യൻ, ശ്രീ. ദേവസ്യാ പൂമറ്റം, ശ്രീ. എ. കുഞ്ഞൻ വാന്തുപറമ്പിൽ, ശ്രീ.ജെ.സി. പെരുമഹ, ശ്രീ. നാണു വളത്തൂക്കിൽ, ശ്രീ. ജോസഫ് വർക്കി കലയിത്തിനാൽ തുടങ്ങിയവർ.

1964-ൽ മൂന്നാം ഗ്രേഡിൽപ്പെടുത്തിയിരുന്ന ഈ പഞ്ചായത്ത് 1970-ൽ രണ്ടാം ഗ്രേഡായി ഉയർത്തപ്പെടുകയും പിന്നീട് സ്പെഷ്യൽ ഗ്രേഡാകുകയും ചെയ്തു. ജാതിമതവർഗ്ഗ വർണ്ണങ്ങളുടെ അതിർവരമ്പുകളില്ലാതിരുന്ന ആദ്യകാലങ്ങളിൽ തന്നെ എല്ലാ മതസ്ഥരുടേയും ആരാധനാലയങ്ങൾ ഉയർന്നു കഴിഞ്ഞിരുന്നു. ഈ പഞ്ചായത്തു നിലവിൽ വന്നതിനുശേഷം ഈ പ്രദേശ വികസനത്തിന്റെ കാര്യത്തിൽ ബഹുദൂരം മുന്നോട്ടു പോയിട്ടുണ്ട്. കട്ടപ്പന ടൗണിലെ ആദ്യത്തെ ബഹുനില ക്കെട്ടിടമായ ശ്രീ. കക്കാട്ട് കെ.എം. ഐസക്കിന്റെ കെട്ടിടത്തിന്റെ മുകൾ നിലയിൽ വാടകയ്ക്കു നൽകി പ്രവർത്തനം ആരംഭിച്ച ഈ പഞ്ചായത്തിന് ലക്ഷങ്ങളുടെ ആസ്തി ഇന്നുണ്ട്.

### സ്ഥാവരവസ്തുക്കൾ

(i) സ്വന്തമായ ആഫീസ് (മൂന്നുനില കെട്ടിടം)
(ii) ഷോപ്പിംഗ് കോംപ്ലക്സ് (40 മുറികളോടു കൂടിയ രണ്ട് ഇരുനിലകെട്ടിടം)
(iii) കെ.ജെ. മാത്യു മെമ്മോറിയൽ ടൗൺഹാൾ.
(iv) മാർക്കറ്റ് -കട്ടപ്പന ടൗൺ.
(v) മാർക്കറ്റ് - വാഴവര 1 ഏക്കർ ഭൂമി (മാർക്കറ്റ് ആരംഭിച്ചിട്ടില്ല)
(vi) ബസ്സ്റ്റാൻഡ് (50 സെന്റുഭൂമി കോൺക്രീറ്റ്)
(vii) പേഴുംകവല, യൂണിയാനാഫീസ്, കട്ടപ്പന ടൗൺ ഇവിടങ്ങളിൽ 2 1/2 ഏക്കർ ഭൂമി.
(viii) ശ്മശാനം ഇരുപതേക്കർ.
(ix) സാംസ്ക്കാരികനിലയം, നത്തുകല്ല് (വെട്ടിക്കുഴക്കവല)

ഇതിനും പുറമേ 3 ഏക്കർ ഭൂമി കോടതികൾക്കു വേണ്ടിയും ബ്ലോക്ക് ഓഫീസിനും ഫയർസ്റ്റേഷനും 15 സെന്റു സ്ഥലം വീതവും, പി.എസ്സ്.സി. ഓഫീസിന് 40 സെന്റ് സ്ഥലവും പഞ്ചായത്ത് സൗജന്യമായി നൽകിയിട്ടുണ്ട്.

# 4 ഭൂപ്രകൃതിയും വിഭവങ്ങളും

കട്ടപ്പനയുടെ വികസനത്തിനു നിർണ്ണായകമായ സ്വാധീനം ഇവിടുത്തെ ഭൂപ്രകൃതിയ്ക്കും വിഭവങ്ങൾക്കുമുണ്ട്. സമുദ്രനിരപ്പിൽ നിന്നും 1100 മീറ്റർ ഉയരത്തിലാണീ പ്രദേശം. സ്ഥലത്തിന്റെ പ്രകൃതിയനുസരിച്ച് 4 ആയി തരം തിരിക്കാം.

(i) കുന്നിൻ പ്രദേശം

(ii) കുത്തനെയുള്ള ചരിവ്

(iii) സാധാരണചെരിവ്

(iv) താഴ്‌വാരങ്ങൾ.

പഞ്ചായത്തിലുൾപ്പെടുന്ന പ്രദേശങ്ങളുടെ മൂന്നു വശങ്ങളിലും ഉയർന്നു നില്ക്കുന്ന മലകളാണ്. രണ്ട്, മൂന്ന്, നാല്, അഞ്ച്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് വാർഡുകളുടെ അതിർത്തികൾ ഈ മലകളാൽ ചുറ്റപ്പെട്ടതാണ്. ഉയർന്ന പ്രദേശങ്ങളത്രയും പാറക്കെട്ടുകൾ നിറഞ്ഞതുമാണം. 7-ാം വാർഡിന്റെ അതിർത്തി ഇടുക്കി ജലസംഭരണിയുടെ മേൽഭാഗവും പാറക്കെട്ടു നിറഞ്ഞതുമാണ്. ശേഷം ഭാഗങ്ങൾ മുഴുവൻ കൃഷിക്കാരുപയുക്തമാണ്. ഒന്ന്, രണ്ട്, നാല്, ആറ്, ഏഴ്, എട്ട്, ഒൻപത് എന്നീ വാർഡുകളിൽ ചതുപ്പുനിലങ്ങളുമുണ്ട്. നാല്, അഞ്ച്, പന്ത്രണ്ട്, പതിമൂന്ന് വാർഡുകലിൽ കരിങ്കൽ സുലഭമായി കാണപ്പെടുന്നുണ്ട്.

ജല വിഭവങ്ങൾ പൊതുവേ കുറവാണ്. ആറുകളും തോടുകളും പൊതുവേ കുറവാണെങ്കിലും ജലസേചനത്തിനു സാധ്യതകൾ കണ്ടെത്താൻ കഴിയും. ചെരിവുകൂടിയ പ്രദേശങ്ങളാണ് അധികവുമെന്നതുകൊണ്ട് മണ്ണൊലിപ്പു സാധാരണമാണ്. അതുകൊണ്ടുതന്നെ മണ്ണു നഷ്ടപ്പെട്ട് സ്വാഭാവികവളം മുഴുവൻ ഒലിച്ചുപോകുന്നു. ജലസേചനപദ്ധതികളുടെ കുറവുകൾമൂലം കൃഷികൾ വേണ്ടുന്നത്ര സംരക്ഷിക്കപ്പെടാൻ കഴിയുന്നില്ല.

ഭൂപ്രകൃതിയനുസരിച്ചുള്ള തരംതിരിവ് താഴെ കൊടുക്കുന്നു.

| ഭൂപ്രകൃതി | വ്സിതൃതി കിലോമീറ്ററിൽ | ശതമാനം |
|---|---|---|
| 1. കുന്നിൻമുകൾ | 7.95 | 15 |
| 2. കുത്തനെചെരിവ് | 7.95 | 15 |
| 3. ചെറിയ ചെരിവുകൾ | 23.85 | 45 |
| 4 താഴ്‌വാരം | 13.75 | 25 |
| **ആകെ** | **53.00** | **100** |

കാലവർഷത്തെ ആശ്രയിച്ചുള്ള കൃഷികളാണധികവും. എന്നാൽ കാലവർഷവ്യതിയാനം കൃഷിയിടങ്ങളെയും അതുമൂലം ജനജീവിതത്തെത്തനനെയും സാരമായി ബാധിക്കുന്നു. കാലവർഷത്തിൽ ശക്തമായ കാറ്റും ഉരുൾപൊട്ടലും ഉണ്ടാകാറുണ്ട്. മെയ്, ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഈകാലങ്ങളിൽവമ്പിച്ച കൃഷിനാശവും ജീവനാശവും സംഭവിക്കുന്നു. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ തുലാവർഷത്തിന്റെ കാലമാകയാൽ മേൻപറഞ്ഞ കെടുതികൾക്കു കാരണമാകുന്നു. നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ കടുത്ത മഞ്ഞും നല്ല തണുപ്പും അനുഭവപ്പെടുന്നു.

അന്തരീക്ഷ ഊഷ്മാവ് ഏകദേശം 27 ഡിഗ്രി സെന്റീഗ്രേഡിനും 32 ഡിഗ്രി സെന്റീഗ്രേഡിനും മദ്ധ്യേയായിരിക്കും വർഷം മുഴുവൻ.

പ്രധാനകൃഷി കുരുമുളകാണ്. കാപ്പി, ഏലം, തേയില, കൊക്കോ എന്നിവയും വ്യാപകമായുണ്ട്. തെങ്ങ്, കമുക്, റബ്ബർ എന്നിവയും വ്യാപകമായല്ലെങ്കിലും കൃഷിചെയ്യപ്പെടുന്നു. കപ്പ, ഇഞ്ചി, വാഴ, മഞ്ഞൾ, പച്ചക്കറികൾ എന്നിവയും കൃഷിചെയ്തുവരുന്നു. സമ്മിശ്രകൃഷിയാണധികം കൃഷിയിടങ്ങളിലും.

| കൃഷിയുടെ സ്വഭാവം | വിനിയോഗ ശതമാനം |
|---|---|
| സമ്മിശ്ര കൃഷി | 60 |
| നെല്ല് | 8 |
| കാപ്പി | 3 |
| ഏലം | 5 |
| തേയില | 2 |
| കുരുമുളക് | 20 |
| തരിശ് | 2 |
| **ആകെ** | **100** |

മനുഷ്യ വിഭവം ഈ പഞ്ചായത്തിൽ സുലഭമാണ്. ഏറ്റവും പുതിയ കണക്കുപ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 36435 ആണ്. 18466 പുരുഷന്മാരും 17969 സ്ത്രീകളും ഇതിൽ 2109 പട്ടികജാതിക്കാരും 1054 പട്ടികവർഗ്ഗക്കാരും ഉൾപ്പെടുന്നു. 94% സാക്ഷരതയാണ് പഞ്ചായത്തിലുള്ളത്.

ചുരുക്കത്തിൽ ഭൂപ്രകൃതിയും ജലപ്രകൃതിയും ജന പ്രകൃതിയും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുപയോഗപ്പെടുത്താവുന്നതാണ്. തികഞ്ഞ ആസൂത്രണവും ബഹുജനപങ്കാളിത്തവും നിർബ്ബന്ധമായും നടപ്പിലാക്കിയാൽ ഒരു ക്ഷേമപഞ്ചായത്തായി മാറ്റാൻ കഴിയുമെന്നതിൽ തർക്കമില്ല.

# 5.1 കൃഷിയും ജലസേചനവും

കട്ടപ്പന ഗ്രാമപഞ്ചായത്ത് തികച്ചും കാർഷികഗ്രാമമാണ്. സമുദ്ര നിരപ്പിൽനിന്നും ഏകദേശം 1100 മീറ്റർ ഉയരത്തിലായി സഹ്യ പർവ്വത നിരകളിൽ ഉൾപ്പെട്ട ഈ പ്രദേശത്തെ പ്രധാന ജീവനോപാധിയും കൃഷിതന്നെയാണ്. കുരുമുളക്, കാപ്പി, തെങ്ങ്, കമുക്, ഏലം, നെല്ല്, റബർ പുടങ്ങിയവ മുഖ്യ കൃഷിയാണെങ്കിലും കപ്പ, കൊക്കോ, ഇഞ്ചി, വാഴ തുടങ്ങിയവ ഇടവിളയായി കൃഷി ചെയ്യുന്നു.

കുന്നിൻചെരിവും കുന്നിൻചെരിവുകൾക്കിടയിലുള്ള ജലാംശമടങ്ങിയ നിരന്ന പ്രദേശങ്ങളും കുന്നിൻമുകളിലെ നിരന്ന പ്രദേശങ്ങളും ഉൾപ്പെടുന്ന ഈ പ്രദേശത്ത് മഴയെ മാത്രം ആശ്രയിക്കുന്ന ജലസേചനരീതിയാണ് നിലവിലുള്ളത്.

ഭൂരിഭാഗം ഭൂവുടമകളും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ആദ്യകാലങ്ങളിൽ കുരുമുളകു കൃഷിക്കും നെൽകൃഷിക്കും മാത്രമായിരുന്നു കൂടുതൽ ശ്രദ്ധയും പരിചരണവും നല്കിയിരുന്നത്. വ്യാപകമായ തോതിലല്ലായെങ്കിലും തോടുകളിലും മറ്റും ചിറകെട്ടി നെൽ കൃഷിക്ക് ജലസേചനം നടത്തി വന്നിരുന്നു. ആകെ ഭൂമിയുടെ 8% നെൽകൃഷിയ്ക്കും 60% കുരുമുളകു കൃഷിയ്ക്കും ഉപയോഗിച്ചുവരുമ്പോൾ ബാക്കിയുള്ള കൂടുതൽ സ്ഥലത്തും സമ്മിശ്ര കൃഷി സമ്പ്രദായമാണ് നടത്തിവരുന്നത്. ജല ദൗർലഭ്യമുള്ള പാടങ്ങളിൽ കപ്പയും വാഴയും പയറുവർഗ്ഗങ്ങളും മറ്റു ധാന്യങ്ങളും പച്ചക്കറികളും കൃഷി ചെയ്തുവരുന്നു. വ്യാപകമായ തോതിൽ തെങ്ങുകൃഷി തോട്ടം ഇല്ലായെങ്കിലും എല്ലാ പുരയിടങ്ങളിലും അവരവരുടെ ആവശ്യത്തിനും ചുരുക്കം വിൽപനയ്ക്കും തേങ്ങ ഉൽപാദിപ്പിക്കുന്നുണ്ട്.

കാർഷികോൽപന്നങ്ങൾ കട്ടപ്പനയിൽത്തന്നെയാണ് വിറ്റഴിക്കുന്നത്. ഇവിടെനിന്നും ഉൽപന്നങ്ങൾ ടെർമിനൽ വിപണിയായ കൊച്ചിയിലാണ് വ്യാപാരികൾ എത്തിക്കുന്നത്.

എല്ലാ അർത്ഥത്തിലും ലാഭകരമല്ലാത്ത നെൽകൃഷിയിൽ നിന്നും ജന ശ്രദ്ധ തിരിയുകയും പാടങ്ങളിലെ ജലം തിരിച്ചു വിട്ട് അവിടം കരഭൂമിയാക്കുകയും ചെയ്യുന്ന ഒരു പ്രവണത വർദ്ധിച്ചുവരുന്നുണ്ട്.

ആദ്യ കാലങ്ങളിൽ കർഷകർക്ക് സമൂഹത്തിൽ ലഭിച്ചിരുന്ന മാന്യത കുറഞ്ഞു വന്നതോടെയും കാർഷിക മേഖല ലാഭകരമല്ലാതായതോടെയും കർഷകർ മറ്റ് തൊഴിൽ മേഖലകളിലേയ്ക്ക് തിരിഞ്ഞു തുടങ്ങിയിട്ടുണ്ട്.

ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതും മറ്റു സ്വയം തൊഴിൽ മേഖലകൾ വിപുലമായതും കർഷകരുടെ പിൻതലമുറക്കാരെ കാർഷിക മേഖലയിൽനിന്നും പിന്തിരിപ്പിച്ചു.

കീടനാശിനികളുടെ അമിതമായ വില വർദ്ധനവു മൂലം അതുപയോഗിച്ച് സംരക്ഷണമാവശ്യമുള്ള കുരുമുളക്, ഏലം തുടങ്ങിയ കൃഷി പോലും ലാഭകരമല്ലാതായി. കൂടുതൽ പരിചരണമുള്ള കൃഷികളെ ആക്രമിക്കുന്ന മാരകമായ രോഗം വളർച്ചയെത്തുന്ന സമയങ്ങളിൽ വന്നു ഭവിച്ചാൽ അത്രയും കാലത്തെ അധ്വാനം പോലും വിഫലമാകുന്ന സ്ഥിതിവിശേഷമാണിന്നുള്ളത്.

**സമ്മിശ്ര കൃഷി സമ്പ്രദായം:-** ഭക്ഷ്യ ധാന്യമായ കപ്പയുടേയും ചേനയുടേയും ചേമ്പിന്റെയുമൊക്കെ ഉല്പാദനം ഗണ്യമായ കുറവ് വ്യാപകമായി സംഭവിക്കുന്ന കൃഷി നാശം മൂലം ഒരു കൃഷിയെ മാത്രം അവലംബിക്കുന്ന രീതിയിൽ നിന്നും സമ്മിശ്ര കൃഷിയിലേയ്ക്ക് കർഷകർ തിരിഞ്ഞു. ഒരു കൃഷി ഏതെങ്കിലും കാരണത്താൽ നശിച്ചാൽ അടുത്ത കൃഷിയിൽ നിന്നും ആദായം ലഭിക്കുവാൻ സമ്മിശ്ര കൃഷി സമ്പ്രദായം സഹായകരമാണെന്ന് കർഷകർക്ക് ബോധ്യമായി.

പഞ്ചായത്തിൽ ജലസേചനത്തിനാവശ്യമായ പൊതു/ സ്വകാര്യ കുളങ്ങളോ തോടുകളോ ഭിത്തികെട്ടി വേണ്ടവിധം സംരക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ കൂടുതൽ സമതലങ്ങളും ചരിവു പ്രദേശങ്ങളാണെങ്കിലും അവിടെയൊന്നും മണ്ണൊലിപ്പു ഫലപ്രദമായി നിയന്ത്രിച്ചിട്ടില്ല. തന്മൂലം വളക്കൂറുള്ള മേൽമണ്ണ് നഷ്ടപ്പെടുന്നത് കാർഷിക മേഖലയെ പിന്നോക്കമാക്കുന്നു.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 52.77 ചതുരശ്ര കിലോമീറ്ററാണ്. ഇവ കുന്നിൻമുകൾ, കുത്തനെയുള്ള ചരിവ്, മിതമായ ചരിവുള്ള പ്രദേശം, താഴ്‌വര എന്നിങ്ങനെയാണ് കാണപ്പെടുന്നത്.

പട്ടിക 1

| | ഭൂപ്രകൃതി | വിസ്തീർണ്ണം. | ശതമാനം. |
|---|---|---|---|
| 1. | കുന്നിൻമുകൾ | 7.95. ച.കി. മി. | 15 |
| 2. | കുത്തനെയുള്ള ചെരിവ് | 7.95. ച.കി. മി. | 15 |
| 3. | മിതമായ ചെരിവ് | 23.85ച.കി. മി. | 45 |
| 4. | താഴ്‌വര | 13.25 ച.കി. മി | 25 |

പട്ടിക 2

| | കൃഷി | ഭൂവിനിയോഗം ശതമാന കണക്കിൽ |
|---|---|---|
| 1. | സമ്മിശ്രകൃഷി | 60 |
| 2. | നെല്ല് | 8 |
| 3. | കുരുമുളക് | 23 |
| 4. | ഏലം | 5 |
| 5. | തേയില | 2 |
| 6. | തരിശ് | 2 |

പഞ്ചായത്തിന്റെ താഴ്‌വരകളിൽ വളക്കൂറുള്ളതും ജലാംശമുള്ളതുമായ മണ്ണാണ് കാണപ്പെടുന്നത്. ഇത് മൊത്തം വിസ്തീർണ്ണത്തിന്റെ 13.25% വരും. കൂടുതൽ മെച്ചവും കൃഷിക്കാർ താല്പര്യപ്പെടുന്നതുമായി ചെറിയ ചെരിവുള്ള പ്രദേശം 24% വരും. കൂടുതൽ ചെരിവുള്ളതും കൃഷിക്കുപയുക്തവുമായ പ്രദേശം 8%വരും. കുന്നിൻ മണ്ടയിലെ 8% വരുന്ന പ്രദേശവും നിവിധയിനം കൃഷികൾക്കനുയോജ്യമാണ്.

പഞ്ചായത്തിന്റെ കല്യാണത്തണ്ട്, വാഴവര മേഖലകളിൽ വ്യാപകമായി തേയിലകൃഷി തുടങ്ങിയിട്ടുണ്ട്. ആ കൃഷിക്ക് അനുയോജ്യമായ മണ്ണ് ഉള്ള ഈ പ്രദേശങ്ങൾ പുൽകൃഷിക്കും അനുയോജ്യമാണ്.

അത്യുല്പാദനശേഷിയുള്ള തെങ്ങിനങ്ങളിൽ രോഗ പ്രതിരോധ ശക്തി കുറവായതിനാലും സംരക്ഷണച്ചെലവ് വർദ്ധിക്കുന്നതിനാലുമാവാം നാടൻ കൃഷി ചെയ്യുന്നതിലേയ്ക്ക് കൃഷിക്കാരുടെ ശ്രദ്ധ കൂടുതൽ പതിയുന്നത്.

ആദ്യ കാലങ്ങളിൽ രാസവളപ്രയോഗം വളരെ കുറവായിരുന്നു എങ്കിലും ഇപ്പോൾ രാസവള പ്രയോഗം വർദ്ധിച്ചുവരുന്ന പ്രവണത മണ്ണിന്റെ അല്ല സ്വഭാവം വർദ്ധിപ്പിക്കും. കീടനാശിനികളും രാസവളങ്ങളും വർദ്ധിച്ച തോതിൽ ഉപയോഗച്ചാൽ മാത്രമേ കൃഷി അല്പമെങ്കിലും ലാഭകരമാക്കാൻ സാധിക്കുകയുള്ളൂ. ഏലം കൃഷിക്ക് രാസവള പ്രയോഗവുംകീടനാശിനി പ്രയോഗവും അത്യന്താപേക്ഷിതമാണ്. കീടനാശിനികൾ തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയ രീതിയോ സ്വീകരിച്ച് കാണുന്നില്ല. രോഗത്തിനു വേണ്ട മരുന്നു തളിക്കുന്നതിന് പകരം ഏതെങ്കിലും മരുന്ന് തളിക്കുന്ന രീതിയാണ് കൂടുതലും പേർ അവലംബിക്കുന്നത്.

## കൂലിനിരക്ക്:-

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വരുന്ന മാറ്റങ്ങൾ, കൃഷിയോടുള്ള താത്പര്യക്കുറവ്, കൃഷി ലാഭകരമല്ലായെന്നുള്ള സ്ഥിതി എല്ലാം ഇതിന്റെ കാരണങ്ങളാണ്.

കർഷക കുടുംബങ്ങളിൽ 40 ശതമാനത്തോളം കുടുംബങ്ങൾ മാത്രമേ കൃഷിയെ മുഖ്യ ജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളൂ. ഏകദേശം 30 ശതമാനത്തോളം കർഷക തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. ഇവരുടെ ശരാശരി കൂലിനിരക്ക് പുരുഷന്മാർക്ക് 75 രൂപയും സ്ത്രീകൾക്ക് 60 രൂപായുമാണ്. ഏലം കൃഷി നടത്തുന്ന മേഖലയിൽ ഇത് 53 രൂപായാണ്.

## കാർഷിക വായ്പ:-

കൃഷിയാവശ്യങ്ങൾക്ക് വായ്പ നൽകാൻ ഒരു സർവ്വീസ് സഹകരണ ബാങ്കും മലനാട് കാർഷിക വികസന ബാങ്കിന്റെ ഒരു ശാഖയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കൃഷി വികസന ശാഖയും ഈ പഞ്ചായത്തിലുണ്ട്. കൃഷിയ്ക്കുവേണ്ടി അനുവദിക്കുന്ന വായ്പകൾ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം കാർഷികേതര ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന ഒരു പ്രവണത കൃഷിക്കാർക്കിടയിലുണ്ട്.

ജലസേചനം.

പ്രധാനമായും മഴയെ ആശ്രയിച്ചാണ് ഇവിടെ കൃഷി നടത്തുന്നത്. തെക്കുപടിഞ്ഞാറൻ മൺസൂണും വടക്കുകിഴക്കൻ മൺസൂണും മുൻ കാലങ്ങളിൽ ധാരാളമായി ല ിച്ചിരുന്നു. ഇപ്പോൾ ഈ രണ്ടു തരം മഴകളുടേയും അളവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

## തോടുകൾ, കുളങ്ങൾ

പഞ്ചായത്തിൽ ആകെയുള്ള തോടിന്റെ നീളം 23 കിലോമീറ്ററോളമാണ്. വിവിധ സ്ഥലങ്ങളിൽ നിന്നും ഉൽഭവിക്കുന്ന ചെറിയ അരുവികൾ വളർന്ന് തോടായി ഇടുക്കി ജലസം രണിയിൽ എത്തിച്ചേരുന്നു. തോടുകളിൽ ഒന്നിലുംതന്നെ സ്ഥിരമായി തടയിണ സംവിധാനങ്ങളില്ല.

ചെറുതും വലുതുമായി ധാരാളം കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. മിക്ക കുളങ്ങളും യഥാവിധി സംരക്ഷിക്കപ്പെടുകയോ കൃഷിക്ക് ഉപയോഗിക്കുകയോ ചെയ്തുകാണുന്നില്ല. വേനൽക്കാലത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്നവയാണ് മിക്ക വലിയ കുളങ്ങളും. സർക്കാരിന്റെ പദ്ധതിപ്രകാരം ചെറുകിട ജലസേചന വകുപ്പിൽ നിന്നും 1992 മുതൽ 96 വരെ 3,4,8,9,11,13 വാർഡുകളിലായി 8 വലിയ കുളങ്ങളും ജലധാര പദ്ധതിയിൽപ്പെടുത്തി 3,7,11 വാർഡുകളിൽ 3 കുളങ്ങളും നിർമ്മിച്ചിട്ടുണ്ട്. ഇതിനു പുറമേ, തോടുകൾക്കു ഭിത്തി കെട്ടി മണ്ണൊലിപ്പു തടയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 1,2,3,7,8,9,12,13 വാർഡുകളിൽ കുളം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലിരിക്കുന്നു.

## മണ്ണ്, ജലസംരക്ഷണം:-

മൺകയ്യാലകൾ കെട്ടിയും കല്ലുകയ്യാലകൾ കെട്ടിയും അതിർത്തികളിൽ മരങ്ങൾ വെച്ചു പിടിപ്പിച്ചും പറമ്പുകൾ കൊത്തിയിളക്കിയും പറമ്പിൽ വലിയ കുഴികൾ കുഴിച്ചുമൊക്കെ കൃഷിയിടങ്ങളിൽ ജലം സം രിക്കുകയും മണ്ണൊലിപ്പ് തടയുകയും ചെയ്തുവരുന്നു. ഇതിനു പുറമേ കേന്ദ്രസർക്കാർ ആനുകൂല്യനുള്ള വാട്ടർ ഷെഡ് പദ്ധതിയനുസരിച്ച് മുളകരമേട് വാട്ടർ ഷെഡ് പദ്ധതി 1992ൽ ആരംഭിച്ച് 1997ൽ അവസാനിക്കുന്നതോടെ 730 ഗുണഭോക്താക്കൾക്ക് 625 ഹെക്ടർ കൃഷി ഭൂമിയിൽ 28 ലക്ഷം രൂപായുടെ ആനുകൂല്യം ലഭിക്കും. മണ്ണി സംരക്ഷണ വകുപ്പിൽ നിന്നും 8,96,000/- രൂപായ്ക്കുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

## കൃഷിഭവൻ

1987- മാണ്ട് ജൂലൈ മാസം ഒന്നാം തീയതി ഈ പഞ്ചായത്തിൽ ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം എല്ലാ കാർഷിക മേഖലകളിലേയ്ക്കും വ്യാപിച്ചിട്ടില്ല. കാർഷിക മേഖലയിലെ സമഗ്രമായ വികസനത്തിന് കൃഷിഭവന്റെ പ്രവർത്തനം വിപുലമാക്കേണ്ടതുണ്ട്.

### (എ) സമഗ്രസുഗന്ധവിള വികസന പദ്ധതി

ഇപ്പോൾ താഴെ പറയുന്ന പദ്ധതികൾകൃഷിഭവൻ മുഖേന നടത്തി വരുന്നുണ്ട്.

1994-95 വർഷം കുരുമുളകു ദ്രുതവാട്ട രോഗ പ്രതിരോധ പദ്ധതിപ്രകാരം 1500 ഹെക്ടർ കുരുമുളക് കൃഷിക്ക് ഇതുവരെ 8400 കി. ഗ്രാം തുരിശ്, 8400 കി. ഗ്രാം നീറ്റുകക്കാ, 4200 കി. ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് എന്നീ കുമിൾ നാശിനികൾ, ഈ

പഞ്ചായത്തിലെ 27 കുരുമുളക് സംരക്ഷണ സമിതികകൾ മുഖാന്തിരം 8195 കർഷകർക്ക് വർഷത്തിൽ രണ്ടു തവണയായി സൗജന്യമായി വിതരണം നടത്തിക്കഴിഞ്ഞു.

### (ബി.) കുരുമുളകു പുനരുദ്ധാരണ പദ്ധതി.

1994-95ൽ ആരംഭിച്ച ഈ പദ്ധതിപ്രകാരം ഒന്നാം വർഷം 50%, രണ്ടാം വർഷവും മൂന്നാം വർഷവും 25% വീതവും കാർഷിക ചെലവുകൾക്ക് സബ്സിഡി നല്കി വരുന്നു. ഒന്നാം വർഷം രൂ. 7000/=, രണ്ടാം വർഷം രൂ. 5200/=, മൂന്നാം വർഷം രൂ. 6400/= എന്നിങ്ങനെ കൃഷിച്ചെലവ് പ്രതീക്ഷിച്ചുകൊണ്ടാണ് സബ്സിഡി നൽകുന്നത്. ആദ്യ വർഷം 40 ഹെക്ടർ കൃഷിക്ക് 160 പേർക്കും രണ്ടാം വർഷം 30 ഹെക്ടർ ഭൂമി കൃഷിക്ക് 106 പേർക്കും പദ്ധതി പ്രയോജനം ചെയ്തപ്പോൾ 1996-97 വർഷം 50 ഹെക്ടർ കൃഷിക്കാണ് പ്രയോജനം ലഭിക്കുക.

### (സി.) കുരുമുളകുകൃഷി വ്യാപന/പ്രദർശന പദ്ധതി.

കുരുമുളകു തനി വിളയായി കൃഷി ചെയ്യുന്നതിന് മൂന്നു വർഷങ്ങളിലേയ്ക്ക് യഥാക്രമം 10,000/=രൂ., 7,500/=രൂ., 8,000/=രൂ. എന്നിങ്ങനെ ചെലവു പ്രതീക്ഷിച്ചുകൊണ്ട് 50%, 40%, 25% ക്രമത്തിൽ സബ്സിഡി നൽകുന്ന പദ്ധതിയാണിത്. കുരുമുളകു കൃഷി പ്രദർശന പദ്ധതി പ്രകാരം 50 കുരുമുളകു ചെടികൾ മാതൃകാപരമായി പരിപാലിക്കുന്നവർക്ക് 3 വർഷങ്ങളിലായി കൃഷിച്ചെലവ് യഥാക്രമം രൂ. 450/=, രൂ.280/=, രൂ.300/= എന്നിങ്ങനെ കണക്കാക്കി അതിന്റെ 50% സബ്സിഡി നല്കുന്നു.

### (ഡി) ഇഞ്ചികൃഷി:-

ഇഞ്ചിപ്രദർശന തോട്ടത്തിന് 2400 രൂപാ ചെലവു പ്രതീക്ഷിച്ച് 50% സബ്സിഡിയും, സംരക്ഷണ പദ്ധതി പ്രകാരം ഹെക്ടറിന് 2000/= രൂ. ചെലവു കണക്കാക്കി 50% സബ്സിഡിയും വ്യാപന പദ്ധതി പ്രകാരം 2000/= രൂ. ചെലവു കണക്കാക്കി 25% സബ്സിഡിയും നല്കുന്നു. മഞ്ഞൾ കൃഷിക്കും 25 സെന്റുള്ള ഒരു തോട്ടത്തിന് 1650/= രൂ. ചെലവു പ്രതീക്ഷിച്ച് 50% സബ്സിഡി നല്കുന്നു.

**2. വൃക്ഷ സുഗന്ധ വിള വികസന പദ്ധതി.**

അഞ്ചുവർഷം കൊണ്ടവസാനിക്കുന്ന ഈ പദ്ധതിയിൽ 25 ഗ്രാമ്പൂതൈകൾ പരിപാലിക്കുന്നതിന് യഥാക്രമം 33%, 20%, 20% എന്നിങ്ങനെ സബ്സിഡി നൽകി വരുന്നു. സസ്യ സംരക്ഷണത്തിനായി ചെലവിന്റെ 50%മോ പരമാവധി 750/= രൂപയോ സബ്സിഡി നൽകും. സുഗന്ധവിള സംരക്ഷണത്തിനായി കല്ലുകയ്യാല നിർമ്മിക്കുന്നതിന് 25% സബ്സിഡി നൽകുന്ന പദ്ധതിയുമുണ്ട്.

3. **ബയോഗ്യാസ് വികസന പദ്ധതി** പ്രകാരം പ്ലാന്റുകൾ നിർമ്മിക്കുന്നതിന് 2600/= രൂപ വരെ സബ്സിഡി നൽകുന്നതാണ്.

4. **മണ്ണു പരിശോധനാ പദ്ധതി** പ്രകാരം കൃഷിയിടങ്ങളിലെ മണ്ണ് സൗജന്യമായി പരിശോധിച്ച് വളപ്രയോഗത്തിനു നിർദ്ദേശം നൽകുന്നു.

5. **നെല്ലുല്പാദന ബോണസ് പദ്ധതി:** ഒന്നാം വിളയ്ക്ക് ഹെക്ടറിന് 250 രൂപാ പ്രകാരം വിതരണം ചെയ്യുന്നതാണ്. ഈ തുക കർഷകർക്ക് രൊക്കം പണമായി നൽകുകയോ പാടശേഖരകമ്മറ്റിയുടെയോ പഞ്ചായത്തു കമ്മറ്റിയുടെയോ നിർദ്ദേശമനുസരിച്ച് പാടശേഖരങ്ങളിൽ പൊതുവായി വിനിയോഗിക്കുകയോ ചെയ്യാവുന്നതാണ്.

**6) പ്രത്യേക തൊഴിൽ ദാന പദ്ധതി.**

യുവജനങ്ങളെ കാർഷിക രംഗത്തേയ്ക്കാകർഷിക്കുന്ന ഈ പദ്ധതി പ്രകാരം 60,000/=രൂപാവരെ നൽകുന്നു. 60 വയസ്സാകുമ്പോൾ ഗ്രാറ്റുവിറ്റിയും 1000/= രൂപാവരെ പെൻഷനും നൽകുന്നു. പദ്ധതിയിൽ അംഗമായിട്ടുള്ളവർ മരണമടഞ്ഞാൽ അവകാശിക്ക് രണ്ടു ലക്ഷം രൂപാ വരെ ലഭിക്കുന്നു. ഇതുവരെ 97 പേർ ഈ പഞ്ചായത്തിൽ നിന്നും അംഗങ്ങളായിട്ടുണ്ട്.

**7. വിള ഇൻഷ്വറൻസ് പദ്ധതി:-**

ഇതു പ്രകാരം ഓരോ വിളയ്ക്കും നിശ്ചിത പ്രീമിയം അടയ്ക്കുന്നവർക്ക് പ്രകൃതി ക്ഷോഭം മൂലം വിള നാശം സംഭവിച്ചാൽ പരിപൂർണ്ണ നഷ്ടപരിഹാരം നല്കുന്നതാണ്. 143 പേർ ഇതിനകം ഈ പഞ്ചായത്തിൽ നിന്നും അംഗങ്ങളായിട്ടുണ്ട്.

**8. സമഗ്ര നാളികേര വികസന പദ്ധതി:-**

ഈ പദ്ധതിയിലുൾപ്പെടുത്തി ജലസേചനത്തിനു കിണർ/ പമ്പു സെറ്റുകൾ ഇവയ്ക്ക് 2500 രൂപാ വരെ സബ്സിഡി നല്കുന്നു. ഇതിൽ പകുതി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി സ്വരൂപിക്കുന്നു. പട്ടികജാതി/ജട്ടിക വർഗ്ഗത്തിൽപ്പെട്ട രണ്ടുപേർക്ക് മുഴുവൻ തുകയും പരമാവധി 10,000/=രൂ. സൗജന്യമായി നൽകുന്നു. അഞ്ചു ഹെക്ടറിലധികം തെങ്ങു കൃഷി ചെയ്യുന്നവർക്ക് ചെലവിന്റെ 85% വരെ- പരമാവധി 15,000/- രൂ. വരെ സബ്സിഡി നൽകുന്നു. ഇതിനും പുറമേ ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതിയും നടപ്പിലാക്കുന്നു. തെങ്ങുകയറ്റ യന്ത്രം വാങ്ങുന്നതിന് 500/- രൂപ വരെ സബ്സിഡി നല്കുന്നു. കൂടാതെ റോക്കർ സ്പ്രെയറിന് 50% വരെ (പരമാവധി 1000/- രൂ)യും കൊപ്രാ ഡ്രയറിന് 25,000/- രൂപാ വരെയും സബ്സിഡി നല്കുന്നു. ഇതിനും പുറമേ രാസവളകിറ്റും സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു.

## കാർഷികമേഖലയിലെ പശ്നങ്ങൾ

**1. കാർഷിക വായ്പ ലഭിക്കാനുള്ള പ്രതിബന്ധങ്ങൾ**

ഈ പഞ്ചായത്തിലെ പകുതിയിലേറെ ഭൂവുടമകൾക്കും അവരവരുടെ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല. അതിനാൽ ബാങ്കുകളിൽ നിന്നുമുള്ള ധനസഹായം ലഭ്യമാക്കാൻ കഴിയാതെ വരുന്നു.

**2. മണ്ണ് സംരക്ഷണം:-**

പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വളക്കൂറുള്ള മേൽ മണ്ണ് ഒലിച്ചു പോകുന്നതുമൂലം എല്ലാത്തരം കൃഷിക്കും വളം പ്രയോഗിക്കേണ്ടി വരുന്നു. തോടുകളുടെ ഭിത്തി ഇടിയുന്നത് കൃഷി ഭൂമിയുടെ നാശത്തിന് കാരണമാകുന്നു.

**3.ജലസേചനം:-**

കാർഷികമേഖലയെ സമ്പുഷ്ടമാക്കാൻ എല്ലാത്തരം കൃഷിക്കും ജലസേചനം ലഭ്യമാക്കേണ്ടതുണ്ട്. മഴയുടെ ദൗർലഭ്യം മൂലം മഴയെ ആശ്രയിച്ചുള്ള കൃഷികൾ കൂടുതൽ വൈതരണികളെ നേരിടേണ്ടി വരുന്നു. തോടുകളിൽ തടയണകൾ നിർമ്മിക്കുകയും

ചെയ്ത് ജലസേചന സംവിധാനങ്ങൾ നിലവിൽ വരുത്തേണ്ടതാണ്.

4. വില:-
ഉല്പാദനച്ചെലവിന് അനുസൃതമായി കൃഷി ലാഭകരമാക്കും വിധത്തിൽ ഉല്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ല. എല്ലാത്തരം വിളകൾക്കും തറവില നിശ്ചയിക്കേണ്ടതുണ്ട്.

5. ജലസേചനത്തിനുപയുക്തമായ എല്ലാ ജല സംഭരണികളും അതിലേയ്ക്ക് ഉപയോഗിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്.

6. തൊഴിലാളികളുടെ അലഭ്യത, വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ, വളം, കീടനാശിനികളുടെ വില വർദ്ധന, കാലവർഷ വ്യതിയാനങ്ങൾ തുടങ്ങിയവ എല്ലാത്തരം കൃഷികളേയും പ്രതികൂലമായി ബാധിക്കുന്നു.

7. മുഖ്യ കൃഷിയായ കുരുമുളകിന് ബാധിക്കുന്ന രോഗങ്ങൾ. ഫലപ്രദമായി നിയന്ത്രിക്കുവാൻ കഴിയുന്നില്ല. ആറേഴു വർഷത്തെ കഠിനാധ്വാനത്തിന്റെ ഫലമായി വളർത്തി വരുന്ന കുരുമുളകു ചെടിയെ പെട്ടെന്നൊരു ദിവസം ഇല്ലാതാക്കുന്ന ദ്രുത വാട്ടം തുടങ്ങിയ രോഗങ്ങൾ ഏറ്റവും വലിയ ഭീഷണിയായി നിലനില്ക്കുന്നു. തെങ്ങിനും കവുങ്ങിനും ഉണ്ടാവുന്ന കൂമ്പു ചീയൽ മഞ്ഞളിപ്പ് തുടങ്ങിയ രോഗങ്ങൾ ഏറ്റവും വലിയ ഭീഷണിയായി നിലനിൽക്കുന്നു. ഈ രോഗങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുവാൻ കഴിയുന്നില്ല.

8. വേണ്ടത്ര മണ്ണു പരിശോധനകൾ നടത്താതെ രാസ വളം പ്രയോഗിക്കുന്നതു മൂലം എല്ലായിനം കൃഷികൾക്കും ഉപയോഗിക്കുന്ന വളം മുഴുവൻ ചെടികൾക്കും ഉപയുക്തമാകുന്നില്ല. മണ്ണു പരിശോധന യഥാകാലം നടത്തി പരിശോധനാ ഫലം അനുസരിച്ച് വളപ്രയോഗ രീതി നിർദ്ദേശിക്കുന്നില്ല.

9. ഇടവിളയായകൂടി വാഴയ്ക്ക് വ്യാപകമായി ഉണ്ടാകുന്ന രോഗങ്ങളും പ്രതീക്ഷിക്കാതെ സംഭവിക്കുന്ന കാറ്റും മറ്റും കനത്ത നഷ്ടം വരുത്തി വെയ്ക്കുന്നു.

10. ആവശ്യമായ സന്ദർഭങ്ങളിൽ സങ്കരയിനം വിത്തുകൾ ലഭിക്കുന്നില്ല. സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെപ്പറ്റി കർഷകന് വിവരം ലഭിക്കുന്നില്ല. യഥാർത്ഥ കർഷകന് സർക്കാർ ആനുകൂല്യങ്ങൾ മുഴുവനായും ലഭിക്കുന്നില്ല. അമിതവും അശാസ്ത്രീയവുമായ കീടനാശിനി പ്രയോഗം നിയന്ത്രിച്ചില്ലായെങ്കിൽ മാരകമായ പല രോഗങ്ങൾക്കും കാരണമാകും.

11. ജല സേചനത്തിന് യഥാസമയം വൈദ്യുതി ലഭിക്കുന്നില്ല. മുൻഗണനാക്രമം നോക്കാതെതന്നെ കൃഷിക്കാവശ്യമായ വൈദ്യുതി വിലയില്ലാതെ കർഷകർക്ക് നൽകാനുള്ള നടപടികളുണ്ടാവണം.

## നിർദ്ദേശങ്ങൾ

1. താരതമ്യേന ജല സമ്പത്ത് കൂടിതലുള്ള താഴ്വരകളിൽ വലിയ കുളങ്ങൾ നിർമ്മിച്ചും പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ വാട്ടർ ടാങ്കുകൾ നിർമ്മിച്ചാൽ അവിടെ നിന്നും കൃഷിക്കാർക്ക് പമ്പുസെറ്റിന്റെ സഹായമില്ലാതെ തന്നെ ജലസേചനത്തിനു വെള്ളം ലഭ്യമാകും.

2. മുൻഗണനാക്രമം നോക്കാതെ തന്നെ കാർഷികാവശ്യങ്ങൾക്ക് സൗജന്യ നിരക്കിൽ വൈദ്യുതി ലഭ്യമാക്കണം.

3. കേടു വന്ന കുരുമുളകു ചെടി, കമുക്, തെങ്ങ്, കൊക്കൊ തുടങ്ങിയവ വെട്ടി നശിപ്പിച്ച് പകരം മേന്മയേറിയ തൈകളും അവയ്ക്കാവശ്യമായ ധന സഹായവും കൃഷി ഭവനിലൂടെ ലഭ്യമാക്കണം.

4. കാർഷിക മേഖലയിലെ കൃഷിമാത്രം ഉപജീവന മാർഗ്ഗമാക്കിയിട്ടുള്ള കൃഷിക്കാർക്കായി പരിമിതപ്പെടുത്തുക.

5. രോഗപ്രതിരോധ ശക്തിയുള്ള തൈകൾ വിതരണം ചെയ്യുക. വിത്തും വളവും കൃഷി ഭവനിലൂടെ വിതരണം ചെയ്യുക. കൃഷിയുടെ എല്ലാ മേഖലയിലേയ്ക്കും കൃഷിഭവന്റെ സേവനം വ്യാപിപ്പിക്കുക.

6. വലുതും ചെറുതുമായ എല്ലാ തോടുകൾക്കും കരികൽ ഭിത്തി രകെട്ടി മണ്ണിടിച്ചിലും മണ്ണൊലിപ്പും തടയുവാൻ സർക്കാർ തലത്തിൽ ക്രമീകരണങ്ങളുണ്ടാവണം.

7. 50% നുമേൽ സബ്സിഡിയോടെ പഞ്ചായത്തിലാകമാനം മണ്ണൊലിപ്പ് തടയാൻ കയ്യാലകൾ വയ്ക്കുകയും വ്യാപകമായി മരം വച്ചു പിടിപ്പിക്കുവാൻ പ്രോത്സാഹനം നൽകുകയും വേണം. ഇതിനു വേണ്ടുന്ന വൃക്ഷ/ഫല വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യണം.

8. മഴക്കാലത്ത് ലഭിക്കുന്ന വെള്ളം ഉപയോഗപ്രദമാക്കാൻ ചെറുതും വലുതുമായ തോടുകളിൽ തടയണകൾ നിർമ്മിച്ച് ജലസേചനം വികസിപ്പിക്കാവുന്നതാണ്.

9. കൃഷിക്കാർക്ക് കാർഷിക വിജ്ഞാനം പകർന്നു കൊടുക്കുവാൻ കൃഷിഭവനുകളുടെ സേവനം വ്യാപകമാക്കുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ കൂടെക്കൂടെ കാർഷിക സെമിനാറുകൾ സംഘടിപ്പിക്കുകയും പഞ്ചായത്തിൽ വിദഗ്ധന്മാർ ഉൾപ്പെടുന്ന കാർഷികോപദേശ സമിതി രൂപീകരിക്കുകയും വേണം.

10. എല്ലാത്തരം കാർഷികോപകരണങ്ങളും വിത്തും വളവും സബ്സീഡി നിരക്കിൽ കൃഷിഭവനിലൂടെ വിതരണം ചെയ്യണം. കൃഷി വകുപ്പിന്റെ കീഴിൽ വാർഡുതോറും മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കണം.

11. എല്ലാത്തരം കൃഷിയേയും ബാധിക്കുന്ന രോഗങ്ങളെപ്പറ്റിയും പ്രതിരോധ നടപടികളെപ്പറ്റിയും ഗവേഷണങ്ങൾ നടത്താൻ ജില്ലാടിസ്ഥാനത്തിൽ ഒരു കാർഷിക ഗവേഷണ കേന്ദ്രം ആരംഭിക്കുക.

12. കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല വായ്പകൾ അനുവദിക്കുക. ആൾ ജാമ്യത്തിൽ കാർഷിക വായ്പ ലഭ്യമാക്കുക. പട്ടയമില്ലാത്ത പ്രദേശങ്ങളിൽ കൈവശാവകാശ രേഖകൾ നല്കുന്നതിനും അതിന്മേൽ വായ്പകൾ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

13. മണ്ണ് പരിശോധിച്ച് വള പ്രയോഗം നിർദ്ദേശിക്കാൻ സഞ്ചരിക്കുന്ന മണ്ണു പരിശോധന ലാബുകൾ ഈ പഞ്ചായത്തിൽ ആരംഭിക്കുക.

14 ജൈവവളം കൂടുതൽ ഉല്പാദിപ്പിക്കുവാൻ പഞ്ചായത്തിൽ ഒരു വള നിർമ്മാണ ഫാക്ടറി അനുവദിക്കുക.

15. ഉല്പാദനച്ചെലവ് അനുസരിച്ച് ഉല്പന്നങ്ങൾക്ക് വില ലഭ്യമാക്കുക.

16 മരം മുറിയ്ക്കലും നശീകരണവും നിയന്ത്രിക്കുകയും മരം വച്ചു പിടിപ്പിക്കുവാൻ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുകയും വേണം.

17 എല്ലാ വീടുകളിലും പച്ചക്കറിത്തോട്ടം നിർമ്മിക്കുകയും ഔഷധ സസ്യ കൃഷിയുടെ സാദ്ധ്യതകൾ ആരായുകയും വേണം.

18. പഞ്ചായത്തിൽ വിവിധയിനം ഉല്പന്നങ്ങൾ സംസ്കരിക്കാൻ യൂണിറ്റുകൾ ആരംഭിക്കുക.

19. പാടങ്ങൾ നികത്തി കര ആക്കുന്നത് നിയമം മൂലം നിരോധിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.

20. എല്ലാത്തരം വിളകൾക്കും വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും കൃഷിക്കാർക്ക് പെൻഷൻ നൽകുകയും ക്ഷേമനിധി രൂപീകരിക്കുകയും വേണം.

21. അനുയോജ്യമായ സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിച്ചും തോടുകളിൽ തടയണകൾ ഉണ്ടാക്കിയും ജലസേചനം വർദ്ധിപ്പിക്കണം.

22. ഈ പഞ്ചായത്തിന്റെ 5, 7 വാർഡുകളിലെ ഇപ്പോഴുള്ള തേയില കൃഷി വ്യാപകമാക്കുകയും കർഷകർക്ക് ആനുകൂല്യങ്ങൾ നല്കുകയും വേണം.

23. കാർഷികോൽപന്നങ്ങൾക്ക് നല്ല വില ലഭിക്കുവാൻ സംഭരണ കേന്ദ്ര സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

മികച്ച കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തണം. കാർഷിക ലമേഖലയിൽ ഏകീകൃത കൂലി സമ്പ്രദായം നിലവിൽ വരുത്താൻ ബന്ധപ്പെട്ടവർ മുന്നോട്ടു വരണം. ഇതിനായി തൊഴിലാളി പ്രതിനിധികളും കർഷക പ്രതിനിധികളും അടങ്ങുന്ന ഒരു മോനിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുവാൻ പഞ്ചായത്ത് ശ്രമിക്കണം.

കൃഷിഭവന്റെ സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തണം. ആഗ്രോക്ലിനിക്കുകളും പരിശീലന കേന്ദ്രങ്ങളും ആരംഭിക്കുകയും വേണം.



*96, നവം. 1, പുനരർപ്പണദിനാചരണത്തിന്റെ ഭാഗമായി കട്ടപ്പന പഞ്ചായത്ത് മാർക്കറ്റിൽ വൈസ്. പ്രസി. പാപ്പ പൂമറ്റം ശുചീകരണപരിപാടികൾക്ക് നേതൃത്വം നൽകുന്നു.*

# 5.2 മൃഗസംരക്ഷണം - മത്സ്യബന്ധനം

നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തിക വരുമാനത്തിന്റെ 11 ശതമാനത്തിലേറെ സംഭവന ചെയ്യുന്ന മൃഗസംരക്ഷണമേഖലയുടെ പുരോഗതി ഉറപ്പുവരുത്തേണ്ടത് ഓരോ ഗ്രാമ പഞ്ചായത്തിന്റേയും വികസനത്തിന് അത്യന്താപേക്ഷിതമാണെന്നുള്ള കാര്യം സംശയാതീതമാണല്ലോ. ഈ മേഖലയ്ക്ക് വളരുവാനുള്ള ഭൂപ്രകൃതിഏറ്റവും അനുയോജ്യമായ കട്ടപ്പന പഞ്ചായത്തിൽ ഉപജീവനത്തിനായി മൃഗസംരക്ഷണമേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം വളരെയധികമാണ്. എന്നാലും വരുംകാലങ്ങളിൽ ആസൂത്രിതമായ പദ്ധതികളിലൂടെയും ശാസ്ത്രീയമായ പരിചരണങ്ങളിലൂടെയും ഈരംഗത്തെ പരിപോ ഷിപ്പിക്കുന്നതിനായി സമഗ്രമായ ശ്രമം നടത്തേണ്ടതുണ്ട്. കന്നുകാലി സമ്പത്തിന്റെ 94%-ഉം ഗ്രാമങ്ങളിലെ ചെറുകിട നാമമാത്ര കർഷകരുടെ കൈകളിലായതിനാൽ, ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശക്തമാക്കും. കൂടാതെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സ്ത്രീകളുടെ ഉന്നമനത്തിനും ഈ രംഗത്തിന്റെ വികസനം വഴിയൊരുക്കും.

കട്ടപ്പന പഞ്ചായത്തിൽ 3600-ലധികം കറവയുള്ള പശുക്കളുണ്ട്. ഇതിൽ 90%-വും സങ്കരയിനം പശുക്കളാണ്. ആകെയുള്ള 40-ഓളം കാളകളിൽ 80% സങ്കരയിനമാണ്. 380 എരുമകളും 6 പോത്തുകളുംഈ പഞ്ചായത്തിൽ ഉണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇതിനു പുറമേ സാധാരണക്കാരന്റെ പശു എന്നറിയപ്പെടുന്ന 8,460 ആടുകളും, വളർത്തുന്നവയും അല്ലാത്തവയുമായ 6,415 നായ്ക്കളും 1,000-ത്തിലധികം കോഴികളുമുണ്ട്. താറാവുകളുടെ എണ്ണം 498 ഉം മറ്റുപക്ഷികളുടെ എണ്ണം 200 ഓളം ആണ്. (മൃഗസംരക്ഷണ വകുപ്പിന്റെ റിപ്പോർട്ട് അവലംബം). മൃഗസംരക്ഷണ വകുപ്പ്, മിൽമ, ഡയറി ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് എന്നിവയുടെ സേവനം പഞ്ചായത്തിൽ ലഭ്യമാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് മൃഗചികിത്സാ സൗകര്യങ്ങൾ വർധിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ എണ്ണത്തിലുള്ള കുറവും പഞ്ചായത്തിന്റെ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകളും കണക്കിലെടുക്കുമ്പോൾ കർഷകർക്ക് മൃഗ ചികിത്സാ സൗകര്യങ്ങൾ അപര്യാപ്തമെന്ന് വരുന്നു.

കട്ടപ്പന പഞ്ചായത്തിൽ ഒരു വെറ്ററിനറി പോളി ക്ലിനിക്കും വെള്ളയാംകുടിയിൽ ഒരു സഞ്ചരിക്കുന്ന മൃഗാശുപത്രിയും ICDP ഓഫീസും RAIC ഓഫീസും ഈ പഞ്ചായത്തിലുണ്ട്. കൂടാതെ കൊച്ചുതോവാള, വള്ളക്കടവ്, നിർമ്മലാ സിറ്റി എന്നിവിടങ്ങളിൽ ഓരോ ICDP സബ്സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. കന്നുകാലി വികസന ബോർഡിന്റെ പ്രോജനി ടെസ്റ്റിംഗ് യൂണിറ്റും പഞ്ചായത്തിലുണ്ട്. വാഹനമില്ലാത്തതിനാൽ, കുത്തിവയ്പു ക്യാമ്പുകൾ, ബോധവത്കരണ സെമിനാറുകൾ തുടങ്ങിയ ജനസമ്പർക്ക പരിപാടികൾ നടത്തേണ്ട മൊബൈൽ വെറ്ററിനറി ഡിസ്പൻസറി നിർജ്ജീവമാണ്. കർഷകരുടെ പ്രധാന ആശാകേന്ദ്രവും താലൂക്ക് മൃഗാശുപത്രിയുമായ കട്ടപ്പന വെറ്ററിനറി പോളിക്ലിനിക്കിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ലാബോറട്ടറി ടെക്നീഷ്യന്റെ തസ്തിക ഉണ്ടെങ്കിലും അത് ഒഴിഞ്ഞു കിടക്കുകയാണെന്നുള്ളത് നിർഭാഗ്യകരമാണ്. നിലവിലുള്ള ആശുപത്രി കെട്ടിടത്തിന്റെ അവസ്ഥ ശോചനീയമാണ്. ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സുകളും കോമ്പൗണ്ട് മതിലും, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും എത്രയും വേഗം പരിഹരിക്കപ്പെടേണ്ടതാണ്. ചികിത്സയ്ക്കാവശ്യമായ വിര മരുന്നുകളും മറ്റു മരുന്നുകളും വളരെ കുറഞ്ഞ അളവിൽ മാത്രമേ ലഭിക്കുന്നുള്ളു. പഞ്ചായത്തിലെ ഒരു സബ് സെന്ററിലും 2 മൃഗാശുപത്രികളിലുമായി 3 ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുമാരുടെ ഒഴിവുകളുണ്ട്. പാലുൽപാദനത്തെ ഗണ്യമായി ബാധിക്കുന്ന അകിടുവീക്കം, കീറ്റോസിസ് തുടങ്ങിയ രോഗങ്ങളുടെ നിർണ്ണയത്തിനാവശ്യമായിട്ടുള്ള ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്ന തിനായി പോളിക്ലിനിക്കിലെ ലാബ് പ്രവരത്തന യോഗ്യമാക്കേണ്ടതുണ്ട്. വർദ്ധിച്ചുവരുന്ന ചികിത്സാ ചിലവിനെ കുറക്കുന്നതിനായി അത്യാവശ്യ മരുന്നുകൾ കുറഞ്ഞ വിലക്ക് കർഷകന് ലഭ്യമാക്കുന്നതിനുള്ള പദ്ധതി രൂപപ്പെടുത്തണം. വാക്സിനുകൾ സൂക്ഷിക്കുന്നതിനായി 2 മൃഗാശുപത്രികളിലും പ്രവർത്തനയോഗ്യമല്ലാതെയിരിക്കുന്ന റഫ്രിജറേറ്ററുകൾ എത്രയും വേഗം കേടുപാടുകൾ തീർക്കണം. ദൈനം ദിന പ്രവർത്തനങ്ങൾക്കാവശ്യമായ വെള്ളം പോലും ദൂരസ്ഥലങ്ങളിൽനിന്ന് കൊണ്ടുവരേണ്ട ഗതികേടിലാണ് വെറ്ററിനറി പോളിക്ലിനിക്ക്. ഇത്

അടിയന്തിരമായിപരിഹരിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന പദ്ധതികളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് കന്നുകുട്ടി പരിപാലനപദ്ധതിയാണ്. 4 മാസം മാതൽ 9 മാസം വരെ പ്രായമുള്ള സങ്കരയിനം കന്നുകുട്ടികളെ തെരഞ്ഞെടുത്ത് പകുതിനിരക്കിൽ പ്രസവിക്കുന്നതുവരെ ' തീറ്റയും വിരമരുന്നുകളും നല്കുന്നതിനോടൊപ്പം കന്നുകുട്ടികൾക്ക് ഇൻഷ്വറൻസ് സംരക്ഷണവും നല്കിവരുന്നുണ്ട്. ഇതിലൂടെ പഞ്ചായത്തിലെ 400 കർഷകർക്ക് ഇപ്പോൾ പ്രയോജനം ലഭിക്കുന്നുണ്ട്. സബ്സീഡിയിൽ ആനുപാതിക വർദ്ധനയില്ലാതെ അടിക്കടി കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കുന്നത് ഈ പദ്ധതിക്ക് ഭീഷണിയായി ത്തീർന്നിട്ടുണ്ട്.

വീട്ടുവളപ്പിലെ കോഴിവളർത്തൽ പദ്ധതിയിലൂടെ കഴിഞ്ഞ വർഷം പഞ്ചായത്തിൽ സബ്സീഡി നിരക്കിൽ 8,000-ലേറെ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. 1,600 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

ഊർജ്ജിത പന്നിവളർത്തൽ പദ്ധതിയിലൂടെ കഴിഞ്ഞ വർഷം 8 യൂണിറ്റ് പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു (ഒരു യൂണിറ്റ് എന്നാൽ 5 പെൺപന്നികളും ഒരു ആൺപന്നിയും ഉൾപ്പെടുന്നു). രണ്ട് പന്നിക്കുഞ്ഞുങ്ങളടങ്ങുന്ന 18 യൂണിറ്റ് മാംസാവശ്യത്തിനുവേണ്ടിയുള്ള പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. ഇതിലൂടെ പഞ്ചായത്തിലെ സങ്കരയിനം പന്നികളുടെ സംഖ്യാ വർദ്ധനവ് സാദ്ധ്യമായിട്ടുണ്ട്.

മാരകമായ പേവിഷബാധ നിയന്ത്രിക്കുന്നതിനായി സമഗ്രപേവിഷ നിർമ്മാർജ്ജന പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. കഴിഞ്ഞ വർഷം പഞ്ചായത്തിൽ 250 വളർത്തു നായ്ക്കൾക്ക് പ്രധിരോധ കുത്തിവയ്പ് സൗജന്യ നിരക്കിൽ ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ മുഴുവൻ വളർത്തുനായ്ക്കൾക്കും പ്രതിരോധകുത്തിവയ്പ് നല്കുന്നതിനോടൊപ്പം അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതോടെ മാത്രമേ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുവാൻ സാധ്യമാവുകയുള്ളു.

പശുക്കളിൽ പ്രത്യേകിച്ച് സങ്കരയിനങ്ങളിൽ വ്യാപകമായി കണ്ടുവരുന്ന വന്ധ്യത പരിഹരിക്കുന്നതുനായി കഴിഞ്ഞ വർഷം 2 വന്ധ്യതാ നിവാരണ ക്യാമ്പ് പഞ്ചായത്തിൽ നടത്തപ്പെടു കയുണ്ടായി. പ്രസ്തുത ക്യാമ്പിൽ മൃഗസംരക്ഷണ വിദഗ്ധൻമാർ പങ്കെടുക്കുകയും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുകയുണ്ടായി.

പ്രത്യുൽപാദനക്ഷമതകൂടിയ കന്നുകാലികളെ കണ്ടെത്തുന്നതിനായും, വേണ്ട ശാസ്ത്രിയ പരിചരണം ഉറപ്പുവരുത്തുന്നതിനുമായി നാല് ഗോരക്ഷാ ക്യാമ്പുകൾ കഴിഞ്ഞ വർഷം പഞ്ചായത്തിൽ നടത്തുകുണ്ടായി .

കുളമ്പുരോഗനിവാരണത്തിനുള്ള സംസ്ഥാനതലപരിപാടിയുടെ ഭാഗമായി പഞ്ചായത്തിലെ 3 വാർഡുകളെങ്കിലുംതെരഞ്ഞെടുത്ത് അവിടെയുള്ള എല്ലാ കന്നുകാലികൾക്കും കുളമ്പ് രോഗത്തിനുള്ള പ്രതിരോധ കുത്തിവയ്പ് സൗജന്യമായി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പുവർഷം ആവിഷ്കരിച്ചിട്ടുണ്ട്.

ഗുണമേൻമയുള്ള കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് ന്യായവിലക്ക് ഗ്രാമപ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനായി, മൃഗസംരക്ഷണ വകുപ്പിന്റെ ധനസഹായത്തോടുകൂടി സ്വകാര്യമേഖലയിൽ ഒരു കോഴിവളർത്തൽ യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കഴിഞ്ഞ വർഷം പഞ്ചായത്തലെ 2 മൃഗാശുപത്രികളിലുമായി ഏകദേശം 15,000 വളർത്തുമൃഗങ്ങളെ ചികിത്സിച്ചിട്ടുണ്ട്. വിരമരുന്നുകളുടേയും മറ്റു അവശ്യ മരുന്നുകളുടേയും ദൗർലഭ്യത ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

മൃഗാശുപത്രികളിലും ബീജാധാന ഉപകേന്ദ്രങ്ങളിലുമായി 4,000-ത്തിലധികം കന്നുകാലികളെ കൃത്രിമ ബീജധാനത്തിനുവിധേയമാക്കിയിട്ടുണ്ട്. കട്ടപ്പന മൃഗാശുപത്രിയിലൂടെ ഉന്നതോല്പാദനക്ഷമതയുള്ള പ്രീമിയം ബുൾ ബീജം ഉപയോഗിച്ചുള്ള ബീജാധാന മാർഗ്ഗവും ലഭ്യമാണ്. 1994 ജൂൺ മാസത്തിൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ 94 - 95 വർഷത്തിൽ 132 പശുക്കൾക്കും 95-96 വർഷത്തിൽ 354 പശുക്കൾക്കും 96 - 97 വർഷത്തിൽ നാളിതുവരെ 145 പശുക്കൾക്കും ബീജാധാനം നടത്തിയിട്ടുണ്ട്.

ശാസ്ത്രീയമായ മൃഗപരിപാലന

മാർഗ്ഗങ്ങളെക്കുറിച്ച് കർഷകരിൽ അവബോധം ഉണ്ടാക്കുന്നതിനായി വിജ്ഞാനവ്യാപന പദ്ധതിയിലുടെ കഴിഞ്ഞ വർഷം നൂറിലധികം കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് കട്ടപ്പന ടൗൺഹാളിൽ വച്ച് ജില്ലാതല മൃഗസംരക്ഷണ സെമിനാർ നടത്തപ്പെടുകയുണ്ടായി.

പഞ്ചായത്തിൽ പ്രതിദിനം പതിനയ്യായിരത്തോളം (15,000) ലിറ്റർ പാൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. പാലിന്റെ വിപണന മേഖലയിൽ മിൽമയുടെ അധീനതയിലുള്ള എട്ട് സൊസൈറ്റികൾക്കു് പുറമേ സ്വകാര്യ മേഖലയിൽ ഏതാനും പാൽ സൊസൈറ്റികളും പ്രവർത്തി ക്കുന്നുണ്ട്. ഉല്പാദന ചെലവിന് ആനുപാതികമായി പാലിന് വില ലഭിക്കാത്തത് ഈ മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയാണ്.

ശുദ്ധ മാംസോല്പാദനത്തിനുള്ള ആധുനിക അറവുശാലകൾ ഇല്ലെങ്കിലും പ്രതിദിനം 1500 കി. ഗ്രാമോളം മാംസം ഭക്ഷ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. അറവുമൃഗങ്ങളിൽ ഭൂരിഭാഗവും അയൽ സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നവയാണ്. ഇതിന്റെ ഉപോല്പന്നങ്ങൾ സംസ്കരിച്ചെടുക്കുന്നതിനുള്ള ആധുനിക സൗകര്യങ്ങൾ ലഭ്യമല്ലാത്തത് വൻ സാമ്പത്തിക നഷ്ടം വരുത്തിവയ്ക്കുന്നുണ്ട്.

വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ പോകുന്നത് മറ്റൊരു ഉല്പാദന മേഖലയായ ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗമാണ്. 50,000 - ത്തിലേറെ കിലോ ചാണകം പ്രതിദിനം ഉല്പാദിപ്പിക്കുന്ന പഞ്ചായത്തിൽ വിരലിലെണ്ണാവുന്ന ബയോഗ്യാസ് പ്ലാന്റുകളേയുള്ളു. മൂന്നു - നലു പശുക്കളിൽനിന്നും ഒരു ചെറിയ കുടുംബത്തിന് ഒരു ദിവസം പാചകാവശ്യത്തിന് വേണ്ടി വരുന്ന പാചക വാതകം ഉല്പാദിപ്പിക്കാനാവുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഖാദി വില്ലേജ് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റും മലനാട് ഡവലപ്മെന്റ് സൊസൈറ്റിയും മറ്റു സന്നദ്ധ സംഘടനകളും നടപ്പിലാക്കി വരുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ പ്രചരണവും രൂപീകരണവും കൂടുതൽ സബ്സീഡികളോടുകൂടി ആസൂത്രിതമായി വ്യാപിപ്പിക്കേണ്ടതുണ്ട്.

തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുന്ന നമ്മുടെ നാട്ടിൽ ചുരുങ്ങിയ ചെലവിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുവാൻ മൃഗസംരക്ഷണമേഖലയ്ക്ക് സാദ്ധ്യതയുണ്ട്. കൂടാതെ ഈ രംഗത്തെ 60% അദ്ധ്വാനവും സ്ത്രീകളാണ് ചെയ്യുന്നത് എന്നതിനാൽ വനിതകളുടെ ഉന്നമനത്തിലൂടെ സാമൂഹിക പരിവർത്തനത്തിന് കളമൊരുക്കുവാൻ മൃഗസംരക്ഷണ മേഖലയുടെ പുരോഗതി വഴിയൊരുക്കും.

ആടുവളർത്തൽ, പന്നിവളർത്തൽ, ഇറച്ചി, മുട്ടക്കോഴികളുടെ വളർത്തൽ തുടങ്ങിയ രംഗങ്ങളുടെ പ്രോത്സാഹനത്തിലൂടെ സാമ്പത്തിക ലാഭവും സാമൂഹിക പുരോഗതിയും ഉണ്ടാക്കുവാൻ കഴിയും

മൃഗസംരക്ഷണമേഖലയുടെ ഇപ്പോഴത്തെ സ്ഥിതിയും ഉല്പാദന മേഖലകളിലെ സാദ്ധ്യതകളേയുംകുറിച്ച് സൂചിപ്പിച്ച് കഴിഞ്ഞ സ്ഥിതിക്ക് കട്ടപ്പന പഞ്ചായത്തിൽ നിലവിൽ കർഷകരനുഭവിക്കുന്ന പ്രശ്നങ്ങൾ താഴെ പറയുന്നു

1. പാലുല്പാദനചെലവിന്റെ മുഖ്യ ഭാഗമായ തീറ്റചെലവ് അനുദിനം വർദ്ധിച്ചുവരുന്നു. കാലിത്തീറ്റയുടെ വർദ്ധിച്ച വിലയും പ്രാദേശികമായ കാലിത്തീറ്റ ഉല്പാദനത്തിന്റെ അഭാവവുമാണ് ഇതിനു കാരണങ്ങൾ. പാലിന്റെ വിലക്കുറവും ഈരംഗം ആദായകരമല്ലാതായിത്തീരാൻ ഇടയാക്കുന്നുണ്ട്.
2. മൃഗചികിത്സാ വിദഗ്ദ്ധൻമാരുടെ എണ്ണത്തിലുള്ള കുറവ്.
3. ആധുനിക ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത.
4. മൃഗാശുപത്രികളിൽ അവശ്യമരുന്നുകളുടെ ദൗർലഭ്യം.
5. ഉല്പാദന ക്ഷമത കൂടിയ പക്ഷിമൃഗാദികളുടെ ലഭ്യതക്കുറവ്.
6. ക്യാമ്പ് മൃഗാശുപത്രികളും, കുത്തിവയ്പ് ക്യാമ്പുകളും നടത്തുന്നതിന് വേണ്ടത്ര സൗകര്യങ്ങളില്ല.
7. വ്യാപകമായ രീതിയിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നില്ല.
8. കാലികളുടെ ആകസ്മികമായ മരണത്തോടുതുടർന്നുണ്ടാകുന്ന ഭീമമായ നഷ്ടം പരിഹരിക്കുവാനുള്ള മാർഗ്ഗ ങ്ങളില്ല.
9. ഈ മേഖലയിൽ ലഭ്യമാകുന്ന വായ്പകളുടേയും സബ്സീഡികളുടേയും കുറവ്.
10. മാംസോല്പാദന രംഗത്ത് ശുദ്ധമായ മാംസം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
11. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിച്ച് പേവിഷബാധ നിർമ്മാർജ്ജനം ഫലപ്രദമാ-

ക്കുന്നതിനുള്ള സംവിധാനം അപര്യാപ്തമാണ്.

12. ആധുനിക രീതിയിലുള്ള കാലിത്തൊഴുത്തുകളുടെ അഭാവം.

13. ഉല്പാദിപ്പിക്കുന്ന പാലിന് ഉപോല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാഹചര്യങ്ങളുടെ അഭാവം.

ഒൻപതാം പഞ്ചവൽസര പദ്ധതിക്കാലത്ത് കട്ടപ്പന ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണമേഖലയിൽ നടപ്പിലാക്കാവുന്ന പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ.

**നിലവിലുള്ള പദ്ധതികൾ**

1. കന്നുകുട്ടി പരിപാലനപദ്ധതി.

2. പേവിഷ നിർമ്മാർജ്ജന പദ്ധതി. ഘട്ടം ഘട്ടമായി പേവിഷ നിർമ്മാർജ്ജനം ചെയ്യുകയെന്നതാണ് ലക്ഷ്യം. പ്രതിരോധകുത്തിവയ്പിനുള്ള വാക്സിൻ കുറഞ്ഞവിലയ്ക്ക് കർഷകനു ലഭ്യമാക്കണം. അതോടൊപ്പം അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും വേണം.

3. കാലിരോഗനിയന്ത്രണപദ്ധതി

സാംക്രമികരോഗങ്ങളായ കാലിവസന്ത, കുളമ്പുരോഗം മുതലായവയെ നിയന്ത്രിക്കുന്നതിനുള്ള പ്രതിരോധകുത്തിവയ്പുകൾ വാർഡുതലത്തിൽ നടത്തുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതുണ്ട്.

4. വീട്ടുവളപ്പിലെ കോഴിവളർത്തൽ

വീട്ടമ്മമാർക്കുവേണ്ടി അടുക്കളമുറ്റത്തെ കോഴിവളർത്തൽ വ്യാപകമാക്കണം. സ്കൂൾ കുട്ടികൾക്ക് സൗജന്യനിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാം

5. പന്നിവളർത്തൽ വികസനപദ്ധതി.

പന്നിയിറച്ചിയുടെ ഉല്പാദനവും ലഭ്യതയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന ഈ പദ്ധതിയിലേക്ക് ആവശ്യമായ നല്ലയിനം പന്നിക്കിഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. സർക്കാർ ഫാമുകളെ മാത്രം ആശ്രയിക്കാതെ സ്വകാര്യ സ്ഥാപനങ്ങളുടേയും, മറ്റ് ഏജൻസികളുടെയും പങ്കാളിത്തത്തിന് പ്രോത്സാഹനം നല്കിയാൽ പന്നിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം പരിഹരിക്കാവുന്നതാണ്.

6. വന്ധ്യതാ നിവാരണ പദ്ധതി.

നിലവിലുള്ള രണ്ട് വന്ധ്യതാനിവാരണ ക്യാമ്പുകൾക്ക് പകരം വാർഡു തലത്തിൽ ക്യാമ്പുകൾ നടത്തേണ്ടതാണ്.

7. ഗോരക്ഷാക്യാമ്പുകൾ

ക്യാമ്പുകളുടെ എണ്ണം വർദ്ധിപ്പിക്കാവുന്നതാണ്

8. കോഴിക്കുഞ്ഞ് വളർത്തൽ യൂണിറ്റുകൾ.

പഞ്ചായത്തിൽ വിതരണം ചെയ്യുന്നതിനുവേണ്ടി കോഴിക്കുഞ്ഞുങ്ങളെ വളർത്തിയെടുക്കുവാനായി കൂടുതൽ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

9. വിജ്ഞാന വ്യാപന സെമിനാറുകൾ.

ആധുനിക ചികിത്സാ സൗകര്യങ്ങളേയും ശാസ്ത്രീയ പരിപാലന മാർഗ്ഗങ്ങളേയുംകുറിച്ച് കർഷകരെ ബോധവാൻമാരാക്കുന്നതിനായി സെമിനാറുകൾ കാലാകാലങ്ങളിൽ സംഘടിപ്പിക്കേണ്ടതാണ്.

**പുതുതായി പരിഗണിക്കാവുന്ന പദ്ധതികൾ**

1. ഉല്പാദന മേഖല

ലക്ഷ്യം:- തൊഴിലവസരങ്ങൾ സൃഷ്ടിക്കലും ദാരിദ്ര്യ നിർമ്മാർജ്ജനവും, മൃഗസംരക്ഷണമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കലും

1. നിയന്ത്രിത വിലയ്ക്ക് കാലിത്തീറ്റ കർഷകനു നല്കുവാനുള്ള പദ്ധതി. കാലിത്തീറ്റയുടെ വിലവർദ്ധനവിന നുസരിച്ച് സബ്സീഡികളിലൂടെ കർഷകനെ സഹായിക്കുക.

2. സഹകരണമേഖലയിൽ തീറ്റപ്പുൽ കൃഷി നടത്തുവാനുള്ള പദ്ധതി.

3. ലഭ്യമായ തദ്ദേശീയ വിഭവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട്, മേഖലാ കാലിത്തീറ്റ മിശ്രിത യൂണിറ്റുകൾ തുടങ്ങുക.

4. പാലിന് കൂടുതൽ വില ലഭിക്കുന്നതിനായി പാലുല്പന്നങ്ങളുണ്ടാക്കി വിപണിയിൽ എത്തിക്കുക. മിൽക്ക് സൊസൈറ്റികൾ കേന്ദ്രീകരിച്ച് ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

5. കർഷകന് സ്വന്തമായി തീറ്റപ്പുൽ കൃഷി തുടങ്ങുന്നതിനുള്ള പ്രോത്സാഹനം നല്കുക. സൗജന്യ നിരക്കിൽ വിത്തുകൾ, വളം, തുടങ്ങിയവ ലഭ്യമാക്കുക.

6. ആകസ്മികമായ കാലികളുടെ മരണത്തെത്തുടർന്നുണ്ടാവുന്ന ധനനഷ്ടം നികത്തുന്നതിനായി പഞ്ചായത്തിലെ എല്ലാ കന്നുകാലികളേയും കുറഞ്ഞ പ്രീമിയത്തിൽ ഇൻഷ്വർ ചെയ്യുന്നതിനുള്ള മസ്റ്റർ പദ്ധതി ഏർപ്പടുത്തുന്നതിനുള്ള പദ്ധതി.

7. ശുദ്ധമായ മാംസോല്പാദനത്തിനായി ശാസ്ത്രീയ അറവുശാല സ്ഥാവിച്ച് മാംസപരിശോധന ഉറപ്പുവരുത്തുക.

9. മാംസോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കാളക്കുട്ടികളെ വളർത്തുന്നതിന് പ്രോത്സാഹനം നല്കുന്ന പദ്ധതി.

10. മാംസത്തിന്റെ വിപണന സൗകര്യങ്ങൾ

മെച്ചപ്പടുത്തുന്നതിനായി മാംസോല്പാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

11. അറവുശാലയിലെ ഉല്പന്നങ്ങളായ തുകൽ, എല്ല്, രക്തം തുടങ്ങിയവയുടെ സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.

12. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക.

13. മാംസ ലഭ്യത വർദ്ധിപ്പിക്കാനായി മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുക.

14 ബയോഗ്യാസ് പ്ലാന്റുകളേക്കുറിച്ച് കൂടുതൽ ബോധവത്കരണം നല്കുന്നതിനോടൊപ്പം അവയുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

15. മികച്ച കർഷകരെ കണ്ടെത്തിഅവർക്ക് അംഗീകാരവും പ്രോത്സാഹനവും നല്കുക.

16. താഴ്ന്ന വരുമാനക്കാർക്ക് പശുവിനെ വാങ്ങുവാൻ 5,000/- രൂപയുടെ ധനസഹായം ഏർപ്പെടുത്തുക.

17. സൗജന്യ ഇൻഷ്വറൻസ് പദ്ധതിയും, കിടാരികൾക്കുള്ള മരുന്നും പോഷകാഹാരവും സൗജന്യമായി നല്കുന്ന പദ്ധതിയും നടപ്പി ലാക്കണം.

18. ആധുനിക രീതിയിലുള്ള കാലിത്തൊഴുത്ത് പണിയുന്നതിന് 5000/- രൂപയിൽ കുറയാത്ത സബ്സീഡി നല്കണം.

19. കറവ വറ്റി അടുത്ത പ്രസവം വരെയുള്ള കാലത്തേക്ക് പശുക്കൾക്ക് സൗജന്യമായി കാലിത്തീറ്റ നല്കണം.

20. ശുദ്ധമായ പാലുല്പാദനത്തിന വിതരണത്തിനും സ്റ്റീൽ ബക്കറ്റ്, സ്റ്റീൽ കാൻ എന്നിവ വിതരണം ചെയ്യുക.

21. ക്ഷീര സംഘത്തിൽ കൂടുതൽ പാ അളക്കുന്നവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ ഏർപ്പെടുത്തുക.

2. **സേവനമേഖല**

**ലക്ഷ്യം :- ബോധവല്ക്കരണവും രോഗപ്രതിരോധ - നിവാരണവും**

1. മൃഗാശുപത്രികൾക്ക് ആവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കുക.

2. മൃഗസംരക്ഷണ മേഖലയിലെ സ്ഥാപനങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ.

3. ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുവാനുള്ള ശ്രമം നടത്തണം.

4. സഞ്ചരിക്കുന്ന മൃഗാശുപത്രിക്ക് വാഹനസൗകര്യം ഏർപ്പെടുത്തുക

5. മൃഗാശുപത്രികളിലെ ആധുനിക വല്കരണത്തിനായി ലബോറട്ടറി, റഫ്രിജറേറ്റർ, ടെലഫോൺ, കോൺഫറൻസു് ഹാൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

6. കന്നുകാലി പ്രദർശനങ്ങൾ, ബോധവല്ക്കരണ സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ മുതലായവ നടത്തുക.

മൃഗ സംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസനവകുപ്പ്, മിൽമ, കേരളാ കന്നുകാലി വികസന ബോർഡ് തുടങ്ങിയവയുടെ പ്രവർത്തനങ്ങളെ സുസംഘടിതവും പരസ്പര പൂരകവുമാക്കി ആസൂത്രിതമായ പദ്ധതികളിലൂടെ ഈ മേഖലയിൽ നിന്നും കൂടുതൽ നേട്ടങ്ങൾ കൊയ്യാൻ സാധിക്കും.

**മത്സ്യബന്ധനം.**

കട്ടപ്പന പഞ്ചായത്തിന്റെ 7-ാം വാർഡിൽ മാത്രമാണ് മത്സ്യബന്ധനത്തിന് സാദ്ധ്യതയുള്ളത്. ജലാശയങ്ങളുടേയും, നദികളുടേയും കുറവുതന്നെ ഇതിനുകാരണം.

അതുകൊണ്ടുതന്നെമത്സ്യബന്ധനത്തേക്കുറിച്ചുള്ള ചർച്ചകൾ ഗ്രാമസഭകളിലും മറ്റും സജീവമായിരുന്നില്ല. എങ്കിലും 7-ാം വാർഡിൽപ്പെട്ട നല്ലപങ്ക് ആളുകൾ ഈ രംഗത്തുണ്ട്. മത്സ്യം വളർത്ത ലിന് കുളങ്ങൾ നിർമ്മിക്കുവാൻ സാദ്ധ്യതയുള്ള തിനാൽ നിർമ്മാണച്ചിലവിന് സബ്സീഡി ഏർപ്പെടുത്തിയാൽ ഈ രംഗം പുഷ്ടിപ്പെടുത്താം.നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുവാനുള്ള നടപടികളും ഉണ്ടാവേണ്ടതുണ്ട്. 7-ാം വാർഡ് കേന്ദ്രമാക്കി ഒരു മത്സ്യത്തൊഴിലാളി സഹകരണ സംഘം രൂപീകൃതമായാൽ ഈ രംഗം സജിവമാക്കാവുന്നതും വളരെക്കൂടുതൽ തൊഴിൽ സാദ്ധ്യത സൃഷ്ടിക്കാവുന്നതുമാണ്.

# 6.3 വ്യവസായം

ഇടുക്കിജില്ലയിലെ പ്രധാനപ്പെട്ട കാർഷിക വാണിജ്യ കേന്ദ്രമായ കട്ടപ്പന പഞ്ചായത്ത് വ്യാവസായികമായ വളരെയേറെ പിന്നിലാണ്. കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ് ഈ പഞ്ചായത്തിലെ കൂടുതലും ജനങ്ങളും. എന്നാൽ കാർഷിക രംഗത്തെ തകർച്ചയും ഉല്പന്നങ്ങളുടെ വിലയിടിവും കാരണം കൂടുതലും ആൾക്കാർ വിവിധ വ്യവസായ നിർമ്മാണ രംഗത്ത് പ്രവർത്തിച്ചു വരുന്നു. ഇന്നു വളർന്നുവന്നിരിക്കുന്ന പരമ്പരാഗത വ്യവസായമോ, ആധുനിക വ്യവസായമോ എടുത്തു പറയത്തക്കതായി ഈ പഞ്ചായത്തിൽ ഇല്ല. 1975-കളിൽ പ്രധാനമന്ത്രിയുടെ 20 ഇന പരിപാടിയുടെ ഭാഗമായി പ്രവർത്തനമാരംഭിച്ച കട്ടപ്പന മിനി വ്യവസായ കേന്ദ്രം കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ ഭാഗീകമായി പ്രവർത്തനരഹിതമായി.

വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും തടസ്സമായി നില്ക്കുന്ന പ്രശ്നങ്ങൾ വളരെയേറെയുണ്ട്. അതുകൊണ്ട് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ജോലി തേടി മറ്റുജില്ലകളിലും സംസ്ഥാനങ്ങളിലും പോകുന്നു. സർക്കാർതലത്തിൽ ഉദ്യോഗം ലഭിക്കുന്നതിന് കാത്തിരിക്കുന്നവരുടെ എണ്ണം ആയിരക്കണക്കിനുണ്ടെന്ന് എംപ്ലോയ്മെന്റ് രജിസ്റ്ററിൽ കാണുന്നു. ആയതിനാൽ സ്വയം തൊഴിൽ പദ്ധതികൾക്ക് പ്രോത്സാഹനം ബന്ധപ്പെട്ട അധികാരികൾ നല്കേണ്ടത് അത്യാവശ്യമായി ത്തീർന്നിരിക്കുന്നു. ഏറെ വിദേശനാണ്യം നേടിത്തരുന്ന കുരുമുളക്, ഏലം, കാപ്പി, ചുക്ക്, റബ്ബർ, കൊക്കോ മുതലായ ഉല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങൾക്ക് മുൻഗണന കൊടുക്കേണ്ടതാണ്.

പഞ്ചായത്തിലെ വ്യവസായ സംരംഭത്തിനും വളർച്ചയ്ക്കും വേണ്ട അനുകൂല ഘടകങ്ങളായ സാങ്കേതിക വിദ്യാഭ്യാസം, ഗതാഗത സൗകര്യം, ഉയർന്ന ഉപഭോഗ നിലവാരം, വാർത്താ വിനിമയ സൗകര്യം തുടങ്ങിയവ ഉണ്ടെങ്കിലും ഒരു ചെറുകിട വ്യവസായ യൂണിറ്റുപോലും നല്ല രീതിയിൽ വളർന്നു വരുന്നില്ല. പ്രധാനമായും താഴെ പറയുന്ന കാരണങ്ങൾ തടസ്സമാകുന്നു :-

1. കർഷകർ അധിവസിക്കുന്ന ഭൂമിയുടെ പകുതിയിലേറെ ഭാഗത്തിനും പട്ടയം ലഭിച്ചിട്ടില്ലാത്തതിനാൽ വ്യവസായ സംരംഭത്തിനായി ബാങ്കുകളുടേയും മറ്റും ധനസഹായം ലഭിക്കുന്നില്ല.
2. വ്യവസായ വികസനവുമായി ബന്ധപ്പെട്ടിട്ടുള്ള ശാസ്ത്രീയ ബോധവത്ക്കരണം നടക്കുന്നില്ല. വ്യവസായ രംഗത്തിനുവേണ്ട സാങ്കേതിക പരിജ്ഞാനം ലഭിക്കുവാനുള്ള സ്ഥാപനങ്ങൾ ഉണ്ടാവുന്നില്ല.
3. വ്യവസായമേഖലയിൽ സാങ്കേതിക പരിശീലനം ലഭിച്ചവർ കുറെയുണ്ടെങ്കിലും ഇവിടെ തൊഴിൽസാദ്ധ്യത ഇല്ലാത്തതിനാൽ അയൽ സംസ്ഥാനങ്ങളിലേക്കും മറ്റുംകുടിയേറിക്കൊണ്ടിരിക്കുന്നു.
4. അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതർ തൊഴിൽ സംരംഭത്തിനായി ധനസഹായസ്ഥാപനങ്ങളെ സമീപിക്കുമ്പോൾ ബാങ്കുകളും മറ്റും ആവശ്യമായ സാമ്പത്തിക സഹായമോ പ്രോത്സാഹനമോ നല്കുന്നില്ല. കൂടാതെ നിയമത്തിന്റെ നൂലാമാലകൾ പലപ്പോഴും ഏറെ തടസ്സം സൃഷ്ടിക്കുന്നു.
5. കട്ടപ്പന പഞ്ചായത്തിൽ കെട്ടിട മുറികൾക്കുള്ള അമിതമായ കരുതൽധന വ്യവസ്ഥയും വാടകയും വ്യവസായ പുരോഗതിയെ തടസ്സപ്പെടുത്തുന്നു.
6. പഞ്ചായത്തു തലത്തിൽ പോലും പൊതുവ്യവസായങ്ങൾ തുടങ്ങുന്നതിനോ വളർത്തിയെടുക്കുന്നതിനോ ഉള്ള ശ്രമങ്ങൾ കാര്യമായി നടന്നിട്ടില്ല.
7. ഇടുക്കി ജില്ലയിലും , പഞ്ചാത്തിലെ വിവിധ ഭാഗങ്ങളിലെ ഓഫീസുകളിലും ഉള്ള ജീവനക്കാരിൽ ഭൂരിഭാഗവും ഈ ജില്ലയ്ക്ക് പുറത്തുള്ളവരായതിനാൽ ഇവിടുത്തെ വ്യവസായവികസനത്തോട് പ്രതിബദ്ധത കാണിക്കുന്നില്ല.

കട്ടപ്പനയുടെ വിവിധ ഭാഗങ്ങളിലുള്ള ധാരാളം ആളുകൾ ഇവിടെ നിർമ്മാണത്തൊഴിലാളികളും കർഷക തൊഴിലാളികളുമാണ്. ഇവരെ ഉൾപ്പെടുത്തി ചെറുകിട വ്യവസായങ്ങൾ ഇതരവാർഡുകളിലുണ്ടാവണം.

## സാദ്ധ്യതകൾ

ഹൈറേഞ്ചിന്റെ പ്രധാന കാർഷികവിളകളായ കുരുമുളക്, കാപ്പി, ഏലം, കൊക്കോ തുടങ്ങിയവ ഇവിടെ ഉല്പാദിപ്പിക്കുന്നുവെങ്കിലും ഇവ സംസ്കരിച്ചെടുക്കുവാനുള്ള സാങ്കേതികസൗകര്യം ഇല്ലാത്തതിനാൽ ഇതര സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുവാൻ നിർബന്ധിതരാകുന്നു. കട്ടപ്പനയുടെ വിവിധ പ്രദേശങ്ങളിൽനിന്നും നീക്കം ചെയ്യപ്പെടുന്ന മാലിന്യങ്ങളും മറ്റും ഉപയോഗിച്ച് ജൈവവള ഫാക്ടറി തുടങ്ങുവാനുള്ള പദ്ധതിക്ക് രൂപരേഖ തയ്യാറാക്കി നടപ്പിൽ വരുത്തുന്നതിനു സാദ്ധ്യതയുണ്ട്.

ഏലം, ഗ്രാമ്പൂ, ജാതിക്കാ, ചുക്ക്, കുരുമുളക് തുടങ്ങിയവ സംസ്കരിച്ചെടുക്കുന്ന ഒരു ഫാക്ടറിക്കുള്ള സാധ്യത ഇവിടെ ഏറെയാണ്. ഇതിൽനിന്നും ലഭിക്കുന്ന സുഗന്ധദ്രവ്യങ്ങൾക്ക് കൂടുതൽ വിപണന സാധ്യതയുള്ളതിനാൽ ഇതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കണം.

സ്പൈസസ് ഉല്പന്നങ്ങൾ ചെറുപായ്ക്കറ്റുകളിലാക്കി വില്പന നടത്തുവാനുള്ള സ്വതന്ത്ര

അനുമതി തൊഴിൽ സംരംഭകർക്കു നല്കുവാൻ വേണ്ട നടപടികൾ പഞ്ചായത്ത് നടത്തണം. വില്പനക്കെത്തുന്ന കാപ്പിക്കുരു ശേഖരിച്ചുകൊണ്ട് കാപ്പിപ്പൊടി നിർമ്മാണവും വില്പനയും നടത്തുന്നതിനുള്ള സംരംഭത്തിന് സാദ്ധ്യതയുണ്ട്.

## നിർദ്ദേശങ്ങൾ

ഈ പഞ്ചായത്തിലെ വാഴവര ഭാഗത്ത് ഏറെ തേയില കൃഷിയും വ്യാപാരവും നടക്കുന്നുണ്ട്. അതിനാൽ ഈ മേഖലയിൽ ഒരു തേയില ഫാക്ടറി തുടങ്ങുന്നതിനുള്ള സാദ്ധ്യത കൂടുതലാണ്

നർദ്ദേശങ്ങൾ

കട്ടപ്പന പഞ്ചായത്തിൽ വളരെ കൂടുതൽ പാൽസംഭരണം നടത്തുന്ന വാഴവര, നിർമ്മലാസിറ്റി ഭാഗം കേന്ദ്രീകരിച്ച് പാലുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക കേന്ദ്രം സ്ഥാപിക്കുക. ഇതിൽനിന്നുമുള്ള ഉല്പന്നങ്ങൾ വിപണനം ചെയ്യുവാൻ വളരെയേറെ സൗകര്യമുണ്ട്.

പട്ടുനൂൽകൃഷിയും അതിനോടനുബന്ധിച്ചുള്ള വ്യവസായവും ഈ പഞ്ചായത്തിലെ ചില വാർഡുകളിൽ ചെയ്യാവുന്നതാണ്.

വളരെയേറെ സ്വകാര്യബസുകൾ സർവ്വീസ് നടത്തുന്ന ഒരു പ്രധാന വ്യാപാരകേന്ദ്രമായ കട്ടപ്പനയിൽ ബസ്ബോഡി നിർമ്മാണകേന്ദ്രത്തിനുള്ള സാദ്ധ്യത ഗൗരവമായി പരിഗണിക്കാവുന്നതാണ്. ഇതിന്റെ നിർമ്മാണപ്രവർത്തനത്തിൽ പരിചയമുള്ള ധാരാളം തൊഴിലാളികളെ ഈ പഞ്ചായത്തിൽ ലഭ്യമാണ്.

കന്നുകാലി വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന ധാരാളം കുടുംബങ്ങളുള്ള ഈ പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി അത്യാവശ്യമായിരിക്കുന്നു.

ആട്, പന്നി, കോഴി, മുയൽ തുടങ്ങിയ ജീവികളെ വളർത്തി വിപണനം ചെയ്യുന്നതിനുള്ള ഒരു ഫാം ആരംഭിച്ചാൽ തൊഴിൽരഹിതരായ വനിതകൾക്കും കൂടി പ്രയോജനകരമാണ്.

ആസ്ഥവിദ്യരും തൊഴിൽരഹിതരുമായ വനിതകൾക്കുവേണ്ടി വസ്ത്രനിർമ്മാണവിപണന കേന്ദ്രം അടിയന്തിരമായും വേണ്ടതാണ്.

ടെയിലറിംഗ്, എംബ്രോയ്ഡറി, നീഡിൽ വർക്ക് എന്നിവയിൽ പരിശീലനം ലഭിച്ചവരെ ഉൾപ്പെടുത്തിയുള്ള റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റും, തയ്യൽപരിശീലനകേന്ദ്രവും, നോട്ടുബുക്ക് നിർമ്മാണകേന്ദ്രവും കട്ടപ്പനയുടെ വിവിധ വാർഡുകളിൽ ചെയ്യാവുന്നതാണ്. ഈ പഞ്ചായത്തിൽ വനിതാവ്യവസായ യൂണിറ്റുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. വനിതാ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ തൊഴിലുകൾ പ്രതിബദ്ധതയോടെ പരിഹരിക്കണം.

സോപ്പ്, തീപ്പെട്ടി, ചെരുപ്പുനിർമ്മാണം, മെഴുകുതിരി, പപ്പടം തുടങ്ങിയവയുടെ വ്യവസായയൂണിറിനുവേണ്ട തൊഴിൽ സംരംഭകർ ഇവിടെ ധാരാളമുണ്ട്.

ചെറുകിട കാർഷിക വ്യവസായ മേഖല എന്ന പരിഗണനയിൽ കൂൺകൃഷി ചെയ്ത് വില്പന നടത്തുന്നതിനും വ്യാവസായികാടിസ്ഥാനത്തിൽ ഔഷധകൃഷി ചെയ്തു വിപണനം നടത്തുന്നതിനും ഉള്ള അനുകൂല സാഹചര്യം ഇവിടെ ധാരാളമുണ്ട്.

കട്ടപ്പന മിനി ഇൻഡസ്ട്രിയൽ കേന്ദ്രത്തിൽ നിന്നും വുഡൺ ഫർണ്ണീച്ചർ നിർമ്മിക്കുവാനുംമിതമായ നിരക്കിൽ വിൽക്കുവാനും ഉള്ള സാദ്ധ്യതയുള്ളതിനാൽ അതിനുള്ള സംവിധാനം നിർബന്ധമായും ഉണ്ടാകണം.

തമിഴ്നാട്ടിൽനിന്നും മറ്റുപ്രദേശങ്ങളിൽനിന്നും അറവുമാടുകളെ എത്തിച്ച് ഉപയോഗപ്പെടുത്തുന്നപ്രദേശം എന്ന നിലക്ക് ഒരു തുകൽസംസ്കരണയൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സംവിധാനം ഉണ്ടായാൽ അന്യസംസ്ഥാനങ്ങളിലേക്ക് തുകൽ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനും ഏറെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കും.

വിവിധ കൃഷിയാവശ്യങ്ങൾക്കുപയോഗിക്കുന്ന എല്ലുപൊടി ഇവിടെയെത്തുന്നത് അന്യ സംസ്ഥാനങ്ങളിൽനിന്നുമാണ്. ആയതിനാൽ ഈ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു എല്ലുപൊടി ഫാക്ടറി തുടങ്ങേണ്ടതാണ്.

വളരെയേറെ സ്വകാര്യബസുകൾ സർവ്വീസ് നടത്തുന്ന ഒരു പ്രധാന വ്യാപാരകേന്ദ്രമായ കട്ടപ്പനയിൽ ബസ്ബോഡി നിർമ്മാണകേന്ദ്രത്തിനുള്ള സാദ്ധ്യത ഗൗരവമായി പരിഗണിക്കാവുന്നതാണ്. ഇതിന്റെ നിർമ്മാണപ്രവർത്തനത്തിൽ പരിചയമുള്ള ധാരാളം തൊഴിലാളികളെ ഈ പഞ്ചായത്തിൽ ലഭ്യമാണ്.

ഈ പഞ്ചായത്തിലെ കുടുംബങ്ങളിൽനിന്നും വിദേശത്ത് ജോലിയുള്ളവർ ധാരാളമുണ്ട്. ഇവരുടെ വിവരം ശേഖരിച്ചുകൊണ്ടും , പ്രോത്സാഹനം നല്കിയും ആധുനിക വ്യവസായങ്ങൾ തുടങ്ങുവാൻ ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

ചെറുകിട എൻജിനിയറിംഗ് യൂണിറ്റ്, കംപ്യൂട്ടർ അനുബന്ധ വ്യവസായവും തുടങ്ങിക്കൊണ്ട് സാങ്കേതിക പരിജ്ഞാനം ലഭിച്ച തൊഴിൽ രഹിതർക്ക് അവസരങ്ങൾ നല്കാവുന്നതാണ്. മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിരിയിച്ചു വളർത്തിയെടുക്കുന്നതിനുള്ള കേന്ദ്രം അനുവദിച്ചുകൊണ്ട് ഈ മേഖലയിലെ തൊഴിൽ സാദ്ധ്യത പ്രയോജനപ്പെടുത്താം.

ബേക്കറി വിഭവങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഒരു വ്യവസായ യൂണിറ്റ് കട്ടപ്പനയിലെ മിനി ഇൻഡസ്ട്രിയൽ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഈ പഞ്ചായത്തിന്റെ വിവിധ ഭഗങ്ങളിൽ നിന്നും സീസൺ സമയത്ത് ടൺകണക്കിന് ചക്കക്കുരു അയൽസംസ്ഥാനത്തേക്ക് കടത്തുന്നുണ്ട്. ഇതിന്റെ ഉപോല്പന്നങ്ങൾ നമ്മുടെ നാട്ടിൽത്തന്നെ വിറ്റഴിക്കുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരം അസംസ്കൃത വസ്തു ഉപയോഗപ്പെടുത്തുന്ന ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

വൈദ്യുതി മേഖലയ്ക്കാവശ്യമായ കോൺക്രീറ്റ്പോസ്റ്റുകൾ , വെന്റിലേഷൻ, കട്ടിളകൾ, തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റു തുടങ്ങിയാൽ വിപണന സാദ്ധ്യത വളരെക്കൂടുതലാണ്. കൂടാതെ കെട്ടിട നിർമ്മിതിക്കാവശ്യമായ മെറ്റൽ ക്രഷർ യൂണിറ്റിനുള്ള സാദ്ധ്യതയും ഏറെയുണ്ട്. ഹോളോബ്രിക്സ് സിമന്റുകട്ട ചുടുകട്ട തുടങ്ങിയവയും നിർമ്മിക്കാവുന്നതാണ്.

വീടുകൾക്കും കെട്ടിടങ്ങൾക്കും ആവശ്യമായ കുമ്മായം , ജനതാസം തുടങ്ങിയവയും നിർമ്മിച്ചാൽ ഈ പ്രദേശങ്ങളിൽ വില്പനസാദ്ധ്യത വളരെക്കൂടുതലുണ്ട്.

## ടൂറിസം

വിനോദസഞ്ചാരവുമായി ബന്ധപ്പെട്ടുള്ള വിവിധ പദ്ധതികൾക്ക് ഇടുക്കിയിലെ പ്രധാന പഞ്ചായത്തായ കട്ടപ്പനയ്ക്ക് വളരെ പ്രാധാന്യമുണ്ട്. ഇടുക്കി ജലസംഭരണിയോട് അടുത്തുകിടക്കുന്ന പ്രകൃതി രമണീയത നിറഞ്ഞ പ്രദേശങ്ങൾ കട്ടപ്പന പഞ്ചായത്തിന്റെ അനുഗ്രഹമാണ്.

കട്ടപ്പനയുടെ അഞ്ചാം വാർഡിലുള്ള കല്യാണത്തണ്ട്, 7-ാം വാർഡിലുള്ള കൗവുന്തി എന്നീ പ്രദേശങ്ങളിൽ വിനോദസഞ്ചാരവുമായി ബന്ധപ്പെട്ടിട്ടുള്ള വികസന പരിപാടികൾക്ക്രൂപം കൊടുക്കണം. പഞ്ചായത്തിലെ നരിയംപാറ ഭാഗത്ത്ശബരിഗിരി കോളേജ് സ്ഥിതിചെയ്തിരുന്ന മലമുകളിൽ പ്രശസ്തമായ അയ്യപ്പക്ഷേത്രവും പരിസരവും ടൂറിസ്റ്റുകളെ വളരെക്കൂടുതൽ ആകർഷിക്കുന്നതാണ്. ഈ സ്ഥലത്തേക്കുള്ള റോഡുകളുടെ അപര്യാപ്തതയാണ് സഞ്ചാരികളെ ഇവിടെയെത്തിക്കുന്നതിനുള്ള മുഖ്യ തടസ്സം.

ഹൈറേഞ്ച് മേഖലയിൽ ആധുനിക ജീവിത സാഹചര്യവും, നാഗരികതയും കട്ടപ്പനയിൽ വളരെയുണ്ടെങ്കിലും വിനോദസഞ്ചാരം ലക്ഷ്യമാക്കിയുള്ള യാതൊരു ക്രമീകരണവും ഇതേവരെ നടന്നിട്ടില്ല. ഈ മേഖലയിലെ വികസനത്തിനു വേണ്ട ബഹുജന പരിപാടികൾ തയ്യാറാക്കുന്നതിനുള്ള സമഗ്രപദ്ധതി ബന്ധപ്പെട്ട അധികാരികൾ ചെയ്യേണ്ടതാണ്. ടൂറിസം പദ്ധതിയുടെ ഭാഗമായുള്ള ഹോട്ടൽ വ്യവസായത്തിനും സാദ്ധ്യത ഏറെയാണ്. വിദേശീയർ അടങ്ങിയ ടൂറിസ്റ്റുകളെ ഇവിടേയ്ക്ക് ആകർഷിക്കുവാൻ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹട്ടുകൾ നിർമ്മിക്കാവുന്നതും ഇവയുടെ നിർമ്മാണത്തിനുവേണ്ട ധനസഹായം അതിനായി തെരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധസംഘടനകളെ ഏല്പിച്ച് പ്രായോഗികമാക്കാവുന്നതാണ്.

പഞ്ചായത്തിലെ സമതലപ്രദേശങ്ങളായ രണ്ട്, ആറ്, ഒമ്പത്, പതിമൂന്ന് വാർഡുകളിൽ ഉദ്യാനകൃഷിയിലൂടെ പുഷ്പവ്യവസായം വളർത്തിയെടുക്കുന്നതിനുള്ള സാദ്ധ്യതകളുണ്ട്. വിനോദസഞ്ചാരവികസനത്തിന്റെ ഭാഗമായും ഇതു പരിഗണിക്കാവുന്നതാണ്. വിജ്ഞാനത്തിനും, വിനോദത്തിനും ഉതകുന്നതരത്തിലുള്ള അക്വേറിയം ഒരുക്കുവാനുള്ള പരിപാടിയും ചെയ്യാവുന്നതാണ്.

ഒരു ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസ് കട്ടപ്പന കേന്ദ്രമാക്കി പ്രവർത്തിച്ചാൽ വിനോദസഞ്ചാരികൾക്ക് കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുവാൻ സാധിക്കും.

വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ചും, പുതിയ സബ് സ്റ്റേഷൻ നിർമ്മിച്ചും വ്യാവസായിക ആവശ്യത്തിനുള്ള വൈദ്യുതിക്ഷാമം പരിഹരിക്കുക.

പഞ്ചായത്തിൽ ഭാവിയിൽ വ്യാവസായ നിർമ്മാണ പ്രവർത്തനങ്ങളാരംഭിക്കുവാൻ സ്ഥല ലഭ്യത കുറവാണന്നതിനാൽ കുറഞ്ഞത് 25 ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് കെട്ടിടങ്ങൾ നിർമ്മിച്ചുകൊണ്ടു് വ്യവസായ എസ്റ്റേറ്റാക്കി, സംരംഭകർക്ക് വാടകയ്ക്ക് നല്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തണം.

വ്യവസായം തുടങ്ങുന്നതിന് താത്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തുതലത്തിൽ ശേഖരിച്ചുകൊണ്ട് വ്യവസായ സംരംഭകരെ കണ്ടെത്തി വിദഗ്ദ്ധമായ പരിശീലനം നല്കണം.

# 5.4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## A. ഗതാഗതം

സമ്പന്നതയോടൊപ്പം ജനശക്തിയും നാടിന്റെ വികസനത്തിന്റെ മുഖ്യോപാധിയാണ്. ആ ജനശക്തി മൂലം നാം നേടിയെടുത്തതാണ് ഇടുക്കിജില്ലയിലെ പ്രത്യേകിച്ചും കുടിയേറ്റ മേഖലകളിലെ റോഡുകൾ എല്ലാം തന്നെ. മനുഷ്യശക്തി വേണ്ടവിധം ഉപയോഗപ്പെടുത്തിയതുമൂലം സാദ്ധ്യമായതാണ് കട്ടപ്പന - കുട്ടിക്കാനം റോഡിന്റെ ആദ്യകാല നിർമ്മാണം മുഴുവൻ. ആ റോഡ് കട്ടപ്പന വളർച്ചക്ക് നല്കിയ പങ്ക് വളരെ വലുതാണ്.

1963-ൽ കട്ടപ്പന പഞ്ചായത്ത് രൂപീകൃതമായപ്പോൾ ഒരിഞ്ച് ടാർ റോഡുപോലും ഈ പഞ്ചായത്തിലില്ലാ യിരുന്നു. ആവശ്യത്തിന് വീതിപോലുമില്ലാത്ത അശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കപ്പെട്ട കുണ്ടും കുഴിയും നിറഞ്ഞ മൺറോഡുകൾ പോലും പരിമിതമായിരുന്നു. കുട്ടിക്കാനം - കട്ടപ്പന റോഡും പുളിയൻമല - തൊടുപുഴ റോഡും പണിതീർന്നതോടെ കട്ടപ്പനയുടെ വികസനം ദ്രുതഗതിയിലായി. കുടിയേറ്റ മേഖലയായ കട്ടപ്പനയെ സംബന്ധിച്ചിടത്തോളം വികസനമെന്നാൽ റോഡുകൾ തന്നെ ആയിരുന്നു. അതുകൊണ്ടാവാം വികസന മേഖലകളിൽ റോഡുകൾക്ക് പ്രാധാന്യം കൊടുത്തതും ഫണ്ടുകൾ കണ്ടെത്തുവാൻ തീവ്രയത്നം നടത്തിയതും.

റെയിൽ ഗതാഗതവും ജലഗതാഗതവും ഒട്ടുമില്ലാത്ത കട്ടപ്പന പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി തൊടുപുഴ - പുളിയൻമല സംസ്ഥാനഹൈവേയും 6 കലോമീറ്റർ കിഴക്കുമാറി പുളിയൻമലയിലൂടെ കുമിളി - മൂന്നാർ സംസ്ഥാനഹൈവേയും കടന്നുപോകുന്നു. PWD വകയായി കട്ടപ്പന - ആനവിലാസം റോഡും, കട്ടപ്പന ഇരട്ടയാർ റോഡും കട്ടപ്പന - കുട്ടിക്കാനം റോഡും ഗതാഗതയോഗ്യമാണ്. ബാക്കിയുള്ള റോഡുകൾ പഞ്ചാത്തു റോഡുകളാണ്. ജവഹർ റോസ്ഗാർ യോജന പദ്ധതി പ്രകാരം പഞ്ചായത്തിലെ ഇരുപത്തിയേഴു റോഡുകളുടെ പണികൾ ഭാഗീകമായും പൗർണ്ണമായും തീർന്നിട്ടുണ്ട്. വിവിധ റോഡുകൾക്കായി 1995-96 ൽ 5,80,500 രൂപയുടെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയെങ്കിലും 3,39,064 രൂപ മാത്രമേ വിനയോഗിക്കാൻ സാധിച്ചിട്ടുള്ളു. (JRY സ്കീമിൽ ഉൾപ്പെടുത്തി പണി നടത്തിയതും നടത്തിവരുന്നതുമായ റോഡുകളുടെ വിവരം പട്ടിക A1 നോക്കുക; അവലംബം പഞ്ചായത്തു റിക്കാർഡുകൾ. ) ഉദ്ദേശം 20 കി.മീ നീളത്തിൽ സംസ്ഥാന ഹൈവേകളും 18 കി.മീ നീളത്തിൽ PWD റോഡുകളും ഈ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തുവക 156 km,റോഡിൽ 30km. റോഡ് ടാർ ചെയ്തു പണികൾ പൂർത്തിയായതാണ്. 4 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള 121 k.m റോഡ് സോളിംഗ് നടത്തി ടാർ ചെയ്യാനുള്ളപ്പോൾ 6 k.m റോഡ് സോളിംഗ് മാത്രം ചെയ്തിട്ടുള്ളതാണ്. വിവിധ വാർഡുകളിലായി 1.85 k.m നടപ്പുവഴികൾ വെട്ടിത്തുറന്നാൽ പഞ്ചായത്തിന്റെ വികസനം ദ്രുതഗതിയിലാകും.

ഉദ്ദേശം 50 സെന്റ് വിസ്തീർണ്ണം വരുന്ന ഒരു പഞ്ചായത്തുവക ബസ്സ്റ്റാൻഡ് കട്ടപ്പനയിലുണ്ട്. KSRTC ബസ് പാർക്കിംഗ് സൗകര്യം ഇല്ലാത്തതുമൂലം ആ ബസ്സുകളും ഇവിടെ പാർക്കു ചെയ്യുന്നു. ഇരുന്നൂറിനുമേൽ ബസ്സുകൾ കയറിയിറങ്ങുന്ന ഈ ബസ്സ്റ്റാൻഡിൽ വന്നുപോകുന്ന 25000 ന് മേൽ യാത്രക്കാർക്ക് ഈ ബസ്സ്റ്റാൻഡും അവിടുത്തെ സൗകര്യങ്ങളും തീരെ അപര്യാപ്തമാണ്. ബസ്സ്റ്റാൻഡിന്റെ നാലു വശത്തും പ്രവർത്തിക്കുന്ന സ്റ്റാളുകൾ ഈ അസൗകര്യം വർദ്ധിപ്പിക്കുന്നു.

300 ൽ അധികം ഓട്ടോറിക്ഷാകളും, 100 ൽ ഏറെ ലോറികളും, 200 ൽ ഏറെ ടാക്സി ജീപ്പുകളും കാറുകളും ഈ പട്ടണത്തിൽ സ്ഥിരമായി ഉണ്ടെങ്കിലും അവയ്ക്കൊന്നിനും പാർക്കിംഗ് സൗകര്യങ്ങൾ നിലവിലില്ല. വഴിയോരത്ത് പാർക്കു ചെയ്യുന്ന ഈ വാഹനങ്ങൾ വീതി കുറഞ്ഞ വഴികളുടെ അസൗകര്യം വർദ്ധിപ്പിക്കുന്നതോടൊപ്പം അപകടങ്ങൾ വരുത്തുകയും ചെയ്യുന്നു.

റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. ഓടകളും കലുങ്കുകളും ഇല്ലാത്തതുമൂലം വർഷകാലത്ത് റോഡിൽ വെള്ളം കെട്ടിക്കിടന്ന് , മിക്ക റോഡുകളും തകർന്നു പോകുന്നു. ആവശ്യമായ ഫണ്ടു ലഭിക്കായ്കയാണ് ഈ ശോച്യാവസ്ഥക്ക് കാരണം.

പുതിയ റോഡുകളുടെ നിർമ്മാണത്തെപ്പറ്റിയു, നിലവിലുള്ള റോഡുകളുടെ വികസനത്തെപ്പറ്റിയുമുള്ള നിർദ്ദേശങ്ങളും ആവലാതികളുമാണ്, ഗ്രാമസഭയുടെ ഈ വിഭാഗത്തിൽ പ്രധാന ചർച്ചാവിഷയമായത്. പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുള്ള തടസ്സങ്ങൾ പഞ്ചായത്തുസമിതികൾക്ക് പരിഹരിക്കാവുന്നതേയുള്ളൂ എന്ന് മിക്ക ഗ്രാമസഭകളും നിർദ്ദേശിച്ചിട്ടുണ്ട്.

ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് പുതിയ പാതകൾ വെട്ടിത്തുറക്കുകയും നിലവിലുള്ള മൺറോഡുകൾ വീതികൂട്ടി ടാർ ചെയ്യുകയും, സോളിംഗ് പൂർത്തിയായവ ടാർ ചെയ്യുകയും ചെയ്യേണ്ടതുണ്ട്. നിലവിലുള്ള ടാർ ചെയ്ത റോഡുകളുടെ അറ്റകുറ്റപ്പണികൾ അത്യാവശ്യമായി പൂർത്തീകരി

## പട്ടിക A1

## JRY റോഡുകളുടെ സ്ഥിതിവിവരക്കണക്കുകൾ

| നമ്പർ | റോഡിന്റെ പേര് | 92-93 ആക്ഷൻ പ്ലാൻ | | 93-94 ആക്ഷൻ പ്ലാൻ | | 94-95 ആക്ഷൻ പ്ലാൻ | | 95-96 ആക്ഷൻ പ്ലാൻ | |
|---|---|---|---|---|---|---|---|---|---|
| | | എസ്റ്റിമേറ്റ് | നല്കിയത് | എസ്റ്റിമേറ്റ് | നല്കിയത് | എസ്റ്റിമേറ്റ് | നല്കിയത് | എസ്റ്റിമേറ്റ് | നല്കിയത് |
| 1. | മാനാംതടംപടി - കൈരളിക്ലബ്ബ് | 85,000 /- | | | | | | | |
| 2. | വെള്ളയാംകുടി - കോളനി | 50,000/- | | | | | | | |
| 3. | കക്കാട്ടുപടി - പൈങ്കുളംപടി | 50,000/- | 9,000/- | 45,000/- | 36,000/- | | | | |
| 4. | മില്ലുംപടി - വാഴവര റോഡ് | 50,000/- | 26,500/- | 45,000/- | 18,500/- | | | | |
| 5. | പുളിയൻമല - ആനകുത്തി റോഡ് | 80,000/- | 45,000/- | 40,000/- | 25,000/- | | | | |
| 6. | കൊച്ചുതോവാള - പാറയ്ക്കൽ റോഡ് | 50,000/- | | | | | | | |
| 7. | വെള്ളയാംകുടി - ഹരിജൻ റോഡ് (കാഞ്ചിയാർ) | 30,237/- | 20,000/- | 42,310/- | 22,310/- | | | | |
| 8. | വെട്ടിക്കുഴക്കവല - കുമ്പിളുകവല | 72,073/- | 10,000/- | | 62,073/- | | | | |
| 9. | C.S.I. ചർച്ച് - യഹോവസാക്ഷി റോഡ് | | | 1,00,000/- | 50,000/- | | | | |
| 10. | കോളനി - കുളക്കാട്ടുവയലിൽ പടി (കൊച്ചുതോവാള) | | | 45,000/- | | | | | |
| 11. | ഒഴുകയിൽപടി - മിഷനാശുപത്രി | | | 1,00,000/- | | | | | |
| 12. | പാറക്കടവ് - ആനകുത്തി | | | 41,970/- | | | | | |
| 13. | വെള്ളയാംകുടി - വെട്ടിക്കുഴക്കവല | | | | | 65,000/- | 65,000/- | | |
| 14. | നരിയംപാറ - വള്ളക്കടവ് | | | | | 65,000/- | 65,000/- | | |
| 15. | പാറക്കടവ് - ആനകുത്തി റോഡ് | | | | | 62,661/- | 24,000/- | 62,000/- | 38,000/- |
| 16. | വാഴവര - നിർമ്മലാസിറ്റി | | | | | 45,000/- | | 60,000/- | |
| 17. | ഒഴുകയിൽപടി - മിഷനാശുപത്രി | | | | | 45,000/- | | | |
| 18. | വലിയപാറ - ഉപ്പുകണ്ടം | | | | | 45,000/- | | | |
| 19. | കടമാക്കുഴി - മേട്ടുക്കുഴിറോഡ് | | | | | 45,000/- | 9,000/- | 45,000/- | 36,000/- |
| 20. | കക്കാട്ടുപടി - പൈങ്കുളംപടി | | | | | 45,000/- | 45,000/- | | |

## പട്ടിക A1 തുടർച്ച
## JRY റോഡുകളുടെ സ്ഥിതിവിവരക്കണക്കുകൾ

| നമ്പർ | റോഡിന്റെ പേര് | 92-93 ആക്ഷൻ പ്ലാൻ എസ്റ്റിമേറ്റ് | 92-93 നല്കിയത് | 93-94 ആക്ഷൻ പ്ലാൻ എസ്റ്റിമേറ്റ് | 93-94 നല്കിയത് | 94-95 ആക്ഷൻ പ്ലാൻ എസ്റ്റിമേറ്റ് | 94-95 നല്കിയത് | 95-96 ആക്ഷൻ പ്ലാൻ എസ്റ്റിമേറ്റ് | 95-96 നല്കിയത് |
|---|---|---|---|---|---|---|---|---|---|
| 21. | വലിയപാറ - ഉപ്പുകണ്ടം | | | | | 45,000/- | 33,000/- | 45,000/- | 12,000/- |
| 22. | വെള്ളയാംകുടി - നത്തുകല്ല് | | | | | | | 1,00,000/- | 1,00,000/- |
| 23. | മരങ്ങാട്ടുപടി - സുവർണ്ണഗിരി | | | | | | | 45,000/- | |
| 24. | കവളക്കാട്ടുപടി - വള്ളക്കടവ് | | | | | | | 45,000/- | |
| 25. | പാറക്കടവ് - പുളിയൻമല | | | | | 45,000/- | 41,064/- | 62,000/- | 24,000/- |

## പട്ടിക A1 തുടർച്ച
## JRY 96 - 97 ലേക്കുള്ള ആക്ഷൻപ്ലാൻ ( റോഡ്)

| നമ്പർ | റോഡിന്റെ പേര് | എസ്റ്റിമേറ്റ് തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1. | കടമാക്കുഴി - മേട്ടുക്കുഴി റോഡ് | 45,000/- | 30,000/- |
| 2. | വെള്ളയാംകുടി - നത്തുകല്ല് | 1,00,000/- | 20,000/- |

(അവലംബം പഞ്ചായത്ത് റിക്കാർഡുകൾ)

ക്കേണ്ടതുണ്ട്.

ശ്രമദാനങ്ങൾ മൂലം നിലവിലുള്ള റോഡുകളുടെ മൺപണികൾ പൂർത്തീകരിക്കുകയും പുതിയ റോഡുകൾ വെട്ടിത്തുറക്കുകയും ചെയ്താൽ ലക്ഷക്കണക്കിനു രൂപയുടെ മൂല്യത്തിനു തുല്യമായ മനുഷ്യശക്തി വികസനത്തിന് ഉപയോഗപ്രദമാക്കാം. റോഡുനിർമ്മാണത്തിന്റെ മൂന്നിൽ ഒരു ഭാഗം ചെലവെങ്കിലും ഇത്തരത്തിൽ സമാഹരിക്കേണ്ടതുണ്ട്.

പുതുതായി വീതികൂട്ടിനിർമ്മിക്കുന്ന റോഡുകളുടെ ഓരത്ത് തേക്ക്, ആഞ്ഞിലി, മഹാഗണി തുടങ്ങിയ വൃക്ഷങ്ങൾ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വച്ചുപിടിപ്പിച്ചാൽ, പിൽക്കാലത്തും പഞ്ചായത്തിന് അതൊരു വലിയ മുതൽക്കൂട്ടായിരിക്കും.

പൂർത്തീകരിക്കാതെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളതും, വെട്ടിത്തുറക്കേണ്ടതുമായ റോഡുകളുടെ ഒരു പട്ടിക ഇവിടെ ചേർത്തിട്ടുണ്ട്. വാർഡടിസ്ഥാനത്തിൽ അവ പഠിച്ചാൽ റോഡുകൾക്കുവേണ്ടിയുള്ള ജനങ്ങളുടെ ആവശ്യത്തിന്റെ ഗൗരവം മനസ്സിലാക്കാൻ സാധിക്കും. (പട്ടിക A2-വാർഡു ക്രമത്തിൽ).

## പ്രശ്നങ്ങൾ.

1. ഉപഭോഗവർദ്ധനവിനനുസരിച്ച് റോഡുകളുടെ എണ്ണവും നീളവും വർദ്ധിക്കുന്നില്ല എന്നതിനൊടൊപ്പം അവയുടെ ഗുണനിലവാരവും ഉയരുന്നില്ല. വർദ്ധിച്ചുവരുന്ന ഗതാഗതത്തിരക്ക് അപകടങ്ങൾ ഉണ്ടാക്കുന്നു.
2. റോഡു നിർമ്മാണത്തിലുണ്ടാകുന്ന അനാവശ്യ കാലതാമസം മൂലം ഫണ്ടുകൾ ദുർവിനിയോഗം ചെയ്യപ്പെടുന്നു.
3. എല്ലാ റോഡുകളും കുറഞ്ഞത് 8 മീറ്റർ വീതിയിലെങ്കിലും ആക്കിത്തീർക്കുമ്പോൾ വമ്പിച്ച പരിസ്ഥിതിപ്രശ്നങ്ങൾ സംജാതമാകുന്നു. (കൃഷിനാശം, മരംമുറിക്കൽ, മണ്ണിടിച്ചിൽ തുടങ്ങിയവ).
4. റോഡുനിർമ്മാണത്തിലുള്ള പാകപ്പിഴകൾ ഒഴിവാക്കുന്നില്ല. നിർമ്മാണജോലികളിൽ കാര്യക്ഷമതയില്ലായ്മയും ഉത്തരവാദിത്വമില്ലായ്മയും ഒരു രൂക്ഷ പ്രശ്നം തന്നെയാണ്.
5. വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താത്തതും മൂലം അപകടങ്ങൾ ഉണ്ടാകുന്നു.
6. അപകടകരമായ വളവുകൾ, റോഡിന്റെ വീതിയില്ലായ്മ, നടപ്പാതയില്ലായ്മ തുടങ്ങിയവയാണ് നിലവിലുള്ള റോഡുകളുടെ പ്രധാന പ്രശ്നങ്ങൾ.
7. കെട്ടിടനിർമ്മാണ ചട്ടങ്ങൾ ഫലപ്രദമായിനടപ്പിൽ വരുത്താത്തതുമൂലം കെട്ടിടങ്ങൾ റോഡിനോടടുപ്പിച്ച് നിർമ്മിക്കുന്ന പ്രവണത ഏറിവരുന്നു.
8. അഞ്ചു വർഷങ്ങൾക്കുള്ളിൽ കട്ടപ്പനയിൽ ഉണ്ടാകാവുന്ന ഭീമമായ വാഹനതിരക്ക് ഒഴിവാക്കാൻ, ഇപ്പോൾ കട്ടപ്പന ടൗണിലൂടെ കടന്നുപോകുന്ന തൊടുപുഴ - പുളിയൻമല സംസ്ഥാന ഹൈവേ വെള്ളയാംകുടിയിൽ നിന്നും വെട്ടിക്കുഴക്കവല, പേഴുംകവല , സാഗരാപടി വഴി ബൈപാസ് ചെയ്ത് പുളിയൻമല റോഡിൽ എത്തിച്ചേർക്കുന്നത് ഗ്രാമസഭയിൽനിന്നുയർന്ന ക്രീയാത്മക നിർദ്ദേശങ്ങളിലൊന്നാണ്. പട്ടണത്തിലെ ഇപ്പോഴത്തെ തിരക്കും ഗണ്യമായി കുറക്കാൻ ഇത് സഹായിക്കും.
9. പ്രധാന റോഡുകളുടെ ഇരു വശങ്ങളിലുമുള്ള ഇലക്ട്രിക് - ടെലിഫോൺ പോസ്റ്റുകൾ അസൗകര്യങ്ങളും അപകടങ്ങളും ഉണ്ടാക്കുന്നു.
10. റോഡിന്റെ വശങ്ങളിൽ നിർത്തി വാഹനങ്ങൾ റിപ്പയറിംഗ് ചെയ്യുന്നത് അപകടകരമാണ്.

ഗ്രാമസഭകളിലെ ഈ വിഭാഗത്തിൽ പങ്കെടുത്തവരുടെ ചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

1. ഒഴിവാക്കാവുന്ന വളവുകളും തിരിവുകളും അടിയന്തിരമായി നിവർത്തേണ്ടതുണ്ട്. അത്യാവശ്യ ഇടങ്ങളിൽ റോഡിന് സംരക്ഷണഭിത്തി നിർമ്മിക്കുക വഴി ഒട്ടേറെ റോഡ് അപകടങ്ങൾ ഒഴിവാക്കാവുന്നതാണ്.
2. റോഡുകൾക്കെല്ലാം ഓടകളും അത്യാവശ്യ ഇടങ്ങളിൽ കലുങ്കുകളും നിർമ്മിക്കുകയാണെങ്കിൽ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് ഒരു പരിധി വരെ നിയന്ത്രണവിധേയമാക്കാം.
3. പട്ടണത്തിലെ പ്രധാന റോഡുകൾക്കൊപ്പം തിരക്കേറിയ ഇതരറോഡുകളിലും നടപ്പാതകൾ നിർമ്മിക്കുകയും, പാതയോരത്തെ ഇലക്ട്രിക് - ടെലിഫോൺ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുകയും വേണം.
4. പട്ടണത്തിലെ തിരക്ക് ഒഴിവാക്കാൻ ബസ്സ്റ്റാൻഡിൽനിന്നും 500 മീറ്ററിനുള്ളിൽ ബസ്സ്റ്റോപ്പ് അനുവദിക്കാതിരിക്കുക. ബസ്സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.
5. മുൻപുണ്ടായിരുന്ന KSRTC സർവ്വീസുകൾ എല്ലാം പുനരാരംഭിക്കുക. കട്ടപ്പനയുടെ ഉൾനാടൻ സ്ഥലങ്ങളിലേക്ക് കൂടുതൽ ബസ് സർവ്വീസുകൾക്ക് ഏർപ്പാടുണ്ടാക്കുക.
6. റോഡു വക്കിൽ മരങ്ങൾ വച്ചുപിടിപ്പിച്ചും, കല്ലുകൾകൊണ്ട് സംരക്ഷണഭിത്തികൾ കെട്ടിയും മറ്റും പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.
7. വാഹനങ്ങളുടെ ഓവർസ്പീഡ് നിയന്ത്രണവിധേയമാക്കണം. പരിസ്ഥിതി മലിനീകരണം ഒഴിവാക്കാൻ പുകപരിശോധന കർശനമാക്കണം.

## ഊർജ്ജം

1971-ൽ കട്ടപ്പനയിൽ വൈദ്യുതി എത്തിയതോടെ, ഈ പ്രദേശത്തിന്റെ വികസനത്തിന്റെ പ്രധാന പ്രതിസന്ധി ഒരളവുവരെ പരിഹരിക്കപ്പെട്ടു. ഈ പഞ്ചായത്തിൽ വൈദ്യുതി എത്തിയിട്ടില്ലാത്ത സ്ഥലങ്ങൾ ധാരാളമുണ്ട്. ഒരു ഇലക്ട്രിക്കൽ മേജർ സെക്ഷൻ കട്ടപ്പന കേന്ദ്രമായി പ്രവർത്തിക്കുന്നുവെങ്കിലും ഇവിടെനിന്നും ലഭിക്കുന്ന സേവനം

തൃപ്തികരമല്ലായെന്ന നിഗമനത്തിലാണ് മിക്ക ഗ്രാമസഭകളും എത്തിച്ചേർന്നത്.

വൈദ്യുതി ഉപയോഗിച്ചുള്ള എടുത്തുപറയത്തക്ക ഒരു വ്യവസായവും ഈ പഞ്ചായത്തിലില്ല.

ആദ്യകാലത്ത് പോത്തുപാറയിൽനിന്നാണ് ഇവിടെ വൈദ്യുതി എത്തിച്ചിരുന്നത്. പിന്നീട് വാഴത്തോപ്പ് മേജർസെക്ഷനിൽനിന്നും ലഭിച്ചുതുടങ്ങി. 1992 - ൽ കട്ടപ്പനയിൽ ഒരു സബ് സ്റ്റേഷൻ ആരംഭിച്ചു. ഇടുക്കിയിൽനിന്നും കട്ടപ്പന സബ്സ്റ്റേഷനിലേക്ക് 66 കെ.വി. ലൈൻ വലിക്കാൻ ഒട്ടേറെക്കാലം ഒട്ടേറെ പ്രതിസന്ധികളെ നേരിടേണ്ടിവന്നു.

വൈദ്യുതിയുടെ കൂടുതൽ അംശവും ഗാർഹികാവശ്യത്തിനാണ് ഉപയോഗിക്കുന്നതും. ചെറുകിടവ്യവസായ ങ്ങൾക്കും, വ്യാപാര ആവശ്യങ്ങൾക്കും വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള 33 ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നതാണ്. വൈദ്യുതിയുള്ളയിടങ്ങളിൽ വോൾട്ടേജ് കുറവിനെപ്പറ്റി ധാരാളം പരാതികളുണ്ട്. നിലവിലുള്ള മീറ്ററുകളിൽ അധികവും പ്രവർത്തനക്ഷമമല്ല.

ഈ പഞ്ചായത്തിലാകെ 6 കി. മീ. 66 കെ.വി. ലൈനും, 40 കി. മീ. 11 കെ. വി. ലൈനും 3000 കി. മീ. 3 ഫേസ് ലൈനും 12,000 കി. മീ. നീളത്തിൽ സിംഗിൾ ഫേസ് ലൈനും ഉണ്ട്. ധാരാളം പേർ ഇനിയും വൈദ്യുതി കാത്തിരിക്കുന്നു. ഈ പഞ്ചായത്തിൽ ഉപഭോക്താക്കളിൽ 4980 പേർ ഗൃഹസ്ഥരും 1204 പേർ വ്യാപാരികളും 76 പേർ വ്യവസായികളും 107 പേർ കർഷകരുമാണ്.

പഞ്ചായത്തിലാകമാനം ------സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെങ്കിലും അവയൊന്നുംതന്നെ പ്രവർത്തനക്ഷമമല്ല. പ്രധാന കവലകളിലെ സോഡിയം വെപ്പർ ലാമ്പുകൾ പ്രകാശിക്കുന്നില്ല. പഞ്ചായത്തിലെ പ്രധാനപ്പെട്ട എല്ലാ നിരത്തുകളിലും വഴിവിളക്കുകളും, വാർഡുകളിലെ പ്രധാന സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകളും സ്താപിക്കണം.

പാചകത്തിന് വൈദ്യുതി ഉപയോഗിക്കുന്ന രീതി ഇവിടെ പരിമിതമായ തോതിലുണ്ട്. പാചകാവശ്യത്തി ന്കൂടുതൽ ആളുകളും വിറക് ഉപയോഗിക്കുന്നു. കുറഞ്ഞ ശതമാനം വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ട്. LPG ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. പക്ഷേ അത് ലഭിക്കാനുള്ള പ്രതിബന്ധവും കാലതാമസവും മൂലം വിറക് എന്ന ഊർജ്ജ സ്രോതസ്സിനെ ആശ്രയിക്കാതെ നിവൃത്തിയില്ല.

ഗോബർഗ്യാസ് പ്ലാന്റ് നിർമ്മിക്കാനുള്ള ധനസഹായ വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കേണ്ടതുണ്ട്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം വ്യാപകമാക്കിയാൽ വിറകുപയോഗം ഗണ്യമായി കുറക്കുവാൻ സാധിക്കും.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ധാരാളമുണ്ട്. ഉള്ള സ്ഥലങ്ങളിലെ വോൾട്ടേജ് പ്രശ്നം രൂക്ഷമാണ്.
2. വൈദ്യുതിനഷ്ടം : പ്രേക്ഷണ-വിതരണരംഗത്തെ വൈദ്യുതിബോർഡിന്റെ ശ്രദ്ധക്കുറവ്, മരച്ചില്ലകളും മറ്റും നീക്കം ചെയ്യാതിരിക്കുന്നത് ഒരു സ്ഥിരം പ്രശ്നമാണ്.
3. വൈദ്യുതി എത്തിയിട്ടില്ലാത്ത SC/ST കോളനികൾ എത്രയുംവേഗം വൈദ്യുതീകരിക്കേണ്ടതുണ്ട്.
4. സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത വാർഡുകളാണ് അധികവും.
5. വരുന്ന വൈദ്യുതിയുടെ അളവും വിതരണം ചെയ്യുന്ന വൈദ്യുതിയുടെ അളവും തമ്മിലുള്ള വ്യത്യാസം ശ്രദ്ധാപൂർവ്വം പരിഗണിക്കുന്നില്ല.
6. സ്റ്റെപ് അപ് ഉപയോഗിക്കുന്നതിന് ഫലപ്രദമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.
7. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജീവനക്കാരുടെ സഹകരണം ലഭിക്കാത്തത് ഒരു വലിയ പ്രശ്നം തന്നെയാണ്.
8. കാർഷിക-വ്യവസായിക മേഖലയിലൊഴിച്ചുള്ള എല്ലാ വൈദ്യുതി കണക്ഷനുകളും (പോസ്റ്റു വേണ്ടാത്തവയുൾപ്പടെ) മുൻഗണനാക്രമത്തിൽ മാത്രം നല്കാൻ ഏർപ്പാടുണ്ടാക്കുക.
9. ബയോഗ്യാസ്, പുകയില്ലാത്ത അടുപ്പ് ഇവയുടെ ഉപയോഗത്തേപ്പറ്റി ബോധവത്കരണം അത്യാവശ്യമാണ്.

## പരിഹാരങ്ങൾ

വിതരണ രംഗത്തെ ന്യൂനതകളും വ്യാപകമായ സ്റ്റെപ്പ് അപ് ഉപയോഗവും വോൾട്ടേജ് കുറയ്ക്കുവാൻ കാരണമാക്കുന്നു. മരച്ചില്ലകളിൽ ലൈൻ തട്ടുന്നതു മൂലമുണ്ടാകുന്ന വൈദ്യുതി നഷ്ടവും നിസ്സാരമായ ഈ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതുണ്ട്.

പഞ്ചായത്തിന്റെ മുഴുവൻ സ്ഥലങ്ങളിലും വൈദ്യുതി ലഭ്യമാക്കുന്നതിനാവശ്യമായ ലൈനുകൾ നീട്ടി വലിക്കുക, പോസ്റ്റുകൾ സ്ഥാപിക്കുക തുടങ്ങിയ ജോലികൾക്ക് ബഹുജന സഹകരണം ലഭ്യമാക്കേണ്ടതും ബോർഡ് ജീവനക്കാരുടെ സേവനം കൂടുതൽ തൃപ്തികരമാക്കേണ്ടതുമാണ്.

കാർഷിക വ്യാവസായികാവശ്യങ്ങൾക്ക് മുൻഗണനാക്രമം നോക്കാതെതന്നെ വൈദ്യുതി ലഭ്യമാക്കേണ്ടതുണ്ട്.

വോൾട്ടേജ് ക്ഷാമം രൂക്ഷമായ ഇടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതുണ്ട്.

എല്ലാവീടുകളിലും കന്നുകാലികളെ വളർത്തിയാൽ , ഗോബാർഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച്

വിറക്, വൈദ്യുതി, എൽ. പി. ജി. തുടങ്ങിയ ഊർജ്ജങ്ങളുടെ ഉപഭോഗം കുറയ്ക്കുവാൻ സാധിക്കും.

പുകയില്ലാത്ത അടുപ്പുകളേക്കുറിച്ചും, ബയോ ഗ്യാസ് പ്ലാന്റുകളേക്കുറിച്ചും വ്യാപകമായി പ്രചരണം അത്യാവശ്യമാണ്.

പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തണം.

ഉയർന്ന പ്രദേശങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് ഊർജ്ജ പ്രതിസന്ധി ഒരുപരിധിവരെ പരിഹരിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലുള്ള പട്ടികജാതി/ പട്ടികവർഗ്ഗ/ആദിവാസി കോളനികൾ വൈദ്യുതികരിക്കേണ്ടതും അത്യാവശ്യമാവണം.

വൈദ്യുതി ബോർഡാഫീസിലെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് പരിശോധിക്കുവാൻ അവസരം നല്കണം.

വൈദ്യുതിപ്രസരണ നഷ്ടം ഒഴിവാക്കാനും വൈദ്യുതിയുടെ ദുരുപയോഗം തടയാനും അപകടങ്ങൾ ഒഴിവാക്കുവാനും വൈദ്യുതിബോർഡിന്റെ സഹകരണത്തോടെ ബോധവല്ക്കരണപരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

## മാർക്കറ്റ്

കുരുമുളക്, ഇഞ്ചി, ഏലം, കപ്പ, വാഴക്കുല, തേങ്ങ, പാക്ക് തുടങ്ങിയവയാണ്. കട്ടപ്പന പഞ്ചായത്തുവക മാർക്കറ്റിൽ വില്പനക്ക് എത്തുന്ന പ്രധാന വിളകൾ.

മത്സ്യ-മാംസ-പച്ചക്കറിമാർക്കറ്റുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഓരോ വർഷവും ഈ മാർക്കറ്റുകളിൽ നിന്നും നികുതി പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തുകൊടുക്കുകയാണ് പതിവ്. ആഴ്ചയിൽ എല്ലാ ദിവസവും പ്രവർത്തിക്കുന്ന മത്സ്യ-മാംസ മാർക്കറ്റും ശനിയാഴ്ചകളിൽ പ്രവർത്തിക്കുന്ന പച്ചക്കറിമാർക്കറ്റുകളും തിരക്കേറിയതാണ്.

പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളിൽ മാർക്കറ്റുകൾ നിലവിലില്ല. ഈ പഞ്ചായത്തിന്റെ നിർമ്മലാസിറ്റി, വള്ളക്കടവ്, കൊച്ചുതോവാള, പുളിയൻമല തുടങ്ങിയ ഇടങ്ങളിൽ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകളേറെയുണ്ട്.

പട്ടണത്തിനുള്ളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന മാർക്കറ്റുകൾ പട്ടണത്തിനു പുറത്തേക്ക് മാറ്റേണ്ടത് അത്യാവശ്യമാണ്. മാർക്കറ്റിലെ ശുചിത്വമില്ലായ്മ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ഇവിടെ വിപണനം നടത്തുന്ന മലഞ്ചരക്കുകൾ കൊച്ചി വിപണിയിലേക്ക് ലോറിമാർഗ്ഗം കൊണ്ടുപോകുന്നു. ഇവിടുത്തെ മാർക്കറ്റിംഗ് കൺസ്യൂമർ മേഖല ആയിരത്തിലേറെ ആളുകളുടെ ജീവിതമാർഗ്ഗമാണ് വിപണനമേഖലയുടെ ആധിപത്യം സ്വകാര്യ വ്യക്തികൾക്കാണ്. സഹകരണമേഖലയിലുള്ള ഏകസ്ഥാപനമായ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.

ഉപഭോക്തൃ മേഖലയിലെ സേവനവും തൃപ്തികരമല്ല. റേഷൻകടകളിലും മാവേലി സ്റ്റോറിലും ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത വളരെക്കുറവാണ്. ഇവിടെ പ്രവർത്തിച്ചു വരുന്ന ഇടുക്കി ജില്ലാ മൊത്തവ്യാപാരസഹകരണസംഘത്തെ തൃപ്തികരമായ രീതിയിൽ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ ജനത്തിരക്കേറിയ മേഖലകളിൽ ഉപഭോക്തൃസഹകരണ സംഘങ്ങൾ സ്ഥാപിച്ച്, ഭക്ഷ്യ വസ്തുക്കളും മറ്റ് അവശ്യ സാധനങ്ങളും വിതരണം ചെയകയുകയാണെങ്കിൽ വിലനിലവാരം ഒരു പരിധി വരെ പിടിച്ചുനിർത്താനാവും.

കാർഷികോല്പാദന മേഖലകളിൽ മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതുമൂലം കർഷകർക്ക് ഉയർന്ന വില ലഭ്യമാകും.

കർഷകരുടെ ഉല്പന്നങ്ങൾ വിലകൂടുമ്പോൾ വില്ക്കുവാനും, അതുവരെ സൂക്ഷിച്ചുവയ്ക്കാനും കട്ടപ്പനയിൽ ഇപ്പോഴുള്ള വെയർഹൗസ് അപര്യാപ്തമാണ്. അതുകൊണ്ട് ഈ വെയർഹൗസ് വിപുലീകരിക്കേണ്ടതുണ്ട്.

കാർഷികോല്പന്നങ്ങൾ വില്പനയ്ക്കായി യഥേഷ്ടം മാർക്കറ്റിൽ കൊണ്ടുവരാനുള്ള സ്വാതന്ത്ര്യം ലഭ്യമാക്കണം. കർഷകരുടെ ഉല്പന്നങ്ങൾ മാർഗ്ഗമദ്ധ്യേ തന്നെ വില്പന നികുതി ഉദ്യോഗസ്ഥർ പരിശോധിച്ച് പിഴ ഈടാക്കുന്നത് ശരിയായ രീതിയല്ല. കാർഷികോല്പന്നങ്ങളുടെ പരിശോധന സംസ്ഥാന അതിർത്തിയിലുള്ള ചെക്കുപോസ്റ്റുകളിൽ മാത്രം ആക്കുക.

കാർഷികോല്പന്നങ്ങൾ യഥേഷ്ടം വിറ്റഴിക്കുവാനുള്ള നിയമതടസ്സങ്ങൾ ഒഴിവാക്കണം. എങ്കിൽ മാത്രമേ കർഷകർക്ക് ന്യായമായ വില ലഭിക്കുകയുള്ളൂ.

എല്ലാ വാർഡിന്റെയും പ്രധാന കേന്ദ്രങ്ങളിൽ റേഷൻ കടകൾ ആരംഭിക്കുകയും എല്ലാവിധ നിത്യോപയോഗ സാധനങ്ങളും അവിടെ ലഭ്യമാക്കുകയും ചെയ്യുക.

പഞ്ചായത്തിന് ഉയർന്ന വരാമാനം ലഭ്യമാകുന്ന കന്നുകാലിചന്ത സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്.

**പൊതുനിർദ്ദേശങ്ങൾ**

1. കട്ടപ്പന പട്ടണത്തിലെ ട്രാഫിക് സംവിധാനം പരിഷ്കരിക്കേണ്ടതുണ്ട്. അതിനായി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിക്കുക.
2. കട്ടപ്പനയിലെ ഉപഭോക്തൃ-വിപണന ശൃംഖലയിലെ വിപുലമായ സാധ്യതകളെപ്പറ്റി ഗവൺമെന്റുതലത്തിൽ പഠനം നടത്തേണ്ടതുണ്ട്. ഈ മേഖലയിലെ

അനന്യസാധാരണമായ സാധ്യതകൾ കണ്ടുപിടി ക്കുകയും ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുകയും ചെയ്യാൻ ഇതുമൂലം സാധിക്കും.

3. വളർത്തുമൃഗങ്ങളിൽനിന്നും പ്രകൃതിയിൽനിന്നും, കാറ്റിൽനിന്നും, സൂര്യപ്രകാശത്തിൽനിന്നും, വൻതൊതിൽ ഊർജ്ജം ലഭിക്കാനുള്ള സാധ്യതകൾ ഉപയോഗപ്രദമാക്കുവാൻ പദ്ധതികൾ ആവിഷ് കരിക്കണം.

# പട്ടിക A2

## എല്ലാ പണികളും പൂർത്തിയാക്കി ടാറിംഗ് നടത്തേണ്ട റോഡുകൾ

| ക്രമനമ്പർ | റോഡിന്റെ പേര് | ദൂരം | വാർഡുനമ്പർ |
|---|---|---|---|
| 1. | ഞാറ്റുതൊട്ടിപടി - കുരിശുപടി | 800 മീറ്റർ | 1 |
| 2. | കക്കാട്ടുപടി - പൈങ്കുളംപടി | 700 .. | 1 |
| 3. | യഹോവസാക്ഷി- വഞ്ചിന്താനം | 500 .. | 1 |
| 4. | പാറക്കണ്ടംപടി - ഹൗസിംഗ് കോളനി | 500 .. | 1 |
| 5. | ഭൂപണയബാങ്ക് - സാഗരാപടി | 200 .. | 1 |
| 6. | എസ്. എൻ കവല - പേഴുംകവല | 1500 .. | 1 |
| 7. | തോപ്പിൽപടി - മന്നിക്കപടി | 1500 .. | 1 |
| 8. | കുന്തളംപാറ -അമ്പലപ്പാറ | 2500 .. | 2 |
| 9. | പെരുമന - പതിയാനിപടി | 1000 .. | 2 |
| 10. | കുരിശുപള്ളി - പുറംചിറ | 500 .. | 2 |
| 11. | ചപ്പാത്ത് - രത്തിനപ്പാറ | 4000 .. | 3 |
| 12. | കടമാക്കുഴി - മേട്ടുക്കഴി | 1000 .. | 3 |
| 13. | കടമാക്കുഴി - കൽത്തൊട്ടി | 4000 .. | 3 |
| 14. | ചപ്പാത്ത് - മേട്ടുക്കുഴി | 1500 .. | 3 |
| 15. | കടമാക്കുഴി - കുമളി | 1000 .. | 3 |
| 16. | തങ്കുഴി - നരിയമ്പാറ | 1500 .. | 4 |
| 17. | പാറമട - പുളിക്കൽത്താഴെപടി | 850 .. | 4 |
| 18. | മൂലേക്കട - ജവഹർകോളനി | 1000 .. | 4 |
| 18. (a) | നരിയമ്പാറസ്കൂൾക്കവല-കടമാക്കുഴി | 2500 .. | 4 |
| 19. | വള്ളക്കടവ് - നരിയമ്പാറ | 2500 .. | 4 |
| 20. | തൊവരയാർ - വള്ളക്കടവ് | 2000 .. | 4 |
| 20.(a) | പാറമട - തൊവരയാർ | 1500 .. | 4 |
| 21. | പ്ലാമൂട് - പൊന്നിക്കവല | 1000 .. | 5 |
| 22. | ആഞ്ഞിലിപ്പാലം - കല്യാണത്തണ്ട് | 800 .. | 5 |
| 23. | കുത്തുകല്ലുങ്കപ്പടി - നിർമ്മലാ സിറ്റി | 800 .. | 5 |
| 24. | ഇരുപതേക്കർ - പൊന്നിക്കവല-കാഞ്ചിയാർ | 3000.. | 5 |
| 25. | ഇരുപതേക്കർ - പള്ളിമേട് | 1000 .. | 5 |
| 26. | യൂണിയനോഫീസ് - വെള്ളയാംകുടി | 3000 .. | 6 |
| 27. | വെള്ളയാംകുടി - സുവർണ്ണഗിരി- ആഞ്ഞിലിപ്പാലം | | 6 |
| 28. | യൂണിയനോഫീസ് - ഐ.റ്റി.ഐ-ആശ്രമം | 2000 .. | 6 |
| 29. | ഇടുക്കിക്കവല - മരങ്ങാട്ടുപടി-സുവർണ്ണഗിരി | | 6 |
| 30. | ഇടുക്കിക്കവല - കൈരളി-ആഞ്ഞിലിപ്പാലം | | 6 |
| 31. | കുമ്പിക്കപ്പടി -കൈരളി | 1000 .. | 6 |
| 32. | കോഴിമണ്ണിൽ -ശ്രീചിത്തിര-കല്യാണത്തണ്ട് | 2000 .. | 6 |
| 33. | ഗവൺമെന്റു സ്കൂൾ - കളരിക്കൽപടി | 1500 .. | 6 |

| ക്രമനമ്പർ | റോഡിന്റെ പേര് | ദൂരം | വാർഡുനമ്പർ |
|---|---|---|---|
| 34. | പേഴുംകാട്ടിൽ - തറക്കുന്നേൽ-ഓവേലി | 500 .. | 6 |
| 35. | കോളേജ് - പശുപ്പാറപ്പടി | 500 .. | 6 |
| 36. | കവളക്കാട്ട് - കുരിശുമല | 3000 .. | 6 |
| 37. | കോളേജ് റോഡ് - മിഷൻകോളനി | | 6 |
| 38. | പോങ്ങൂർപടി - മണ്ണാത്തിക്കുളം | 1000 .. | 7 |
| 39. | പള്ളിനിരപ്പ് - മുളകരമേട് | 3000 .. | 7 |
| 40. | നിർമ്മലാസിറ്റി-വാഴവര | 2500 .. | 7 |
| 41. | വാഴവര - കവുന്തി | 2500 .. | 7 |
| 42. | വാഴവര -പരപ്പനങ്ങാടിറോഡ് | 1000 .. | 7 |
| 43. | കുരിശുപള്ളിപ്പടി -പള്ളിനിരപ്പ് | 1000 .. | 7 |
| 44. | പോങ്ങൂർപടി - ഗൊവേന്തപടി | 1000 .. | 7 |
| 45. | പോങ്ങൂർപടി -ചില്ലിംഗ് പ്ലാന്റ് റോഡ് | 1300 .. | 7 |
| 46. | പോങ്ങൂർപടി -ചെമ്പകപ്പാറപടി | 1000 .. | 7 |
| 47. | മൂഴിയങ്കൽപടി -യക്കോബായപള്ളിപടി | 4000 .. | 7 |
| 47(a) | ചാലിപ്പടി - മൂഴിയാങ്കൽപടി | 600 .. | 7 |
| 48. | വെള്ളയാംകുടി - കൃഷ്ണൻകുടി-നിർമ്മല | 1000 .. | 8 |
| 49. | മുളകരമേട് -മന്തിക്കാനം-വെള്ളയാംകുടി | 5000 .. | 8 |
| 50. | വെള്ളയാംകുടി-ലക്ഷംവീട് | 2000 .. | 8 |
| 51. | പാലത്തിനാൽപടി-നത്തുകല്ല് | 2000 .. | 8 |
| 52. | മൂലേപ്പടി-കൊച്ചുകുടിപടി | 1500 .. | 8 |
| 53. | കുഞ്ഞേട്ടൻകട-നടക്കൽകട | 2000 .. | 8 |
| 54. | വെട്ടിക്കുഴക്കവല-കുമ്പിളുകവല-നത്തുകല്ല് | 3000 .. | 9 |
| 55. | കുമ്പിളുകവല - വലിയപാറ | 1500 .. | 9 |
| 56. | കുമ്പിളുകവല-പുഞ്ചിരിക്കവല-വലിയപാറ | 2500 .. | 9 |
| 57. | വെട്ടിക്കുഴക്കവല-കുറുമണ്ണിൽപടി | 1000 .. | 9 |
| 58. | മുസ്ലീംപള്ളി-കുറുമണ്ണിൽപടി | 2000 .. | 9 |
| 59. | വെള്ളയാംകുടി - നത്തുകല്ല് | 3000 .. | 9 |
| 60. | മുസ്ലീം പള്ളി-വെട്ടിക്കുഴക്കവല | 1000 .. | 9 |
| 61. | പൊരുന്നോലിൽപടി- പഞ്ഞിക്കാട്ടിൽപടി | 300 .. | 9 |
| 62. | കട്ടപ്പന-കല്ലുകുന്ന്-മുസ്ലീംപള്ളി | 2000 .. | 10 |
| 63. | മുല്ലശ്ശേരപടി-സരസൻപടി | 200 .. | 10 |
| 64. | കട്ടപ്പന-കൊച്ചുതോവാള-ഉപ്പുകണ്ടം | 7000 .. | 11 |
| 65. | വലിയപാറ-മൂന്നാനപ്പള്ളി | 2500 .. | 11 |
| 66. | എസ്.എൻ.കവല -വലിയപാറ | 1000 .. | 11 |
| 67. | എസ്. എൻ.കവല-മുളമറ്റംപടി | 1000 .. | 11 |
| 68. | നിരപ്പേൽക്കട-പൂവേഴ്സ് മൗണ്ട് | 5000 .. | 11 |
| 69. | കൊച്ചുതോവാള - പൂവേഴ്സ് മൗണ്ട് | 2000 .. | 11 |
| 70. | പുഞ്ചിരിക്കവല-കോളനിറോഡ് | 1000 .. | 11 |
| 71. | ചക്കക്കാനം-പൂവേഴ്സ് മൗണ്ട് | 4000 .. | 11 |
| 72. | സ്കൂൾക്കവല-മറ്റത്തിൽപടി | 1000 .. | 11 |
| 73. | ആശ്രാമം പടി-പൂവേഴ്സ് മൗണ്ട് | 2000 .. | 11 |
| 74. | ഇലവന്തിക്കൽപടി-ആനകുത്തി | 6500 .. | 12 |
| 75. | ആനകുത്തി-അമരാവതി | 2000 .. | 12 |
| 76. | പുളിയൻമല-പളിയക്കുടി | 2000 .. | 12 |
| 77. | സാഗാരാ - ലക്ഷംവീട് | 150 .. | 12 |
| 78. | പുളിയൻമല - പള്ളിപ്പടി-അമ്പലപ്പാറ | 2000 .. | 13 |
| 79. | പാറക്കടവ് - ശാന്തിപ്പടി | 1500 .. | 13 |
| 80. | കട്ടപ്പന - കുന്തളംപാറ - പാറമട | 2000 .. | 13 |

| | | | |
|---|---|---|---|
| 81. | പാലാക്കടപ്പടി - വയലിപ്പടി | 500 .. | 13 |
| 82. | കട്ടപ്പന - മാലി | 3500 .. | 2 |
| 83. | എ. കെ.ജി.പടി-കല്യാണത്തണ്ട് | 2500 .. | 5 |
| 84. | സുവർണ്ണഗിരി - പൊന്നിക്കവല റോഡ് | 2000 .. | 5 |
| 85. | ഇരുപത്തഞ്ചു കോളനി - കല്യാണത്തണ്ട് | 1000 .. | 5 |
| 86. | കാണക്കാലിപടി - കല്യാണത്തണ്ട് | 1000 .. | 5 |
| 87. | മുളകരമേട് - കല്യാണത്തണ്ട് | 1000 .. | 5 |

## പട്ടികA-3 വെട്ടിത്തുറക്കേണ്ട നടപ്പാതകൾ

| ക്രമനമ്പർ | പേര് | ദൂരം | വാർഡ് |
|---|---|---|---|
| 1. | സ്റ്റേറ്റുബാങ്ക് പടി -ഇടുക്കിക്കവല | 1000 മീറ്റർ | 1 |
| 2. | പൊന്നത്തുപടി-യാക്കോബായപള്ളി-കാണക്കാലിപടി | 500 .. | 1 |
| 3. | മിഷനാശുപത്രിപ്പടി - വാന്തുപറമ്പിൽപടി | 500 .. | 1 |
| 4. | മിഷനാശുപത്രിപ്പടി - കല്ലുവെട്ടത്തുപടി | 300 .. | 1 |
| 5. | മിനി- പന്നാംകുഴിപടി | 300 .. | 1 |
| 6. | തോപ്പിൽപടി - മന്നിക്കപടി | 1000 .. | 1 |
| 7. | കുന്തളംപാറ - അമ്പലപ്പാറ | 2500 .. | 2 |
| 8. | വേഴമ്പതോട്ടം - പൂവാങ്കൽപടി | 700 .. | 2 |
| 9. | വട്ടുകുന്നേൽപടി - വട്ടമറ്റം പടി | 1000 .. | 2 |
| 10. | വലിയപടിഞ്ഞാറേതിൽപടി - ചെമ്പകശ്ശേരിപ്പടി | 1500 .. | 2 |
| 11. | എക്സൽപടി - തൂങ്കുഴി റോഡ് | 1000 .. | 4 |
| 12. | പള്ളിപ്പടി - പൊട്ടനാനിപ്പടി | 800 .. | 4 |
| 13. | കുരിശുപള്ളിക്കവല - മണ്ണനാൽപടി | 600 .. | 2 |
| 14. | കരിമ്പാനിപ്പടി - രത്തിനപ്പാറ | 3000 .. | 3 |
| 15. | കടമാക്കുഴി - നെടുങ്കാനം | 5000 .. | 3 |
| 16. | പൊയ്യത്താനിപ്പടി - കടമാക്കുഴി | 1000 .. | 4 |
| 17. | സ്കൂൾക്കവല - കോൺവെന്റ് - ഐ.റ്റി.ഐ. കുന്ന് | 700 .. | 6 |
| 18. | പൊരുന്നോലിപ്പടി - കൊച്ചുകുടിപ്പടി- മാതിരംപള്ളിപ്പടി | 200 .. | 9 |
| 19. | കളരിപ്പടി - കുമ്പിളുംകവല | 300 .. | 9 |
| 20. | കൊല്ലാറപ്പടി - കാവുങ്കൽപടി | 500 .. | 9 |
| 21. | പഞ്ഞിക്കാട്ടിൽപടി - മാവുങ്കൽപടി | 900 .. | 9 |
| 22. | പാറക്കടവ്- ഹിൽടോപ്പ് | 3000 .. | 13 |
| 23. | പള്ളിക്കവല - ഇടുക്കിക്കവല | 2000 .. | 1 |
| 24. | വേലമ്മാവുകുടി - തേക്കനാൽപടി | 200 .. | 2 |
| 25. | കുഴിപ്പള്ളിപടി - കല്യാണത്തണ്ട് | 200 .. | 5 |
| 26. | പ്ളാമൂട്ടിൽപടി - പാറപ്പനാൽപടി | 300 .. | 3 |
| 27. | ആഞ്ഞിലിപ്പാലം - കല്യാണത്തണ്ട് | 800 .. | 5 |
| 28. | പള്ളിമുക്ക് - കുരിശുമല റോഡ് | 800 .. | 5 |
| 29. | കാനാട്ടുപടി - തുണ്ടത്തിൽപടി | 400 .. | 5 |



*വേൾഡ് വിഷന്റെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ പണിയുന്ന വാഴവര-നിർമ്മലാസിറ്റി റോഡിന്റെ മണ്ണുപണികളുടെ ഉദ്ഘാടനകർമ്മം പുനരർപ്പണദിനമായ നവം:1-ന് ഇടുക്കി എം. എൽ. എ. പി.പി. സുലൈമാൻ റാവുത്തർ വാഴവരയിൽ നിർവ്വഹിക്കുന്നു. കട്ടപ്പന പഞ്ചായത്ത് പ്രസി. പി.സി. മാത്യു, ജില്ലാ പഞ്ചായത്ത് വൈസ്. പ്രസി. മേരി സിറിയക്, ബ്ലോക്ക് പഞ്ചായത്ത് അംഗം മേരി ജോസഫ്, പഞ്ചായത്ത് മെമ്പർ കെ. കെ. സുശീലൻ, റോഡ് കമ്മറ്റി സെക്ര.വി.എൻ. സുരേന്ദ്രൻ, വേൾഡ് വിഷൻ പ്രതിനിധി എന്നിവരേയും കാണാം.*



*8-ാം വാർഡിൽ 1996 **നവം.** 1-ാം **തീയതി** പുനരർപ്പണ ദിനാചരണത്തിന്റെ ഭാഗമായി വെള്ളയാംകുടി-മന്തിക്കാനം റോഡിന്റെ നിർമ്മാണോദ്ഘാടനം വാർഡ് മെമ്പർ മേരിക്കുട്ടി ജോസഫ് നിർവ്വഹിക്കുന്നു.*

# കുടിവെള്ളവും പൊതുജനാരോഗ്യവും

കട്ടപ്പന പഞ്ചായത്തിൽ 25% കുടുംബങ്ങൾക്കു മാത്രമാണ് സ്വന്തമായി കിണറോ, കുളമോ ഉള്ളത്. 50% കുടുംബങ്ങൾ പൊതു കിണറുകളെയോ, കുളങ്ങളേയോ ആശ്രയിക്കുമ്പോൾ 25% പൈപ്പു ലൈനുകളേയാണ് ആശ്രയിക്കുന്നത്. പൊതുവേ പറഞ്ഞാൽ, ജനുവരിമാസം മുതൽ ജൂൺമാസം വരെ ഈ പഞ്ചായത്തിൽ ജലക്ഷാമം രൂക്ഷമാണ്. എല്ലാ വാർഡുകളിലും തന്നെ പൊതു കിണറുകളും, കുഴൽ കിണറുകളും, വാട്ടർ അതോറിറ്റിവക പൈപ്പുലൈനുകളുമൊക്കെ ഉണ്ടങ്കിലും പലതും പ്രവർത്തനക്ഷമമെന്നു പറയുക വയ്യ. E.A.S. പദ്ധതിപ്രകാരം മിക്ക വാർഡുകളിലും കുളങ്ങൾ നിർമ്മിച്ചിട്ടുണ്ടങ്കിലും അവ ചില തോട്ടം ഉടമകൾ സ്വകാര്യ ആവശ്യങ്ങൾക്കു മാത്രമായിട്ടാണ് ഉപയോഗിച്ചു വരുന്നത്. കിലോമീറ്ററുകൾ താണ്ടി തലച്ചുമടായി വെള്ളം കൊണ്ടുവന്ന് വീട്ടാവശ്യങ്ങൾ നടത്തുന്ന കുടുംബങ്ങൾ ഈ മേഖരയിൽ ഉണ്ട്. തോട്ടം മേഖരയിലെ കീടനാശിനി പ്രയോഗവും ശുദ്ധജല ദൗർലഭ്യവും മൂലം ചില ജലജന്യരോഗങ്ങൾ കാണപ്പെടുന്നുണ്ട്.

**ജലക്ഷാമം ഉള്ള പ്രധാന സ്ഥലങ്ങൾ:-**

1 - ാം വാർഡിൽ പോലീസ്സ്റ്റേഷനു സമീപമുള്ള കോളനിയിൽ ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. 7 കോളനിയടക്കം 80% പ്രദേശവും കുടിനീർക്ഷാമം അനുഭവിക്കുന്ന പ്രദേശമാണ് 2 - ാം വാർഡ്. സർക്കാർ ചുമതലയിലുള്ള ജലവിതരണവും മേട്ടുക്കുഴി ഭാഗത്തുള്ള ജലവിതരണവും കാര്യക്ഷമമല്ല.

3-ാം വാർഡിൽ വള്ളക്കടവ് കോളനിയിലും സ്നേഹസദൻ, കവളക്കാട്ടുപടി, അമ്പലക്കവല പടി മിഷൻ ആശുപത്രിപടി എന്നിവിടങ്ങളിൽ ജലക്ഷാമം രൂക്ഷമാകാറുണ്ട്.

4 - ാം വാർഡിൽ തൂങ്കുഴിഭാഗത്തും, വള്ളിപ്പാറ ഭാഗത്തും നരിയമ്പാറ ഹരിജൻ കോളനിയിലും, ഇരുപതേക്കർ പാറമടഭാഗത്തും ജലക്ഷാമം അനുഭവപ്പെടാറുണ്ട്.

5 - ാം വാർഡിലെ കല്യാണത്തണ്ട്, സുവർണഗിരി, നിർമ്മലസിറ്റി, പള്ളിമേട്, പൊന്നിക്കവല എന്നീ പ്രദേശങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്.

6 - ാം വാർഡിൽ I.T.I. മേട്, കോളേജ്മേട്, ചിത്തിര ജംഗ്ഷൻ, കൈരളിപടി എന്നിവിടങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടാറുണ്ട്.

7 - ാം വാർഡിൽ പന്നികണ്ടം, കൗന്തി, വാകപ്പടി, നിർമ്മലാസിറ്റി, ചെമ്പകപ്പാറ തുടങ്ങിയ പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമം നേരിടുന്നുണ്ട്.

8 - ാം വാർഡിലെ കൃഷ്ണൻകുട്ടി, കുരിശുമല, കൊങ്ങിണിപടവ്, നത്തുകല്ല്, മഠം ഭാഗം, സെൈസെറ്റി, മ്ലാക്കണ്ടം എന്നിവിടങ്ങളിലാണ് കാര്യമായ കുടിനീർക്ഷാമം അനുഭവപ്പെടുന്നത്.

9 - ാം വാർഡിലെ വലിയപാറ ഭാഗത്തും, നത്തുകല്ല് മേഖലയിലും, അംഗൻവാടി പ്രദേശത്തും, വിൻസെൻഷ്യൽ കോളനിഭാഗത്തും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്.

10 - ാം വാർഡിലെ പേഴും കവല ഭാഗത്താണ് ജലക്ഷാമം അധികമായി കാണപ്പെടുന്നത്.

11 - ാം വാർഡിൽ പൂവേഴ്സ് മൗണ്ട്, ആനകുത്തിമേട്, വലിയപാറ തുടങ്ങിയ മേഖലകളിൽ വേനൽക്കാലത്തും, മഴക്കാലത്തും നൂറുകണക്കിനു കുടുംബങ്ങൾ ജല സ്രോതസ്സുകൾ നേടി അലയുന്നവരാണ്.

12 - ാം വാർഡിൽ പൊതുവേയും പ്രത്യേകിച്ച് എസ്.എൻ. ജംഗ്ഷനിലുള്ള ലക്ഷം വീടു ഭാഗത്തും കഠിനമായ ജലക്ഷാമം അനുഭവപ്പെടുന്നു.

13 - ാം വാർഡിലെ തവളപ്പാറ, പുളിയൻമല, അമ്പലമേട്, പാറക്കടവ് മുതൽ പാറമടവരേയും, ഹിൽടോപ്പ് പോലീസ് വളവ്, കമ്പനിപടി തുടങ്ങിയ ഭാഗങ്ങളിലും കുടിവെള്ളക്ഷാമം വളരെയാണ്.

## നിർദ്ദേശങ്ങൾ, പരിഹാരമാർഗങ്ങൾ

എല്ലാവാർഡുകളിലും വറ്റാത്ത കുളങ്ങളും, കിണറുകളും സ്വകാര്യ വ്യക്തികൾക്കുണ്ട്. കൂടാതെ നിലവിലുള്ള സംവിധാനങ്ങളും (കുഴൽ കിണർ, K.W.A. പൈപ്പുലൈൻ, പഞ്ചായത്ത്, ബ്ലോക്ക്,

പൊതുകിണറുകൾ) ഉപയോഗയോഗ്യമാക്കിയ കുടിവെള്ളക്ഷാമത്തിന് ഒട്ടേറെ പരിഹാരമാകും.

വറ്റാത്ത കുളങ്ങൾ, നീരുറവകൾ, കിണറുകൾ ഇവയെ സംബന്ധിച്ച് സ്വകാര്യ വ്യക്തികളുമായി ചർച്ച ചെയ്ത് അവരുടെ സമ്മതത്തോടും ബഹുജന പങ്കാളിത്തത്തോടും കൂടി പഞ്ചായത്ത് സമിതി അംഗങ്ങൾ മുൻകൈ എടുത്ത് ജലവിതരണം നടപ്പാക്കണം. പൊതുകിണറുകളും, കുളങ്ങളും വാർഡു തലത്തിൽ അറ്റകുറ്റപണികൾ നടത്തുകയും, മലിനമാകാതെ സൂക്ഷിക്കുകയും ചെയ്യുക. ഇതിന് സന്നദ്ധ സംഘടനകളുടെ പങ്കാളിത്തവും സേവനവും ഉറപ്പുവരുത്തേണ്ടതാണ്. E.A.S. പദ്ധതിപ്രകാരം നിർമ്മിച്ചിട്ടുള്ള കുളങ്ങൾ സമീപവാസികൾക്ക് ഉപയോഗയോഗ്യമാക്കുക.

കല്ലുകുന്ന്, വലിയപാറ പൈപ്പുലൈൻ പ്രവർത്തന ക്ഷമമാക്കുകയും' സാഗര തീയേറ്ററിനു സമീപം കുളം നിർമ്മിച്ച് എസ്.എൻ. ജംഗ്ഷനിലേക്ക് പൈപ്പിട്ട മണിക്കൽ ടാങ്കിലേക്ക് വെള്ളം എത്തിച്ച് ആ മേഖലയിൽ വിതരണം ചെയ്യുക. ഇരുപതേക്കർ പമ്പു ഹൗസിൽ നിന്നും ആധുനിക രീതിയിൽ ശുദ്ധിചെയ്ത ജലം വിതരണ് ചെയ്യുക. കുന്തളംപാറ, ശുദ്ധജലവിതരണപദ്ധതിയിൽ ഉൾപ്പെടുത്തി കാരിമറ്റംപടി പാറമട, കരിമ്പിൻ കാലാപടി എന്നി പ്രദേശങ്ങൾക്കു കൂടി പൈപ്പുലൈൻ നിർമ്മിച്ച് ജലവിതരണം നടത്തുക. ആശാൻമേട്, പന്ത്രണ്ടേക്കർ മേട്ടുക്കുഴി എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന സ്വാഭാവികജലം പരമാവധി പ്രയോജനപ്പെടുത്തുക. മേട്ടുക്കുഴി കുരിശു കവലയിൽ ഒരു കുളം നിർമ്മിക്കേണ്ടതുണ്ട്. പ്രവർത്തനരഹിതമായ പൈപ്പുലൈനുകൾ ഉപയോഗപ്രദമാക്കുക. വള്ളക്കടവ് കോളനിയുടെ സമീപമുള്ള പഞ്ചായത്ത് കുളത്തിൽ നിന്നും വെള്ളം പമ്പുചെയ്ത് വിതരണം ചെയ്യാവുന്നതാണ്. ഒഴുകയിൽ പുരയിടത്തിലെ കുളത്തിൽ നിന്നും, അവിടെ നിലവിലുള്ള ടാങ്കിൽ ജലം ശേഖരിച്ച് വിതരണം ചെയ്യാവുന്നതാണ്. സ്നേഹസദൻ, കവളക്കാട്ടുപടി, ആശുപത്രിപടി, അമ്പലക്കവലപടി എന്നീ ഭാഗങ്ങളിൽ വിതരണ ശൃംഖലയുണ്ടാക്കി വിതരണം ചെയ്യുക.

വള്ളിപ്പാറ ഭാഗത്ത് കുഴൽ കിണർ നിർമ്മാണം പൂർത്തീകരിക്കുകയും, ജലസംഭരണി നിർമ്മിച്ച് നരിയമ്പാറ ഹരിജൻകോളനി ഭാഗത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന കുളത്തിൽ നിന്നും വെള്ളം എത്തിച്ച് വിതരണം ചെയ്യുകയും ചെയ്യാവുന്നതാണ്. ഇരുപതേക്കർ ഭാഗത്ത് ഒരുലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഒരു ടാങ്ക് നിർമ്മിച്ചാൽ പാറമട ഭാഗത്തു നിർമ്മിച്ച കുളത്തിൽ നിന്നും വെള്ളം എത്തിച്ച് സമീപവാർഡുകളിലും ജലവിതരണം നടത്താം. നടുത്തൊഴിക കുട്ടിയുടെ പുരയിടത്തിൽ ബ്ലോക്കിൽ നിന്നു നിർമ്മിച്ചിട്ടുള്ള കുളത്തിലെ ജലം പാറമടയ്ക്കു മുകളിൽ ടാങ്ക് തീർത്ത് അതിൽ നിറച്ച് വിതരണം ചെയ്താൽ ഇരുപതേക്കർ, പാറമട, വള്ളിപ്പാറ ഭാഗത്തുള്ള ശുദ്ധജല ക്ഷാമം പരിഹരിക്കാം. തൂങ്കുഴിഭാഗത്തുള്ള സ്വാഭാവിക ഭൂഗർഭജലം സംഭരിച്ച് വിതരണം ചെയ്യാവുന്നതാണ്.

കല്യാണതണ്ടു മലയിലുള്ള, വാട്ടർ അതോറിട്ടിയുടെ കുളത്തിൽ നിന്നും തൊട്ടടുത്ത മലമുകളിലേക്ക് പമ്പു ചെയ്ത് ജലം സംഭരിച്ച് കൂടുതൽ പൈപ്പു ലൈനുകളിലൂടെ കാര്യക്ഷമമായ രീതിയിൽ ജലവിതരണം നടത്തേണ്ടതാണ്. കാണക്കാലിപടി ഭാഗത്തും, ആഞ്ഞിലിപടി ഭാഗത്തും E.A.S. പദ്ധതിപ്രകാരം നിർമ്മിച്ചിട്ടുള്ള കുളങ്ങളിൽ നിന്ന് സമീപവാസികൾക്ക് പ്രയോജനപ്രദമായ രീതിയിൽ ജലവിതരണം നടത്തുന്നതിനും, നീരുറവകൾ കെട്ടി സംരക്ഷിക്കുന്നതിനും കഴിയുന്നതോടൊപ്പം അഞ്ചുരുളി ജലാശയത്തിൽ നിന്നും കല്യാണതണ്ടു മലയിലേക്ക് വെള്ളം പമ്പു ചെയ്ത് ടാങ്കിൽ ശേഖരിച്ച് വിതരണം ചെയ്യുന്നതിന് ബ്രഹത്തായ പദ്ധതി തയ്യാറാക്കിയാൽ നമ്മുടെ പഞ്ചായത്തിന്റെ തന്നെ ജലക്ഷാമം പരിഹരിക്കുവാൻ കഴിയുന്നതാണ്.

ആറാം വാർഡിൽ അഞ്ച് E.A.S. കുളങ്ങൾ ഉണ്ട്. വാട്ടർ അതോറിട്ടിയുടെ കുഴൽ കിണറ്റിൽ നിന്നും കല്ലുകുന്നിലേക്ക് വെള്ളം പമ്പു ചെയ്യുന്നുണ്ട്. ആ സംവിധാനം ഉപയോഗിച്ച് വാർഡിന്റെ മിക്കയിടങ്ങളിലേക്കും വെള്ളം എത്തിക്കാൻ കഴിയും. കവളക്കാട്ടുപടിക്കൽ നിലവിലുള്ള പൈപ്പു ലൈനിൽ ടാപ്പ് പിടിപ്പിക്കുകയും, പൈപ്പു ലൈൻ സുവർണ്ണഗിരിയിലേക്കും, വെള്ളയാം കുടിയിലേക്കും നീട്ടുകയും ചെയ്യുക. ശ്രീ ചിത്തിര ജംഗ്ഷനിൽ നിർമ്മിക്കുന്ന ടാങ്കിലേക്ക് വെള്ളം എത്തിക്കുക. ട്രൈബൽ സ്കൂളിനു സമീപമുള്ള കുളം ഉപയോഗപ്രദമാക്കുക. ഗവൺമെന്റ് കോളേജ് പരിസരത്ത് കൂടുതൽ സംഭരണശേഷിയുള്ള ടാങ്ക് നിർമ്മിക്കുക. സ്ഥലം ലഭ്യമായ മരങ്ങാട്ടുപടിയിൽ നിന്നും വെള്ളം ലഭ്യമാക്കാവുന്നതാണ്. I T I ജംഗ്ഷനിലുള്ള പൈപ്പുലൈൻ നീട്ടിയാൽ മുകൾഭാഗത്തെ ജലക്ഷാമം പരിഹരിക്കാം.

വാഴവര, വാഗപ്പടി, നിർമ്മലാസിറ്റി, ചെമ്പകപ്പാറ, ചാലിപ്പടി തുടങ്ങിയ മേഖലകളിൽ കൂടുതൽ കുളങ്ങളും, ടാങ്കുകളും നിർമ്മിച്ച് പമ്പുസെറ്റിന്റെ സഹായത്തോടെ പൈപ്പു ലൈനിലൂടെ ജലവിതരണം അടിയന്തിരമായി നടത്തണം. ചെമ്പകപ്പാറഭാഗത്ത്, ബ്ലോക്ക് ഓഫീസ് വഴി നിർമ്മിച്ചിരിക്കുന്ന കുളം പുനർനിർമ്മാണം നടത്തി മോട്ടോർ, പമ്പ്സെറ്റ്, പൈപ്പ് ലൈൻ, ടാങ്ക് എന്നിവ ഉപയോഗിച്ച് ജലവിതരണം നടത്തിയാൽ ആ ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. വെളയാംകുടി മഠത്തിന്റെ സമീപപ്രദേശത്ത് ലക്ഷം വീടു കോളനിയിലേക്ക് ഇപ്പോൾ വെള്ളയാംകുടി വരെയുള്ള വാട്ടർ അതോറിട്ടിയുടെ പൈപ്പുലൈൻ നീട്ടി കൊടുക്കണം. ലക്ഷം വീട്ടു ഭാഗത്തുള്ള പഞ്ചായത്തു കിണറ്റിൽ നിന്ന് പമ്പു സെറ്റു വച്ച് ജലവിതരണം നടത്തണം.

ജല ലഭ്യതയുള്ള വലിയപാറ ഭാഗത്ത് കുളങ്ങൾ നിർമ്മിച്ച് പരിസരപ്രദേശത്തെ ജലക്ഷാമം പരിഹരിക്കാം. നത്തുകല്ലു ഭാഗത്ത് കുമ്പിക്കാപുഴ പുരയിടത്തിൽ കുളവും ചിലമ്പിക്കുന്നേൽ പുരയിടത്തിൽ കുഴൽ കിണറും നിർമ്മിച്ച് ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാൻ കഴിയും. നിലവിലുള്ള പേഴുംകവല പൈപ്പുലൈൻ വെട്ടിക്കുഴകവല ഭാഗത്തേക്ക് നീട്ടി അങ്കണവാടി, ബാലവാടി പ്രദേശത്തെ കുടിനീർക്ഷാമം പരിഹരിക്കാൻ കഴിയും. നത്തുകല്ല് ജംഗ്ഷനിലുള്ള പഞ്ചായത്തു കിണർ അറ്റകുറ്റപണികൾ തീർത്ത് മോട്ടോർ പമ്പ് സഹായത്തോടെ ജനോപകാരപ്രദമാക്കാം.

പേഴും കവലയിലെ പഞ്ചായത്തു കിണർ കുറെക്കൂടി ആഴപ്പെടുത്തി മുകൾഭാഗത്ത് ടാങ്കപണിത് വെള്ളം പമ്പുചെയ്ത് വിതരണം ചെയ്യണം. പൂവേഴ്സ് മൗണ്ട് ആനകുത്തിമേട്, വലിയപാറ ഭാഗത്തെ ജലക്ഷാമം പരിഹരിക്കാൻ അഞ്ചപ്രപൊന്നപ്പൻ, ചക്കും മൂട്ടിൽ ബേബി എന്നിവരുടെ പുരയിടങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് പുഞ്ചിരിക്കവല, മൂന്നാനപള്ളി റോഡിൽ പൈപ്പുലൈൻ സംവിധാനം ഉണ്ടാക്കുക. ആനകുത്തിഭാഗത്ത്, തെങ്ങുമ്പള്ളി പുരയിടത്തിലും ജയരാമൻ എസ്റ്റേറ്റിലും, കാണക്കാലി പുരയിടത്തിലും കുളം നിർമ്മിച്ച് ആ മേഖലയിലെ ജലക്ഷാമം പരിഹരിക്കാം. ഇല്ലിൻമൂട്ടിൽ മാത്യുവിന്റെ സ്ഥലത്തു നിർമ്മിച്ച കുളത്തിന്റെ അറ്റകുറ്റപണികൾ തീർത്ത് ഹോസ് ഏർപ്പെടുത്തിയാൽ അൻപതിലേറെ കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കും. അതുപോലെ ചക്കാലമുറി ദാമോദരന്റെ കുളത്തിൽ നിന്നും ആ പ്രദേശവാസികൾക്ക് വേണ്ടി ജലവിതരണം നടത്തണം.

സ്വകാര്യവ്യക്തികളുടെ ജലസംഭരണികളാണം 12-ാം വാർഡിന്റെ ഏക ആശ്രയം. വളരെദൂരം തലച്ചുമടായി വെള്ളം കൊണ്ടുവരുന്ന ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാൻ S.N. ജംഗ്ഷൻ, ലക്ഷംവീടുഭാഗത്ത് E.A.S. പദ്ധതിപ്രകാരം കഴിച്ചിട്ടുള്ള കുളത്തിൽ നിന്നും മോട്ടോർ ഉപയോഗിച്ച് ടാങ്കിൽ വെള്ളം ശേഖരിച്ച് വിതരണം ചെയ്യണം. കൂടാതെ, കുഴൽകിണറുകളുടെ അറ്റകുറ്റപണികൾ തീർത്ത് ഉപയോഗപ്രദമാക്കുക. തവളപ്പാറഭാഗത്ത് ടാങ്ക് കെട്ടി വെള്ളം സംഭരിച്ചും ഈ ഭാഗത്തുള്ള അരുവിയിലെ ജലം സംഭരിച്ചു ശുദ്ധി ചെയ്തും ഉപയോഗപ്രദമാക്കണം. പാറക്കടവ്, പാറമട ഭാഗത്ത് കുഴൽ കിണറുകൾ നിർമ്മിക്കണം.

ഹിൽടോപ്പു മുതൽ പോലീസ് വളവു വരെയുള്ള ഭാഗത്ത് ഹോസ്മാറ്റി G I പൈപ്പ് സ്ഥാപിക്കണം. കമ്പനിപ്പടി ഭാഗത്ത്കുഴൽ കിണർ സ്ഥാപിക്കുകയും, പുളിയൻമല, അമ്പലമേട് റോഡിൽ വാട്ടർ അതോറിട്ടി സ്ഥാപിച്ചിട്ടുള്ള പൈപ്പുലൈനുകളിലെ ടാപ്പുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്താൽ ഈ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ഒട്ടേറെ പരിഹാരമാകും.

കട്ടപ്പന പഞ്ചായത്തിലെ ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ലോകബാങ്കിന്റെ സഹായത്തോടെ മൂന്നുകോടിരൂപ മുതൽ മുടക്കുള്ള ഒരു പദ്ധതിയ്ക്കുള്ള പ്രാഥമിക നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. എത്രയും പെട്ടന്ന് ആ പദ്ധതി നടപ്പാക്കാൻ പഞ്ചായത്തു ശ്രദ്ധിക്കണം. അതു പ്രായോഗികമായാൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരം ലഭിക്കും.

ശുദ്ധജലവിതരണപരിപാടി അടിയന്തിര പ്രാധാന്യമുള്ളതാകയാൽ അതു കാര്യക്ഷമമായി നടത്തുന്നതിന് ജല അതോറിട്ടിയുടെ ഡിവിഷൻ, സബ് ഡിവിഷൻ, സെക്ഷൻ ഓഫീസുകൾ കട്ടപ്പനയിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

## ആരോഗ്യം

1959-ൽ ആദ്യമായി ഒരു ആയുർവ്വേദ ആശുപത്രിയാണ് ആരോഗ്യപരിപാലനത്തിനായി സർക്കാർ കട്ടപ്പനയിൽ ആരംഭിച്ചത്. അതിനുശേഷം അലോപ്പതി, ഹോമിയോ ചികിത്സാ രീതികളും സർക്കാർതലത്തിൽ നിലവിൽ വന്നു. എങ്കിലും

ആരോഗ്യപരിപാലനരംഗത്ത് സ്വകാര്യ സ്ഥാപനങ്ങളാണ് മുന്നിട്ടു നിൽക്കുന്നത്. ഇതിൽ സെന്റ് ജോൺസ് ആശുപത്രി ജില്ലയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഏതാണ്ട് പത്തോളം ക്ലിനിക്കുകളും ഇവിടെ പ്രവർത്തനമുണ്ട്. കട്ടപ്പന ഗവ. ആശുപത്രി ഇന്ന് സ്ത്രീകൾക്കും,കുട്ടികൾക്കുമായുള്ള ആശുപത്രി (പ്രാഥമിക ആരോഗ്യകേന്ദ്രം) ആയി മാറിയിരിക്കുന്നു എന്നല്ലാതെ അവർക്ക് ഉണ്ടാകുന്ന രോഗങ്ങൾക്ക് വിദഗ്ധ ചികിത്സ നിർണ്ണയിക്കുവാനുള്ള ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല. ഈ ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ ഏഴ് സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സെന്ററുകളുടേയും പ്രവർത്തനം ഒട്ടും മെച്ചമല്ല. ജീവനക്കാർ പേരിനു മാത്രം പ്രവർത്തനം നടത്തുന്നുവെന്നല്ലാതെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

മിക്ക വാർഡുകളിലും പോഷകാഹാരകുറവ് കുട്ടികളുടെയിടയിൽ കണ്ടുവരുന്നു. അങ്കണവാടികളിൽ കൂടി നൽകുന്ന പോഷകാഹാര വിതരണവും അങ്കണവാടികളുടെ പ്രവർത്തനവും ഔപചാരികതയുടെ പരിവേഷത്തിൽ ഒതുങ്ങി നിൽക്കുന്നു. അഞ്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരടക്കം ഏഴു ഹെൽത്ത് ഇൻസ്പെക്ടർമാർ കട്ടപ്പന P.H.C. യിൽ ഉണ്ടങ്കിലും ഇവരുടെ പ്രവർത്തനങ്ങളും കാര്യക്ഷമമല്ല. 1959 - ൽ ആരംഭിച്ച ഗവ. ആയുർവ്വേദ ആശുപത്രിക്ക് സ്വന്തം സ്ഥലം ഉണ്ടങ്കിലും ഇന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. മരുന്നുകൾ ആവശ്യാനുസരണം ലഭ്യമല്ല. ഈ പ്രദേശത്ത് ഒരു പ്രകൃതി ചികിത്സാകേന്ദ്രം ആരംഭിക്കേണ്ടത് അത്യാവശ്യമാണ്.

നമ്മുടെ പഞ്ചായത്തിലെ 80% വീടുകൾക്കും കക്കൂസില്ല. ജലക്ഷാമവും, സാമ്പത്തിക പ്രശ്നങ്ങളുമാണം ഇതിനു പ്രധാനമായും ചൂണ്ടിക്കാണിക്കപ്പെടുന്ന കാരണങ്ങൾ. വാർഡുകൾ തോറും പരിസരശുചിത്വത്തെക്കുറിച്ചുള്ള ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കേണ്ടതുണ്ട്. സ്വന്തമായി കക്കൂസ് നിർമ്മിക്കാൻ ശേഷിയുള്ളവരെ അതിനായി പ്രേരിപ്പിക്കുകയും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് (15000 / രൂപയ്ക്ക് താഴെ വാർഷികവരുമാനമുള്ളവർ) സൗജന്യമായി കക്കൂസ് നിർമ്മിച്ചുകൊടുക്കുവാനുള്ള ഏർപ്പാടുകൾ പഞ്ചായത്ത് തലത്തിലോ, ബ്ലോക്കു തലത്തിലോ ഉണ്ടാകേണ്ടതുമാണ്. ഹോട്ടലുകളിൽ നിന്നുള്ള മലിനജലം ടൗണിലെ ഓടകളിലേക്ക് തുറന്നു വിടുന്നത് ആരോഗ്യപ്രശ്നത്തിന് വലിയ ഭീഷണിയായിത്തീർന്നിരിക്കുന്നു. ഈച്ച, കൊതുക് തുടങ്ങിയവ പെരുകുന്നതിന് ഇത് കാരണമാവുകയും ചെയ്യും. മത്സ്യ, മാംസ മാർക്കറ്റ്, പച്ചക്കറി മാർക്കറ്റ്, മറ്റു വ്യാപാര സ്ഥാപനങ്ങൾ എന്നിവകളിൽ നിന്നെല്ലാം പുറന്തള്ളുന്ന ചപ്പുചവറുകൾ യഥാസമയം നീക്കം ചെയ്ത് ടൗൺ ശുചീകരണം കാര്യക്ഷമമാക്കണം. മലിനജലം ഒഴുകിപ്പോകുന്നതിന് സൗകര്യങ്ങൾ കുറവാണ്. അലഞ്ഞു നടക്കുന്ന നായ്ക്കളുടെ കാര്യവും പഞ്ചായത്തിന്റെ ആരോഗ്യപരിപാലനരംഗത്ത് ക്ഷീഷണിയാണ്.

### നിർദ്ദേശങ്ങൾ: - പരിഹാരമാർഗ്ഗങ്ങൾ

1. സർക്കാർ ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
2. സർക്കാൻ ആശുപത്രി ജീവനക്കാരുടെ സേവനങ്ങൾ യഥാസമയം ജനങ്ങൾക്ക് ലഭ്യമാക്കുക. (J.H.I. & P.H.N.)
3. പോഷകാഹാരങ്ങൾ അങ്കണ വാടികളിൽ നൽകുന്നതോടൊപ്പം സ്ത്രീകൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുക. അങ്കണവാടികളിൽ നടക്കുന്ന അഴിമതികൾ അവസാനിപ്പിക്കുക. അതാതു പ്രദേശങ്ങളിലെ മഹിളാസമാജങ്ങളുടെ നിർബ്ബന്ധിത സേവനം ഉറപ്പുവരുത്തുക.
4. സർക്കാർ ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുകയും, വിദഗ്ധ ഡോക്ടർമാരുടെ സേവനം കൂടി ഉൾപ്പെടുത്തുകയും വേണം. ഗൈനക്കോളജിസ്റ്റ്, ശിശുരോഗ വിദഗ്ധർ തുടങ്ങിയവരുടെ സേവനം അത്യാവശ്യമാണ്.
5. P.H. സബ്സെന്ററുകളിൽ ദിവസേന ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക. P.H. നഴ്സിൻരെ സേവനം അതാതു സെന്ററുകളിൽ നിർബന്ധമാക്കുക. അവർക്ക് മതിയായ താമസസൗകര്യങ്ങൾ, ക്വാർട്ടേഴ്സുകൾ, പ്രാഥമിക സൗകര്യങ്ങളോടുകൂടി നൽകു.
6. ഗവ. ആയൂർവ്വേദ ആശുപത്രിക്കായി നീക്കിയിട്ടിട്ടുള്ള സ്ഥലത്ത് എത്രയും പെട്ടന്ന് കെട്ടിടം നിർമ്മിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക. പ്രകൃത ചികിത്സ, ഹോമിയോ

ആശുപത്രി എന്നിവ കട്ടപ്പനയിൽ ആരംഭിക്കുക.

7. കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയോടനുബന്ധിച്ച് ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് ശ്രമങ്ങൾ നടത്തുക.

8. എല്ലാ വാർഡുകളിലും ആരോഗ്യസംബന്ധമായ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും പോഷകാഹാരം വിതരണം ചെയ്യുകയും വേണം.

9. വെള്ളയാംകടിയിൽ സ്ഥിതിചെയ്യുന്ന ഹോമിയോ ഡിസ്പെൻസറി ആശുപത്രിയാക്കി ഉയർത്തുക.

10. 7 - ാം വാർഡിൽ P.H. സെന്ററിന്റെ പ്രവർത്തനം മരുന്നുകളും, ഡോക്ടർമാരുടെ സേവനവും ദിവസേന ലഭ്യമാകത്തക്കവിധം ക്രമീകരിക്കുക.

11. കൊച്ചുതോവാള സബ്സെന്ററിൽ ഒരു ഡോക്ടറെ സ്ഥിരമായി നിയമിക്കുക.

12. 13 - ാം വാർഡിലെ P.H. സബ്സെന്ററിന്റെ പ്രവർത്തനം തൃപ്തികരമല്ല. ഇവിടെ PHM താമസിച്ച് സേവനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ദിവസേന ഒരു ഡോക്ടറുടെ സേവനവും ഉണ്ടാകണം.

13. 3, 6, 8. 12 എന്നി വാർഡുകളിൽ PH സബ്സെന്ററുകൾ സ്ഥാപിക്കുന്നത് ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാനുതകും.

14. എല്ലാ വാർഡുകളിലും കൊതുകു നിവാരണത്തിനുള്ള തീവ്രപരിപാടികൾ ആരംഭിക്കേണ്ടതുണ്ട്. 9-ാം വാർഡിൽ നത്തുകല്ല് ജംഗ്ഷനിലുള്ള അറവുശാല മാറ്റി സ്ഥാപിക്കുകയും PH സബ്സെന്ററിനോടു ചേർന്നുള്ള ഇപ്പോൾ മലിനവസ്തുക്കൾ നിറഞ്ഞു കിടക്കുന്ന കിണർ മൂടി, ലൈബ്രറിയോടു ചേർന്നുള്ള പഞ്ചായത്തുവക കിണർ അറ്റകുറ്റപണി നടത്തി സംരക്ഷിക്കേണ്ടതാണ്.

**ശുചിത്വം:- നിർദ്ദേശങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ**

1. ടൗൺ മാർക്കറ്റ് കോൺക്രീറ്റ് ചെയ്യുക.

2. വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനു മുമ്പ് ശുചിത്വ പരിപാലനത്തിനുള്ള നിർദ്ദേശങ്ങൾ നൽകി ശുചിത്വം ഉറപ്പുവരുത്തുക.

3. അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക.

4. ചപ്പുചവറുകൾ ജൈവവളങ്ങളാക്കി മാറ്റാനുള്ള പദ്ധതി ആവിഷ്കരിക്കുക.

5. ഹോട്ടലുകളിൽ നിന്നുള്ള മലിനജലം ടൗണിലെ ഓടയിലേക്കു വിടാതെ മറ്റു സംവിധാനങ്ങൾ ഏർപ്പെടുത്തുക.

6. വാർഡുകൾ തോറും, പരിസരശുചിത്വത്തെക്കുറിച്ചുള്ള ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

7. മലിനജലം ഒഴുകി പോകുന്നതിന് കൂടുതൽ ഓടകൾ നിർമ്മിക്കുക, വ്യാപാരസ്ഥാപനങ്ങളുടെ സഹകരണവും പൊതുജനപങ്കാളിത്തവും ഉൾപ്പെടുത്തി ഓടകൾ കാലാകാലങ്ങളിൽ കൂടുതൽ വൃത്തിയാക്കുക.

8. കട്ടപ്പന ടൗമിലെ മലിനജലം ഒഴുകിപോകുന്ന തോടിന് ഇരുവശവും കരിങ്കൽ ഭിത്തി കെട്ടുക.

9. ഈ പഞ്ചായത്തിലെ 80% വീടുകളിലും സ്വന്തമായി കക്കൂസില്ലാത്തത് രൂക്ഷമായ ആരോഗ്യപ്രശ്നമാണ്. ഓരോ വാർഡു മെമ്പറുടേയും നേതൃത്വത്തിലും, നിർദ്ദേശത്തോടെയും മുൻഗണനാക്രമമനുസരിച്ച് അതാതു വാർഡുകളിൽകക്കൂസ് നിർമ്മിക്കുന്നതിന് സംവിധാനം ഉണ്ടാകണം. സന്നദ്ധ സംഘടനകളുടേയും, സർക്കാർ ഏജൻസികളുടേയും സഹകരണം ഈ രംഗത്ത് ഉറപ്പാക്കേണ്ടതാണ്.

   15000 രൂപയിൽ താഴെ വരുമാനമുള്ള വർക്ക് കക്കൂസ് നിർമ്മിച്ച് കൊടുക്കുന്ന പദ്ധതിക്ക് രൂപം കൊടുക്കണം.

10. കട്ടപ്പന പഞ്ചായത്ത് ശാസ്ത്രീയമായ അറവുശാല നിർമ്മിക്കുന്നതിന് ബന്ധപ്പെട്ടവർ നിർദ്ദേശം നൽകണം.

11. തമിഴ് തൊഴിലാളികൾ തിങ്ങിപാർക്കുന്ന പുളിയൻമല ഭാഗത്ത് ഒരു പബ്ലിക് കംഫോർട്ട് സ്റ്റേഷൻ നിർമ്മിക്കുക.

# 5.6 വിദ്യാഭ്യാസം

ഹൈറേഞ്ചിന്റെ സിരാകേന്ദ്രമായ കട്ടപ്പന പഞ്ചായത്ത് അതിദ്രുത വളർച്ചയുടെ പാതയിലാണ്. 1950 കളിൽ ഇവിടുത്തെ കുടിയേറ്റ കർഷകരെ അലട്ടിക്കൊണ്ടിരുന്ന ഒരു പ്രധാന പ്രശ്നമായിരുന്നു വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അഭാവം. ഇതിനൊരു പരിഹാരമായി ഹൈറേഞ്ചിന്റെ മറ്റുഭാഗങ്ങളിലെന്നപോലെ കട്ടപ്പനയിലും കുടിപ്പള്ളിക്കൂടങ്ങൾ രൂപം കൊണ്ടു. ഈ പഞ്ചായത്തിലെ ആദ്യത്തെ എൽ. പി. സ്കൂളായ സെന്റ് ജോർജ്ജ് എൽ. പി. സ്കൂൾ 1957 - ലാണ് ആരംഭിച്ചത്. 1960 - ൽ യു. പി. സ്കൂളും 1963 - ൽ ഹൈ സ്കൂളും പ്രവർത്തനമാരംഭിച്ചു. ആദ്യത്തെ ഗവഃ എൽ. പി. സ്കൂൾ 1958 - ൽ ഇടുക്കിക്കവലയിൽ സ്ഥാപിതമായി. 1981 - ൽ ഹൈ സ്കൂളായി ഉയർത്തി.

ഉപരി പഠനത്തിന് അയൽജില്ലകളിലെ കോളേജ്കളെയാണ് ആശ്രയിച്ചിരുന്നത്. 1971 - ൽ നരിയംപാറയിൽ ദേവസ്വം ബോർഡ് വക കോളേജ് നിലവിൽ വന്നു. സൗകര്യപ്രദമല്ലാത്ത സ്ഥലത്ത് സ്ഥാപിച്ച ഈ കോളേജിന്റെ അംഗീകാരം ജനകീയപ്രക്ഷോഭത്തെത്തുടർന്ന് പിൻവലിക്കുകയും പകരമായി 1977 - ൽ കട്ടപ്പന യിൽ ഒരു ഗവഃ ആർട്സ് കോളേജ് അനുവദിക്കുകയും ചെയ്തു. ആദ്യകാല സ്കൂളുകളുടേയും കോളേജിന്റെ യും താല്ക്കാലിക കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങളിൽ ഈ പ്രദേശത്തെ ജനങ്ങൾ ഒറ്റക്കെട്ടായി നടത്തിയ സന്നദ്ധപ്രവർത്തനങ്ങൾ എക്കാലവും സ്മരിക്കപ്പെടും.

1977 -ൽ കട്ടപ്പനയിൽ ഒരു ഗവഃ ഐ. റ്റി. ഐ. ആരംഭിച്ചു. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലാണ് പ്രവർത്തനമാരംഭിച്ചത്. 1983 മുതൽ ഐ. റ്റി. ഐ. -ക്കുവേണ്ടി സർക്കാർ ഏറ്റെടുത്ത സ്ഥലത്ത് താല്ക്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു. 1995 - ൽ പുതിയ കെട്ടിടം പണി പൂർത്തിയായി. ഇപ്പോൾ പുതിയ കെട്ടിടത്തിലേക്കു മാറ്റി പ്രവർത്തനം തുടരുന്നു. സംസ്ഥാനത്തെ ഏറ്റവും സൗകര്യമുള്ള ഒന്നായി ഈ സ്ഥാപനം മാറിയിട്ടുണ്ട്.

സെന്റ് ജോൺസ് ഹോസ്പിറ്റലിനോട് അനുബന്ധിച്ച് ഒരു നേഴ്സിംഗ് സ്കൂൾ പ്രവർത്തിക്കുന്നു. മന്ദബുദ്ധികളായ കുട്ടികൾക്കു വേണ്ടി വള്ളക്കടവിലും വെള്ളയാംകുടിയിലും ഓരോ സ്കൂൾ പ്രവർത്തിക്കുന്നു. 1970 - നു ശേഷമാണ് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കൂടുതൽ സ്കൂളുകൾ പ്രവർത്തിച്ചു തുടങ്ങിയത്. ഇന്ന് പഞ്ചായത്തിൽ 4 ഹൈസ്കൂളുകളും 5 യു. പി. സ്കൂളുകളും പ്രവർത്തിക്കുന്നു.

സ്കൂളുകളെ സംബന്ധിച്ച പൊതുവിവരങ്ങൾ താഴെപട്ടികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

പഞ്ചായത്തിലെ ഗവഃ ട്രൈബൽ ഹൈസ്കൂളിലെ വിജയശതമാനം താരതമ്യേന കുറവാണ്. വിജയിക്കുന്നവരുടെ മാർക്കും കുറവായതിനാൽ വിദ്യാർത്ഥികളിൽ ഭൂരി ഭാഗവും പാരലൽ കോളേജുകളെ ആശ്രയിക്കുന്നു. വർക്ക്ഷോപ്പിലും മറ്റും ജോലി തേടി പോകുന്നവരുടെ എണ്ണം വളരെക്കൂടുതലാണ്. പെൺകുട്ടികളിൽ തയ്യൽപരിശീലനത്തിന് പോകുന്നവരും കുറവല്ല. കട്ടപ്പന ഗവഃ ട്രൈബൽ സ്കൂൾ ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളായി ഉയർത്തേണ്ടത് ആവശ്യമാണ്.

ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്. കട്ടപ്പന പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവ: ആർട്ട്സ് കോളേജിന് പരാധീനതകൾ ഏറെയാണ്. ആവശ്യത്തിന് കെട്ടിട സൗകര്യമില്ല. അദ്ധ്യാപകരുടെ ഒഴിവുകൾ സമയാസമയങ്ങളിൽ നികത്തുന്നില്ല. കോഴ്സുകളുടെ എണ്ണം വർദ്ധിപ്പിച്ചാൽ മാത്രമേ ഇവിടെയുള്ള വിദ്യാർത്ഥികൾക്ക് കോളേജിന്റെ പ്രയോജനം ലഭിക്കുകയുള്ളു.

നിരവധി വിദ്യാലയങ്ങളും വിദ്യാസമ്പന്നരും നമുക്കുണ്ടെങ്കിലും പഞ്ചായത്തിലെ മിക്ക വാർഡുകളിലും നിരക്ഷരരായ അനേകം സഹോദരങ്ങളെ കാണാനാവും. 1990 -ൽ ആരംഭിച്ച സാക്ഷരതാ യജ്ഞത്തിന്റെ ആവേശം നിലനിർത്താൻ കഴിയാതെ പോയതിനാൽ നവസാക്ഷരർ ക്രമേണ

## പട്ടിക I A

| | | | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| നമ്പർ | സ്കൂൾ | മാനേജ്മെന്റ് | ആൺ | പെൺ | ആകെ | പു. | സ്ത്രീ | ആകെ |
| 1. | സെന്റ് ജോർജ്ജ് എൽ. പി. എസ് കട്ടപ്പന | എയ്ഡഡ് | 300 | 260 | 560 | | | 14 |
| 2. | സെന്റ് ജോർജ്ജ് എച്ച്. എസ് കട്ടപ്പന | .. | 754 | 690 | 1444 | | | 51 |
| 3. | ഗവഃ ട്രൈബൽ എച്ച്. എസ് കട്ടപ്പന | ഗവഃ | 274 | 269 | 543 | | | 25 |
| 4. | ഓസാനാം ഇംഗ്ലീഷ് മീഡിയം കട്ടപ്പന | അൺ എയ്ഡഡ് | 333 | 280 | 613 | | | 25 |
| 5. | സെന്റ് ആന്റണീസ് എൽ,പി എസ് വള്ളക്കടവ് | എയ്ഡഡ് | 123 | 157 | 280 | | | 8 |
| 6. | സെന്റ് ആന്റണീസ് യു,പി എസ് വള്ളക്കടവ് | ... | 102 | 113 | 215 | | | 8 |
| 7. | ഗവ: യു. പി. എസ് വാഴവര | ഗവ: | 65 | 83 | 148 | | | 6 |
| 8. | സെന്റ്. ജോസഫ്സ് എൽ.പി.എസ് കൊച്ചുതോവാള | എയ്ഡഡ് | 131 | 100 | 231 | | | 6 |
| 9. | സെന്റ്.ജോസഫ്സ്. യു.പി.എസ് കൊച്ചുതോവാള | ,, .. | 67 | 86 | 153 | | | 6 |
| 10. | സെന്റ്. ജെറോംസ് എൽ.പി.എസ് വെള്ളയാംകുടി | .. .. | | | | | | |
| 11. | സെന്റ്. ജെറോംസ് യു.പി.എസ് വെള്ളയാംകുടി | എയ്ഡഡ് | 268 | 234 | 502 | | | 17 |
| 12. | സെന്റ്. ജെറോംസ് എച്ച്.എസ്. വെള്ളയാംകുടി | | | | | | | |

**നിരക്ഷരരായിയെന്നതാണ് ദുഃഖ സത്യം.**

ഇടുക്കി ജില്ലയെ DPEP പദ്ധതിയിൻ കീഴിലാക്കിയതുവഴി പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ തീർച്ചയായും സാധിക്കും. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ഗ്രാമ പഞ്ചായത്ത് ഇതിനോടകം തന്നെ രംഗത്ത് വന്നിട്ടുണ്ട്. പഞ്ചായത്തിലെ മുഴുവൻ അദ്ധ്യാപകരും ഈ പദ്ധതിയുമായി സഹകരിച്ചു വരുന്നു.

അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത സ്കൂളിന്റെ ചുറ്റുപാടുകളിൽ അദ്ധ്യായനം നടത്താൻ നിർബന്ധിക്കപ്പെടുന്ന വിദ്യാർത്ഥി എല്ലാ **അർത്ഥത്തിലും പിന്തള്ളപ്പെട്ടുപോകും. ഇത്തരുണത്തിൽ അദ്ധ്യാപകനും രക്ഷിതാവും, മാനേജരും, ബഹുജനങ്ങളുമെലാം അടങ്ങിയ പുതിയ കൂട്ടായ്മ വളർത്തിയെടുക്കാൻ നാം** പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്.

മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകാൻ അമാന്തിക്കരുത്. കട്ടപ്പന സെന്റ് **ജോർജ്ജ്** ഹൈസ്കൂളിൽ ഓരോ ടേമിലേയും **പരീക്ഷ**കളിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് **ബാഡ്ജ്** വിതരണം ചെയ്യുന്നത് ഉയർത്തിക്കാട്ടേണ്ടതുണ്ട്.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക വിവരങ്ങളുടേയും ഗ്രാമസഭയിലെ ചർച്ചകളിൽ നിന്നും ഉരുത്തിഞ്ഞ്വന്ന നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 13

## ഭൗതിക സാഹചര്യങ്ങൾ

| സ്കൂൾ | ആകെ വി-ദ്യാർത്ഥികൾ | ആകെ അ-ദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| സെന്റ്. ജോർജ്ജ് എൽ.പി എസ് കട്ടപ്പന | 560 | 14 | 2 | 3 | ഉണ്ട് | ഉണ്ട് |
| സെന്റ്. ജോർജ്ജ് .എച്ച്. എസ് കട്ടപ്പന | 1444 | 51 | 1 | 1 | ഉണ്ട് | ഉണ്ട് |
| ഗവ:ട്രൈബൽ എച്ച്.എസ് കട്ടപ്പന | 543 | 25 | 2 | 1 | ഉണ്ട് | ഇല്ല |
| ഒസ്സാനം ഇംഗ്ലീഷ് .എച്ച്. എസ് കട്ടപ്പന | 613 | 25 | 3 | 3 | ഉണ്ട് | ഉണ്ട് |
| സെന്റ്. ആന്റണീസ് .എൽ.പി എസ് വള്ളക്കടവ് | 280 | 8 | 2 | 2 | ഉണ്ട് | ഉണ്ട് |
| സെന്റ്. ആന്റണീസ് .യു.പി എസ് വള്ളക്കടവ് | 215 | 8 | 2 | 2 | ഉണ്ട് | ഉണ്ട് |
| ഗവ: യു. പി. എസ്. വാഴവര | 148 | 8 | 1 | 1 | ഇല്ല | ഉണ്ട് |
| സെന്റ്. ജോസഫ്സ് എൽ.പി. എസ് കൊച്ചുതോവാള | 231 | 6 | 2 | ഇല്ല | ഉണ്ട് | ഉണ്ട് |
| സെന്റ്. ജോസഫ്സ് യു. പി. എസ് കൊച്ചുതോവാള | 153 | 6 | 2 | 2 | ഉണ്ട് | ഉണ്ട് |
| സെന്റ്. ജെറോംസ് യു. പി. എസ് കട്ടപ്പന | 502 | 17 |  | 1 | ഉണ്ട് | ഉണ്ട് |

ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജീവ ചർച്ചക്ക് വിധേയമായി. പൊതുവായ അക്കാഡമിക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതീക സാഹചര്യങ്ങൾ, സൗകര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ അംഗവും പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസത്തെ വിലയിരുത്തിയതായി കാണാം. അദ്ധ്യായനനഷ്ടം, പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, ഭൗതീക സാഹചര്യങ്ങൾ, P.T.A., ഉച്ചക്കഞ്ഞി, പുതിയ സ്കൂളുകളുടെ ആവശ്യകത, നിലവിലുള്ള ചിലവയുടെ അപ് ഗ്രഡേഷൻ,അദ്ധ്യാപകരുടെ പുന:പരിശീലനം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചെല്ലാം ഓരോ ഗ്രാമസഭയിലും ചർച്ചകൾ നടന്നതായി കാണുന്നു. ഗ്രാമസഭയിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിലയിരുത്തുന്നതിന് മുൻകൂട്ടി ശേഖരിച്ച ദ്വിതീയ വിവരങ്ങൾ സഹായകമായി.

ഇത്തരമൊരു റിപ്പോർട്ടിൽ പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് അക്കാഡമിക് സൗകര്യങ്ങൾ. ഇത് ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്. ക്ലാസ്മുറിയിൽ തളയ്ക്കപ്പെട്ട വിദ്യാർത്ഥിക്ക് ഉന്മേഷം പകരാൻ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ - ശ്രാവ്യ ഉപകരണങ്ങൾ നല്ല ബ്ലാക്ക് ബോർഡുകൾ, ഫർണിച്ചറുകൾ തുടങ്ങിയവ ഒരു വിദ്യാലയത്തിന്റെ യോഗ്യതാ ചിഹ്നങ്ങളായി പരിഗണിക്കപ്പെടുന്നു. ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ സൗകര്യങ്ങളുടെ പരിമിതികൾ വെളിപ്പെടുത്തുന്ന വസ്തുതകൾ പട്ടിക 111-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക III അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത**

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ലൈബ്രറി | | |
| പ്രവർത്തിക്കാത്തത് | | |
| ലാബ് | | |
| പ്രവർത്തിക്കാത്തത് | | |
| പഠനോപകരണങ്ങൾ | | |
| റേഡിയോ | | |
| ടേപ്പ് റിക്കാർഡാർ | | |
| T.V. | | |
| സിനിമാ പ്രോജക്ടർ | | |
| സ്പൈസസ് പ്രൊജക്ടർ | | |
| ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | | |
| മാതൃസംഗമം സജീവം | | |
| ക്ലാസ് P.T.Z. പ്രവർത്തിക്കുന്നതിനുവേണ്ടി | | |

ലൈബ്രറി, ലാബറട്ടറി, സൗകര്യങ്ങളില്ലാത്ത യു.പി. സ്കൂളുകളിൽ ന്യായമായ അവകാശമാണ് നിഷേധിക്കപ്പെടുന്നത്. വിദ്യാലയങ്ങളിലെ ഭൗതീക സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസമേഖലയുടെ ഏറ്റവും വലിയ പോരായ്മയാണ്.

കക്കൂസില്ലാത്ത ഒരു സ്കൂളും കുടിവെള്ളം ലഭ്യമല്ലാത്ത ഒരു സ്കൂളും നമ്മുടെ പഞ്ചായത്തിലുണ്ട്. 1444 കുട്ടികൾ പഠിക്കുന്ന കട്ടപ്പന സെന്റ് ജോർജ് ഹൈസ്കൂളിൽ ആകെയുള്ളത് ഒരു മൂത്രപ്പുരയും ഒരു കക്കൂസും മാത്രമാണ്.

നമ്മുടെ പഞ്ചായത്തിലുള്ള ഹൈസ്കൂളുകളിലെ കഴിഞ്ഞ 5 വർഷത്തെ S.S.L.C. വിജയ ശതമാനം പട്ടിക V-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക V SSLC വിജയശതമാനം**

| സ്കൂൾ | 91.92 | 92.93 | 93.94 | 94.95 | 95.96 |
|---|---|---|---|---|---|
| 1. കട്ടപ്പന St. ജോർജ് H.S. | 67 | 52 | 40 | 67 | 59 |
| 2. ഗവ. ട്രൈബൽ H.S. കട്ടപ്പന | | | | | |
| 3. ഓസ്സാനാം Eng. H.S. കട്ടപ്പന | 100 | 100 | 100 | 100 | 100 |
| 4. St. ജെറോംസ് ഹൈസ്കൂൾ, വെള്ളയാംകുടി | | | | | |

**ഗ്രാമസഭ റിപ്പോർട്ടുകളിലൂടെ വന്ന പ്രധാന വിദ്യാഭ്യാസ പ്രശ്നങ്ങൾ**

1. അങ്കണവാടികൾ ആവശ്യത്തിനില്ല
8 - ാം വാർഡിൽ പാലത്തിനാൽ പടി
11 - ാം വാർഡിൽ പളിയക്കുടി എന്നിവിടങ്ങളിൽ അങ്കണവാടികൾ ഇല്ലാത്തതുമൂലം കൊച്ചുകുട്ടികളെ അങ്കണവാടിയിലയക്കാൻപ്രയാസപ്പെടുന്നു.
2. പ്രൈമറി സ്കൂളുകളുടെ അഭാവം
3 - ാം വാർഡിൽ മേട്ടുക്കുഴി
5 - ാം വാർഡിൽ പൊന്നിക്കലെ
7 - ാം വാർഡിൽ കൗന്തി
8 - ാം വാർഡിൽ കൊങ്ങിണിപ്പടവ്
9 - ാം വാർഡിൽ വെട്ടിക്കുഴക്കവല
12 - ാം വാർഡിൽ ആനകുത്തിമേട് എന്നിവിടങ്ങളിൽ പ്രൈമറി സ്കൂളിന്റെ അഭാവം പ്രൈമറി വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്നു.
3. ഹൈസ്ക്കൂളുകൾ ആവശ്യത്തിനില്ല.

വള്ളക്കടവ്, കൊച്ചുതോവാള, പുളിയന്മല എന്നിവിടങ്ങളിലെ കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി വളരെ ദൂരം യാത്ര ചെയ്യേണ്ടിവരുന്നു.

4. ഉപരിപഠനത്തിനു സാങ്കേതിക വിദ്യാഭ്യാസത്തിനും ഇന്നുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്.
5. നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പലതിന്റെയും ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല. നിലവാരത്തകർച്ചയും ഉണ്ടായിട്ടുണ്ട്.

**സാദ്ധ്യതകൾ**

1. എല്ലാ പ്രൈമറി സ്കൂളിനോടും അനുബന്ധിച്ച് പ്രീ-പ്രൈമറി സ്കൂളുകൾ സർക്കാരിന്റേയോ, പി.റ്റി.എ.യുടെയോ സഹായത്തോടെ മാതൃഭാഷക്ക് ഊന്നൽ നൽകിക്കൊണ്ട് ആരംഭിക്കുക, അങ്കണവാടികൾ ഇല്ലാത്ത വാർഡുകളിൽ പ്രീ-പ്രൈമറി നിർബന്ധമായും തുടങ്ങുക. അങ്കണവാടി വർക്കേഴ്സിന് പുന:പരിശീലനം നൽകുക. ആവശ്യം വേണ്ട സ്ഥലങ്ങളിൽ അങ്കണവാടികൾ ആരംഭിക്കുക.
2. സമഗ്രമായ സർവ്വേയുടെ അടിസ്ഥാനത്തിൽ പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും ആവശ്യമുണ്ടെന്നു ബോദ്ധ്യപ്പെടുന്ന സ്ഥലങ്ങളിൽ മാത്രം സ്കൂളുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
3. നിലവിലുള്ള സ്കൂളുകളിൽ പഠനനിലവാരം ഉയർത്താൻ പഞ്ചായത്തുതല സ്കൂൾ കോംപ്ലക്സ് പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക. അതിന്റെ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തുക. പ്രൈമറി തലത്തിന് കൂടുതൽ ഊന്നൽ കൊടുക്കുക.
4. പ്രാദേശികമായ പ്രത്യേകതകളും കുട്ടികളുടെ വാസനയും കണക്കിലെടുത്ത് കട്ടപ്പന ട്രൈബൽ ഹൈസ്കൂളിൽ ഓട്ടോമൊബൈൽ, മോട്ടോർ മെക്കാനിക് തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെടുത്തി വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകളും സെന്റ് ജോർജ് ഹൈസ്കൂളിൽ ഹയർ സെക്കന്ററി കോഴ്സുകളും തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
5. സാങ്കേതിക വിദ്യാഭ്യാസത്തിനുതകുന്ന തരത്തിൽ ഒരു പോളിടെക്നിക് സ്ഥാപിക്കുകയും ഐറ്റി.ഐ.യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുകയും ചെയ്യുക.
6. കട്ടപ്പന ഗവൺമെന്റ് കോളേജിൽ സയൻസ് ഗ്രൂപ്പുകൾ ആരംഭിക്കുകയും പോസ്റ്റ് ഗ്രാഡ്വേറ്റ് തലത്തിലുള്ള കോഴ്സുകൾ ആരംഭിക്കുകയും ചെയ്യുക. കട്ടപ്പന ഗവൺമെന്റ് കോളേജിൽ ഈവനിംഗ് ക്ലാസ്സുകൾ നടത്താൻ സൗകര്യങ്ങളുണ്ട്. ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം പാരമ്പര്യേതര കോഴ്സുകളായ, പരിസ്ഥിതിപഠനം, പ്ലാന്റേഷൻ, ടൂറിസം & ട്രാവൽ മുതലായവയ്ക്കു സാധ്യതയേറെയുള്ളതിനാൽ അത്തരത്തിലുള്ള കോഴ്സുകൾ അനുവദിക്കേണ്ടതാണ്. ഈവനിംഗ് കോഴ്സുകളായും അദ്ധ്യയനം നടത്താവുന്നതാണ്.
7. കട്ടപ്പന പഞ്ചായത്തിൽ ഒരു ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ സ്ഥാപിക്കുക.
8. വനിതകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ തയ്യൽ പരിശീലനകേന്ദ്രവും കരകൗശല നിർമ്മാണ പരിശീലനകേന്ദ്രവും ആരംഭിക്കുക.
9. നരിയമ്പാറയിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുക.
10. പഞ്ചായത്തിലെ ഗവൺമെന്റ് സ്കൂളുകൾക്ക് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക, വാഴവര ഗവൺമെന്റ് യു.പി. സ്കൂളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുക.
11. കട്ടപ്പന ഗവൺമെന്റ് കോളേജിൽ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുകയും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുക.
12. വള്ളക്കടവിലും വെള്ളയാംകുടിയിലും പ്രവർത്തിക്കുന്ന മന്ദബുദ്ധികൾക്കുള്ള വിദ്യാലയങ്ങൾക്ക് സർക്കാർ അംഗീകാരവും ആനുകൂല്യങ്ങളും ഉറപ്പുവരുത്തുക.
13. നിലവിലുള്ള അങ്കണവാടികൾക്ക് കെട്ടിടം, കളിപ്പാട്ടങ്ങൾ, പ്രാഥമീക സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുക.
14. കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന നേഴ്സിംഗ് സ്കൂളിൽ സീറ്റുകൾ വർദ്ധിപ്പിക്കുകയും B.Sc. നേഴ്സിംഗ് കോഴ്സ് ആരംഭിക്കുകയും ചെയ്യുക.
15. മദ്യം, മയക്കുമരുന്ന് എന്നിവയും ദൂഷ്യവശങ്ങൾ കുട്ടികൾക്കു മനസിലാക്കിക്കൊടുക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ, മാതാപിതാക്കൾക്ക് ബോധവൽക്കരണക്ലാസ്സുകൾ, പി.റ്റി.എ. മാതൃകസംഗമം എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുതകുന്ന പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുക.

5.7

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും.

## A. പാർപ്പിടം

വിദ്യാഭ്യാസ പരമായും സാംസ്കാരികമായും ഇടുക്കി ജില്ലയിലെ മറ്റ് കുടിയേറ്റ മേഖലകളെ അപേക്ഷിച്ച് മുൻപന്തിയിൽ നില്കുന്ന കട്ടപ്പന പഞ്ചായത്ത്, കട്ടപ്പന വില്ലേജിൽ ഉൾപ്പെടുന്നു.

തികച്ചും കാർഷിക മേഖലയായ ഈ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ ജീവനോപാധി കൃഷിയാണ്. കാർഷിക വൃത്തിയിൽ മാത്രം ശ്രദ്ധിക്കുന്ന കർഷകന്റെ സാമ്പാദ്യമെല്ലാം പെൺകുട്ടികളെ വിവാഹം ചെയതു വിടുന്നതോടെ തീരും.... പിന്നെ ഉണ്ടാവുന്നതുകൊണ്ട് ഒരു വീടും പണിയും. ഇതോടെ ഒരു സാധാരണ കർഷകന്റെ ആരോഗ്യ കാലഘട്ടം അവസാനിക്കുകയായി. പ്രകൃതി കോപം മൂലം കാർഷിക മേഖലകൾക്ക് ഏതെങ്കിലും വിധ ആഘാതമേറ്റാൽ കർഷജീവിതത്തിന്റെ ബാക്കി പത്രം ശൂന്യമായിപ്പോകും.

5 ലക്ഷത്തിലേറെ രൂപ മുടക്കുന്ന വീടുകൾ 5%ൽ താഴെ നിൽക്കുന്നു. 10% വീടുകൾ 5 ലക്ഷത്തിൽ താഴെയും 2 ലക്ഷത്തിന് മുകളിലും ചെലവു വരുന്നതാണ്. 25% വീടുകൾ 75,000/= രൂപായ്ക്കും 2 ലക്ഷം രൂപായ്ക്കും താഴെ ചെലവുള്ളതാകുമ്പോൾ 40% വീടുകൾ 75,000/- രൂപായ്ക്കും 25,000/- രൂപായ്ക്കും ഇടയ്ക്ക് ചെലവുള്ളതാണ്. ബാക്കി വരുന്ന 30% വീടുകൾ കുടിലുകൾ എന്ന വിഭാഗത്തിൽപ്പെടുന്നവയാണ്.

ചെറുകിട കർഷകരും ചെറുകിട വ്യാപാരികളുമാണ് 65% ശതമാനം ആളുകൾ. 10% തോട്ടം തൊഴിലാളികളും 15% കർഷക തൊഴിലാളികളും ബാക്കിയുള്ള 10% മറ്റ് വിവിധ മേഖലകളിലും പണിയെടുക്കുന്നു. കുറഞ്ഞ വിലയ്ക്ക് പാടങ്ങൾ വാങ്ങി വീടുകൾ വെയ്ക്കുന്ന ഒരു പ്രവണത ഈ അടുത്ത കാലത്തായി ഇവിടെയും വർദ്ധിച്ചു വരുന്നുണ്ട്.

ഭവന നിർമ്മാണ ചെലവ് അടുത്ത കാലത്ത് നേർ ഇരട്ടി വരെ ആയി വർദ്ധിച്ചിട്ടുണ്ട്.

ഭവന നിർമ്മാണ രംഗത്ത് പ്രധാനമായും കട്ടപ്പനയിലെ ഹൗസിംഗ് സഹകരണ സംഘവും ഭവനനിർമ്മാണ ബോർഡും ബാങ്കുകളും ധനസഹായം നൽകുന്നുണ്ട്. ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്നും നാളിതുവരെ 130 വീടുകൾക്കായി 50,75,800 രൂപാ വായ്പ നൽകിയിട്ടുണ്ട്. സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ വകയായി രണ്ട് ഹൗസിംഗ് കോളനികൾ പൂർത്തിയായി വരുന്നു. എന്നാൽ സാധാരണക്കാരായ ജനങ്ങൾക്ക് ഈ ഏജൻസിയുടെ സേവനം തൃപ്തികരമായി ലഭിക്കുന്നില്ല.ഭൂരഹിതർക്കും സാധാരണക്കാർക്കും ഭവന നിർമ്മാണ ധനസഹായം ഉദാര വ്യവസ്ഥകളോടെ കൊടുക്കേണ്ടതുണ്ട്. അതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്:-

1. ഹൗസിംഗ് സഹകരണസംഘങ്ങളിലെ ഓഹരി വായ്പാ അനുപാതം വളരെ ചെറിതാക്കുക.
2. പഞ്ചായത്തിലെ അധിക സ്ഥലങ്ങൾക്കും പട്ടയം ഇല്ലാത്തതിനാൽ നിർമ്മിക്കുന്ന വീടു മാത്രം ഈടായി സ്വീകരിച്ച് വായ്പകൾ ലഭ്യമാക്കണം.
3. പലിശ നിരക്ക് 12%ൽ താഴെയാക്കി നിജപ്പെടുത്തുക. (കൂടുതൽ വരുന്ന പലിശ സബ്സിഡിയാക്കി തട്ടിക്കിഴിക്കുക.)
4. പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടുകൂടി കൂടുതൽ വീടുകൾ നിർമ്മിച്ചു കൊടുക്കുക.
5. പഴയ വീടുകൾ പുനഃരുദ്ധരിക്കാൻ ഈടില്ലാതെ വായ്പ ലഭ്യമാക്കണം.

ഈ പഞ്ചായത്തിലെ ഭൂരഹിതർക്ക് സർക്കാർ ഭൂമി നൽകുകയും അവിടെ വീടുവയ്ക്കാൻ ഉദാര വ്യവസ്ഥയിൽ ധനസഹായം കൊടുക്കുകയും വേണം. സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമാകുന്ന വീടിന്റെ എണ്ണം വളരെ പരിമിതമാണ്. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ലക്ഷം വീടു കോളനികളും പട്ടികജാതി കോളനികളും ഉണ്ടെങ്കിലും അവിടങ്ങളിലെ വീടുകളുടെ സ്ഥിതി തൃപ്തികരമല്ല. മിക്ക വീടുകൾക്കും വേണ്ട പ്രാഥമിക സൗകര്യങ്ങൾ പോലുമില്ല; വൈദ്യുതിതും ലഭിച്ചിട്ടില്ല.

ഭവന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം, കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധന, വായ്പ ലഭിക്കുന്നതിനുള്ള പ്രത്യേക നിബന്ധനകൾ ഇവയെല്ലാം കണക്കിലെടുക്കുമ്പോൾ, സർക്കാർ ഈ ആവശ്യത്തിന് തരുന്ന സഹായധനം അപര്യാപ്തമാണെന്ന് കാണാം. വാഹനസൗകര്യമില്ലാത്ത മേഖലകളിൽ ഭവനനിർമ്മാണ സാമഗ്രികൾ എത്തിക്കാൻ വലിയ തുകതന്നെ ചെലവാക്കേണ്ടി വരുന്നു.

ദുർബല വിഭാഗക്കാർക്കും ഇടത്തരക്കാർക്കും വീട് നിർമ്മിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാക്കാത്തതിനാൽ ഈ വിഭാഗക്കാർക്കു സ്ഥിര സംവിധാനത്തിലുള്ള വീടുകൾ ചുരുക്കമാണ്. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിന്റെ പ്രത്യുദ്പാദന രംഗങ്ങളിൽ ആത്മാർത്ഥതയോടും ഉത്സാഹത്തോടും എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളുകളാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതുമാണ്.

കെട്ടിട നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഇരട്ടിയിലധികമായി കവിഞ്ഞ് ഇപ്പോൾ അത് 100 രൂപായും 120 രൂപായും ആയി നില്കുമ്പോൾ മരപ്പണി, മേസ്തിരിപ്പണി വിഭാഗക്കാരുടെ കൂലി 160 രൂപാ നിരക്കിലേയ്ക്ക് ഉയർന്നിരിക്കുന്നു.

കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലയും ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പ്രകൃതിക്ഷോപത്തിൽ വീടു നഷ്ടപ്പെടുന്നത് ഒരു തുടർക്കഥയായിത്തീർന്നിരിക്കുന്നു.

റവന്യൂ വകുപ്പിന്റെ പുനരധിവാസ പദ്ധതികളിലൂടെ സഹായം ലഭ്യമാണെങ്കിലും ദുരിത ബാധിതർക്ക് അവ യഥാസമയം യഥാവിധം ലഭ്യമാക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ പരാജയപ്പെടുന്നു.

ഭൂമിയുടെ വില അനുദിനം വർദ്ധിച്ചു വരുന്നതും ഭവനനിർമ്മാണ രംഗത്തെ പ്രതിസന്ധികളിലൊന്നാണ്.

കുന്നിൻചെരുവിലെ ഭവനങ്ങളെ 'ഉരുൾ' പൊട്ടലിൽനിന്നും സംരക്ഷിക്കേണ്ടതുണ്ട്.

പാർപ്പിട രംഗത്ത് സങ്കീർണ്ണമായ ഒട്ടേറെ പ്രശ്നങ്ങളുണ്ട്. കോളനികളിലെ ജനബാഹുല്യം നിയന്ത്രിക്കേണ്ടതുണ്ട്- ജനസാന്ദ്രതയേറിയ ഈ സ്ഥലങ്ങളിൽ നിന്നും മറ്റു സ്ഥലങ്ങളിലേയ്ക്ക് ജനങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടതുണ്ട്.

"എല്ലാവർക്കും ഭവനം" എന്ന ലക്ഷ്യം നിറവേറ്റുന്നതിൽ സർക്കാർ തലത്തിലെ പരിമിതികൾ വ്യക്തമാണ്. പഞ്ചായത്തു തലത്തിൽ സന്നദ്ധ സംഘടനകളുടെ സഹായവും സേവനവും ഉൾപ്പെടുത്തി ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരളവുവരെ കഴിയും.

## പരിഹാര മാർഗ്ഗങ്ങൾ:-

1. പഞ്ചായത്തു തലത്തിൽ ഭവനനിർമ്മാണ സംഘങ്ങൾ രൂപീകരിച്ച്, എഞ്ചിനീയർ, ഭവനനിർമ്മാണത്തൊഴിലാളികൾ, മേസ്തിരിമാർ തുടങ്ങിയ ഈ മേഖലയിലെ വിദഗ്ധരെ ഭവന നിർമ്മാണത്തിന് ലഭ്യമാക്കുകയും ഭവന നിർമ്മാണത്തിനാവശ്യമായ തുക പൂർത്തിയാകുന്ന ഭവനത്തിന്റെ ഈടിന്മേൽ കൊടുക്കുകയും ചെയ്യുക.
2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില്പന സിവിൽസപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുക്കുക.
3. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും ഭരണപരവുമായ പ്രതിബന്ധങ്ങൾ ഇല്ലാതാക്കുക. അതിനായി:-
   മ) അപേക്ഷകൾ ഗ്രാമ പഞ്ചായത്തു വഴി വിതരണം ചെയ്യുക.
   യ) രജിസ്ട്രാർ ആഫീസിലെ അമിത ഫീസ് ഇല്ലാതാക്കുക.
   ര) കാലതാമസം ഒഴിവാക്കുക.
4. സർക്കാർ ഏജൻസി വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.
5. ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരണം നൽകുകയും ജെ. ആർ. വൈ. അൺടൈഡ് ഫണ്ട് എന്നിവ ഭവനനിർമ്മാണത്തിനുകൂടി ഉപയോഗിക്കുകയും ചെയ്യുക.
6. സർക്കാർ നല്കുന്ന ഭവനനിർമ്മാണ വായ്പകളുടെ പരിധി വർദ്ധിപ്പിക്കുക.
7. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരമുള്ള ഭവന വായ്പാ തുകയും വർദ്ധിപ്പിക്കുക.
9. വിദ്യാഭ്യാസ സ്ഥാപലങ്ങളുടെ കെട്ടിടങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുക.
10. സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ നിർമ്മിച്ചു നൽകുക.

ഭവനരഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. വീടിന്റെ പണികൾ ഏറ്റവും ചെലവു കുറഞ്ഞ രീതിയിൽ ആയിരിക്കുന്നതിന് നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികൾ സജീവമാക്കുക.

കോളനികളിലെ ജന ബാഹുല്യം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഗൗരവമായി എടുക്കേണ്ടതുണ്ട്; അതു പരിഹരിക്കണമെങ്കിൽ കോളനി നിവാസികൾക്ക് മതിയായ ബോധവൽകരണം നൽകണം.

## B- സാമൂഹ്യ ക്ഷേമം.

സാമൂഹ്യ ക്ഷേമ രംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായിട്ടുള്ള ക്ഷേമപദ്ധതികളാണ് നിലവിലുള്ളത്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഏർപ്പെടുത്തിയിരിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി - തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്നതുമായ പദ്ധതിയും ഇവിടെ നിലവിലുണ്ട്. പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷന്റെ സേവനവും ലഭ്യമാണ്.

ഈ പദ്ധതികളിൽ ദാരിദ്ര്യ നിർമ്മാജന പദ്ധതികൾ മുഖേന ഉള്ള സഹായങ്ങളാണ് വലിയതോതിലല്ലെങ്കിലും പഞ്ചായത്തിലൂടെ ലഭ്യമാകുന്നത്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്കു കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണക്കുറവ്, യഥാസമയം ലഭിക്കായ്ക, സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തുപറയേണ്ടതുതന്നെയാണ്.

തൊഴിലാളി- തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളികളും, കർഷക തൊഴിലാളികളും ധാരാളമുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. ക്ഷേമനിധി ബോർഡുകൾമുഖേനയുള്ള പ്രവർത്തനങ്ങൾ വ്യാപകമല്ല. ഈ പഞ്ചായത്തിലെ ചുമട്ടുതൊഴിലാളികളേയും ഡ്രൈവർമാരെയും മറ്റ് മോട്ടോർ തൊഴിലാളികളേയും കൂടി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്.

ഐ. ആർ. ഡി. പി. പദ്ധതികളുടെ സഹായം അർഹരായ എല്ലാവർക്കും ലഭ്യമാകുന്നതോടൊപ്പം വർദ്ധിച്ചുവരുന്ന ജീവിത നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യ രേഖയുടെ പരിധി ഉയർത്തേണ്ടിയിരിക്കുന്നു.

വിവിധ പദ്ധതികളിലൂടെയുള്ള ധനസഹായങ്ങൾ നൽകാൻ ധനകാര്യ സ്ഥാപനങ്ങൾ കാണിക്കുന്ന ഉദാസീനതയില്ലാതാക്കണം.

ഈ പഞ്ചായത്തിൽ സ്വകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ, സർക്കാർ തൊഴിൽ പരിശീലനവും, തൊഴിലധിഷ്ഠിത കോഴ്സുകളും നടത്തുന്നുണ്ട്; ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

സാമൂഹ്യക് ക്ഷേമരംഗത്ത് റവന്യൂ വകുപ്പ്, പെൻഷനുകളും മറ്റാനുകൂല്യങ്ങളും നൽകുന്നുണ്ട്. പക്ഷേ അർഹിക്കുന്നവർക്ക് ലഭിക്കാതിരിക്കുകയും അനർഹർക്ക് ലഭിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത് . ഈ ആനുകൂല്യങ്ങൾ സമയത്ത് ലഭിക്കാത്തതിന്റെ കാരണം മേൽത്തട്ടുകളിലെ അനാസ്ഥയാണ്. ഇത് അത്യാവശ്യം ഒഴിവാക്കേണ്ടതാണ്.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി പത്തോ അധിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന D.W.C.R.A. പോലുള്ള തൊഴിൽ സംരംഭങ്ങൾ പഞ്ചായത്തിന്റെ ഓരോ വാർഡിലും ആരംഭിക്കാവുന്നതാണ്. ഇവയിലൂടെ പശുവളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ വിവിധ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

ഗ്രാമീണ കൈത്തൊഴിലാളികൾക്ക് നവീന

തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് "ടൂൾ കിറ്റ് പദ്ധതി". ഈപദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിലെ എല്ലാ മരപ്പണിക്കാർ, ഇരുമ്പുപണിക്കാർ എന്നിവർക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്യേണ്ടതുണ്ട്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് മ.റി.േ.ജ. ഇത് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനം നടത്തുന്നുണ്ട് എങ്കിലും ഇവയുടെ വിതരണത്തിലുള്ള അപാകതകൾ നിർബന്ധമായും പരിഹരിക്കേണ്ടതാണ്.

## വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ നിലവിലുള്ള നിയമമനുസരിച്ച് ഈ പെൻഷൻ ലഭിക്കുകയില്ല. ഇത്തരം നിയമങ്ങൾ ഭേദഗതി ചെയ്ത് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

## വികലാംഗ പെൻഷൻ

വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ സൂപ്രണ്ടാണ് ഇപ്പോൾ കൊടുക്കുന്നത്. ഈ സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അധികാരം താലൂക്കാശുപത്രിയിലെ ഡോക്ടർമാർക്ക് കൂടി കൊടുക്കേണ്ടതുണ്ട്.

## തൊഴിലില്ലായ്മ വേതനം

നമ്മുടെ പഞ്ചായത്തിലും അനർഹമായി തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. തൊഴിലില്ലാത്തവർക്ക് നൽകുന്ന ഈ വേതനം പ്രത്യുത്പാദന മേഖലകളിലേയ്ക്ക് തിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട് ഗൗരവമായി ചിന്തിച്ച് പദ്ധതികൾ ഉണ്ടാക്കി പ്രായോഗികമാക്കണം.

## കർഷക തൊഴിലാളി പെൻഷൻ

കർഷക തൊഴിലാളി പെൻഷൻ പദ്ധതി ഇവിടെ നടപ്പിലാക്കി വരുന്നതേയുള്ളൂ. അർഹരായ എല്ലാവർക്കും ഇത് ലഭ്യമാക്കണം.

## അംഗൻവാടികൾ

ഈ പഞ്ചായത്തിൽ സാമൂഹ്യ ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന അംഗൻവാടികൾ ഒന്നാം വാർഡിലൊഴികെ എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ വിവിധ സ്ഥലങ്ങളിലായി 37 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ഗ.മ. ി. േ. ന്റെ ലക്ഷ്യം. 36,435 ജനസംഖ്യയുള്ള കട്ടപ്പന പഞ്ചായത്തിൽ 37 അംഗൻവാടികൾ ആ ലക്ഷ്യം നിറവേറ്റിയിരിക്കുന്നു. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം ഈ പഞ്ചായത്തിലും പ്രകടമാണ്. നിലവിതലുള്ള അംഗൻവാടികളിലെ പരിമിതികൾ ജീവനക്കാരിൽ പ്രയാസവും, കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. സ്വന്തമായി കെട്ടിടങ്ങളില്ലാത്തതും സ്ഥലമില്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി യഥാകാലം നടത്താത്തതും കളിപ്പാട്ടങ്ങളില്ലാത്തതും രൂക്ഷമായ പ്രശ്നങ്ങൾ തന്നെയാണ്. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളും ശാസ്ത്രീയമല്ല. വർക്കർ, ഹെൽപ്പർ എന്ന രണ്ടു തസ്തികകൾ ഇവിടെയുണ്ട്. രാവിലെ 9 മുതൽ 3 1/2 വരെ ജോലിചെയ്യുന്ന ഇവരുടെ വേതനത്തിൽ അർഹമായ വർദ്ധനവുണ്ടാക്കി ഈ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതുണ്ട്.

JRY ഫണ്ട് ഉപയോഗിച്ചോ, ഏതെങ്കിലും സാമ്പത്തിക ഏജൻസിയെ കൊണ്ടോ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും, ഉള്ളവ അറ്റകുറ്റപ്പണി നടത്തുകയും വേണം. കെട്ടിടം പണിയാൻ; അംഗൻവാടികൾക്ക് പഞ്ചായത്തിൽനിന്നും സ്ഥലം ലഭ്യമാക്കണം.

DWCRA യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം അംഗൻവാടികൾക്ക് കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.

അംഗൻവാടികളിലെ കുട്ടികളക്ക് പോഷകാഹാരത്തിന് നൽകുന്ന തുകയുടെ പരിധി വർധിപ്പിക്കുക.

അനർട്ട് അടുപ്പുകൾ അംഗൻവാടികൾക്ക് വ്യാപകമാക്കുക അംഗൻവാടികളിലെ ശുചിത്വം ഉറപ്പാക്കാൻ ഏർപ്പാടുണ്ടാക്കുക. എല്ലാ അംഗൻവാടികളിലും പ്രാഥമിക സൗകര്യങ്ങൾ പൂർണ്ണമായും ഏർപ്പാടാക്കുക.

പൊതു വിതരണം ഒരു സാമൂഹ്യ ക്ഷേമ പരിപാടിയാണ്. പൊതുവിതരണ രംഗത്ത് 18 റേഷൻ കടകളും ഒരു മാവേലി സ്റ്റോറും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നണ്ട്. ഇവയിലൂടെ വിലനിലവാരം ഒരു പരിധി വരെ പിടിച്ചു നിറുത്താൻ സാധിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വൃദ്ധ അഗതി മന്ദിരങ്ങൾ പണിത് പ്രവർത്തനം ആരംഭിക്കണം.

## • പഞ്ചായത്തിലെ സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ

1. കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയോടനുബന്ധിച്ചുള്ള 'പ്രതീക്ഷാ ഭവൻ'. രോഗികളും അശരണരും വൃദ്ധരുമായി 200 പേർ ഇവിടെ താമസിക്കുന്നുണ്ട്. ഈ ജില്ലയിൽത്തന്നെ സാമൂഹിക ക്ഷേമരംഗത്ത് ഈ സ്ഥാപനത്തിന്റെ സേവനം എടുത്തുപറയത്തക്കതാണ്.
2. ഭിക്ഷക്കാരെ സംരക്ഷിക്കുന്നതിനായി ഇരുപതേക്കറിൽ 'ആകാശപ്പറവകൾ' എന്ന പേരിൽ ഒരു മന്ദിരം പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ യാചകരടക്കം നൂറിൽപരം ആൾക്കാരെ ഇവിടെ പരിപാലിക്കുന്നുണ്ട്.
3. പഞ്ചായത്തിന്റെ മൂന്നാം വാർഡിൽ മന്ദബുദ്ധികളായ കുട്ടികൾക്കുവേണ്ടി 'സ്നേഹസദനവും' വെള്ളയാംകുടിയിൽ ഒരു സ്പെഷ്യൽ സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

ഈ സ്ഥാപനങ്ങൾ എല്ലാം തന്നെ ദൈനംദിന കാര്യങ്ങൾ ചെയ്യുന്നതിന് വളരെയേറെ കഷ്ടപ്പെടുന്നുണ്ട്. ഇവർക്ക് സർക്കാർ തലത്തിലും പഞ്ചായത്തിൽനിന്നും ധനസഹായം ലഭ്യമാക്കേണ്ടതുണ്ട്. കട്ടപ്പന പഞ്ചായത്ത് പ്രദേശങ്ങൾ യാചകനിരോധന മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും യാചകരുടെയും പകർച്ച വ്യാധിയുള്ളവരുടെയും ശല്യം പൊതുജനങ്ങൾക്കും യാത്രക്കാർക്കും അനുദിനം വർദ്ധിച്ചുവരുന്നു. ഇവരെ പുനരധിവസിപ്പിക്കുന്നതിന് പഞ്ചായത്തുതലത്തിൽ സംവിധാനം ഉണ്ടാകുകയോ ഇതിനുവേണ്ടിനടത്തപ്പെടുന്ന സ്ഥാപനങ്ങളിലെത്തിക്കുന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയോ ചെയ്യണം.

നിരാലംബരായ അഗതികളെ സംരക്ഷിക്കുന്നതിനു വേണ്ടി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ അഗതിമന്ദിരം സ്ഥാപിക്കണം.

ഭവന നിർമ്മാണ മേഖലയിൽ ഏറ്റവും ബുദ്ധിമുട്ടനുഭവപ്പെടുന്നത് നിർമ്മാണച്ചെലവും ഗുണമേന്മയുള്ള സാധനസാമഗ്രികളുടെ ദൗർലഭ്യവുമാണ്. കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം ഈ പഞ്ചായത്തിൽ ആരംഭിച്ചാൽ കുറഞ്ഞ ചെലവിൽ വീടുനിർമ്മിക്കുന്നതിനും തൊഴിൽ പരിശീലനത്തിനും സൗകര്യമുണ്ടാകും. അങ്ങനെ തൊഴിലില്ലായ്മ പരിഹരിക്കാം. ●

# 5.8 വനിതാ ക്ഷേമം

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ അതൊന്നുമറിയാതെ, ഈ ഗ്രാമത്തിന്റെ ഉൾ നാടൻ മേഖലകളിലും ഒതുങ്ങിക്കഴിയുന്ന പ്രവണതയാണുള്ളത്. സാമൂഹ്യ പ്രവർത്തന മേഖലകളിൽ 1950 കളിൽ സ്ത്രീകളുടെ പങ്കാളിത്തം ഇവിടെയും വളരെ കുറവായിരുന്നു. ആഘോഷ പരിപാടികളിലും പൊതുപരിപാടികളിലും സ്ത്രീ പങ്കാളിത്തം ഈ അടുത്ത കാലം വരെ വളരെ കുറവായിരുന്നു.

ഈ പഞ്ചായത്തിലെ ആകെയുള്ള 36435 ജനങ്ങളിൽ 17969 സ്ത്രീകളും 18466 പുരുഷന്മാരുമാണുള്ളത്. (1991-ലെ സെൻസസ് പ്രകാരം). സ്ത്രീകളുടെയിടയിലെ വിദ്യാഭ്യാസ നിലവാരം വളരെയധികം ഉയരാൻ ഇവിടുത്തെ പാരലൽ വിദ്യാഭ്യാസ മേഖല പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സർവ്വകലാശാല നിയന്ത്രണത്തിലുള്ള കോളേജുകൾ കുറവായതിനാൽ പെൺകുട്ടികളെ ദൂരെസ്ഥലങ്ങളിലുള്ള കോളേജുകളിൽ വിട്ട് പഠിപ്പിക്കാൻ അധികമാരും തയ്യാറായിരുന്നില്ല. ഇവിടുത്തെ പാരലൽ വിദ്യാഭ്യാസ ശൃംഖല, പ്രീഡിഗ്രി കഴിഞ്ഞ വിദ്യാർത്ഥിനികളെ കുറഞ്ഞത് ഒരു ബിരുദധാരിണിയെങ്കിലുമാക്കാൻ സഹായിക്കുന്നുണ്ട്.

അധ്യാപന രംഗത്ത് സ്ത്രീകളുടെ എണ്ണം കൂടുതലുണ്ട്, മറ്റു മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം പരമിതമാണ്. കൂലിപ്പണക്കു പോകുന്ന സാധാരണ തൊഴിലാളി സ്ത്രീകളിൽ നല്ലൊരു പങ്കും വിദ്യാഭ്യാസം കുറഞ്ഞവരാണ്. 75 ശതമാനത്തിലധികം സ്ത്രീകളും വീട്ടുകാര്യങ്ങൾ നോക്കി ഒതുങ്ങി കൂടാൻ ആഗ്രഹിക്കുന്നവരാണ്.

സ്ത്രീകളെ എല്ലാ തരത്തിലും ശക്തിപ്പെടുത്താതെ, അവർക്കെതിരായി നിലനിൽക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കാനാവില്ല. സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സ്ത്രീകളെ കേന്ദ്രീകരിക്കാനുള്ള തീവ്രയത്നം അടിയന്തിരാവശ്യമാണ്. സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. സ്ത്രീകൾക്കിടയിലെ നിരക്ഷരത ഇല്ലായ്മ ചെയ്യുന്നതിൽ 1990-ലെ സാക്ഷരതാ പ്രവർത്തനം വളരെ സഹായകമായിട്ടുണ്ട്.

### പ്രശ്നങ്ങൾ:-

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. ഉള്ള മേഖലയിൽത്തന്നെ കൂലിനിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു.

**പട്ടിക ശ്രദ്ധിക്കുക.**

| | കൂലി | |
|---|---|---|
| തൊഴിൽ മേഖല | സത്രീകൾ | പുരുഷന്മാർ |
| കർഷക തൊഴിലാളി | 60 | 80 |
| നിർമ്മാണതൊഴിലാളി | 100 | 120 |
| ഏലക്കാടു തൊഴിലാളി | 53 | 53 |

ഇതിൽ ഏലത്തോട്ടം മേഖലയിൽ മാത്രമാണ് സ്ത്രീ പുരുഷന്മാർക്ക് ഏകീകൃത കൂലി വ്യവസ്ഥയുള്ളത്. ആശാരി, മേസ്തിരി, പെയ്ന്റർ മേഖലകളിൽ സ്ത്രീ തൊഴിലാളികളില്ല. സ്ത്രീകൾ മാത്രമായി ജോലിയെടുക്കുന്ന മേഖല ഇല്ല എന്നു തന്നെ പറയാം. സാമൂഹ്യ രംഗത്ത് വളരെക്കാലമായി പിന്നിൽ നിൽക്കുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലുകളിലൂടെ മുന്നോട്ടു കൊണ്ടുവന്നാലെ പൊതു ജീവിതത്തിലും, തൊഴിൽ മേഖലയിലും അർഹമായ പങ്ക് വഹിക്കാൻ അവർക്ക് കഴിയൂ. ഏറ്റെടുക്കുന്ന ജോലി ഭംഗിയിലും ഉത്തരവാദിത്വത്തോടുകൂടിയും നിറവേറ്റുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും, പൊതുവേ ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും, ഉത്തരവാദിത്വം ഏൽപ്പിക്കാനുള്ള താത്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തുമുണ്ട്. സ്ത്രീകൾക്കിടയിലെ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. മനുഷ്യകുലത്തിന്റെ പകുതിയോളം വരുന്ന വിഭാഗങ്ങളാണ് തങ്ങൾ എന്നും, പുരുഷന്മാർക്കുള്ള എല്ലാ അധികാരാവകാശങ്ങൾ തങ്ങൾക്കുമുണ്ടന്നും അത് ലഭിക്കണമെന്ന് സ്ത്രീകൾക്കും സ്വയം തോന്നിത്തുടങ്ങിയിരിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുരുഷനോടൊല്പം നില്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

## സാദ്ധ്യതകൾ

സാമൂഹ്യ രംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. കഴിയുന്നത്ര സ്ത്രീകളെ നാതൃത്വ നിരയിലേയ്ക്ക് കൊണ്ടു വരുന്നതിന് രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ ശ്രദ്ധിക്കണം. പൊതുപ്രവർത്തന രംഗത്ത് പരിചയമുള്ള സ്ത്രീകൾ അവരുടെ അനുഭവ പരിജ്ഞാനം പുതിയ തലമുറയുമായി പങ്കുവെയ്ക്കുകയും അതുമൂലം അവരിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും വേണം. വനിതകൾക്ക് മാത്രമായ സംഘടനകൾ രൂപീകരിച്ച് സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ സഹായിക്കുകയും വേണം.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുവാൻ സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. ചെറുകിട വ്യവസായ രംഗത്ത് സ്ത്രീകൾക്ക് അനവധി സാദ്ധ്യതകളുണ്ട്. റെഡിമെയ്ഡ്സ്, കറിപ്പൗഡർ നിർമ്മാണം തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യതകൾ ഏറെയാണ്. കരകൗശല നിർമ്മാണ രംഗത്തും, പച്ചക്കറിത്തോട്ട നിർമ്മാണ രംഗത്തും സ്ത്രീകൾക്ക് ശോഭിക്കാവുന്നതാണ്.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിൽ മേഖലയിൽ വിദ്യാലയങ്ങളിലൊഴികെ സ്ത്രകൾ അവഗണന നേരിടുന്നു.
2. സാമൂഹ്യ സേവന രംഗത്ത് സ്തീകൾ ധീരമായി, പ്രവർത്തന സജീവമായി പുറത്തു വരുന്നില്ല.
3. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീൾ വേണ്ടത്ര താത്പര്യം കാട്ടുകയോ സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല.

4. തുല്യ ജോലിക്ക് തുല്യ വേതനം എന്ന തത്വം പ്രാവർത്തികമാക്കുന്നില്ല.

5. സ്വയം തൊഴിൽ കണ്ടെത്തി പ്രാവർത്തികമാക്കുന്നതിനുള്ള സാമ്പത്തിക തടസ്സം ഒഴിവാക്കണം.

6. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു. അംഗൻവാടികളിൽ പലതിലും സൗകര്യങ്ങളില്ല.

7. പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.

8. ധീരമായി മുന്നോട്ടിറങ്ങാനുള്ള മനോദാർഢ്യം സ്ത്രീകൾക്ക് കുറവാണ്.

സാമാന്യ വിദ്യാഭ്യാസം ഉണ്ടെങ്കിലും ശാസ്ത്രീയ ബോധനിലവാരം സ്ത്രീകളിൽ കുറവാണ്.

പരിഹാരങ്ങൾ

1. ഉല്പാദന പരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കണം.

2. തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കുക.

4. തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ നൽകുക.

5. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

6. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃ സഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

7. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും മതിയായ സംവിധാനം വികസിപ്പിക്കുക.

8. സ്കൂളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹായം ചെയ്യുക.

9. കുട്ടികൾക്കും ഗർഭിണികൾക്കും ഉള്ള പോഷകാഹാര വിതരണം വിപുലമാക്കണം.

10. സ്ത്രീകളുടെ ജോലി സമയം പരിമിതപ്പെടുത്തണം. തൊഴിൽ സമയത്ത് തൊഴിലാളി സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കാൻ കെയർ യൂണിറ്റുകൾ ആരംഭിക്കണം.

11. മദ്യ നിരോധനം പൂർണ്ണമായും നടപ്പിലാക്കണം.

12. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന പ്രദർശന പോസ്റ്ററുകൾ നിരോധിക്കണം.

13. കുടിവെള്ളം ഏറ്റവും അടുത്ത് ലഭ്യമാക്കണം.

14. സ്ത്രീധനത്തിന്റെ പേരിലുള്ള പ്രശ്നങ്ങൾ നേരിടുവാൻ നിയമം ശക്തമായി നടപ്പിലാക്കണം. സ്ത്രീ പീഡനം കർശനമായി നിരോധിക്കണം.

15. സ്ത്രീകൾക്കനുയോജ്യമായ തൊഴിൽ മേഖല കണ്ടു പിടിച്ച് പ്രാവർത്തികമാക്കുക.



*വെള്ളയാംകുടി-നത്തുകല്ല് റോഡിന്റെ പുനരുദ്ധാരണ പണികളുടെ ഉദ്ഘാടനം വാർഡ് മെമ്പർ ജോയി പൊരുന്നോലിൽ നിർവ്വഹിക്കുന്നു.*

# 5.9 സഹകരണം.

ഋണ ബാദ്ധ്യതയിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി 1904 ലെ നിയമ നിർമ്മാണത്തോടെയാണ് കാർഷിക വായ്പ്പാ സഹകരണ സംഘങ്ങൾ ഇൻഡ്യയിൽ ആരംഭിച്ചത്. നമ്മുടെ പഞ്ചായത്തിൽ 1955 ലാണ് സഹകരണ പ്രസ്ഥാനത്തിന് ആരംഭം കുറിച്ചത്. പരേതനായ പൊട്ടംകുളം ശ്രീ. കെ. വി. മാത്യുവിന്റെ നേതൃത്വത്തിൽ കട്ടപ്പനയിൽ, കർഷകർക്ക് വായ്പ കൊടുക്കുക എന്ന ലക്ഷ്യത്തോടെ ഒരു സഹകരണ സംഘം ആരംഭിച്ചു. ഇന്ന് സഹകരണ പ്രസ്ഥാനം എല്ലാ അർത്ഥത്തിലും, എല്ലാ രംഗത്തും പടർന്ന് പന്തലിച്ചു നില്ക്കുന്നു. ഇടുക്കി ജില്ലയുടെ രൂപീകരണത്തോടെ, ജില്ലാസഹകരണ ബാങ്ക് നിലവിൽ വന്നു. ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ, ജില്ലയിലാകമാനവും, പ്രത്യേകിച്ച് കട്ടപ്പന പഞ്ചായത്തിലും ളസഹകരണ പ്രസ്ഥാനം ഏറ്റവും ശക്തി പ്രാപിച്ച്, ഇവിടുത്തെ സാമ്പത്തിക-കാർഷിക, ഉപഭോക്തൃ-വിപണനമേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന്റെ സാന്നിധ്യം ഉറപ്പിച്ചിരിക്കുന്നു.

വായ്പ്പാ മേഖലയിൽ കട്ടപ്പന സർവ്വീസ് സഹകരണ ബാങ്കും, കട്ടപ്പന അർബൻ സഹകരണ ബാങ്കും, മലനാട് കാർഷിക ഗ്രാമ വികസന ബാങ്കും സ്തുത്യർഹമായ സേവനം നടത്തുമ്പോൾ, നപണന രംഗത്ത് കട്ടപ്പന മാർക്കറ്റിംഗ് സഹകരണ സംഘവും ഭവന നിർമ്മാണ രംഗത്ത് കട്ടപ്പന ഹൗസിംഗ് സഹകരണ സംഘവും, ഉപഭോക്തൃ രംഗത്ത് ഇടുക്കി ജില്ലാ മൊത്ത വ്യാപാര സഹക്രണ സംഘവും, ചില പോരായ്മകളോടെയാണെങ്കിലും പ്രവർത്തിച്ചു വരുന്നു.

വിവിധ മേഖലകളിലായി 25ലേറെ സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

എങ്കിലും, ഈ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് പറഞ്ഞുകൂടാ! ജനാധിപത്യ ഭരണ സംവിധാനം ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാൻ സാധിക്കാത്തതാണ്, വ്യാപകമായ പ്രവർത്തന മേഖല ശുഷ്കമായതിന് പ്രധാനകാരണമായി പറയപ്പെടുന്നത്. കട്ടപ്പന പഞ്ചായത്തിലെ സഹകരണ മേഖലയുടെ ചരിത്രം 1955 ൽ കട്ടപ്പന സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപിച്ചതോടെയാണ് ആരംഭിക്കുന്നത്. 40 വർഷം കൊണ്ട് സഹകരണ മേഖലയിൽ ഉണ്ടായ വളർച്ച അഭിനന്ദനാർഹമാണ്.

കാർഷിക മേഖലയിലെ എല്ലാ സഹകരണ സംഘങ്ങളും സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. വിപണന - ഉപഭോക്തൃ - മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം നല്ലരീതിയിൽ നടക്കുന്നില്ല. സേവന് മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പരാജയമാണെന്ന് സമ്മതിക്കേണ്ട സ്ഥിതിയാണുള്ളത്. ക്ഷീരോത്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമാണ്.

## സംഘങ്ങളും - ലക്ഷ്യങ്ങളും പട്ടിക(1)

| | |
|---|---|
| 1. ഇടുക്കി ജില്ലാ സഹകരണ ബാങ്ക് -2 ശാഖ | ജില്ലയിലെ സഹകരണ സംഘങ്ങളുടെ ധനസഹായ ഏജൻസി |
| 2. ഇടുക്കി ജില്ലാ മൊത്ത വ്യാപാരസഹകരണ സംഘം | ജില്ലയിലെ ഉപഭോക്തൃ വസ്തുക്കളുടെ മൊത്ത വിതരണക്കാർ |
| 3. കട്ടപ്പന സർവ്വീസ് സഹകരണ ബാങ്ക് | കാർഷിക വായ്പ്പാ വിതരണം |
| 4. മലനാട് കാർഷിക ഗ്രാമ വികസന ബാങ്ക് | കാർഷിക വായ്പ്പാ വിതരണം |
| 5. കട്ടപ്പന മാർക്കറ്റിംഗ് സഹകരണ സംഘം | ഉല്പന്ന വിതരണം |
| 6. കട്ടപ്പന ഭവന നിർമ്മാണ സഹകരണ സംഘം | ഭവന നിർമ്മാണ വായ്പ്പാ വിതരണം |
| 7. ടീച്ചേഴ്സ് സഹകരണ സംഘം | അധ്യാപകർക്ക് വായ്പ്പാ വിതരണം |
| 8. പ്രിന്റിംങ്ങ് & പബ്ലിഷിംങ്ങ് സഹകരണ സംഘം | അച്ചടി ജോലികൾ |
| 9. ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം | ഡ്രൈവർമാർക്ക് വായ്പ്പാ കൊടുക്കുക. |
| 10. കാപ്പി, കൊക്കോ വിപണന സംസ്കരണ സഹകരണ സംഘം | കാപ്പി, കൊക്കോ വിപണനവും സംസ്കരണവും |
| 11. കാലിത്തീറ്റ നിർമ്മാണ സഹകരണ സംഘം | കാലിത്തീറ്റ നിർമ്മാണം |
| 12. ഹോട്ടൽ & കേറ്ററിംഗ് സഹകരണ സംഘം | ഹോട്ടൽ വ്യവസായം |
| 13. വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘം | ജൈവവള നിർമ്മാണം |
| 14. ഹെൽത്ത് സർവ്വീസ് എംപ്ലോയീസ് സഹകരണ സംഘം | ഹെൽത്ത് സർവ്വീസ് രംഗത്തെ വായ്പ്പാ വിതരണം |
| 15. ഗവ. എംപ്ലോയീസ് കോപ്പറേറ്റീവ് സൊസൈറ്റി | ഗവ. ജീവനക്കാർക്ക് വായ്പ്പാ വിതരണം |
| 16. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ - 6 | ക്ഷീര വിപണനം |
| 17. കട്ടപ്പന അർബൻ സഹകരണ ബാങ്ക് | കാർഷിക വായ്പ്പാ വിതരണം |
| 18. ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സഹകരണ സംഘം | കോൺട്രാക്ട് വ്യവസ്ഥയിൽ ജോലികൾ ചെയ്യുക |
| 19. മീറ്റ് കൺസ്യൂമേഴ്സ് സഹകരണ സംഘം | ഇറച്ചി വിപണനം |
| 20. ഫ്രൂട്ട്സ് & വെജിറ്റബിൾസ് സഹകരണ സംഘം | പഴം-പച്ചക്കറികൾ വിപണനം ചെയ്യുക |
| 21. ബസ്സ് തൊഴിലാളി സഹകരണ സംഘം | തൊഴിലാളി ക്ഷേമം |
| 22. ബസ്സ് ഓപ്പറേറ്റേഴ്സ് സഹകരണ സംഘം | വാഹന വായ്പയും ബസ്സ് സർവ്വീസും |
| 23. വള്ളക്കടവ് ഉപഭോക്തൃ സഹകരണ സംഘം | ഉപഭോക്തൃ വസ്തുക്കൾ വിതരണം |
| 24. ടീച്ചേഴ്സ് ഹൗസിംഗ് സഹകരണ സംഘം | അധ്യാപകർക്ക് ഭവന നിർമ്മാണ വായ്പ്പാ കൊടുക്കുക |
| 25. വനിതാ സർവ്വീസ് സഹകരണ സംഘം | വനിതാ ക്ഷേമം |
| 26. അംഗൻവാടി ടീച്ചേഴ്സ് ഹൗസിംഗ് സഹകരണ സംഘം | അംഗൻവാടി ടീച്ചർമാരുടെ ക്ഷേമം. |

## വിപണന കാർഷിക മേഖലയിൽ സഹകരണ സ്ഥാപനങ്ങൾ

ഏകദേശം 3500 കർഷക കുടുംബങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ കാർഷിക, കാർഷികേതര വായ്പകൾ മുഖ്യമായും കട്ടപ്പന സർവ്വീസ് സഹകരണ ബാങ്കും, കാർഷിക ഭൂ വികസന ബാങ്കും, അർബൻ സഹകരണ ബാങ്കും വിതരണം ചെയ്യുമ്പോൾ ആകെ വായ്പയുടെ 1/3 ഭാഗം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയും യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയും കൂടി വിതരണം ചെയ്യുന്നു.

1995 ൽ കട്ടപ്പന സർവ്വീസ് സഹകരണ ബാങ്ക് മാത്രം ഹ്രസ്വ-മദ്ധ്യ-ദീർഘകാല കാർഷിക വായ്പകളിലായി 86,56,036 രൂപാ വിതരണം ചെയ്തിട്ടുണ്ട്. സ്വർണ്ണ പണയമുൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി 68,98,234 രൂപായും വിതരണം ചെയ്തിട്ടുണ്ട്. 7,275 അംഗങ്ങൾ ഉള്ള ഈ ബാങ്കിലെ ശരാശരി ഋണ ബാദ്ധ്യത 2,138 രൂപയാണ്.

ബാങ്കിൽ ലഭ്യമായ ലാൻഡ് രജിസ്റ്റർ പ്രകാരം 'ക്രെഡിറ്റ് ലിമിറ്റ്' തയ്യാറാക്കി വർഷംതോറും ജില്ലാ ബാങ്കിൽനിന്നും അംഗീകാരം വാങ്ങുന്നുണ്ടെങ്കിലും അർഹരായ എല്ലാവർക്കും വായ്പ നൽകുവാൻ സംവിധാനമില്ല. എല്ലാ അംഗങ്ങൾക്കും വായ്പ ലഭ്യമാകണമെങ്കിൽ ബാങ്ക് വർദ്ധിച്ച തോതിൽ നിക്ഷേപങ്ങൾ സമാഹരിക്കേണ്ടതുണ്ട്.

ദീർഘകാല കാർഷിക വായ്പ മുഖ്യമായും നൽകുന്നത് മലനാട് കാർഷിക ഭൂവികസന ബാങ്കാണ്. പട്ടയ ഭൂമിയുടെ ഈടിന്മേൽ മാത്രമേ ഈ ബാങ്ക് വായ്പ കൊടുക്കാറുള്ളൂ. പട്ടയമില്ലാത്ത ഭൂമി ധാരാളമുള്ളതുകൊണ്ട് ഈ ബാങ്കിൽ നിന്നും എല്ലാ വിഭാഗം ആൾക്കാർക്കും വായ്പ ലഭ്യമാകും വിധം നടപടി ക്രമങ്ങൾ ലഘൂകരിക്കേണ്ടതുണ്ട്.

കാർഷിക മേഖലയിലെ ഈ രണ്ട് സഹകരണ സംഘങ്ങളും ആൾ ജാമ്യത്തിൽ 25000 രൂപാ വരെ വായ്പ കൊടുക്കാൻ ഏർപ്പാടുണ്ടാക്കേണ്ടതാണ്. കാർഷിക മേഖലയിലെ ഇവരുടെ സേവനം കൂടാതെ മറ്റെല്ലാ ആവശ്യങ്ങൾക്കും വായ്പ കൊടുക്കും വിധം ഇവയ്ക്കു വേണ്ട നിയമ ഭേദഗതികൾ വരുത്തേണ്ടതുണ്ട്.

ഭവന നിർമ്മാണ രംഗത്ത്, കട്ടപ്പനയിലെ ഭവന നിർമ്മാണ സഹകരണ സംഘത്തിന് ഒന്നും തന്നെ ചെയ്യാൻ കഴിഞ്ഞിട്ടില്ല. നാളിതുവരെ 130 ഭവനങ്ങൾക്കായി 50,75,800 രൂപായേ വിതരണം ചെയ്തിട്ടുള്ളൂ. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും യഥാസമയം ഫണ്ട് ലഭിക്കാത്തതുകൊണ്ടാണ് ഈ രംഗത്ത് ഈ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലാത്തതിന്റെ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

## വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

**കാർഷിക മേഖലയും വിപണന മേഖലയും.**

1. നഷ്ടത്തിൽ പ്രവർത്തിക്കുന്ന എല്ലാ കാർഷിക സഹകരണ സംഘങ്ങൾക്കും നഷ്ടത്തിനു തുല്യമായ തുക പലിശയില്ലാ വായ്പയായി സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ലഭ്യമാക്കണം.
2. സഹകരണ സംഘങ്ങളിലെ സർക്കാരിന്റെ ഓഹരി മൂലധനം സംഘങ്ങളുടെ അടച്ചുതീർത്ത ഓഹരിത്തുകയ്ക്കൊപ്പമാക്കുകയും കർശന പരിശോധന നടത്തുകയും ചെയ്യുക.
3. എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
4. സഹകരണ മേഖലയിലെ എല്ലാ നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയന്ത്രണത്തിലാക്കുക.
5. സഹകരണ വകുപ്പിന്റെ നിയന്ത്രണം കർശനമാക്കുക.
6. വായ്പകൾ തിരികെ പിടിക്കാൻ ഭരണസമിതികൾക്കധികാരം നൽകുക.
7. നിക്ഷേപ സമാഹരണം നടത്തി പ്രവർത്തനമൂലധനം വർദ്ധിപ്പിക്കുക.
8. സഹകരണ സംഘങ്ങൾ കൂടുതൽ ചിട്ടികൾ നടത്തുകയും ചിട്ടി വ്യവസ്ഥകൾ ലഘൂകരിക്കുകയും വേണം.
9. സഹകരണ ബാങ്കുകൾ കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളടങ്ങിയ ലാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് കാലവർഷത്തേയ്ക്കും ആവശ്യമായ വായ്പത്തുക തിട്ടപ്പെടുത്തുകയും വേണം.
10. ഓരോ കർഷകനും ഒരു വർഷത്തേക്കാവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിനു മുമ്പുതന്നെ പാസ്സാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് നൽകുന്ന സമ്പ്രദായം നടപ്പിലാക്കുക.
11. കാർഷികാവശ്യത്തിനായി 'നബാർഡി'ൽ നിന്നും 'കൺസഷണൽ ഫിനാൻസ്' കൃത്യമായി അനുവദിച്ചു കിട്ടുന്നതിന് നടപടി എടുക്കുക.
12. സർക്കാരിൽ നിന്നും അനുവദിച്ചുകിട്ടുന്ന പലിശ യഥാകാലം കർഷകർക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.
13. ആൾ ജാമ്യത്തിൽ വ്യക്തികൾക്കനുവദിക്കുന്ന തുകയുടെ പരിധി ഉയർത്തുകയും ഓഹരി വായ്പ അനുപാതം പരിഗണിക്കാതിരിക്കുകയും വേണം.
14. വളവും, ഉപഭോക്തൃ വസ്തുക്കളും കാർഷികോപകരണങ്ങളും വിതരണം ചെയ്യുവാനും കാർഷികോത്പന്നങ്ങൾ സംഭരിക്കുവാനും ഒരു സംഘത്തിൽത്തന്നെ ഏർപ്പാടാക്കണം.
15. കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വില ഇടിവുവരമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങിക്കൊണ്ട് "കീ ലോൺ" അനുവദിച്ചുകൊടുക്കാൻ സംവിധാനം ഉണ്ടാകണം. ഇതിലേയ്ക്ക് ഗോഡൗണുകൾ കൂടുതൽ നിർമ്മിക്കേണ്ടതുണ്ട്.
16. അർഹരായ എല്ലാവർക്കും അംഗത്വം ഉറപ്പുവരുത്തണം.
17. കാപ്പി- കൊക്കോ വിപണന സംസ്കരണ സഹകരണ സംഘത്തിന്റെ പ്രവർത്തനം വ്യാപകമാക്കണം.
18. കട്ടപ്പന മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ ശാഖകൾ, പുളിയൻമല, വള്ളക്കടവ്, നരിയംപാറ , നിർമ്മലാ സിറ്റി , നത്തുകല്ല്, കൊച്ചുതോവാള തുടങ്ങിയ സ്ഥലങ്ങളിൽ ആരംഭിക്കേണ്ടതുണ്ട്. പുളിയൻമലയിലും നിർമ്മലാസിറ്റിയിലും സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖകളും ആരംഭിക്കേണ്ടതുണ്ട്.

### 2 ക്ഷീര വ്യവസായ സഹകരണ മേഖല

1. അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ വിതരണം ചെയ്യുക - അതിനായി ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ മുൻകൈയെടുക്കണം.

2. ഈ മേഖലയിലെ മുഴുവൻ പാലും സംഭരിച്ച് സൂക്ഷിക്കാൻ നിർമ്മലാ സിറ്റിയിലെ ചില്ലിംഗ് പ്ലാന്റ് വിപുലീകരിക്കുക.
3. എല്ലാ സംഘത്തിലൂടെയും കാലിത്തീറ്റ വിതരണം ചെയ്യണം.

4. തീറ്റ പുൽകൃഷി വിപുലമായ രീതിയിലാക്കാൻ സംഘങ്ങൾ മുന്നോട്ടുവരണം.

5 മൃഗങ്ങളുടെ സംരക്ഷണത്തിനായി മൃഗ സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സേവനം തക്കസമയത്തു ലഭ്യമാക്കണം.

6. പഞ്ചായത്ത് തലത്തിലും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ക്ഷീരവികസനത്തിന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്.

## 3. കൺസ്യൂമർ മേഖല

കൺസ്യൂമർ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവന്ന ഇടുക്കി ജില്ലാ മൊത്തവ്യാപാര സഹകരണ സംഘം ഇന്നൊരു തകർച്ചയുടെ വക്കിലാണ്. ജില്ലയുടെ പ്രധാന സ്ഥലങ്ങളിലെല്ലാം ശാഖകളുണ്ടായിരുന്ന സംഘം ഇന്ന് കട്ടപ്പനയിലുള്ള ഹെഡ് ഓഫീസും രണ്ടുശാഖകളും മാത്രമായി ശുഷ്കിച്ചിരിക്കുകയാണ്. ഇതിന്റെ ഈ അവസ്ഥയിൽ നിന്നും മോചനം നൽകേണ്ടതുണ്ട്. സർക്കാർ ഈ കാര്യത്തിൽ വളരെ അനുഭാവപൂർവ്വമായ തീരുമാനങ്ങൾ എടുത്ത്, നഷ്ടം നികത്തിക്കൊടുത്ത് കൂടുതൽ പ്രവർത്തന മൂലധനം അനുവദിച്ച് ഈ സംഘത്തെ പുനരുദ്ധരിപ്പിക്കേണ്ടതുണ്ട്. കട്ടപ്പനയിലെ സ്കൂൾ സഹകരണ സംഘങ്ങളിലൂടെ ഇപ്പോൾ പുസ്തകങ്ങളും നോട്ടുബുക്കുകളും മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. എല്ലാ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും ഈ സംഘങ്ങളിൽ അംഗമാക്കേണ്ടതുണ്ട്.

## കോഴിവളർത്തൽ സഹകരണസംഘം

കേരളത്തിന്റെ വരുമാനത്തിന്റെ വലിയ ഭാഗം ഇറച്ചിക്കോഴി, കോഴിമുട്ട എന്നിവയുടെ ഉപഭോഗം വഴി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്നുണ്ട്. പഞ്ചായത്തു തലത്തിൽ ഒരുകോഴി വളർത്തൽ സഹകരണ സംഘം രൂപീകരിച്ചും കോഴിവളർത്തലും മുട്ട ഉല്പാദനവും പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഈ സംഘം മുഖേന പഞ്ചായത്തിലെ വീടുകളിൽ ചെറിയ ചെറിയ യൂണിറ്റുകളായി കോഴിവളർത്തുകയും, അതിനാവശ്യമായ മൃഗ സംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും സാമ്പത്തിക സഹായവും ലഭ്യമാക്കേണ്ടതുണ്ട്.

കട്ടപ്പനയിലെ വനിതാസഹകരണസംഘത്തചിൽറ കീഴിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, നോട്ടുബുക്കുനിർമ്മാണം, അച്ചാർ, കറി പൗഡർ നിർമ്മാണം ഇവ ആരംഭിക്കേണ്ടതാണ്.

സഹകരണ മേഖലയുടെ വികസനംമൂലം പ്രത്യക്ഷമായും പരോക്ഷമായും ധാരാളം പേർക്ക് തൊഴിൽ ലഭിക്കാനുള്ള സാധ്യതയുണ്ട്.

സഹകരണരംഗത്തെ വളർച്ചയ്ക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു "സഹകരണസെൽ" രൂപീകരിക്കാവുന്നതും സഹകരണ സംഘങ്ങൾക്കാവശ്യമായ വിദഗ്ദോപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യാവുന്നതുമാണ്.



*6-ാം ശുദ്ധജല പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം പ്രസിഡന്റ് പി.സി. മാത്യു നിർവ്വഹിക്കുന്നു.*

5-10

# പട്ടികജാതി- പട്ടിക വർഗ്ഗക്ഷേമം

പഞ്ചായത്തിലെ ജനസംഖ്യയിൽ ഏകദേശം 10ശതമാനത്തോളം പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ പെടുന്നവരാണ്. ലഭ്യമായ കണക്കനുസരിച്ച്, 2109 അംഗങ്ങൾ പട്ടിക ജാതിയിലും 1084 അംഗങ്ങൾ പട്ടിക വർഗ്ഗ വിഭാഗത്തിലും പെടുന്നു. ( അവലംബം: സെക്കൻഡറി ഡേറ്റാ). എല്ലാ വാർഡുകളിലും മൊത്തമായും ഈ വിഭാഗത്തിനായുള്ള കോളനികളിലുമായി ഏതാണ്ട്.......കുടുംബങ്ങളാണുള്ളത്.

അനേക വർഷങ്ങളിലായി ഉപരി വർഗ്ഗത്തിന്റെ ചൂഷണങ്ങൾക്ക് വിധേയമായിരുന്ന ഇക്കൂട്ടരുടെ , പ്രത്യേകിച്ച് പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുടെ (ആദിവാസികളുടെ), സാമ്പത്തിക സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ പിന്നോക്കാവസ്ഥ ഇന്നും നിലനിൽക്കുന്നു. കാലത്തിന്റെ മാറ്റത്തിൽ വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ ലഭിച്ചുവരുന്ന വൈപ്ലവികമായ ആനുകൂല്യങ്ങളുടേയും പ്രേരണകളേടയും വെളിച്ചത്തിൽ ഒട്ടേറെ മുന്നേറ്റം നടത്താൻ കഴിഞ്ഞട്ടുണ്ടെങ്ങിലും ഈ മേഖലകളിലിന്നും നിലനിൽക്കുന്ന ഉച്ചനീചത്വങ്ങളും ഗുണഭോക്താക്കളുടെ അജ്ഞതയും നിമിത്തം ആശാവഹമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് പറയുക വയ്യ. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നില്ലെങ്കിലും ആ വിഭാഗത്തിൽനിന്നും മത പരിവരിത്തനം ചെയ്ത് ക്രിസ്തു മതം സ്വീകരിച്ച ദളിത് ക്രൈസ്തവരുടെ സ്ഥിതിയും മറിച്ചല്ല. വിദ്യാഭ്യാസ രംഗത്ത് മാത്രം അല്പം ഒരു നേട്ടം കൈവരിച്ചിട്ടുണ്ടെന്നതല്ലാതെ സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ അർഹിക്കുന്ന അംഗീകാരം നേടാനായിട്ടില്ല.

എന്നാൽ, സംസ്ഥാനത്തിന്റെ ഇതര മേഖലകളെ അപേക്ഷിച്ച് ഇടുക്കി ജില്ലയിൽ, വിശിഷ്യ, ഈ പഞ്ചായത്തിൽ ഈ വിഭാഗത്തിലുള്ളവർക്ക് ഒരു സാമൂഹിക അംഗീകാരം ലഭിക്കുന്നുണ്ടെന്നത് ശുഭോദർക്കമാണ്. മതമൈത്രിയിലും നിരപേക്ഷതയിലും ഈ പഞ്ചായത്ത് മുൻപന്തിയിലാണെന്ന തിനാൽത്തന്നെ മുഖ്യ ധാരയിലേയ്ക്കുയരാനുള്ള ഈ വിഭാഗത്തിന്റെ ശ്രമം ഫലവത്താകുന്നുണ്ട്. അമിതമായ രാഷ്ട്രീയ കക്ഷികളുടെ ചേരി തിരിവും പ്രവർത്തനങ്ങളും ഏറെ സ്വാധീനിക്കുന്നത് ഈ വിഭാഗത്തെയാണ്. അതു കൊണ്ടു തന്നെ രാഷ്ട്രീയ കക്ഷികളുടെ കളിപ്പാവകളും ബലിയാടുകളുമായി മാറ്റപ്പെടുന്നുമുണ്ട്. ഔപചാരികതകളുടെ പരിവേഷം പൂണ്ട് അകന്നു നിൽക്കുന്ന ഔദ്യോഗിക മേഖലകളിലെ സാങ്കേതികത്വങ്ങളും ബോധവൽക്കരണ - വിദ്യാഭ്യാസ രംഗത്തെ അപര്യാപ്തതകളും സാമ്പത്തിക പിന്നോക്കാവസ്ഥയും, സ്വന്തമായി കൃഷി ഭൂമിയോ ഉള്ള ഭൂമിക്കു തന്നെ പട്ടയമോ ഇല്ലാത്ത അവസ്ഥയുമൊക്കെ ഈ വിഭാഗത്തിന്റെ അഭ്യുന്നതിക്കു മുന്നിൽ വലിയ ചോദ്യചിഹ്നങ്ങളായി നിൽക്കുന്നു. സർക്കാർ നൽകുന്ന ക്ഷേമ പ്രവർത്തനങ്ങളുടേയും അനുവദിക്കുന്ന തുകയുടേയും പകുതി പോലും ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല: ഔദ്യോഗികമായ ഉദാസീനതകളും ഈ വിഭാഗത്തിൽപ്പെട്ടവരുടെ അസംഘടിതത്വവും അജ്ഞതയും ഇടനിലക്കാരുടെ ചൂഷണനുമാണിതിനു കാരണം. ഈ വിഭാഗത്തിനു മാത്രമായുള്ള ഫണ്ടുകൾ പോലും പൊതുവായു വിനിയോഗിക്കപ്പെടുകയും, കൃത്യമായ സർവ്വേയുടേയും കണക്കുതിട്ടപ്പെടുത്തലുകളുടേയും അഭാവം കൊണ്ട് തൊഴിൽ സാദ്ധ്യതകൾ പോലും പൊതുകണക്കിലേയ്ക്ക് പോകുന്ന അവസ്ഥയുണ്ട്.

## വിദ്യാഭ്യാസം

സർക്കാർ തലത്തിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ധാരാളമുണ്ടെങ്കിലും അതു പൂർണ്ണമായും പ്രയോജനപ്പെടുത്താൻ ഈ വിഭാഗത്തിനു കഴിഞ്ഞിട്ടില്ല. നിരീക്ഷകരുടെ എണ്ണവും ഒട്ടും കുറവല്ല. പത്താം ക്ലാസ്സുവരെ ഒരുവിധമൊക്കെ പഠിക്കുന്ന കുട്ടികളും അതിനു ശേഷം പഠനം നിറുത്തുകയോ മറ്റു മേഖലകളിലേയ്ക്ക് മാറിപ്പോവുകയോ ചെയ്യുന്നു. സാമ്പത്തിക വൈഷമ്യം മൂലം ഏതെങ്കിലും തൊഴിലുകളിലേയ്ക്ക് പ്രത്യേകിച്ച് കാർഷിക രംഗത്തെ കൂലി വേലകൾക്ക് പോകാൻ നിർബന്ധിതരായിത്തിരുന്നു. പലരും ഉന്നത വിദ്യാഭ്യാസത്തിന് 20% സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ടെങ്കിലും കട്ടപ്പന ഗവ. കോളേജ്, നെടുങ്കണ്ടം എം. ഇ. എസ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നു ലഭിച്ച വിവരമനുസരിച്ച് ഡിഗ്രിതലത്തിൽ ഈ വിഭാഗങ്ങൾക്കുള്ള ഒഴിവുകൾ പൂർണ്ണമായും നികത്താൻ കഴിയാതെ വരുന്നു. പട്ടിക ജാതി വികസനവകുപ്പ് നടത്തുന്ന വിദ്യാഭ്യാസ പരിപാടികൾ താഴെപ്പറയുന്നു.

- 5-ാം ക്ലാസ്സു മുതൽ സി. ബി. എസ്. ഇ. സിലബസ്സുള്ള സ്കൂളുകളിൽ വിദ്യാഭ്യാസം ചെയ്യുന്നതിന് പട്ടികജാതി കുട്ടികൾക്ക് ബോർഡിംഗ് ഫീസ് സഹിതം മുഴുവൻ തുകയും ജില്ലാ പഞ്ചായത്തു വഴി നൽകുന്നു. ആരെയും ഇതുവരെ തെരഞ്ഞെടിത്തിട്ടില്ല.

- ആർട്ട്സ് കോളേജിൽ 15%ഉം പ്രൊഫഷണൽ കോളേജിൽ 8%ഉം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. (പട്ടിക ജാതിക്കു മാത്രം)
- 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി കുട്ടികൾക്ക് പ്രീ-മെട്രിക് ഹോസ്റ്റൽ സംവിധാനം.

- ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 500/- രൂപ മുതൽ 1500/- രൂപ വരെ (SSLC, PDC, DC, PG)പ്രോത്സാഹന സമ്മാനം.

- കായിക പ്രതിഭകൾക്ക് തിരുവനന്തപുരത്ത് സ്പോർട്ട്സ് ഹോസ്റ്റൽ സൗകര്യം.

- അർഹതയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷയ്ക്കു പ്രത്യേക കോച്ചിംഗ്.

- പരാജയമടഞ്ഞ ഈ വിഭാഗത്തിൽ പെട്ട SSLC,PDC, +2, വൊക്കേഷണൽ ഹയർ സെക്കൻഡറി, ഡിഗ്രിതല വിദ്യാർത്ഥികൾക്ക് ധനസഹായം.

എന്നാൽ ഈ ആനുകൂല്യങ്ങളിൽ ഈ പഞ്ചായത്തിൽ നിന്നുമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുള്ളത് താഴെപ്പറയുന്നു.

– '96-'97 വർഷം ഒരു കുട്ടിക്ക് LKG യ്ക്കു പ്രവേശനം. (സി.ബി.എസ്. ഇ. സിലബസ് പ്രകാരം കട്ടപ്പന ഇൻഫന്റ് ജീസസ് സ്കൂളിൽ ).

– പരാജയമടഞ്ഞവർക്കു വീണ്ടും പഠിക്കുന്നതിനുള്ള ധനസഹായം

| | |
|---|---|
| 91-92-ൽ | -1 |
| 93-94-ൽ | -1 |
| 94-95-ൽ | -3 |
| 95-96-ൽ | -2 |
| 96-97-ൽ | -1 |

പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇതിലുമുപരിയുള്ള ആനുകൂല്യങ്ങളുണ്ടെങ്കിലും അധികമാർക്കും ലഭിച്ചിട്ടില്ലാത്തതിനു കാരണം വിദ്യാർത്ഥികളുടെ അഭാവം തന്നെ. വിദ്യാഭ്യാസ രംഗത്തെ ഈ പിന്നോക്കാവസ്ഥയ്ക്ക് കൂട്ടായ ബോധവത്കരണവും പ്രേരണയും കൊണ്ട് ഒരളവു വരെ പരിഹാരമുണ്ടാക്കാം.

## തൊഴിൽ

പട്ടികജാതി/വർഗ്ഗ കുടുംബങ്ങളിൽ അധികവും കാർഷിക മേഖലയിലെ തൊഴിലാളികളാണ്. എന്നാൽ കാർഷികരംഗത്തെ തകർച്ചയും കൂലിക്കുറവും മറ്റു മേഖലകളിലേയ്ക്ക്, മുഖ്യമായി , നിർമ്മാണ രംഗവുമായി ബന്ധപ്പെട്ട്, മാറ്റപ്പെടുന്നു. സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖലകളിലും വേണ്ടുന്നത്ര തൊഴിൽ ലഭ്യമാകുന്നില്ല. സ്വകാര്യ മേഖലയിൽ ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും ഈ വിഭാഗത്തെ പിന്തുണയ്ക്കുന്ന മാനേജ്മെന്റോ സ്ഥാപനങ്ങളോ ഇല്ലാത്തതിനാൽ ഇവർക്ക് തൊഴിൽ ലഭിക്കുന്നില്ല. അത്യാവശ്യം വിദ്യാഭ്യാസ യോഗ്യത ഉണ്ടായിട്ടും തൊഴിൽ രഹിതരായ യുവതീ യുവാക്കൾ ഈ പഞ്ചായത്തിലുണ്ട്. പരമ്പരാഗത തൊഴിലുകൾക്കും വിപണി കണ്ടെത്താൻ കഴിയായ്കയാൽ പ്രോത്സാഹനം ലഭിക്കുന്നില്ല. പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ പരമ്പരാഗത തൊഴിലിൽ പ്രാവീണ്യമുള്ളവരുണ്ടെങ്കിലും മെച്ചമായ സാമ്പത്തിക ലാഭം നേടുന്നില്ല. അതുകൊണ്ടു തന്നെ അലസതയും അസംഘടിതത്വവും ഈ വിഭാഗം ജനങ്ങൾക്കിടയിൽ രൂക്ഷമാകുന്നു.

## പാർപ്പിടം.

ഈ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ഏറ്റവും രൂക്ഷവും അത്യാവശ്യമായി പരിഹരിക്കപ്പെടേണ്ടതുമായ ഒരു വിഷയമാണ് പാർപ്പിട പ്രശ്നം. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൊതുവിലും കോളനികളിലുമായി വസിക്കുന്നവർക്ക് മെച്ചമായ പാർപ്പിട സൗകര്യങ്ങളുടെ അപര്യാപ്തത ഏറെയാണ്. സർക്കാർ ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികൾ പ്രകാരം ഒരു പരിധിവരെ ആശ്വാസം ലഭിച്ചിട്ടുണ്ടെങ്കിലും അതും അത്ര മെച്ചമെന്ന് പറയുക വയ്യ. മിക്ക വീടുകൾക്കും കക്കൂസുകളോ പ്രാഥമിക സൗകര്യങ്ങളോ ഇല്ല. കിണർ തുടങ്ങിയ ശുദ്ധ ജല സംവിധാനങ്ങളും അപര്യാപ്തം. ചെറ്റക്കുടിലുകളിൽ നിന്നും ഒരു നല്ല വിഭാഗം മോചനം നേടിയിട്ടുണ്ടെങ്കിലും വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും മറ്റും സാമ്പത്തിക പരാധീനത നിമിത്തം കഴിയുന്നില്ല. ഭൂമി ഈടു വച്ച് ഭവന വായ്പ എടുത്തിരിക്കുന്നവർക്ക് അത് തിരിച്ചടയ്ക്കാൻ കഴിയാത്തതുകൊണ്ട് പ്രമാണങ്ങൾ തിരികെ വാങ്ങുന്നതിനോ അതുപയോഗിച്ചു മറ്റു സാമ്പത്തിക നേട്ടമുണ്ടാക്കുന്നതിനോ കഴിയുന്നില്ല. പട്ടികജാതി വകുപ്പിൽ നിന്നും ഭൂരഹിത ഭവനരഹിത പട്ടികജാതിക്കാരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതികളുണ്ട്. ഭൂമി വാങ്ങുന്നതിന് 10,000/- രൂപയും വീടുവയ്ക്കുന്നതിന് 15,000/-രൂപയുമാണ് നൽകുന്നത്. എന്നാൽ 1992-93 മുതൽ 95-96 വരെ 20 പേർക്ക് മാത്രമാണീയാനുകൂല്യം ലഭിച്ചത്. ഭൂമിയുള്ളവർക്ക് 15,000/-രൂപ വരെ ഭവന നിർമ്മാണത്തിന് നൽകുന്ന പദ്ധതിയനുസരിച്ച് 90-91 മുതൽ 95-96 വരെ 17 പേർ ഈ ആനുകൂല്യം നേടിയിട്ടുണ്ട്. പുരമെയ്ച്ചിൽ പദ്ധതി പ്രകാരം 90-91 മുതൽ 95-96 വരെ 28 പേർക്ക് 500/- രൂപ വീതം ധനസഹായം ലഭിച്ചിട്ടുണ്ട്. 96-97ൽ പഞ്ചായത്തു വഴി 3 പേർക്കും ഈ ധനസഹായത്തിനർഹത ലഭിച്ചിട്ടുണ്ട്. തീവ്ര സങ്കേത വികസന പരിപാടിയനുസരിച്ച് 91-92 മുതൽ 96-97 വരെ സംസ്ഥാനത്താകെ 2000 സങ്കേതങ്ങൾ പൂർത്തിയാക്കണമെന്ന ലക്ഷ്യത്തിലുൾപ്പെടുത്തി കട്ടപ്പന ഗ്രാമ പഞ്ചായത്തിലെ നരിയംപാറ, കല്യാണത്തണ്ട് എന്നിവിടങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്.

പാർപ്പിട സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഈ വിഭാഗത്തിന്റെ ഉന്നമനത്തിനുള്ള പ്രധാന കാരണങ്ങളിലൊന്ന്. സ്വന്തമായി ഭൂമി ഇല്ലാത്തതും ഉള്ള ഭൂമിക്ക് പട്ടയം ഇല്ലാത്തതും പ്രശ്നങ്ങളാണ്. കോളനികളിലെ സംവിധാനങ്ങളും മെച്ചമല്ല. ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നല്കേണ്ടതും ആവശ്യാവശ്യങ്ങളിൽപ്പെടുന്നു. ഈ പഞ്ചായത്തിലെ 2,5,6,7,10 വാർഡുകളിൽ ഈ പ്രശ്നം കൂടുതലായി നിലനില്ക്കുന്നു.

## പ്രധാന പ്രശ്നങ്ങൾ:-

വാർഡുതല ഗ്രാമ സഭകളിലെ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ പ്രകാരം താഴെപ്പറയുന്നവ പട്ടികജാതി/വർഗ്ഗ ക്ഷേമ സംബന്ധമായ പ്രധാന പ്രശ്നങ്ങളാണ്.

1. വിദ്യാഭ്യാസ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും ഒരളവുവരെ നിരക്ഷരത നിലനില്ക്കുകയും സ്കൂളുകളിൽ നിന്നും കൊഴിഞ്ഞു പോക്ക് ഉണ്ടാവുകയും ചെയ്യുന്നു.
2. മിക്ക കുടുംബങ്ങൾക്കും സ്വന്തമായി വീടും കൃഷി ഭൂമിയുമില്ല. വീടു വെയ്ക്കുവാൻ ധനസഹായം നേടാൻ പ്രതിബന്ധങ്ങളേറെയാണ്. പല വീടുകളും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക ഭാരം ഏറെയും ധനസഹായങ്ങൾ പരിമിതവുമാണ്. സാങ്കേതികത്വങ്ങൾ പ്രതിബന്ധമാകുന്നു.
3. കോളനികളിലും അല്ലാതെയും താമസിക്കുന്നവർക്ക് കുടിവെള്ളവും വൈദ്യുതിയും ലഭിക്കുന്നില്ല. ഇതു വളരെ രൂക്ഷമായ പപ്രശ്നമാണ്.
4. കൈവശഭൂമിയുടെ അപര്യാപ്തത. ഉള്ളവയ്ക്കുതന്നെ പട്ടയം ലഭിക്കുന്നില്ല. അന്യാധീനപ്പെട്ട ആദിവാസികളുടെ ഭൂമിക്കു പകരം ഭൂമി ലഭിച്ചിട്ടില്ല. അതു കൊണ്ടു തന്നെ കൃഷിക്കാർ പരിമിതം.
5. പ്രാഥമിക സൗകര്യങ്ങൾ ഇല്ല. മിക്ക കുടുംബങ്ങൾക്കും കക്കൂസില്ല. ആരോഗ്യ പരിപാലന പരിപാടികൾ കാര്യക്ഷമമല്ല. രോഗങ്ങളുടെ വർദ്ധന ഏറുന്നു. ശുചിത്വം പാലിക്കപ്പെടുന്നില്ല.
6. തൊഴിൽ സാധ്യത വളരെ കുറഞ്ഞു വരുന്നു. കാർഷിക മേഖലയിൽ മരവിപ്പ് അനുഭവപ്പെടുന്നു.
7. കുട്ടികളുടെ കായികവും മാനസികവുമായ ശേഷി വികസിപ്പിച്ചെടുക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള സൗകര്യങ്ങളില്ല.
8. ഈ വിഭാഗത്തിനു മാത്രമായി -കോളനികളിലെങ്കിലും- സാംസ്കാരിക കേന്ദ്രങ്ങളോ, വായനശാലകളോ സാക്ഷരതാ കേന്ദ്രങ്ങളോ, സാംസ്കാരികോന്നമനത്തിനുതകുന്ന ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ സഹായമോ ലഭ്യമല്ല.

9. ചെറുകിട - കുടിൽ - വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങളില്ല.

10. സൗജന്യ ചികിത്സയോ പ്രായമായ പെൺകുട്ടികളെ വിവാഹം ചെയ്തയക്കുന്നതിനുള്ള ധനസഹായമോ, ദുരിതാശ്വാസ പരിപാടികളോ, വനിതാ തൊഴിൽ കേന്ദ്രങ്ങൾക്ക് ധനസഹായമോ ലഭിക്കുന്നില്ല.

11. ഐ. ആർ. ഡി. പി. തുടങ്ങിയ പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല.

12. പട്ടികജാതി/വർഗ്ഗ ക്ഷേമ കാര്യാലയങ്ങളിൽ നിന്നും, പട്ടികജാതി/വർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമൊക്കെയുളള വായ്പകൾ യഥാകാലം ലഭിക്കുന്നില്ല. അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ സംരംഭങ്ങൾക്കു ധനസഹായമോ തൊഴിലോ ലഭ്യമല്ല.

13. സാമ്പത്തിക പിന്നോക്കാവസ്ഥ നിമിത്തം അനുദിനം കടബാദ്ധ്യതകളിൽ പെട്ടുപോകുന്നു. ബാങ്കുകളുടേയും മറ്റും കർശന നിയമങ്ങളും വ്യവസ്ഥകളും ഈ കടങ്ങൾ പെരുകുന്നതിനു മാത്രം ഉപകരിക്കുന്നു.

14. പൊതുശ്മശാനവും കളിസ്ഥലവും ഇല്ല.

15. പശു, ആട്, കോഴി, മുയൽ തുടങ്ങിയവയെ വളർത്തുന്നതിനുള്ള സൗജന്യ ധനസഹായവും തൊഴുത്തുകൾ, കൂടുകൾ എന്നിവയും സൗജന്യമായോ സബ്സിഡിയോടുകൂടിയ കുറഞ്ഞ പലിശ നിരക്കിലോ ലഭിക്കുന്നില്ല.

16. കൃഷിഭൂമിയും കാർഷികോപകരണങ്ങളും സൗജന്യമായി ലഭിക്കുന്നില്ല.

## സാധ്യതകൾ

പഞ്ചായത്തിലെ 2,3,4,5,7,11 വാർഡുകളിലെ കോളനികളിൽ വൈദ്യുതി എത്തിക്കണം. കുടിവെള്ള ക്ഷാമം അതിരൂക്ഷമാകയാൽ അതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. പലയിടങ്ങളിലും ഈ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി കുഴൽ കിണറുകളും കുളങ്ങളും സ്ഥാപിക്കുകയും സ്ഥാപിച്ചിട്ടുള്ളവ ഉപയോഗയോഗ്യമാക്കുകയും വേണം. പുതിയ ചെറുകിട -കുടിൽ- വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം. ഇതിനാവശ്യമായ ധനശേഷി ഉപയോഗപ്പെടുത്തണം. കാലാകാലങ്ങളിലെ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികൾ വേണം. കട്ടപ്പന കേന്ദ്രമാക്കിയും പഞ്ചാതത്തിലെ 5,7 വാർഡുകൾക്കു വേണ്ടി പൊതുവായും പ്രീ-മെട്രിക് ഹോസ്റ്റലുകൾക്ക് സാധ്യതയുണ്ട്. ഇപ്പോൾ പലയിടങ്ങളിലും ഉപയോഗ ശൂന്യമായിക്കിടക്കുന്ന കുളങ്ങൾ പുതുക്കിപ്പണിതും, ആവശ്യം വേണ്ടയിടങ്ങളിൽ പുതിയവ നിർമ്മിച്ചും, കോളനികളിൽ കുഴൽക്കിണറുകൾ നിർമ്മിച്ചും, കുടിവെള്ള ക്ഷാമം പരിഹരിക്കാം. വളർത്തുമൃഗങ്ങളേയും കോഴി, താറാവ് തുടങ്ങിയ പക്ഷികളെയും വളർത്തുന്നതുന്നതിനുള്ള സാഹചര്യങ്ങൾ ഉളവാക്കണം. കോളനികളിലേയ്ക്ക് റോഡുകൾ നിർമ്മിക്കേണ്ടതുണ്ട്. സാംസ്കാരികനിലയത്തിനുള്ള സാധ്യത ഏറെയാണ്. വനിതകൾക്കുവേണ്ടി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകണം. ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങിയവയും ചെറുകിട -കുടിൽ- വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽണം. കക്കൂസുകൾ, പ്രാഥമിക സൗകര്യങ്ങൾക്കുള്ള സംവിധാനങ്ങൾ, വൈദ്യുതി, ജലക്ഷാമ പരിഹാര മാർഗ്ഗങ്ങൾ എന്നിവ കണ്ടെത്തണം. ഗവ: ഏജൻസികളും ധനകാര്യ സ്ഥാപനങ്ങളും നൽകുന്ന വായ്പകൾ വ്യാപകമാക്കുകയും വ്യവസ്ഥകൾ ലഘൂകരിക്കുകയും ചെയ്താൽ സാമ്പത്തിക രംഗം മെച്ചപ്പെടുത്താനാവും. ഭാരിച്ച ബാദ്ധ്യതകൾ പൂർണ്ണമായോ ഭാഗികമായെങ്കിലുമോ എഴുതിത്തള്ളാനുള്ള സംവിധാനം സർക്കാർ- സഹകരണ മേഖലകളിലുണ്ടാവണം. തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പകളും മറ്റും പഞ്ചായത്ത് നേരിട്ട് നൽകണം.

## പരിഹാര നിർദ്ദേശങ്ങൾ:

– വിദ്യാഭ്യാസ രംഗത്ത് കൂടുതൽ ശ്രദ്ധ വെയ്ക്കണം. ഈ വിഭാഗത്തിലെ കുട്ടികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാവണം.

– സ്വന്തമായി വീടില്ലാത്തവർക്ക് വീടുകൾ സൗജന്യമായി നിർമ്മിച്ചു കൊടുക്കുകയും പുതുക്കിപ്പണിയേണ്ടവ പുതുക്കിപ്പണിയുകയും അറ്റകുറ്റപ്പണികൾ തീർത്തു കൊടുക്കുകയും ചെയ്യുക.

– കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അത്യാവശ്യ ഇടങ്ങളിൽ കുളങ്ങളും കുഴൽ കിണറുകളും സ്ഥാപിക്കുക. കോളനി നിവാസികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുക.

-- കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുക. സ്വന്തമായി കൃഷിയിടങ്ങളും, കൃഷിഭൂമിയുള്ളവർക്ക് കാർഷികോദ്ധാരണത്തിനുള്ള വിത്ത്, വളം, ഉപകരണങ്ങൾ എന്നിവയും. പട്ടയം ലഭിക്കാത്തവർക്ക് പട്ടയവും ആദിവാസി മേഖലയിൽ ഭൂമി അന്യാധീനപ്പെട്ടവർക്ക് പകരം ഭൂമിയും ലഭ്യമാക്കുക.

– പരമ്പരാഗത - കുടിൽ - ചെറുകിട വ്യവസായങ്ങൾക്കുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കുക.

-- കോളനികളിലും പട്ടികജാതി കുടുംബങ്ങളിലുമുള്ള പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലന കേന്ദ്രങ്ങളും അവർക്കായി സഹകരണ സംഘങ്ങളും സ്ഥാപിക്കുക.

– ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭ്യമാക്കുകയും അതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കുകയും ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ ശ്രദ്ധയുണ്ടാവണം. വായ്പകൾ ദുരുപയോഗപ്പെടുത്താതിരിക്കുന്നതിനു പഞ്ചായത്തു സമിതിയുടെ പരിശോധന ഉണ്ടായിരിക്കുക.

-- പട്ടികജാതി/വർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

– പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ടവ്യവസ്ഥയിൽ കൃഷി ഭൂമി വാങ്ങി പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുന്നതിനും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണി മേഖലയും പഞ്ചായത്തിന്റെ മേല്നോട്ടത്തിലാരംഭിക്കുക.

– ആരോഗ്യ പരിപാലനത്തിന് സൗജന്യ ചികിത്സ, ആരോഗ്യ രക്ഷാക്ലാസ്സുകൾ, സൗജന്യ മെഡിക്കൽ ക്യാമ്പുകൾ, പ്രാഥമികാരോഗ്യ - കേന്ദ്രങ്ങളുടെ സേവനം. പോഷകാഹാര വിതരണം, ഇവ പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ നടപ്പിലാക്കുക.

– അഭ്യസ്ത വിദ്യരായ യുവാക്കൾക്ക് വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനും തൊഴിൽ സാദ്ധ്യതകൾ ഉറപ്പാക്കുന്നതിനും പഞ്ചായത്ത് മുൻകൈയെടുക്കുക.

– പഞ്ചായത്തിലുള്ള സർക്കാർ/അർദ്ധസർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിൽ യോഗ്യതയുള്ള പട്ടികജാതി/വർഗ്ഗ യുവാക്കൾക്ക് തൊഴിൽ ഉറപ്പു വരുത്തുക. സ്വകാര്യ സ്കൂളുകൾ, കമ്പനി, ഫാക്ടറി വ്യവസായ സ്ഥാപനങ്ങൾ എന്നിവയിൽക്കൂടി സംവരണ തത്വം ഉറപ്പാക്കാൻ മുൻകൈയെടുക്കുക.

– എല്ലാ ക്ഷേമ പദ്ധതികളുടേയും പ്രയോജനം ഈ വിഭാഗം

ജനതയ്ക്ക് ലഭിക്കുന്നതിന് പഞ്ചായത്തു സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുക.

- വികസന പ്രവർത്തനങ്ങൾ എത്തിയിട്ടില്ലാത്ത കോളനികളിൽ അവ ത്വരിത ഗതിയിലാക്കുക. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നല്കുക. ഈ വിഭാഗത്തിനു വേണ്ടി ഉദ്ദേശിച്ചുള്ള ക്ഷേമ പ്രവർത്തനങ്ങളും ഫണ്ടുകളും അതിനായി മാത്രം ചെലവഴിക്കുക.
- പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഭൂരഹിത/ഭവന രഹിത പുനരധിവാസ പദ്ധതിയിൽ ഈ പഞ്ചായത്തിലെ പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് അവ ലഭ്യമാക്കുക.
- പട്ടികജാതി/വർഗ്ഗ ക്ഷേമ കാര്യങ്ങൾക്കായി പ്രത്യേക സെൽ പഞ്ചായത്തിൽ പ്രവർത്തിക്കുകയും കാലാകാലങ്ങളിൽ വികസന സർവ്വേ നടത്തി അവശ്യം എത്തിക്കേണ്ട പദ്ധതികൾ ഗുണഭോക്താക്കളിലെത്തിക്കുകയും ചെയ്യുക.
- 4-ാം വാർഡിലെ ജവഹർ കോളനിയിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിച്ച് വിനോദ വിദ്യാഭ്യാസ പരിപാടികൾക്കുള്ള സാഹചര്യം ഉളവാക്കുക.



*പഞ്ചായത്തുതല ഏകദിന ശില്പശാല സമ്മേളനം അഡ്വ. മേരി സിറിയക് (ജില്ലാ പഞ്ചാ. വൈസ്. പ്രസി.), ഉദ്ഘാടനം ചെയ്യുന്നു. അദ്ധ്യക്ഷൻ പി.സി.മാത്യു (പ്രസി. കട്ടപ്പന പഞ്ചാ.), ജോണി കുളംപള്ളിൽ, ജി. ഗോപിനാഥൻ നായർ, വി.കെ. സോമൻ എന്നിവർ വേദിയിൽ.*

# വിഭവ സമാഹരണം

ഒരു പ്രദേശത്തിന്റെയോ രാഷ്ട്രത്തിന്റെ തന്നെയോ വികസനത്തിനും വളർച്ചയ്ക്കും നിദാനമായിരിക്കുന്ന ഘടകങ്ങളിലതിപ്രധാനം അവിടുത്തെ വിഭവങ്ങളുടെ സമാഹരണനിരക്കാണ്. സാമ്പത്തിക ഭദ്രതയില്ലാതെ വികസനം സാധിക്കുകയില്ല. കറൻസികളുടേയും സമ്പത്തിന്റേയും മാത്രം ലഭ്യതയല്ല വിഭവസമാഹരണം. ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി എന്നിവ മുഖ്യഘടകങ്ങളാണ്. ഓരോ മേഖലയ്കളം അനുസൃതമായ ഭൂപ്രകൃതിയും കാലാവസ്ഥയും വളരെ പ്രാധാന്യമുള്ളതാണ്. ജനങ്ങളുടെ കർമ്മശേഷിയും ബൗദ്ധികശേഷിയും സേവനസൗകര്യവും, വിദ്യാഭ്യാസ - സാംസ്കാരിക നിലവാരവുമെല്ലാം വിഭവത്തിലുൾപ്പെടുന്നു. ഈ സ്ഥിതിക്ക് ഈ പഞ്ചായത്തിൽ വിഭസമാഹരണത്തിന് സാധ്യതകളേറെയാണ്. അവസാനമാരിക്കുക നിന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. നമ്മുടെ പഞ്ചായത്തിൽ വിഭവസമാഹരണം എങ്ങനെ സാധിക്കാമെന്നും അതിനുള്ള സാധ്യതകളേതെന്നും നിർദ്ദേശങ്ങളേതെന്നും താഴെപറയുംപോലെ സംഗ്രഹിക്കാം.

### വ്യവസായം

നമ്മുടെ പഞ്ചായത്തിൽ നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് വ്യാവസായികമേഖലയിലെ നിശ്ചലാവസ്ഥയാണം. കാര്യമായ ഒരു വ്യവസായ സ്ഥാപനം പോലും കട്ടപ്പന പ്രദേശത്തില്ല. എന്നാൽ പേരിനുമാത്രം ചില കുടിൽ വ്യവസായങ്ങളുണ്ട്. ഈ രംഗത്ത് ദീർഘവീക്ഷണത്തോടുകൂടിയുള്ള മുന്നേറ്റം നടത്താൻ കഴിഞ്ഞാൽ വിഭവസമാഹരണത്തിന് പുതിയ മേഖലകൾ കണ്ടെത്താനാകും.

### കൃഷി

കേരളത്തിന്റെ കാർഷികോല്പാദന വിപണനജില്ലയായ ഇടുക്കിയുടെ സിരാകേന്ദ്രമാണ് കട്ടപ്പന. കർഷകർ, കർഷകതൊഴിലാളികളെയും, കർഷകതൊഴിലാളികൾ കെട്ടിട നിർമ്മാണ തൊഴിലാളികളായും, മോട്ടോർ വാഹനതൊഴിലാളികളായും മാറുന്നതിനാൽ ഈ രംഗത്തും തൊഴിലാളികളുടെ കുറവുണ്ട്. അശാസ്ത്രിയമായ രാസവള പ്രയോഗം കൊണ്ട് ദോഷഫലങ്ങൾ ഉണ്ടാകുന്നത് തടയുവാൻ ജൈവവളപ്പയോഗത്തിനും, മണ്ണുസംരക്ഷണത്തിനും പ്രാധാന്യം നൽകണം. കൂടാതെ എല്ലാവിധ കാർഷിക ആവശ്യത്തിനും വൈദ്യുതി സൗജന്യമാക്കണം. ഇത്തരം പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണാതെ വിഭവസമാഹരണം ഈ രംഗത്ത് വർദ്ധിപ്പിയ്ക്കാനാവില്ല. മേൽപ്പറഞ്ഞ കാര്യങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഫലപ്രദമായി ഇടപെടാനുള്ള അധികാരം നൽകിയാൽ അതിവേഗം ഗുണഫലങ്ങൾ കണ്ടു തുടങ്ങും എന്നതിൽ സംശയമില്ല.

### വിദേശ മലയാളികളുടെ മൂലധന നിക്ഷേപം

ഈ പഞ്ചായത്തിൽ ധാരാളം ആളുകൾ വിദേശത്ത് തൊഴിൽ തേടി പോയിട്ടുണ്ട്. ഇവരുടെ പേരുവിവരം ശേഖരിച്ച് ഈ ഗ്രാമത്തിന്റെ പ്രത്യുല്പാദനപരമായ വികസനപ്രക്രിയകളിൽ മുതൽ മുടക്കുവാൻ പ്രേരണയും, മുടക്കുന്ന പണത്തിന് ന്യായമായ ലാഭവിഹിതവും, ഭദ്രതയും ഉറപ്പുവരുത്തുകയും ചെയ്താൽ മറ്റു മേഖലകളിലേയ്ക്ക് വഴിമാറിപ്പോകുന്ന ധനവിഭവം ആർജ്ജിയ്ക്കുവാൻ കഴിയുന്നതോടൊപ്പം കൂടുതൽ പദ്ധതികൾ രൂപം കൊടുക്കുവാൻ സാധിയ്ക്കുകയും, ഒട്ടേറെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുകയും ചെയ്യും.

### പുറംപോക്ക്

നമ്മുടെ പഞ്ചായത്തിൽ റോഡുകൾക്കും, തോടുകൾക്കും ധാരാളം പുറമ്പോക്കു ഭൂമിയുണ്ട്. ഇതു കൃത്യമായി അളന്നുതിട്ടപ്പെടുത്തുവാനുള്ള ജോലികൾ അടിയന്തിര പ്രാധാന്യം കൊടുത്ത് ചെയ്ത് തീർക്കണം. ഇത്തരത്തിൽ അളന്നു തിരിയ്ക്കുന്ന ഭൂമിയിൽ പച്ചക്കറി കൃഷിയും, അതുപോലുള്ള തന്നാണ്ട് കുളം കൃഷിയ്ക്കായി ലേലം ചെയ്തുകൊടുത്താൽ സ്വകാര്യവ്യക്തികൾ കൈവശം വയ്ക്കുന്നതു തടയുവാനും പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിയ്ക്കുന്നതിനും കഴിയും.

### വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഈ മേഖലയിൽ ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തിനും, ഉന്നത വിദ്യാഭ്യാസത്തിനും, സാങ്കേതിക പഠനത്തിനും ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും സ്വകാര്യവ്യക്തികൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ആശ്രയിയ്ക്കുന്നത്. ഇത്തരം സ്ഥാപനങ്ങളുടെ ഭീമമായ ലാഭം അവരവർ മാത്ര

മാണ് അനുഭവിക്കുന്നത്. ,ഇത്തരക്കാരിൽ നിന്നും യുക്തമായ രീതിയിൽ നികുതി ഈടാക്കേണ്ടതാണ്. ഇങ്ങനെ നികുതി ഈടാക്കുന്നതോടൊപ്പം ഇത്തരം സ്ഥാപനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തേണ്ടതുമാണ്.

**പൊതുജനാരോഗ്യം**

വളരെയധികം ചെറുകിടക്ലിനിക്കുകൾ കൂൺ മുളയ്ക്കുന്നതുപോലെ കട്ടപ്പനയിൽ ഉണ്ടാകുന്നുണ്ട്. ഇവയ്ക്ക് യാതൊരു വിധത്തിലുമുള്ള നിയന്ത്രണങ്ങളും ഇല്ല. ഇത് രോഗികളെ പലപ്പോഴും വിഷമത്തിലാക്കുകയാണ്. ശരിയായ ചികിത്സാസൗകര്യം ഉറപ്പുവരുത്താതെ ക്ലിനിക്കുകൾ പ്രവർത്തിയ്ക്കുന്നത് തടയുന്നതിനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിയ്ക്കുന്നതിനും ഇവയ്ക്ക് അനുയോജ്യമായ തരത്തിൽ ലൈസൻസ് ഫീസും, കിടക്കകളുടെ അടിസ്ഥാനത്തിൽ നികുതിയും ചുമത്തേണ്ടതാണ്.

**ടൂറിസം**

നമ്മുടെ പഞ്ചായത്തിന് ടൂറിസത്തിന് വൻവികസന സാദ്ധ്യതയുണ്ട്. കേരളത്തിലെ പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളായ ഇടുക്കി അണക്കെട്ടിന്റെയും, തേക്കടി വന്യമൃഗസംരക്ഷണ കേന്ദ്രത്തിന്റെയും മദ്ധ്യത്തിലായി കട്ടപ്പന പഞ്ചായത്ത് സ്ഥിതി ചെയ്യുന്നതിനാലും, പ്രകൃതിഭംഗിയിൽ മുൻപന്തിയിൽ നില്ക്കുന്ന സുവർണ്ണഗിരിഭാഗത്തെ കല്ല്യാണത്തണ്ടുമലയും, കവുന്തിമലയും, നരിയമ്പാറ കുന്നുകളും ഈ പഞ്ചായത്ത് അതിർത്തിയായ അഞ്ചുരുളിയിലെ വന്യമൃഗസങ്കേത വനങ്ങളും വിനോദസഞ്ചാരികളെ ആകർഷിയ്ക്കുന്നതാകയാൽ ഈ രംഗത്ത് ആവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുത്താൽ ടൂറിസത്തിലൂടെ പഞ്ചായത്തിന് അധിക വിഭവസമാഹരണം നടത്തുവാൻ കഴിയും.

**ഷോപ്പിംഗ് കോംപ്ലക്സ്**

നമ്മുടെ പഞ്ചായത്തിൽ പലതരത്തിലുള്ള വ്യാപാരസ്ഥാപനങ്ങൾ കൂടുതലായി നടത്തുന്നതിന് സാദ്ധ്യതകൾ ഏറെയാണ്. എന്നാൽ ടൗണിലെ സ്വകാര്യവ്യക്തികൾ പണിതീർത്തിട്ടുള്ള കെട്ടിടങ്ങളിൽ കച്ചവടത്തിന് മുറികൾകിട്ടുന്നതിന് ഭീമമായ സെക്യൂരിറ്റിതുക കൊടുക്കേണ്ടിവരുന്നു. ഇവയ്ക്ക് മതിയായ രേഖകൾ കിട്ടാറുമില്ല. അതിനും പുറമേ താങ്ങാനാവാത്ത വാടകയും ഈടാക്കുന്നതിനാൽ ഈ രംഗത്ത് ആളുകൾ കടന്നുവരാൻ മടികാണിയ്ക്കുന്നു. തുറന്നു പ്രവർത്തിയ്ക്കേണ്ട ഷോപ്പിംഗ് കോംപ്ലക്സിന്റെയും, പഞ്ചായത്ത് കെട്ടിടങ്ങളുടെയും മുറികൾ പല വ്യാപാരികളുടെയും അടച്ചിട്ടിരിയ്ക്കുന്ന ഗോഡൗണുകളും, ഓഫീസുകളുമായി പ്രവർത്തിയ്ക്കുന്നു. ഗ്രാമവികസന ബോർഡിന്റെ ധനസഹായത്തോടെ നിർമ്മിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സ് ഇന്ന് പണം തിരിച്ചടയ്ക്കാൻ കഴിയാത്തതിന്റെ പേരിൽ ജപ്തി നടപടിയെവരെ നേരിടുന്ന അവസ്ഥയിലാണ്. ഈ ഷോപ്പിംഗ് കോംപ്ലക്സിന്റെ പരിസരത്ത് പഞ്ചായത്തിന്റെ സ്റ്റാളിൽ മാംസ വ്യാപാരികൾ രക്തം വാർന്നൊഴുകുന്ന മാംസം പ്രദർശിപ്പിച്ചു വില്ക്കുന്നതും, ഇതിന്റെ പരിസരത്ത് ആടുമാടുകളെ കെട്ടിയിട്ട് മലീമസമാക്കുന്നതും മൂലം ഇതിന്റെ പരിസരത്തേയ്ക്ക് ജനങ്ങൾ കയറിച്ചെല്ലാൻ മടിയ്ക്കുന്നു. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ചാൽ വ്യാപാരികളെ ആകർഷിച്ചു നല്ല വാടക ഈടാക്കാം.

പഞ്ചായത്ത് കെട്ടിടങ്ങളുടെ മുറികൾ കാലങ്ങൾക്ക് മുമ്പ് തുച്ഛമായ വാടകയ്ക്ക് കൈവശപ്പെടുത്തി മൂന്നാം കക്ഷിയോട് വൻതുക പകിടിയിനത്തിലും, വാടകയിനത്തിലും വാങ്ങുന്ന മദ്ധ്യവർത്തികളെ ഒവിവാക്കിയാൽ വ്യാപാരരംഗത്തേയ്ക്ക് കൂടുതൽ ആളുകളെ കണ്ടെത്തുന്നതിനും, കാലാകാലങ്ങളിൽ ലേലംചെയ്ത് കാലാനുസൃതമായ വാടക ഉറപ്പുവരുത്തി ആവശ്യക്കാർക്കു നല്കുന്നതിനും കഴിഞ്ഞാൽ ഈ രംഗത്തു നിന്നും അപ്രതീക്ഷിതമായ വിഭവസമാഹരണം നടത്താനാവും. ഇങ്ങനെ ലേലം കൊള്ളുന്നവരിൽ നിന്നും ന്യായമായ ഡിപ്പോസിറ്റ് തുക വാങ്ങാൻ കഴിഞ്ഞാൽ പുത്തൻ പദ്ധതികൾക്ക് പണം കണ്ടെത്താനാവും, നിലവിലുള്ള നിയമങ്ങളുടെ പഴുത് പ്രയോജനപ്പെടുത്തി കെട്ടിടം കൈവശപ്പെടുത്തിയ പലരും അധികം വാടകകൊടുക്കുന്നതിനോ മുറികൾ ഒഴിഞ്ഞു പോകുന്നതിനോ തയ്യാറാകുന്നില്ല. ആയതിനാൽ ആവശ്യമായ നിയമനിർമ്മാണം നടത്തി ഈ രംഗത്ത് അവകാശാധികാരങ്ങൾ ഗ്രാമപഞ്ചായത്തു തന്നെ ഏറ്റെടുക്കേണ്ടതാണ്.

ഇനിയും കട്ടപ്പന മത്സ്യമാർക്കറ്റിലും, പച്ചക്കറി മാർക്കറ്റിലുമായി ഷോപ്പിംഗ് കോംപ്ലക്സ് പണി തീർത്ത് പൊതുജനോപകാരപ്രദമായ രീതിയിൽ പരസ്യലേലം ചെയ്തു കൊടുത്താൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച് വിഭവസമാഹരണം നടത്താനാകും.

**ബാങ്കിംഗ് മേഖല**

നമ്മുടെ പഞ്ചായത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ രണ്ടു ശാഖകളും, ജില്ലയിലെ ലീഡ് ബാങ്കായ യൂണിയൻ ബാങ്കും സഹകരണമേഖലയിൽ ഒരു കാർഷികവികസനബാങ്കും ഇടുക്കി ജില്ലാ ബാങ്കിന്റെ രണ്ടു ശാഖകളും, കട്ടപ്പന സർവ്വീസ് സഹകരണബാങ്കും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷന്റെ ശാഖയും കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ശാഖയും കട്ടപ്പന അർബൻ കോ ഓപ്പറേറ്റീവ് ബാങ്കും,കട്ടപ്പന സബ്ട്രഷറിയും കൂടാതെ പത്തോളം സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും, ചിട്ടിക്കമ്പനികളും പ്രവർത്തിയ്ക്കുന്നു. ഈ സ്ഥാപനങ്ങളിലൂടെ ഈ പ്രദേശത്തു നിന്നും സ്വരൂപിയ്ക്കുന്ന പണം ഈ മേഖലയിലെ കാർഷിക, വ്യാവസായിക വളർച്ചയ്ക്ക് ഉതകുന്ന വിധം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയാൽ ഈപ്രദേശത്തിന്റെ വികസനത്തിന് ഉതകുന്ന വിഭവസമാഹരണത്തിന്റെ പന്ഥാവ് തുറക്കാനാകും.

ഇവിടുത്തെ ഉദ്യോഗസ്ഥരും തൊഴിലാളികളും, വ്യാപാരികളും കൃഷിക്കാരുമെല്ലാം ഏതെങ്കിലും തരത്തിലുള്ള ചട്ടികമ്പനികളിൽ പണമിറക്കി സമ്പാദ്യശീലം വർദ്ധിപ്പിയ്ക്കുകയും ദീർഘവീക്ഷണത്തോടുകൂടി സാമ്പത്തിക ക്രമീകരണങ്ങൾ നടത്തുന്നവരുമാണ്. എന്നാൽ ഇത്തരം ചിട്ടിക്കമ്പനികൾ നടത്തുന്നത് ഭൂരിപക്ഷവും സ്വകാര്യവ്യക്തികളും, സ്ഥാപനങ്ങളുമാണം. അതുകൊണ്ടു തന്നെ പലതും അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർചെയ്തിട്ടുള്ളതാണ്. ഇവരിൽ നിന്നും, സ്വകാര്യപണമിടപാടുകാരിൽ നിന്നും രജിസ്ട്രേഷൻ ഫീസ്, ലൈസൻസ് ഫീസ് ഇനങ്ങളിൽ പഞ്ചായത്തിന് ഗണ്യമായ വരുമാനം നേടിയെടുക്കാൻ കഴിയുന്നതോടൊപ്പം സാധാരണക്കാർക്ക് തങ്ങളുടെ സമ്പാദ്യത്തിന് ഉറപ്പു ലഭിയ്ക്കുവാൻ നടത്തിപ്പുകാരിൽ നിന്നും തക്കതായ സെക്യൂരിറ്റിയും വാങ്ങാൻ കഴിയും.

**നികുതി**

കട്ടപ്പന പഞ്ചായത്തിലെ നികുതിപിരിവുകൾ കാര്യക്ഷമമാക്കണം. സിനിമാതീയേറ്ററുകളിലെ വിനോദനികുതി കാര്യമായി ലഭിക്കുന്നില്ല. ടിക്കറ്റ് വിതരണത്തിൽ തിയേറ്ററുകളിൽ നിന്നും ലഭിയ്ക്കുന്ന കണക്കുകൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുനില്ല. ടിക്കറ്റ് ചാർജിന് അനുസൃതമായി തിയേറ്ററുകളിൽ ലഭിക്കേണ്ട സൗകര്യങ്ങൾ ഉപഭോക്താക്കൾക്ക് നിഷേധിയ്ക്കപ്പെടുന്നത് ഈരംഗത്തെ തട്ടിപ്പിന് ആക്കം കൂട്ടുന്നു. കാലാകാലങ്ങളിൽ തിയേറ്ററുകളിൽ പരിശോധന നടത്തി യഥാർത്ഥ നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞാൽ ഈ രംഗത്തെ ഏറ്റവും വലിയ നേട്ടമായിരിക്കും. പണം സമ്പാദിയ്ക്കുന്തിനായി ഡിഷ് ആന്റിനവച്ച് സമൂഹത്തിലെ സമ്പന്മാർക്ക് കേബിൾ ടി.വി. കണക്ഷൻ കൊടുക്കുന്ന ബിസിനസുകാരിൽ നിന്നും കണക്ഷനുകളുടെ അടിസ്ഥാനത്തിൽ നികുതി ഫീസ് ഈടാക്കി പഞ്ചായത്തിന് വിഭവസമാഹരണം നടത്താവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനം നടത്തുന്നവരിൽ നിന്നും നിർബന്ധമായും രജിസ്ട്രേഷൻ ഫീസും, ലൈസൻസ് ഫീസും കാലാനുസൃത മാറ്റങ്ങൾ വരുത്തി പിരിച്ചെടുക്കാൻ കഴിയണം. പ്രൊഫഷണൽ ടാക്സ് ശാസ്ത്രീയമായി പുനർനിർണ്ണയിയ്ക്കുകയും, വരുമാനത്തന്റെ അടിസ്ഥാനത്തിൽ, അഡ്വേക്കേറ്റ്സ്, ചാർട്ടേഡ് അക്കൗണ്ടന്റ്സ്, ആധാരം എഴുതതുകാർ, പാരലൽ കോളേജ് ഉടമസ്ഥർ, അദ്ധ്യാപകർ തുടങ്ങിയ മേഖലകളിൽ പ്രവർത്തിയ്ക്കുന്നവരിൽ നിന്നും തൊഴികരം ഈടാക്കാൻ കഴിയുകയും വേണം. ഉദ്യോഗസ്ഥരിൽ നിന്നുംവരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ കരം ഈടാക്കുമ്പോൾ ഇവരുടെ മാസശമ്പളത്തേക്കാൾ പ്രതിദിനവരുമാനമുള്ള വ്യാപാരി വ്യവസായികളിൽ നിന്നു പോലും ഇവർക്കൊപ്പം, നികുതി ഈടാക്കുന്നതിനോ നടപടി സ്വീകരിയ്ക്കുന്നതിനോ കഴിയാതെ വരുന്നത് യുക്തിരഹിതമാണ്.

തൊഴിലിൽ നിന്നും വരുമാനമുള്ള മുഴുവൻ വ്യക്തികളിൽ നിന്നും ശാസ്ത്രീയമായരീതിയിൽ നികുതി കണക്കാക്കുവാനുംപിരിച്ചെടുക്കുവാനും കഴിഞ്ഞാൽ ഈ രംഗത്ത് നിന്ന് 50% ൽ അധികം വിഭവസമാഹരണം നേടുവാൻ കഴിയും.

വിലക്കയറ്റം രൂക്ഷമായിക്കൊണ്ടിരിയ്ക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമായി തോന്നാതെ തങ്ങളുടെ വരുമാനത്തിന്റെ ചെറിയൊരംശം നാടിന്റെ വികസനപ്രവർത്തനങ്ങൾക്കാണ് വിനിയോഗിയ്ക്കുന്നത് എന്ന ബോധ്യം നികുതിദായകരിൽ വളർത്തിയെടുത്ത് ഈരംഗത്ത് ഈ പങ്കാളിത്തം ഉറപ്പുവരുത്താവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ അഞ്ഞൂറോളം ഓട്ടോറിക്ഷകൾക്ക് പെർമിറ്റുണ്ട്. എന്നാൽ ഇവയിൽ നിന്ന് കാര്യമായ യാതൊരുവരുമാനവും പഞ്ചായത്തിന് ലഭിയ്ക്കുന്നില്ല. മാസം പത്ത്രൂപ

വച്ച് ഇവരിൽ നിന്ന് ഈടാക്കാൻ കഴിഞ്ഞാൽ പ്രതിവർഷം അറുപതിനായിരം രൂപയോളം അധികവിഭവം കണ്ടെത്താനാകും. ഇത്തരത്തിൽ ഇവരിൽ നിന്നും പണം ഈടാക്കുമ്പോൾ ഇവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും, റോഡുകൾ മെച്ചപ്പെടുത്തുന്നതിനുമായി ഈ പണം ഉപയോഗിയ്ക്കുന്നുണ്ട് എന്ന് ബോദ്ധ്യപ്പെടുത്താൻ കഴിയണം. കൂടാതെ ഇതര ടാക്സികളിൽ നിന്നും വരുമാനംകണ്ടെത്തി കൂടുതൽ സൗകര്യങ്ങൾ അവർക്ക് ചെയ്തുകൊടുക്കേണ്ടുന്നതാണ്.

**മനുഷ്യ വിഭവസമാഹരണം**

ഈ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിന് നല്ല നിലയിൽ സാമ്പത്തിക വരുമാനമുണ്ടങ്കിലും, കഴിഞ്ഞ കാലങ്ങളിൽ കൂടുതൽ പ്രത്യുല്പാദനപരമായ രീതിയിൽ ചിലവു ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. മൺറോഡുകളുടെ അറ്റകുറ്റപ്പണിയ്ക്ക് മുടക്കിയ തുക കാര്യമായ പ്രയോജനം ചെയ്തിട്ടില്ല. കാരണം മഴക്കാലത്തെ കുത്തൊഴുക്കിൽപെട്ട് മണ്ണൊലിച്ച് റോഡുകൾ തോടുകളായി മാറുന്നു എന്നതുതന്നെ. പഞ്ചായത്തിന്റെ വിഭവചോർച്ച തടയുന്നതിന് റോഡ് സംരക്ഷണം അനിവാര്യമാണ്. പഞ്ചായത്തിലെ മൺറോഡുകൾ സംരക്ഷിയ്ക്കേണ്ട ഉത്തരവാദിത്വം റോഡുകളുടെ ഇരുപാർശ്വങ്ങളിലും താമസിയ്ക്കുന്നവർക്കാണം എന്ന ജനകീയ ബോധം വളർത്തിയെടുക്കണം. മിക്ക റോഡുകൾക്കും ഓടകൾ ഇല്ലാത്തതും, ഉള്ളവ സംരക്ഷിയ്ക്കാത്തതും റോഡുകൾ വേഗത്തിൽ നശിയ്ക്കേണ്ടതിന് കാരണമാണ്. ഈ രംഗത്ത് കർമ്മസമിതിയുടെ പ്രവർത്തനം പ്രയോജനപ്പെടുത്താവുന്നതാണ്. പഞ്ചായത്തിലെ സ്കൂളുകൾ, മഹിളാസമാജങ്ങൾ, ക്ലബ്ബുകൾ കോളേജുകളിലെ NSS, NCC എന്നീ സംഘടനകൾ YMCA, ജേസീസ്, ലയൺസ് ക്ലബ്ബ് തുടങ്ങിയവയുടെ സേവനം ഉറപ്പാക്കേണ്ടതാണ്. വിഭവസമാഹരണത്തേക്കാൾ പ്രാധാന്യം വിഭവച്ചോർച്ച തടയുക എന്നതാണ്. ആയതിനാൽ ധനവിനയോഗം കൂടുതൽ കരുതലോടെ നിർവ്വഹിയ്ക്കേണ്ടതാണ്. പഞ്ചായത്തിലെ സന്നദ്ധസംഘടനകൾക്ക് ഇത്തരം ഉത്തരവാദിത്വങ്ങൾ ഏല്പിച്ചുകൊടുക്കാവുന്നതും റോഡുകൾ മുതലായവ ദത്തെടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ആധാരം എഴുത്തുകാരും, റവന്യൂ ഉദ്യോഗസ്ഥരും ഗ്രാമപഞ്ചായത്തു സമിതിയും ഉൾപ്പെടുന്ന ജനകീയ സമിതികൾ രൂപീകരിച്ച് വസ്തുക്കളുടെ സബ്ഡിവിഷൻ തിരിച്ച് താരിഫ് വില നിശ്ചയിച്ചാൽ ഭൂമി ഇടപാടുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും മറ്റും അധിക വിഭവം സമാഹരിക്കാൻ കഴിയും. കെട്ടിട നികുതിയിനത്തിൽ നമുക്ക് കാര്യമായതു പിരിച്ചെടുക്കാൻ കഴിയുന്നില്ല. യഥാർത്ഥത്തിൽ മുതൽ മുടക്കി പണിയുന്ന തുകയുടെ 25% പോലും എസ്റ്റിമേറ്റിൽ കാണിയ്ക്കാതെ കബളിപ്പിയ്ക്കുന്ന പ്രവണതയ്ക്ക് അധികൃതർ നിസംഗഭാവം നടിയ്ക്കുന്നു. ഇത് നമ്മുടെ വിഭവസമാഹരണത്തെ ഗണ്യമായി ബാധിയ്ക്കുന്നു. ഇതിന് പഞ്ചായത്ത് തലത്തിൽ അറുതിവരുത്തേണ്ടതാണ്. കെട്ടിട നികുതി നിശ്ചയിയ്ക്കുന്നത് പൊതുമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണന്ന ബോധം നികുതിദായകരിൽ പ്രതിഫലിപ്പിയ്ക്കുവാൻ കഴിയണം. ഉദ്യോഗസ്ഥരുടെ തന്നിഷ്ടപ്രകാരമല്ല നികുതി നിർണ്ണയമെന്ന് ബോദ്ധ്യപ്പെടുത്തുന്നതുവഴി പരാതികൾ കുറയ്ക്കുവാനും, നികുതി കുടിശിഖ ലഘൂകരിയ്ക്കുവാനും കഴിയുന്നതാണ്.

**മാതൃകാവാർഡ്** (വാഴവര 7)

മനുഷ്യവിഭവസമാഹരണത്തിനും സന്നദ്ധസംഘടനകളുടെ സഹായങ്ങൾ കേന്ദ്രീകരിച്ചും റോഡുകൾ പണിയുന്നതടക്കം വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിഞ്ഞ മാകകാവാർഡാണ് വാഴവര 7-ാം വാർഡ്. വാഴവര കവുന്തിറോഡ്, ചരുട്ടുവേലിപ്പടി ഗോവയെന്തപ്പടി ഇപ്പോഴും പണികൾ നടക്കുന്ന വാഴവര നിർമ്മലാസിറ്റി റോഡുകൾ ഇതിനുദാഹരണങ്ങളാണ്. പുനരർപ്പണദിനമായ നവംബർ ഒന്നിന് ബഹു. ഇടുക്കി MLA, ശ്രീ. P.P. സുലൈമാൻ റാവുത്തർ ഉത്ഘാടനം ചെയ്ത അന്നുമുതൽ പണികൾ തുടരുന്നു. 3 ലക്ഷം രൂപയോളം മുടക്കുവരുന്ന ഈ റോഡിന്റെ പണികൾക്ക് വേൾഡ് വിഷൻ ഓഫ് ഇൻഡ്യ ഹൈറേഞ്ച് മേഖല ഡവലപ്പ്മെന്റ് പ്രോഗ്രാമിന്റെയും പൊതുജനങ്ങളുടെയും സഹായത്താൽ പണിയെടുക്കുന്നവർക്ക് ഭക്ഷണം മാത്രം നൽകികൊണ്ട് തുടരുന്നു. പകൽ സമയങ്ങളിൽ കൂലിപ്പണികൾക്കും മറ്റു ജോലികൾക്കും പോവുന്ന ജനങ്ങൾ വൈകുന്നേരം 6 മണിമുതൽ രാത്രി 12 മണിവരെ പണിയുന്നതാണ് മറ്റൊരു പ്രത്യേകത 100 ഓളം വരുന്ന ആളുകൾ ഒരുമാസം കൂടി പണിയേണ്ടിവരുന്ന റോഡിന് കൂടുതൽസന്നദ്ധസംഘടനകളുടെയും സ്ഥാപനങ്ങളുടെയും സഹായം ഉണ്ടാവുമെന്ന പ്രതീക്ഷയാണ് വാർഡിലെ ജനങ്ങൾക്കും സംഘാടകർക്കുമുള്ളത്.

# സംസ്ക്കാരം

അഭിമാനിക്കുവാൻ ഒരു തുഞ്ചൻപറമ്പോ രാഘവപ്പറമ്പോ ഇല്ലാത്ത, മണ്ണിനോട് മല്ലിട്ട് മണ്ണിൽ പൊന്നു വിളയിക്കുവാൻ വേണ്ടി പല സ്ഥലങ്ങളിൽ നിന്നും കുടിയേറിയവരുടെ നാടാണ് കട്ടപ്പന.

അദ്ധ്വാനശക്തിയുടെ കരുത്തുമായി കുടിയേറിയ ആദ്യകാല ജനങ്ങൾക്ക് സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുവാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും ഏതാനും നാളുകൾക്കു ശേഷം സാംസ്ക്കാരിക വളർച്ചയുടെ പൊൻകിരണങ്ങൾ പഞ്ചായത്തിൽ വന്നു തുടങ്ങി.

പഞ്ചായത്തിൽ സാംസ്ക്കാരിക പ്രസ്ഥാനമായി നിർമ്മല യൂത്ത് ക്ലബ് 1961 - ൽ സ്ഥാപിച്ചു. ആദ്യ വായനശാലയായ ജനതാപബ്ലിക് ലൈബ്രറി 1951 -ൽ സ്ഥാപിച്ചു. ഇന്ന് പഞ്ചായത്തിൽ പത്ത് വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. 37 മഹിളാസമാജങ്ങളും ഗ്രാമീണ ആർട്സ് & സ്പോർട്ട്സ് ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. അതിനും പുറമേ, ജേസീസ്, ലയൺസ് ക്ലബ്, വൈ.എം.സി.എ., ദർശന ഫിലിം സൊസൈറ്റി, നിസ്തുല അമച്വർ നാടകവേദി തുടങ്ങിയവയും എട്ട് വിദ്യാലയങ്ങളും ഗവ. കോളേജും ഐ.റ്റി.ഐ. യും, പഞ്ചായത്തിന്റെ സാംസ്ക്കാരിക വളർച്ചയ്ക്കായി നിസ്തുല സംഭാവനകൾ നൽകുന്നുണ്ട്.

പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗം ക്രിസ്തുമതത്തിൽ പെട്ടവരാണ്. ഹിന്ദുമതം ഉയർന്ന ശതമാനം ഉണ്ട്. നാമമാത്രമെങ്കിലും മുസ്ലീം മതത്തിൽ പെട്ടവരും ഉണ്ട്. ഇവർക്കെല്ലാം സാംസ്ക്കാരിക കേന്ദ്രങ്ങളും ആരാധനാലയങ്ങളും ഉണ്ട്.

കോൺഗ്രസ്, കമ്യൂണിസ്റ്റ് പാർട്ടി എന്നിവയായിരുന്നു പഞ്ചായത്തിന്റെ തുടക്കത്തിൽ ഉണ്ടായിരുന്നത്. ഈ പാർട്ടികളെ കൂടാതെ എല്ലാ അംഗീകൃത രാഷ്ട്രീയ സംഘടനകളും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മതപരമോ രാഷ്ട്രീയമോ ആയ സംഘടനകളിൽ നിന്നും സംഘട്ടനങ്ങളിൽ നിന്നും ഈ ഗ്രാമം മോചിതമാണെന്ന് നമുക്കഭിമാനിക്കാം.

## കായികരംഗം

കായികരംഗത്ത് നിർണ്ണായക സംഭാവനകൾ ചെയ്യുവാൻ കഴിയുന്ന പഞ്ചായത്താണ് കട്ടപ്പന. മരം കോച്ചുന്ന തണുപ്പത്തും പൊരിവെയിലത്തും കാടും മലയും താണ്ടുന്ന ഹൈറേഞ്ചിന്റെ യുവതലമുറയെ കായികരംഗത്തെ വെള്ളിനക്ഷത്രങ്ങളാക്കുവാൻ ശ്രമിക്കുന്നില്ലായെന്നുള്ളതാണ് വാസ്തവം.

സർക്കാർ തലത്തിൽ കായികപുരോഗതിയ്ക്കായി ചെയ്യുന്ന പല പരിപാടികളും സ്കൂൾ തലത്തിൽ വേണ്ടരീതിയിൽ നടപ്പാക്കുന്നില്ല. പഞ്ചായത്തിന് വിശാലമായൊരു കളിസ്ഥലം ഇല്ലായെന്നു പറയുമ്പോൾ തന്നെ പഞ്ചായത്തിന്റെ കായികാവസ്ഥ ബോദ്ധ്യപ്പെടും. അന്താരാഷ്ട്രീയ നിലവാരമുള്ള കായികര താരങ്ങളെ സൃഷ്ടിക്കുവാൻ കഴിഞ്ഞ കട്ടപ്പനയിൽ കായിക പരിശീലനം യഥാവിധിയിൽ ലഭിച്ചാൽ നാളെകളുടെ കായികശക്തികളെ വാർത്തെടുക്കാൻ കഴിയും. തുടർന്നും ഇതിനുള്ള സാദ്ധ്യതകൾ കട്ടപ്പനയിൽ ഉണ്ടുതാനും.

ഇന്ന് സാംസ്ക്കാരിക മണ്ഡലത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

**പ്രശ്നങ്ങൾ**

1. വായനാശീലത്തിൽ നിന്ന് ആളുകൾ പിന്നോട്ടു പോകുന്നു.
2. കലാകായിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രാധാന്യം നൽകുന്നില്ല.
3. കേബിൾ T.V. യുടെ അതിപ്രസരം വായനാശീലത്തിന് ഭീഷണിയാകുന്നു.
4. ലൈബ്രറികളിൽ സിനിമ (T.V.) കാണുന്നവരുടെ എണ്ണം വർദ്ധിക്കുകയും പുസ്തകം എടുക്കുന്നവരുടെ എണ്ണം കുറയുകയും ചെയ്യുന്നു.
5. വായനശാലകൾ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറി കേവലം വിനോദോപാധികൾക്കുള്ള കേന്ദ്രങ്ങളാകുന്നു.
6. കല്ല്യാണത്തണ്ട് മേഖലയിൽ സാക്ഷരതാ തുടർപദ്ധതി നടക്കുന്നില്ല.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്തു തലത്തിൽ ഒരു കലാ സാംസ്ക്കാരിക സംഘടന ആരംഭിക്കുക.
2. വായനശാലകളുടെ പ്രവർത്തനം നല്ല രീതിയിൽ പ്രയോജനപ്പെടുത്തുക.
3. പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചാൽ സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കാം. അത്യാവശ്യമുള്ള പ്രദേശങ്ങളിൽ ഓരോ സാംസ്ക്കാരിക നിലയം വീതം ആരംഭിക്കുക.
4. കായികക്ഷമത വർദ്ധിപ്പിക്കുവാൻ ഒരു പൊതുകളിസ്ഥലം ആരംഭിക്കുക.
6. സാക്ഷരതാ പ്രവർത്തനങ്ങൾ തുടരുക.
7. പഞ്ചായത്തിലെ സിനിമാതീയേറ്ററുകളിലെ കൂടിയ നിരക്കും കുറഞ്ഞ സൗകര്യവും പരിശോധിച്ച് ക്രമക്കേടുകൾ പരിഹരിക്കുക.
8. നാടൻ കലകൾ പരിപോഷിപ്പിക്കണം.
9. കേരളോത്സവം പോലെയുള്ള പരിപാടികൾ പൊതുജനപങ്കാളിത്തത്തോടെ നടപ്പാക്കുക.
10. പാറമട കോളനി ഭാഗത്തെ പഞ്ചായത്ത് വക സ്ഥലം വായനശാലയ്ക്ക് സംഭാവനയായി നൽകുക.
11. കുരിശുപള്ളിക്കവലയിലെയും ഇരുപതേക്കർ കവലയിലേയും പഞ്ചായത്ത് വക സ്ഥലങ്ങളിൽ സാംസ്ക്കാരിക കേന്ദ്രങ്ങൾ നിർമ്മിക്കുക.
12. മുളകരമേട്ടിലും, വാഴരയിലും ഓരോ പഞ്ചായത്ത് സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കണം. ഇതിനുള്ള സ്ഥലം ലഭ്യമാണ്.
13. ദൂരദർശൻ പരിപാടികളുടെ പ്രക്ഷേപണം വിദ്യാഭ്യാസത്തിനുള്ള സമയത്ത് നിയന്ത്രിക്കുക.
14. മിനി തീയേറ്ററുകൾ സ്ഥാപിക്കുക.
15. കട്ടപ്പന കേന്ദ്രമാക്കി ഒരു ഫൈനാർട്സ് സ്കൂൾ സ്ഥാപിച്ചാൽ ഈ രംഗത്ത്താല്പര്യമുള്ള കലാപ്രതിഭകൾക്ക് ഗുണകരമാണ്. ഇപ്പോൾ തിരുവനന്തപുരം, മാവേലിക്കര, തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ മാത്രമാണം കലാപഠനത്തിനുള്ള വിദ്യാകേന്ദ്രങ്ങൾ ഉള്ളത്. അവ ഓരോന്നും അപൂർണ്ണവുമാണ്. ഈ ജില്ലയിലെ കലാപഠിതാക്കളുടെ ചിരകാല സ്വപ്നം സാക്ഷാൽക്കരിക്കുന്നതിന് കട്ടപ്പന പഞ്ചായത്ത് ശ്രമിച്ചാൽ സാധിക്കുന്നതാണ്.

    ഈ പഞ്ചായത്തിലെ ജനസംഖ്യ 40000 ത്തിൽ ഏറെയാണെങ്കിലും വർത്തമാനപത്രം വാങ്ങുന്നവരുടേയും വായിക്കുന്നവരുടേയും അംഗസംഖ്യ വളരെ പിന്നിലാണ്. ദീപിക, മനോരമ, മാതൃഭൂമി, മാദ്ധ്യമം, മംഗളം, കേരളകൗമദി, ഹിൽദേശ്, ദേശാഭിമാനി,വീക്ഷണം തുടങ്ങി ഒൻപതോളം വർത്തമാനപത്രങ്ങൾക്ക് ഇവിടെ പ്രാദേശിക ഓഫീസുണ്ട്. അറിവും ഉൾക്കാഴ്ചയും ലഭിക്കുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പ്രചാരം ഈ മേഖലയിൽ വളരെ കുറവാണ്.
16. ഗ്രന്ഥശാലകളുടെ പ്രവർത്തനം, പ്രത്യേകിച്ചും ഗ്രാന്റ് ലഭിക്കുന്ന ലൈബ്രറികളുടെ സേവനം ഫലപ്രാപ്തിയിൽ എത്തുന്നുണ്ടോയെന്ന് വളരെ കൃത്യമായി അന്വേഷിക്കുകയും അവിടേയ്ക്ക് ആവശ്യമായ വൈജ്ഞാനിക ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും ഗ്രന്ഥശാലകൾ വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.
17. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വീഡിയോ ക്ലബ് ആരംഭിച്ചാൽ വിവിധ മേഖലകളിലെ കലാ സാംസ്ക്കാരിക മേളകൾ, കായികവിനോദപരിപാടികൾ തുടങ്ങി വൈവിധ്യമേറിയ കലോത്സവങ്ങൾ ഈവീഡിയോ ക്ലബ്ബിന്റെ പ്രവർത്തനം മൂലം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രദർശിപ്പിക്കുവാൻ സാധിക്കും. കൂടാതെ ജില്ലയിലെയും സംസ്ഥാനത്തിലേയും രാജ്യത്തേയും ഗ്രാമപ്രദേശങ്ങളിലുള്ള ജനങ്ങളുടെ ജീവിതരീതികൾ, ആചാരാനുഷ്ഠാനങ്ങൾ, കലാപ്രകടനങ്ങൾ എന്നിവ ഈ വീഡിയോ ക്ലബ്ബിന്റെ സേവനം മൂലം ജനങ്ങളിൽ എത്തിക്കുവാൻ സാധിക്കും.
18. 1980 മുതൽ സാംസ്ക്കാരികരംഗത്ത് സജീവമായി പ്രവർത്തിക്കുന്ന ദർശഫിലിംസൊസൈറ്റിയിലൂടെ ദേശീയവും അന്താരാഷ്ട്രീയവുമായ ഭാഷാചിത്രങ്ങൾക്ക് പ്രാധാന്യം നൽകി നാടിന്റെ വിവിധ ഭാഗങ്ങളിൽ സിനിമ പ്രദർശിപ്പിക്കുവാൻ വേണ്ട ധനസഹായം നൽകി സാംസ്ക്കാരിക വിനിമയവും ഉന്നതിയും നേടാവുന്നതാണ്.

19. മദ്യം, മയക്കുമരുന്ന്, പുകവലി തുടങ്ങിയവ സ്ഥിരമായി ഉപയോഗിക്കുന്നവരുടെ പ്രത്യേകിച്ചും, വളർന്നുവരുന്നവരുടെ സംഖ്യ ക്രമാതീതമായിവർദ്ധിക്കുകയാണ്. ഈ ദുശ്ശീലത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിന് പഞ്ചായത്തിലെ സന്നദ്ധസംഘടനകളെ പ്രോത്സാഹിപ്പിക്കുകയും അവയ്ക്കു വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകേണ്ടതാണം.

20. കട്ടപ്പന പഞ്ചായത്തിലെ അമച്വർ കലാസമിതികൾക്ക് അർഹിക്കുന്ന ധനസഹായം നൽകി ഇവരുടെ കലാസാംസ്ക്കാരിക പ്രവർത്തനത്തെ വളർത്തിയെടുക്കാവുന്നതാണ്.

21. കട്ടപ്പന ടൗണിനോട് ഏറ്റവും അടുത്ത് സ്ഥിതിചെയ്യുന്ന പത്താം വാർഡിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ ഒരു സാംസ്ക്കാരിക നിലയവും ടെലിവിഷൻ സെറ്റും സ്ഥാപിച്ചാൽ ഏറെ ജനസാന്ദ്രതയുള്ള ഈ മേഖലയിലെ സാംസ്ക്കാരിക വളർച്ചയ്ക്ക് ഗുണകരമാണ്.

# 6. ഉപസംഹാരം

1996 സെപ്റ്റംബർ 5-ാം തീയതി അതി വൈപ്ലവികമായ ഒരു സംരംഭത്തിനും തിരികൊളുത്തി. ഒരു സമഗ്രമാറ്റത്തിന്റെ ശംഖൊലി ഉയർന്നു കഴിഞ്ഞു. നമ്മുടെ ഗ്രാമങ്ങൾ എങ്ങനെയായിരിക്കണമെന്ന് നമ്മൾ തീരുമാനിക്കുന്ന ഉത്തരവാദിത്വത്തിന്റേയും പങ്കാളിത്തത്തിന്റേയും ശൈലി നമുക്കു കരഗതമായിരിക്കുന്നു. അടിത്തട്ടിൽ നിന്നും പദ്ധതികൾ ആസൂത്രണം ചെയ്യുകയും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യണമെന്ന കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാരും ആസൂത്രണബോർഡും കൈക്കൊണ്ട ഈ പുതിയ പ്രസ്ഥാനത്തിനു സർവ്വ പിന്തുണയും അർപ്പിക്കുന്നു. ആത്മവിശ്വാസം നഷ്ടപ്പെട്ട, അപകർഷതാ ബോധത്തിലും നിരാശയിലും എത്തിയിരിക്കുന്ന സമൂഹത്തിന് ഈ പ്രസ്ഥാനം ഒരു നവാവേശവും ചൈതന്യവും പകരുമെന്നു പ്രത്യാശിക്കുന്നു. നഷ്ടപ്പെട്ടതു തിരിച്ചു പിടിയ്ക്കുന്നതിനും അറ്റുപോയതായ്‌വേർ മണ്ണിൽ വീണ്ടും ആഴ്ത്തിയിറക്കുന്നതിനും അതുവഴി നാടിന്റെ തനിമ വീണ്ടെടുക്കുന്നതിനും കഴിഞ്ഞ ഏതാനും മാസങ്ങളായി പ്രയത്നിച്ചുകൊണ്ടിരിക്കുന്ന എന്റെ സഹപ്രവർത്തകരായ ഗ്രാമപഞ്ചായത്തംഗങ്ങൾക്കും, ഡി.ആർ.പിമാർ, എൽ.ആർ.പി.മാർ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ, സാമൂഹ്യരാഷ്ട്രീയ സാംസ്കാരിക മേഖലയിലെ പ്രവർത്തകർ തുടങ്ങി ഈ പദ്ധതിയുമായി സഹകരിക്കുന്ന എല്ലാവർക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന പ്രക്രിയയിൽ ഏവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

പി.സി. മാത്യു (പ്രസിഡന്റ്)

KERALA INSTITUTE OF LOCAL ADMINISTRATION
KILA
LIBRARY
THRISSUR-680581
4252